# ഓം ശ്രീ ശിവായ നമഃ

ബൈബിളില ഏദൻതോട്ടത്തെ കുറിച്ചുള്ള കഥ പലരു പറഞ്ഞിട്ടുണ്ടങ്കിലും അവർ കണ്ടിട്ടും അറിയാതിരിപ്പാനും കേട്ടിട്ടും ഗ്രഹിക്കാതിരിപ്പാനും സംഗതി വരും എന്ന് യേശു മാർക്കോസിന്റെ പുസ്തകം 4 : 12 ൽ പറഞ്ഞതുപോലെ അവർക്കാർക്കും ആ കഥയിലെ സത്യത്തിന്റെ പൊരുളറിയാൻ കഴിഞ്ഞില്ല പ്രസ്തുത കഥയുടെ സത്യത്തെകുറിച്ച് എന്റെ ഗുരുവും പിതാവുമായ ശ്രീ.ശിവ കുമാർ പനക്കൽ (മുൻനാമം ലിയോ പക്കൽ) എനിക്ക് നൽകിയ അറിവിന്റെ വെളിച്ചത്തിലുള്ള ഈ അന്വോഷണം വായനക്കാരന്റ കണ്ണ് തുറപ്പിക്കും എന്ന് ഞാൻ ആഗ്രഹിക്കുന്നു. ബൈബിളില ദൈവം ആദ്യ മനുഷ്യൻ എന്ന് വിശേഷിപ്പിക്കുന്ന ആദാമിന് കൊടുത്ത ഒരു കൽപനയിൽ നിന്നുമാണ് കഥ ആരംഭിക്കുന്നത്. അവിടുന്ന് അവനോടു കൽപ്പിച്ചു. തോട്ടത്തിലെ എല്ലാ വൃക്ഷങ്ങളുടേയും ഫലം ഭക്ഷിച്ചു കൊള്ളുക. എന്നാൽ നന്മ തിന്മകളെകുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം നീ തിന്നരുത്., തിന്നുന്ന ദിവസം നീ മരിക്കും എന്നായിരുന്നു ആ കൽപ്പന. (ഉൽപ്പത്തി 2: 16 – 17 )

ഇനി താഴെ പറയുന്ന വസ്തുതകളിലേക്ക് നിങ്ങളുടെ ശ്രദ്ധയാകർഷിച്ചു കൊള്ളുന്നു.

1. കാഴ്ചയ്ക്കു കൗതുകവും ഭക്ഷിക്കാൻ സ്വാദുള്ള പഴങ്ങൾ കായ്ക്കുന്ന എല്ലാത്തരും വൃക്ഷങ്ങളും കൊണ്ട് ഏദൻതോട്ടം അവിശ്വസനീയമാം വണ്ണം വലുതായിരുന്നു. (ഉൽപ്പത്തി 2: 9)

2. തോട്ടത്തിന്റെ നടുവിലായി രണ്ടു വ്യത്യസ്ത വൃക്ഷങ്ങളുണ്ടായിരുന്നു. ജീവവൃക്ഷവും നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷവും (ഉൽപ്പത്തി ( 2: 9)

3. സ്ത്രീയെ അഥവാ ബൈബിൾ ആദ്യസ്ത്രീ എന്ന് വിശേഷിപ്പിക്കുന്ന ഹവ്വായെ

സൃഷ്ടിക്കുന്നത് ഉൽപത്തി 2: 2 ൽ ആദ്യമനുഷ്യനായ ആദാമിനോട് അറിവിന്റെ കനി തിന്നരുതെന്ന് പറയുന്നതിന് ശേഷമാണ്.

തോട്ടത്തിൽ പ്രത്യക്ഷനായ സർപ്പത്തോട് ഹവ്വാ പറയുകയുണ്ടായി തോട്ടത്തിലെ വൃക്ഷങ്ങളുടെ പഴങ്ങൾ ഞങ്ങൾക്ക് ഭക്ഷിക്കാം. എന്നാൽ, തോട്ടത്തിന്റെ നടുവിലുള്ള മരത്തിന്റെ പഴം ഭക്ഷിക്കുകയോ തൊടുകപോലുമോ അരുത്, ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും എന്ന് ദൈവം പറഞ്ഞിട്ടുണ്ട്. (ഉൽപത്തി 3 :2-3)

ബൈബിളിലെ ദൈവ ആദാമിനോടു സംസാരിച്ചപ്പോൾ അറിവിന്റെ വൃക്ഷത്തിന്റെ സ്ഥാനം എവിടെയാണെന്ന് സൂചിപ്പിച്ചില്ല. മാത്രവുമല്ല അറിവിന്റെ പഴം തൊടുകപോലും അരുത് എന്ന് പറയുകയുമുണ്ടായില്ല.

ആദാമിന് കൽപന നൽകുമ്പോൾ സ്ത്രീ ജന്മമെടുത്തിട്ടില്ലായിരുന്നുവെന്ന് ബൈബിൾ പറയുമ്പോൾ ആദാമിനോട് പോലും പറഞ്ഞിട്ടില്ലാത്ത സംഗതികൾ സ്ത്രീ എങ്ങിനെയാണറിയുക?

തോട്ടത്തിന്റെ മധ്യത്തിൽ മറ്റൊരു വൃക്ഷം കൂടിയുണ്ട്, അതായത് മനുഷ്യരെ എന്നെന്നും ജീവിക്കാൻ പ്രാപതരാക്കുന്ന ജീവന്റെ വൃക്ഷം. ഈ വൃക്ഷത്തിന്റെ ഫലം ആദവും ഹവ്വയും കഴിച്ചില്ലായിരുന്നുവെങ്കിൽ അവർക്ക് എന്നെന്നും ജീവിക്കുവാൻ കഴിയില്ലായിരുന്നു അഥവാ അവർക്ക് മരണം സംഭവിക്കുമായിരുന്നു. അറിവിന്റെ കനി തിന്നു കൂടാ തിന്നാൽ നിങ്ങൾ മരിക്കും എന്നു പറയുമ്പോൾ ബൈബിൾ ദൈവം മനുഷ്യൻ മരിക്കാതിരിക്കാൻ ആണ് ആഗ്രഹിക്കുന്നതെന്ന് തോന്നിപ്പിക്കുന്നു. മനുഷ്യൻ മരിക്കാതിരിക്കാൻ മനുഷ്യന് എന്നെന്നും ജീവിക്കുവാനുള്ള ജീവന്റെ കനി നൽകിയാൽ പോരെ കുറഞ്ഞ പക്ഷം അത് ഏദൻതോട്ടത്തിൽ എവിടെയാണ് സ്ഥിതിചെയ്യുന്നതെന്നെങ്കിലും മനുഷ്യരോട് പറയാമായിരുന്നില്ലേ?

എന്തുകൊണ്ടാണ് ബൈബിളിലെ ദൈവം ജീവന്റെ കനി കഴിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ച് മനുഷ്യരെ അറിയിക്കാഞ്ഞത് എന്ന ചോദ്യത്തിന് അറിവിന്റെ കനി ഒഴിച്ച് തോട്ടത്തിലെ മറ്റെല്ലാ കനികളും ( ജീവന്റെ കനി ഉൾപ്പെടെ) നിനക്ക് ഭക്ഷിക്കാം എന്ന് ബൈബിൾ ദൈവം പറഞ്ഞിരിന്നുവല്ലോ എന്ന് ഒരു വിശ്വാസി സുഹൃത്ത് എന്നോടു പറയുകയുണ്ടായി. ഇത്തരമൊരു വാദം തെറ്റാണെന്ന് ഞാൻ കരുതുവാനുള്ള കാരണങ്ങൾ താഴെപറയുന്നവയാണ്.

ബൈബിൾ പ്രകാരം വിലക്കപ്പെട്ട അറിവിന്റെ വൃക്ഷവും ജീവന്റെ വൃക്ഷവും തോട്ടത്തിന്റെ മധ്യത്തിലാണ് സ്ഥിതിചെയ്യുന്നത്. എന്നെന്നും ജിവിപ്പാനുള്ള നിത്യജീവന്റെ കനി നൽകുന്ന ഒരു വൃക്ഷം തോട്ടത്തിന്റെ മധ്യഭാഗത്തുണ്ടെന്ന് അവർക്കറിയില്ല. തോട്ടത്തിന്റെ മധ്യഭാഗത്തുള്ള വൃക്ഷത്തിന്റെ ഫലം തിന്നുകയോ തൊടുകയോ പോലും ചെയ്യരുതെന്നും മറിച്ച് സംഭവിച്ചാൽ നിങ്ങൾ മരിക്കുമെന്ന് അവരിൽ മരണഭയം ചെലുത്തിയിട്ടുമുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ തോട്ടത്തിന്റെ മധ്യത്തിൽ ചെന്ന് അവർ ജീവന്റെ കനി ഭക്ഷിക്കുക എന്നത് അസാധ്യമാണ്. കൗശലപൂർവ്വം മരണഭയത്തിലൂടെ അവരെ ജീവന്റെ കനിയിൽ നിന്ന് അകറ്റിനിർത്തുന്നത് ബൈബിൾ ദൈവ മാണ് എന്നതാണ് ശ്രദ്ധേയമായ കാര്യം. അറിവിന്റെ കനിമുനുഷ്യർക്ക് തിന്നുകൂടാ എങ്കിൽ എന്തിനാണ് അത് മനുഷ്യന്റെ വാസസ്ഥാനമായ ഏദൻതോട്ടത്തിന്റെ മധ്യഭാഗത്ത് സൃഷ്ടിച്ചത് ? എന്റെ സുഹൃത്ത് പറഞ്ഞതുപോലെ അറിവിന്റെ കനി ഒഴികെ മറ്റെല്ലാ കനികളും (ജീവന്റെ കനി ഉൾപ്പെടെ) മനുഷ്യർക്ക് തിന്നാം എന്ന് പറഞ്ഞ ബൈബിൾ ദൈവം എന്തുകൊണ്ടാണ് നിത്യജവന്റെ കനി കൗശലപൂർവ്വം വിലക്കപ്പെട്ട കനിയുടെ മറവിൽ ഒളിപ്പിച്ചത്?

ഇനി ആദവും ഹവ്വയും അറിവിന്റെ വിലക്കപ്പെട്ട കനി കഴിക്കുവാനായി തോട്ട

ത്തിന്റെ നടുഭാഗത്തേക്ക് പോകുന്നതായി നമുക്കൊന്ന് സങ്കൽപ്പിച്ച് നോക്കാം. അവർ അവിടെ പ്രതീക്ഷിക്കുന്നത് ഒരു വൃക്ഷം എന്നാൽ കാണുന്നത് രണ്ട് വൃക്ഷം അങ്ങിനെ  വരുമ്പോൾ അറിവിന്റെ വൃക്ഷം ഏത്  ജീവന്റെ വൃക്ഷം ഏത് എന്ന് അവർ എങ്ങിനെയാണ് തിരിച്ചറിയുക?  അങ്ങിനെ തിരിച്ചറിയുവാനുള്ള കുഴപ്പം നേരിട്ടതിനാൽ അവർ രണ്ട് വൃക്ഷങ്ങളുടേയും കനി ഭക്ഷിക്കുന്നു എന്ന് സങ്കൽപ്പിക്കുക.  നിത്യജീവന്റെ കനി ഭക്ഷിച്ചതിനാൽ അവർക്ക് മരണം സംഭവിക്കാൻ പാടില്ല.  അതായത് അവർ ആദ്യം അറിവിന്റെ കനിയാണെന്ന് ധരിച്ച് ഭക്ഷിക്കുന്നത് നിത്യജീവന്റെ കനിയായിരുന്ന് എന്ന് സങ്കൽപ്പിക്കുക.  അത് ഭക്ഷിക്കുന്ന ക്ഷണം തന്നെ അവർ നിത്യജീവൻ നേടികഴിഞ്ഞു.  എങ്കിൽ അതിനുശേഷം അവർ അറിവിന്റെ കനി ഭക്ഷിച്ചാലും മരിക്കുവാൻ പാടില്ലല്ലോ .അപ്പോൾ അറിവിന്റെ കനി തിന്നുന്ന ദിവസം നിങ്ങൾ മരിക്കും എന്ന  ബൈബിൾ ദൈവ ത്തിന്റെ വാക്കുകൾ അസത്യമാവില്ലേ ?

മറ്റൊരു വസ്തുത അറിവിന്റെ കനി ഭക്ഷിച്ചാൽ നീ മരിക്കും എന്ന്  ബൈബിൾ ദൈവം  പറയുമ്പോൾ അതർത്ഥമാക്കുന്നത് അറിവിന്റെ കനി ഭക്ഷിക്കാതിരുന്നാൽ നീ മരിക്കുകയില്ല എന്നല്ലെ ? അങ്ങിനെ അറിവിന്റെ കനി തിന്നാതിരിക്കുന്നതു കൊണ്ടുമാത്രം മനുഷ്യൻ  മരിക്കാതെ എന്നെന്നും ജീവിക്കാമെങ്കിൽ പിന്നെ ജീവന്റെ കനിയുടെ പ്രസക്തിയെന്താണ് ?

മനുഷ്യൻ എന്നെന്നും ജീവിക്കണമെന്ന്  ബൈബിൾ ദൈവം ആത്മാർത്ഥമായും ആഗ്രഹിച്ചിരുന്നുവെങ്കിൽ അവൻ ചുരുങ്ങിയ പക്ഷം ജീവന്റെ വൃക്ഷം മരണത്തിന് കാരണമാകുമെന്ന്  പറയുന്ന അറിവിന്റെ വൃക്ഷത്തിന് സമീപം വയ്ക്കില്ലായിരുന്നു.മനുഷ്യന്റെ നന്മ ആഗ്രിക്കുന്ന സ്നേഹസ്വരൂപനായ ഈശ്വരന്റെ സ്വഭാവവും മനുഷ്യനെ അറിവിന്റെ കനി തിന്നാൽ മരിക്കുമെന്ന് പറഞ്ഞ് വഞ്ചിക്കുന്ന

 ബൈബിൾ ദൈവ ത്തിന്റെ സ്വഭാവവും തമ്മിൽ യാതൊരു വിധത്തിലുള്ള സാദൃശ്യവുമില്ലായെന്ന് മാത്രവുമല്ല അവ പരസ്പരം വിരുദ്ധവും ആകുന്നു എന്നതാണ് സത്യം.

മനുഷ്യരിൽ താൻ നിക്ഷേപിച്ചിട്ടുള്ള മരണ ഭയം ജീവന്റെ വൃക്ഷം സ്ഥിതി ചെയ്യുന്ന തോട്ടത്തിന്റെ മധ്യഭാഗത്ത് നിന്ന് മനുഷ്യരെ അകറ്റി നിർത്തുമെന്ന് കൗശലക്കാരനായ  ബൈബിളിലെ ദൈവ ത്തിനറിയാം. അങ്ങിനെ അറിവിനെ വിലക്കുക വഴി മനുഷ്യന്റെ മരണം ഉറപ്പുവരുത്തുന്ന ദുഷ്ഠബുദ്ധി എങ്ങിനെയാണ് മനുഷ്യന്റെ ആഭ്യുദയകാംക്ഷിയാകുന്നത്?

അറിവിന്റെ കനി തിന്ന നിമിഷം മനുഷ്യൻ പാപിയായി എന്നാണ് ക്രിസ്തുമത വിശ്വാസം. എന്നാൽ  മനുഷ്യനിതാ നന്മയും തിന്മയും അറിഞ്ഞ് തമ്മിലൊരുവനെപ്പോലെയായിരിക്കുന്നു  (ഉൽപ്പത്തി 3 : 22 ) എന്നാണ്  അറിവിന്റെ കനി തിന്ന മനുഷ്യനെ സംബന്ധിച്ച്  ബൈബിൾ ദൈവം പറയുന്നത് .ഈ വാക്കുകൾ സൂചിപ്പിക്കുന്നത് നന്മതിന്മകളെകുറിച്ചുള്ള അറിവിന്റെ കനി തിന്നുന്ന ദിവസം നീ മരിക്കും എന്ന് പറഞ്ഞത് കള്ളമായിരുന്നു എന്നല്ലേ?  സത്യത്തിൽ  മനുഷ്യരോടു പറയേണ്ടിയിരുന്നത്  നീ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ കനി തിന്നുന്ന ദിവസം നമ്മിലൊരുവനെപ്പോലെയായിതീരും  എന്നായിരുന്നില്ലേ ? എങ്കിൽ അങ്ങിനെ പറയാതെ അറിവിന്റെ കനി തിന്നാൽ മരിക്കും എന്ന് പറഞ്ഞത് മനുഷ്യരെ ജീവന്റെ കനിയിൽ നിന്ന് അകറ്റി നിർത്താനായിരുന്നില്ലേ?

മറ്റൊരു ശ്രദ്ധേയ വിഷയം  നമ്മിലൊരുവനെപ്പെലെയായിരിക്കുന്നു  എന്ന്  ബൈബിൾ ദൈവം പറയുന്നതിലൂടെ അവൻ അനേകരിൽ ഒരുവനാണെന്നും ഏക ദൈവമല്ലായെന്നുമല്ലേ വെളിവാകുന്നത് ?

ഒരിക്കൽ മോർമാർ എന്ന് വിളിക്കപ്പെടുന്ന ഒരു ക്രിസ്തുമത വിശ്വാസി തോട്ടത്തിന്റെ മധ്യഭാഗത്തുള്ള കതനി തൊടുകപോലും അരുത് എന്ന് സ്ത്ര സർപ്പത്തോട് കള്ളമ പറയുകയുണ്ടായിരുന്നുവെന്ന് വാദിക്കുകയുണ്ടായി.

ആദാമിന് ബൈബിൾ ദൈവം കൽപന നൽകുമ്പോൾ ഇക്കാര്യം പറഞ്ഞിരുന്നില്ലല്ലോ എന്ന എന്റെ ചോദ്യമാണ് അയാൾ ഉത്തരമൊരു വാദമുന്നയിക്കുവാൻ ഇടയാക്കിയ സന്ദർഭം. അടിസ്ഥ ാന രഹിതമായ ഒരു വാദമാണിത്. കാരണം കള്ളം പറയുകയെന്നാൽ വഞ്ചിക്കുവാൻ ഉദ്ദേശിച്ച്കൊണ്ട് പുറപ്പെടുവിക്കുന്ന പ്രസ്താവന എന്നാണർത്ഥം.

സർപ്പത്തോട് സ്ത്രീ കള്ളം പറഞ്ഞു എന്നാൽ അതിനർത്ഥം സർപ്പത്തെ വഞ്ചിക്കുവാൻ സ്ത്രീ ഉദ്ദേശിച്ചിരുന്നുവെന്നാണ്. സ്ത്രീ സർപ്പത്തെ വഞ്ചിക്കുന്നതിലൂടെ എന്ത് സ്വാർത്ഥലാഭമാണ് നേടുന്നത് ?അഥവാ സ്ത്രീയെ സർപ്പത്തെ വഞ്ചിക്കുവാൻ പ്രേരിപ്പിച്ചതെന്താണ്? സർവ്വോപരി സ്ത്രീയും സർപ്പവും തമ്മിലുള്ള സംഭാഷണം അവൾ അറിവിന്റെ കനി തിന്നുന്നതിനു മുമ്പാണ്. നന്മതിന്മകളുടെ അറിവ് നൽകുന്ന കനി ഭക്ഷിക്കുന്നതിനു മുമ്പുതന്നെ സ്ത്രീയിൽ തിന്മയുടെ മകുടോദാഹരമണമായ വഞ്ചന ജനിച്ചിരുന്നു എന്ന് പറയുന്നത് ശരിയല്ല.

ബൈബിൾ പുസ്തകം പ്രകാരം സർപ്പമാണ് വഞ്ചകൻ ആ വലിയ സർപ്പം സർവലോകത്തേയും വഞ്ചിക്കുന്ന സാത്താനെന്നും പിശാചെന്നും വിളിക്കപ്പെടുന്ന ആ പുരാതന സർപ്പം (വെളിപാട് 12 :9)

സ്ത്രീയാണ് സർപ്പത്തെ വഞ്ചിച്ചതെങ്കിൽ അവളാവും സാത്താനും പിശാചും. അത് നമ്മെയെല്ലാം സാത്താന്റെ അഥവാ പിശാചിന്റെ സന്തതികളുമാക്കിയേനെ! ഒരു സ്ത്രീയിൽ നിന്നു ജനിച്ചതിനാൽ യേശുവും സാത്താന്റെ സന്തതിയാകും.

സ്ത്രീക്ക് സർപ്പത്തെ കള്ളം പറഞ്ഞ് വഞ്ചിക്കുവാൻ ഉദ്ദേശമുണ്ടായിരുന്നുവെങ്കിൽ അവൾ സർപ്പത്തെ തേടിപോവുമായിരുന്നില്ലേ ? ഇവിടെ സർപ്പം സ്ത്രീയുടെ മുമ്പിൽ പ്രത്യക്ഷനാവുകയും അവളോട് ബൈബിൾ ദൈവം നിന്നോട് ഏതെങ്കിലും വൃക്ഷത്തിന്റെ കനി തിന്നുകൂടാ എന്ന് പറഞ്ഞിട്ടുണ്ടോ എന്ന് ആരായുകയുമാണുണ്ടായത്. ഇത്തരമൊരു ചോദ്യത്തിനു മറുപടി പറയുന്നതിലൂടെ സ്ത്രീ എങ്ങിനെയാണ് സർപ്പത്തെ വഞ്ചിക്കുക?

ഇനി മറ്റൊരു വൈരുദ്ധ്യം ശ്രദ്ധിക്കുക. ബൈബിൾ ദൈവം മനുഷ്യനോട് പറയുന്നത് അറിവിന്റെ കനി തിന്നുന്ന ദിവസം നീ മരിക്കുമെന്നാണ്. എന്നാൽ ബൈബിൾ പറയുന്നു ആദത്തിന്റെ ജീവിതകാലം തൊള്ളായിരത്തി മുപ്പതുവർഷമാണ്. അതിനുശേഷം അവൻ മരിച്ചു എന്നും (ഉൽപ്പത്തി 5: 5) ബൈബിൾ ദൈവം മനുഷ്യനോടു നീ അറിവിന്റെ കനി തിന്നുന്ന ദിവസം മരിക്കുമെന്ന് കള്ളം പറയുകയായിരുന്നുവെന്ന് ബൈബിൾ തന്നെ സാക്ഷ്യപ്പെടുത്തുകയല്ലേ ഇവിടെ ? എന്ന് ഞാൻ പറഞ്ഞപ്പോൾ യഹോവസാക്ഷികൾ എന്ന് സ്വയം വിളിക്കുന്ന ആരു ക്രിസ്തുമത വിശ്വാസി ബൈബിൾ ഉദ്ധരിച്ചുകൊണ്ട് കർത്താവിന്റെ മുമ്പിൽ ഒരു ദിവസം ആയിരം വർഷങ്ങൾ പോലെയും (2 പീറ്റർ 3: 8 ) ആയതിനാൽ ആദാമിനോട് നീ അറിവിന്റെ കനി തിന്നുന്ന ദിവസം മരിക്കുമെന്ന് പറഞ്ഞത് സത്യമായിരുന്നുവെന്ന് പറയുകയുണ്ടായി.

ഇത്തരമൊരു വാദത്തിൽ യാതൊരു കഴമ്പും ഇല്ലായെന്നു ബോദ്ധ്യപ്പെടുത്തുവാൻ താഴെ പറയുന്ന ബൈബിൾ വാക്യങ്ങളിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നുവെന്ന് ദൈവം കണ്ടു.

സന്ധ്യയായി പ്രഭാതമായി ആറാം ദിവസം  ഉൽപത്തി 1 :31 ) ആറാം ദിവസമാണ് ബൈബിൾ ദൈവം  മനുഷ്യനെ സൃഷ്ടിച്ചതെന്ന് പറയുന്നുണ്ട്.

ദൈവം തന്റെ ജോലി ഏഴാം ദിവസം പൂർത്തിയാക്കി.  താൻ തുടങ്ങിയ പ്രവൃത്തിയിൽ നിന്നു വിരമിച്ച് ഏഴാം ദിവസം അവുടുന്ന് വിശ്രമിച്ചു  ഉൽപത്തി 2 :2 എന്നും പറയുന്നു.  ഒരു ദിവസം ബൈബിൾ ദൈവത്തിന് ആയിരം വർഷമാണെങ്കിൽ ആറാം ദിവസം ആദാമിനെ സൃഷ്ടിച്ചതിനുശേഷം ഏഴാം ദിവസം  ബൈബിൾ ദൈവം  വിശ്രമിച്ചതിനാൽ മനുഷ്യൻ ആയിരം വർഷത്തിലേറെ ജീവിച്ചിരിന്നിട്ടുണ്ടാകണം.അപ്പോൾ ഉൽപത്തി 5: 5 ൽ ആദം തൊള്ളായിരത്തി മുപ്പത് വർഷം ജീവിച്ചിരുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് അസത്യമാകും.

ഉൽപ്പത്തി പുസ്തകം 3 : 23 ൽ കർത്താവ് അവരെ ഏദൻത്തോട്ടത്തിൽ നിന്ന് പുറത്താക്കി എന്ന് പറയുന്നു.  നിങ്ങൾ അറിവിന്റെ കനി തിന്നാൻ നിങ്ങളെ ഞാൻ ഏദൻത്തോട്ടത്തിൽ നിന്നും പുറത്താക്കുമെന്ന് ബൈബിൾ ദൈവം മനുഷ്യരോടു പറഞ്ഞിരുന്നില്ല.

ഏത് തെറ്റിനുള്ള ശിക്ഷയുടെ ഭാഗമായിട്ടാണ് ആദാമിനേയും ഹവ്വായെയും  ബൈബിൾ ദൈവം  ഏദൻ തോട്ടത്തിൽ നിന്നും പുറത്താക്കിയത് അറിവിന്റെ കനി തിന്നുന്ന ദിവസം നിങ്ങൾ മരിക്കുമെന്ന് നേരത്തെ പറഞ്ഞിരുന്നുവല്ലോ. നൻമതിൻമകളെകുറിച്ചുള്ള അറിവ് നേടുന്നത്  ഭരണശിക്ഷാർഹമായ കുറ്റമാണെന്ന് പറയാൻ  ബൈബിൾ ദൈവ ത്തിനല്ലാതെ മറ്റാർക്കാണ് കഴിയുക ?ഒന്നു ചിന്തിച്ചാൽ മനുഷ്യൻ ശരിയും തെറ്റും അറിയാതെ കഴിയുന്നത് കൊണ്ട് ആർക്കാണ് നേട്ടം? നന്മയും തിന്മയും അറിയാത്തവൻ അവ തമ്മിലുള്ള വ്യത്യാസത്തെകുറിച്ചും ബോധവാനല്ല.  അങ്ങിനെ വരുമ്പോൾ  സാത്താന് കാര്യങ്ങൾ എളുപ്പമാ

യില്ലേ ? നന്മതിന്മകളെക്കുറിച്ചുള്ള അറിവ് വിലക്കുന്നവൻ ഈശ്വരനും ആ അറിവ് നേടാൻ തടസ്സമായിരുന്ന മരണഭയത്തെ നീക്കുന്ന സർപ്പം പിശാചുമാകുന്നതെങ്ങിനെ? നന്മതിന്മകളെക്കുറിച്ചുള്ള അറിവില്ലാത്ത ഒരുവന് സാത്താനാര് ഈശ്വരനാര് എന്ന് തിരിച്ചറിയുവാനും കഴിയില്ല. കാരണം ഈശ്വരൻ നന്മയുടെ മൂർത്തിയും സാത്താൻ തിന്മയുടെ മൂർത്തിയുമാണ്. സാത്താൻ വഞ്ചകനായതിനാലും മനുഷ്യവംശ ശത്രുവായതിനാലും മനുഷ്യർ നന്മതിന്മകളഎക്കുറിച്ചുള്ള തിരിച്ചറിവ് നേടുന്നത് അവന് ഒട്ടും അഭികാമ്യമാവില്ല. ആയതിനാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവ് നീ അത് നേടുന്ന നാളിൽ മരിക്കും എന്ന നുണ പ്രസ്താവനയിലൂടെ തടയുന്ന ബൈബിൾ ദൈവം അത്ര യഥാർത്ഥത്തിൽ സാത്താൻ എന്ന് വിചാരിക്കുന്നതാണ് യുക്തിക്കനുയോജ്യമായിട്ടുള്ളത്.

നന്മതിന്മകളുടെ അറിവിന്റെ കനി സ്പർശിച്ച നിമിഷത്തിൽ മനുഷ്യർ ആത്മീയമായി മരിച്ചുവെന്നും ആയതിനാൽ ബൈബിൾ ദൈവം നുണപറഞ്ഞില്ല എന്നും ചില യഹോവസാക്ഷികൾ പറഞ്ഞിട്ടുണ്ട്. അവരുടെ ഇത്തരം സങ്കൽപ്പത്തോടുള്ള എന്റെ വിയോജിപ്പിന്റെ കാരണങ്ങൾ ഞാൻ പരയാം.

മനുഷ്യനോടുള്ള കൽപനയിൽ ബൈബിൾ ദൈവം മനുഷ്യൻ ആത്മീയമായി മരിക്കുമെന്ന് പറഞ്ഞിട്ടില്ല. ആയതിനാൽ യഹോവസാക്ഷികളുടെ വാക്കുകൾക്ക് ബൈബിളിന്റഎ പിൻതുണയില്ല. അതായത് യഹോവ സാക്ഷികൾ തങ്ങളുടെ വാക്കുകൾ യഹോവയുടെ വായിലേക്ക് ഇടുകയാണ്. ഇത് സാക്ഷികൾക്ക് തീർത്തും ഭൂഷണമല്ല. സാക്ഷികൾ പറയുന്നത് പോലെ ചിന്തിച്ച് നോക്കിയാൽ അറിവിന്റെ കനി സ്പർശിച്ച നിമിഷം മനുഷ്യൻ ആത്മീയമായി മരിച്ചുവെങ്കിൽ തൊള്ളായിരത്തി മുപ്പതാമത്തെ വയസ്സിൽ ആദം മരിക്കുവാനുണ്ടായ കാരണം

എന്താണ്. ഒരാൾ രണ്ട് തവണ മരിക്കുന്നത് എങ്ങിനെ തൊള്ളായിരത്തി മുപ്പതാമത്തെ വയസ്സിൽ ആദം മരിച്ചുവെന്ന് പറഞ്ഞാൽ അതിനർത്ഥം ജീവാത്മാവ് അത് സ്ഥിതിചെയ്തിരുന്ന ക്ഷേത്രത്തെ, ശരീരത്തെ ഉപേക്ഷിച്ച് വെളിയിൽ വന്നു എന്നാണ്. അതിനർത്ഥം തൊള്ളായിരത്തി മുപ്പതാമത്തെ വയസ്സ് വരെയും അതിനപ്പുറവും ജീവാത്മാവ് മരിക്കുന്നില്ല എന്നാണ്.. ആത്മാവ് മരിച്ചിരുന്നുവെങ്കിൽ അതിന് എങ്ങിനെയാണ് ശരീരത്തെ ഉപേക്ഷിക്കുവാനുള്ള ചലനശേഷി ഉണ്ടാവുക. മരണം സംഭവിക്കുമ്പോൾ ചലനശേഷി നഷ്ടപ്പെടുന്നത് ശരീരത്തിനാണ്. സാക്ഷികൾ ധരിച്ചിരിക്കുന്നതുപോലെ അത്മീയമായ മരണം എന്നൊന്നില്ല എന്നതാണ് ലളിതമായ സത്യം. ആത്മാവ് ജീവനാണ് ജീവദായിനുയുമാണ്. ഒരാളുടെ ശരീരത്തിനുള്ളിൽ നിന്നും ആത്മാവ് ബഹിർഗമിക്കുന്ന പ്രക്രിയയാണ് മരണം. എന്നു പറയുന്നത്. മാത്രവുമല്ല ആത്മാവ് അശരീരിയുമാണ്. ആയതിനാൽ ദൃഷ്ടിക്ക് ഗോചരമല്ല. കാണാൻ കഴിയാത്ത ഒന്നിന്റെ മരണം യഹോവ സാക്ഷികൾക്ക് എങ്ങിനെയാണ് സ്ഥിതീകരിക്കാൻ ആവുക.

ആത്മാവ് ഒരു ശരീരത്തിൽ വസിക്കുമ്പോൾ ശരീരം ജീവിച്ചിരിക്കുന്നു. ആത്മാവ് ശരീരത്തെ വിട്ട് പോകുന്ന നിമിഷം ശരീരം തന്റെ ജടാവസ്ഥയിലേക്ക് മടങ്ങുന്നു. ഇത് തെളിയിക്കുന്നത് ആത്മാവ് ശരീരത്തിൽ പ്രവേശിക്കുന്ന നിമിഷം മുതൽ ശരീരം സചേതനമായി എന്നാണ്. അങ്ങിനെ ജഢമാകുന്ന ശരീരത്തിൽ പ്രവേശിച്ച് അതിനെ സചേതനമാക്കുന്ന ജീവാത്മാവ് വ്യക്തിയുടെ വിധിക്കനുസൃതമായി ഒരു നിശ്ചിതകാലത്തേക്ക് ശരീരത്തിൽ സ്ഥിതിചെയ്യുന്നു.

ആത്മാവ് അന്തർഗമിക്കുമ്പോൾ ശരീരത്തിന് ജീവൻ ലഭിക്കുകയും അത് ബഹിർക്കുമ്പോൾ ജീവൻ നഷ്ടപ്പെടുകയും ചെയ്യുന്നുവെങ്കിൽ ജീവൻ വഹിക്കു

ന്നത് ആത്മാവാണെന്ന സത്യം നാം അംഗീകരിച്ചേ മതിയാകൂ. അഥവാ ആത്മാവ് തന്നെയാണ് ജീവൻ എന്ന സത്യം

ഇവിടെ ആത്മവ് എന്ന്പറയുന്നത് കൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത് സുഖ ദുഃഖ ങ്ങൾ അനുഭവിച്ചറിയുന്ന ജീവാത്മാവ് എന്ന് നിർവചിക്കപ്പെടുന്ന തത്ത്വ ത്തെയാണ് അല്ലാതെ കർമ്മഫലത്തിനതീതമായ പരമാത്മാവായ ശ്രീ പരമശിവ നെയല്ലായെന്ന് പറഞ്ഞുകൊള്ളട്ടേ. ഏതൊരു അവസ്ഥയിൽ നിന്നാണോ ഒരു വൻ മോചനം ആഗ്രഹിക്കുന്നത് ആ അവസ്ഥയാണ് ദുഃഖമെന്നാണ് ശബ്ദതാ രാവലി യിൽ പറയുന്നത്. സുഖം ദുഃഖമല്ലാത്ത അവസ്ഥയെന്നും നിർവചിച്ചി രിക്കുന്നു.

ശവകുടീരത്തിൽ പേരും ജനനതീയ്യതിയും ഒക്കെ രേഖപ്പെടുത്തി ക്രൈസ്തവർ ജഡം കുഴിച്ച് മൂടുന്നു. കാരണം യേശു ഏത് നിമിഷവും തിരി ച്ചുവരുമെന്നും വിധി ദിവസം കല്ലറകളിൽ നിന്നും ജഡങ്ങളെയെല്ലാം ഉയിർത്തെ ഴുന്നേൽക്കുമെന്നും വിശ്വിക്കുന്നത് കൊണ്ടാണ് അവർ ഇങ്ങിനെ ചെയ്യുന്നത്.

യേശുവിനെകൊല്ലാൻ യഹൂദർ ആഗ്രഹിച്ചിരുന്നു. അവർ എപ്പോഴൊക്കെ അവനെ ബന്ദനസ്ഥനാക്കാൻ ശ്രമിച്ചിരുന്നുവോ അപ്പോഴൊക്കെ യേശു അവരുടെ പിടിയിൽ നിന്നും മനഃപൂർവ്വം രക്ഷപ്പെടുകയായിരുന്നു എന്ന് യോഹന്നാന്റെ പുസ്തകത്തിൽ കാണാം. എന്നാൽ യേശുവിനെ കുരിശിൽ ഏറ്റിയതിന്ശേഷം ബൈബിൾ പറയുന്നു ലോകത്തിന്റെ പാപമോചനത്തിനായി യേശു കുരിശ്ശിൽ മരിച്ചുവെന്ന് . അതെന്തും ആയികൊള്ളട്ടെ തന്റെ മരണസമയത്ത് യേശു ഉച്ച ത്തിൽ നിലവിളിച്ചുപറഞ്ഞു പിതാവേ അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാ വിനെ സമർപ്പിക്കുന്നു. ഇത് പറഞ്ഞ് അവൻ ജീവൻ വെടിഞ്ഞു. (ലൂക്കോസ്

23: 46) ഇതിനർത്ഥം യേശുവിന്റെ ആത്മാവ് ശരീരത്തെ വെടിഞ്ഞു എന്നാണ്. ആത്മാവിന് ശരീരത്തിനുള്ളിൽ നിന്നും പുറത്തേക്ക് സഞ്ചരിക്കാൻ കഴിയുന്നുണ്ടെങ്കിൽ അതിനർത്ഥം ശരീരത്തിന്റെ മരണത്തിന് അപ്പുറം ആത്മാവ് ജീവിക്കുന്നു എന്നാണ്.

ആയതിനാൽ ആദം ആത്മീയമായി മരിച്ചു എന്ന യഹോവസാക്ഷികളുടെ വാദം അടിസ്ഥാനരഹിതമാണെന്ന് പറയാതെ വയ്യ. ബൈബിൾ ദൈവം ആദ്യം പറഞ്ഞത് അറിവിന്റെ കനി ഒഴികെ മറ്റെല്ലാം തിന്നാം എന്നാണ്. അറിവിന്റെ കനി തിന്നുന്ന ദിവസം മനുഷ്യൻ മരിക്കും എന്നും പറഞ്ഞു. മനുഷ്യൻ അറിവിന്റെ കനി തിന്നതിനുശേഷം ബൈബിൾ ദൈവം പറയുന്നത് മനുഷ്യൻ ഇനി ജീവന്റെ കനി കൂടി തിന്ന് എന്നെന്നും ജീവിക്കാൻ ഇടവരരുത് എന്നാണ് മനുഷ്യൻ എന്നെന്നും ജീവിക്കാൻ ഇടവരരുത് എന്ന് പറയുന്നത് അല്ലെങ്കിൽ അങ്ങിനെ ഇച്ഛിക്കുന്നത് ദൈവമാണോ അതോ മനുഷ്യവംശ ശത്രുവായ സത്താനാണോ.? മനുഷ്യനോടു നീ അറിവ് തിന്നുന്ന നാളിൽ മരിക്കും എന്ന് നുണ പറയുന്നവൻ ദൈവവും സത്യം മാത്രം പറയുന്ന സർപ്പം സാത്താനും ആകുന്നത് എങ്ങിനെ. ?

സർപ്പം സ്ത്രീയോട് പറഞ്ഞത് അറിവിന്റെ കനി തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നൻമയും തിൻമയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപോലെ ആകും (ഉൽപത്തി 3 : 5) എന്നായിരുന്നു. സർപ്പത്തിന്റെ വാക്കുകളിലെ സത്യം ബൈബിൾ ഉടൻ സാക്ഷ്യപ്പെടുത്തുന്നു. അവൾ അത് പറിച്ച് തിന്നു. ഭർത്താവിനും കൊടുത്തു. അവനും തിന്നു. ഉടൻ ഇരുവരുടേയും കണ്ണുകൾ തുറന്നു (ഉൽപത്തി 3: 6 7)

നിങ്ങൾ ദൈവത്തെപ്പോലെ ആകും എന്നും ദൈവത്തിനറിയാം (ഉൽപത്തി 3: 5) എന്നും സർപ്പം പറയുകയുണ്ടായി. ഇതും സത്യമായിരുന്നുവെന്ന് മനുഷ്യ നിതാ നന്മയും തിന്മയും അറിഞ്ഞ് നമ്മിലൊരുവനെപ്പോലെയായിരിക്കു ന്നു.(ഉൽപത്തി 3: 22 ) എന്ന ബൈബിൾ ദൈവത്തി ന്റെ വാക്കുകളിൽ നിന്നും തെളിയുന്നു.

അതായത് അറിവിന്റെ കനി തിന്നാൽ മനുഷ്യൻ നന്മതിന്മകൾ അറിഞ്ഞ് ദൈവത്തെപ്പോലെയായി തീരും എന്ന സത്യം മറച്ചുവച്ചുകൊണ്ടാണ് ബൈബിൾ ദൈവം അവരോട് നിങ്ങൾ അറിവിന്റെ കനി തിന്നുന്ന ദിവസം മരിക്കുമെന്ന് നുണ പറഞ്ഞത്.

വാസ്തവത്തിൽ സർപ്പം പറഞ്ഞതെല്ലാം സത്യവും ബൈബിൾ ദൈവം പറ ഞ്ഞതെല്ലാം അസത്യവും വഞ്ചനാപരവുമായിരുന്നു. ഉൽപത്തി 3 22 ലെ പ്രസ്താ വന അനുസരിച്ച് ആദ്യം അറിവിന്റെ കനി ഭക്ഷിക്കാതെ ശാശ്വതജീവൻെറ കനി ഭക്ഷിക്കുക അസാദ്ധ്യമാണ്. അതുകൊണ്ട് അറിവിന്റെ കനി ഭക്ഷിക്കുകയോ എന്തി നേറെ തൊടുകയോ ചെയ്താൽ പോലും അപകടമാണെന്ന് പുരുഷനിലും സ്ത്രീയിലും ബൈബിൾ ദൈവം മനഃപൂർവ്വം ഭയം ചെലുത്തി. സർപ്പം ഇടപെട്ടി ല്ലായിരുന്നുവെങ്കിൽ ഹവ്വ ധൈര്യമായി അറിവിന്റെ കനി കഴിച്ചില്ലായിരുന്നുവെ ങ്കിൽ ബൈബിൾ ദൈവത്തോടുള്ള വിശ്വാസത്തിൽ അവർ അവന്റെ ഭീഷണിക്ക് വഴങ്ങിയിരുന്നുവെങ്ങഅകിൽ മനുഷ്യർ തീർത്തും പാപ്പരായേനെ. അവർക്ക് അറിവും ജീവനും രണ്ടും നഷ്ടപ്പെട്ടേനെ. ആകെ ഉണ്ടാകുമായിരുന്നത് മരണ ഭയം മാത്രമായിരുന്നോ

ബൈബിളിലെ ദൈവം അവരോട് പറഞ്ഞപോലെ അറിവിന്റെ കനി

തിന്നുന്ന ദിവസം അവർ മരിക്കുകയുണ്ടായില്ല. ബൈബിൾ പ്രകാരം നിത്യജീവന്റെ കനി ഭക്ഷിക്കുന്നതിനു മുമ്പ് ബൈബിൾ ദൈവം അവരെ ഏദൻ തോട്ടത്തിൽ നിന്ന് പുറത്താക്കിയതുകൊണ്ടാണ് അവർ മരിച്ചത്. ആയതിനാൽ അവരുടെ മരണത്തിന്റെ പൂർണഉത്തരവാദിത്തം ബൈബിൾ ദൈവ മാണ് മനുഷ്യന്റെ കൊലയാളി.

ഇതാണ് ഏദൻതോട്ട ത്തിലെ കഥയുടെ പരമകാഷ്ഠ. മനുഷ്യന്റെ സൃഷ്ടികർത്താവ് അഥവാ ബ്രഹ്മാവ് എന്ന് നടിക്കുന്ന ബൈബിൾ ദൈവം തന്നെയാണ് കഥയിലെ നുണയനും ചതിയനും വില്ലനും.

മനുഷ്യനെ പുറത്താക്കിയശേഷം ജീവന്റെ വൃക്ഷത്തിങ്കലേക്കുള്ള വഴി കാക്കാൻ ഏദൻതോട്ടത്തിനു കിഴക്കു അവിടുന്നു കെരുബുകളെ കാവൽനിർത്തി എല്ലാ വശത്തേക്കും കറങ്ങുന്നതും തീ ജ്വലിക്കുന്നതുമായ ഒരു വാളും അവിടുന്നു സ്ഥാപിച്ച് (ഉൽപ്പത്തി 3 :24 ) എന്ന് പറഞ്ഞുകൊണ്ടാണ് ഏദൻതോട്ടത്തിലെ കഥ അവസാനിക്കുന്നത്.

പുരുഷനേയും സ്ത്രീയേയും തോട്ടത്തിൽ നിന്ന് പുറത്താക്കിയതിനുശേഷം എന്തുകൊണ്ട് കാവൽക്കാരെ നിയോഗിച്ചു. അല്ലെങ്കിൽ എന്തുകൊണ്ട് കാവൽക്കാരെ അറിവിന്റെ കനി തിന്നുന്നതിനു മുമ്പ് നിയോഗിച്ചില്ല എന്ന് നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടാവും. കാരണം ലളിതം അറിവിന്റെ വൃക്ഷവും ജീവന്റെ വൃക്ഷവും മധ്യത്തിൽ സ്ഥിതിചെയ്ത് കൊണ്ട് ഒരു ഏദൻതോട്ടം വാസ്തവത്തിൽ ഇല്ല. ഈ കഥ അങ്ങേ അറ്റം മനുഷ്യവിദ്വേഷമുള്ള തീർത്തും മലിനമായ ഒരു മസ്തിഷ്കത്തിൽ ഉടലെടുത്ത ഒരു കൗശല സൃഷ്ടി മാത്രമാണ്. കഥയുടെ സന്ദേശം സ്പഷ്ടമാണ്. അറിവില്ലാതെ ആത്മബോധമില്ലാതെ ജീവിച്ചപ്പോൾ

മനുഷ്യർ പാപമില്ലാതെ ജീവിച്ചു. അവർ തങ്ങൾ നഗ്നരാണെന്ന് അറിഞ്ഞ് മൃഗങ്ങളെപ്പോലെ ജീവിക്കുന്നതിൽ ലജ്ജ തോന്നിയ നിമിഷം മനുഷ്യർ പാപികളായി. ലോകത്തിൽ പരിഷ്കൃതമെന്ന് പറയപ്പെടുന്ന ഭാഗത്ത് ഈ വഴി പിഴച്ച ദൈവ ത്തിന്റെ അനുയായികളായ പാശ്ചാത്ത്യർ യാതൊരു ലജ്ജയുമില്ലാതെ പൂർണ്ണനഗ്നരായി നടക്കുന്ന നഗ്നരുടെ കടൽപ്പുറങ്ങൾ ഉണ്ടെന്നതിൽ അത്ഭുതമില്ല.

എന്റെ നഗ്നരും എന്നാൽ ലവലേശം ലജ്ജയില്ലാത്തവരുമായ സഹോദരനോട് ഒരു ചോദ്യം. നഗ്നരായി നടക്കുകയും അതിൽ ലജ്ജിക്കാതിരിക്കുകയുമാണ് ശരിയെങ്കിൽ നഗ്നത മറയ്ക്കുന്നത് തെറ്റാണ്. അങ്ങിനെയാണെങ്കിൽ എന്തിനാണ് ബൈബിൾ ദൈവം പുരുഷനേയും സ്ത്രീയേയും വസ്ത്രം ധരിപ്പിച്ചത്.? കർത്താവായ ദൈവം ആദാമിനും ഭാര്യക്കും തോൽകൊണ്ട് വസ്ത്രങ്ങൾ ഉണ്ടാക്കി അവരെ ധരിപ്പിച്ചു (ഉൽപത്തി 3 : 21)

ആദാമിനേയും ഹവ്വയേയും വസ്ത്രം ധരിപ്പിക്കുമ്പോൾ ബൈബിൾ ദൈവം നഗ്നനായിരുന്നുവോ ? അതോ നഗ്നതയിൽ ലജ്ജിച്ച് ശരീരം മറച്ചിരുന്നുവോ അവൻ വസ്ത്രം ധരിച്ചിരുന്നുവെങ്കിൽ അതിനർത്ഥം നഗ്നനായിരിക്കുന്നതിൽ അവന് ലജ്ജയുണ്ടായിരുന്നു എന്നാണ്. അങ്ങനെയെങ്കിൽ മനുഷ്യരെ സൃഷ്ടിച്ചപ്പോൾ അവരെ തുണിയുടുപ്പിക്കാതിരുന്നത് ശരിയായില്ല. കുറഞ്ഞ പക്ഷം സ്ത്രീയുടെ നഗ്നതയെങ്കിലും അവൻ മറക്കേണ്ടതായിരുന്നു. അങ്ങിനെ ഏത് കോണിലൂടെ നോക്കിയാലും ഈ കഥയിലെ വില്ലൻ ബൈബിൾ ദൈവം തന്നെയാണെന്ന് സ്പഷ്ടം.

ഏദൻതോട്ടത്തിലെ കഥ ബൈബിളിലെ പ്രഥമ കഥയും ബൈബിളിന്റെ

അടിസ്ഥാനവുമാണ്. ഏദൻ തോട്ടത്തിലെ എല്ലാ ഫലങ്ങളും നിത്യജീവൻ നൽകുന്നതുൾപ്പെടെ ഭക്ഷിക്കാമെന്ന ബൈബിൾ ദൈവ ത്തിന്റെ മധുരമായ വാക്കുകളിൽ നിന്ന് കഥ തുടങ്ങുന്നു. പക്ഷെ കഥ അവസാനിക്കുന്നതാകട്ടെ മനുഷ്യൻ എന്നും ജീവിക്കാൻ ഇടവരരുത് എന്ന ബൈബിൾ ദൈവ ത്തിന്റെ പൈശാചവചനത്തിലൂടെയാണ്.

ബൈബിൾ ദൈവത്തിന്റെ ഭീഷണി അവഗണിക്കുവാനും അറിവ് നേടാനുള്ള ധൈര്യം അവർക്ക് ലഭിച്ചത് സർപ്പത്തിന്റെ രംഗ പ്രവേശനത്തിനാലാണ്. ആയതിനാൽ സർപ്പം തന്നെയാണ് ഈ കഥയിലെ മനുഷ്യ രക്ഷകൻ അഥവാ കഥയിലെ നായകൻ. വില്ലന്റെ ദുരുദ്ദേശങ്ങൾ തകർത്ത് തരിപ്പണമാക്കുന്നയാളാണല്ലോ. നായകൻ ഭഗവാൻ ശ്രീ പരമേശ്വരൻ സർപ്പ ഭൂഷണണനാണെന്ന് പരക്കെ അറിയാവുന്നതാണല്ലോ.

അറിവ് ലഭിച്ചതിനുശേഷം ആദം ഭാര്യയായ ഹവ്വയുമായി സംഗമിച്ചു. അവൾ ഗർഭം ധരിച്ചു. (ഉൽപത്തി 4 : 1) സർപ്പം മനുഷ്യരിലുണ്ടായിരുന്ന ഭയം മാറ്റിയില്ലായിരുന്നുവെങ്ങഅകിൽ അവർ ഒരിക്കലും തോട്ടത്തിന്റെ മധ്യത്തിലേക്ക് പോകുമായിരുന്നില്ല. ആയതു കൊണ്ടുതന്നെ അറിവിന്റെ കനി ഭക്ഷിക്കാനാകുമായിരുന്നില്ല. അത്തരമൊരു സാഹചര്യത്തിൽ അവർ സന്താനങ്ങളില്ലാതെ മരിക്കുമായിരുന്നു. അങ്ങിനെ ആദത്തിന്റേയും ഹവ്വയുടേയും അവസാനത്തോടെ മനുഷ്യവംശവും ആരംഭത്തിൽ തന്നെ അന്ത്യം പ്രാപിച്ചേനെ,. ഇവിടെ നമ്മുടെ കടപ്പാട് സർപ്പത്തിനോടാണ്. സർപ്പമില്ലായിരുന്നുവെങ്കിൽ മനുഷ്യർ ഏദൻതോട്ടത്തിൽ തന്നെ മരിക്കുമായിരുന്നു. ബൈബിൾ ദൈവ ത്തിന്റെ നുണകൾ വിശ്വസിച്ചത് തന്നെ അവന്റെ മരണകാരണമാകുമായിരുന്നു.

അദ്ധ്യായം ഒന്ന് സമാപ്തം

# അദ്ധ്യായം 2 യേശുവിന്റെ ജനനം മിഥ്യയു സത്യവും

യേശു ബൈബിൾ ദൈവ ത്തിന്റെ ഏക പുത്രനും അവനെ പ്രസവിച്ച യഹൂദ സ്ത്രീ മേരി എല്ലാ സ്ത്രീകളിലും അനുഗ്രഹീത എന്നൊക്കെയാണ് ക്രിസ്ത്യാനികളുടെ പൊതുവെയുള്ള വിശ്വാസം. ലോകത്തിലെ ഏറ്റവും ഉത്തമയായ സ്ത്രീ മേരി ആണെന്നാണഅ അവർ ധരിച്ചിരിക്കുന്നത്.

യേശുവിനെകുറിച്ച് മത്തായി മാർക്കോസ് ലൂക്കോസ് യോഹന്നാൻ എന്നീ പേരുകളിലുള്ള നാലു പുസ്തകങ്ങളും പറയുന്നുണ്ടെങ്കിലും യേശുവിന്റെ ജനനം എപ്രകാരമായിരുന്നുവെന്ന് പറയുന്നത് അഥവാ സൂചനകൾ നൽകുന്നത് മത്തായിയും ലൂക്കോസും മാത്രമാണ്.

നമുക്ക് മത്തായിൽ നിന്ന് ആരംഭിക്കാം. യേശു ക്രിസ്തുവിന്റെ ജനനം ഇപ്രകാരമായിരുന്നു. അവന്റെ അമ്മയായ മറിയം യോസേഫിനു പ്രതിശ്രുതവധുവായിരിക്കെ അവർ സഹവസിക്കും മുമ്പ് പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു. അവളുടെ ഭർത്താവായ യോസേഫ് നീതിമാനായിരുന്നു. അവളെ അപഹാസ്യയാക്കാൻ മനസ്സ് വന്നതുമില്ല. തൻമൂലം അവളെ രഹസ്യമായി ഉപേക്ഷിക്കാൻ അയാൾ തീരുമാനിച്ചു.അയാൾ അക്കാര്യ ആലോചിച്ചുകൊണ്ടിരിക്കെ ഇതാ കർത്താവിന്റെ മാലാഖ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ഇങ്ങനെ പറയുന്നു. ദാവീദിന്റെ പുത്രനായ യോസേഫേ മറിയമിനെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട.അവൾ ഗർഭിണിയായിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്. അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരു വിളിക്കണം. കാരണം അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കാം (മത്തായി 1 : 18-21)

ഒരുവന് പ്രതിശ്രൂത വധുവായിരിക്കെ അയാളറിയാതെ മറ്റൊരാളിൽ നിന്ന് ഗർഭിണിയായ മറിയ എങ്ങിനെയാണ് ഉത്തമയായ സ്ത്രീ ആകുക ?ഒരു സ്ത്രീ എങ്ങിനെ ആയിക്കൂടാ എന്നതിന്  ഉത്തമോദാഹരണമാണ് യേശുവിനെ പ്രസവിച്ച സ്ത്രീ മറിയം

മറിയ യോസേഫിന് പ്രതിശ്രുത വധുവായിരിക്കെ എന്നാൽ അവർ സഹവസിക്കും മുമ്പ് പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു എന്നാണ് ബൈബിൾ പറയുന്നത്.  അതിനെതുടർന്ന് അവളുടെ ഭർത്താവായ യോസേഫ് അവളെ ഉപേക്ഷിക്കുവാൻ തീരുമാനിച്ചു എന്നും പറയുന്നു.  യോസേഫിന് മേരി ഗർഭിണിയാണെന്ന് മാത്രമെ മനസ്സിലാക്കുവാൻ കഴിയൂ. അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു എന്ന് ബൈബിൾ പറയുന്നത് നുണ.

തന്റെ പ്രതിശ്രുത വധുവിനെ താൻ പോലുമറിയാതെ ഗർഭിണിയാക്കിയവനെ  പരിശുദ്ധാത്മാവ്  എന്ന് വിളിക്കാൻ ആത്മാഭിമാനമുള്ള ഒരു പുരുഷനും കഴിയില്ല. ഒരുവന് വിവാഹം പറഞ്ഞുറപ്പിച്ച് വെച്ചിരിക്കുന്ന പെണ്ണിനെയാണല്ലോ പ്രതിശ്രുതവധു എന്ന് പറയുന്നത് അങ്ങിനെ മറ്റൊരാൾക്ക് നിശ്ചയിച്ചിരിക്കുന്ന ഒരു സ്ത്രീയെ അയാൾ പോലും അറിയാതെ ഗർഭിണിയാക്കുന്നവൻ പരിശുദ്ധാത്മാവോ അതോ ദുരാത്മാവോ എന്ന ചോദ്യത്തിൻെറ ഉത്തരം ഞാൻ വായനക്കാരന്റെ മനോധർമ്മതിന് വിടുന്നു.

മറ്റൊരു കാര്യം മറിയ പരിശുദ്ധാത്മാവിൽ നിന്ന് ഗർഭം ധരിച്ചതായി കാണപ്പെടുകയും അതേ തുടർന്ന് യോസേഫ് അവളെ ഉപേക്ഷിക്കുവാൻ തീരുമാനിക്കുകയുമുണ്ടായി എന്നാണ് ബൈബിൾ പറയുന്നത്. എങ്കിൽ  അവൾ ഗർഭിണിയായിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്  എന്ന് സ്വപ്നം കണ്ടതുകൊണ്ട്

തന്റെ തീരുമാനത്തിൽ നിന്നും എങ്ങിനെയാണ് അയാൾ പിൻമാറുക? മറിയയെ ഗർഭിണിയാക്കിയത് പരിശുദ്ധാത്മാവാണെന്ന് യോസേഫിന് മുന്നേ അറിവുള്ളതല്ലേ ? വൈരുദ്ധ്യം വിരൽ ചൂണ്ടുന്നത് മറിയ വിവാഹത്തിന് മുമ്പ് ഗർഭിണിയായിരുന്നുവെന്ന് യോസേഫിനറിയില്ലായിരുന്നു എന്ന സത്യത്തിലേക്കാണ്.

യോസേഫിന്റെ പ്രതിശ്രുത വധുവായ മറിയയെ ഗർഭിണിയാക്കാൻ പോകുന്നതായി ഒരു മാലാഖയും യോസേഫിനെ മുൻകൂട്ടി അറിയിച്ചിട്ടില്ല. ബൈബിൾ പറയുന്നത് യോസേഫ് മറിയ ഗർഭിണിയാണെന്ന് കണ്ടെത്തുകയും അവളെ ഉപേക്ഷിക്കുവാൻ തീരുമാനിക്കുകയും ചെയ്തപ്പോൾ മാലാഖ പ്രത്യക്ഷപ്പെട്ട് യോസേഫിനെ തന്റെ തീരുമാനത്തിൽ നിന്നും പിൻതിരിച്ചു എന്നാണ്. അതായത് വല്ലവനും ഗർഭിണിയാക്കിയ സ്ത്രീയെ വല്ലവന്റെയും ഭാര്യയാക്കുന്ന അതിനികൃഷ്ടമായ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവനെയാണ് ഇവിടെ മാലാഖ എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്.

സത്യത്തിൽ മറിയ ഗർഭിണിയായിരുന്നുവെന്ന് യോസേഫ് അറിഞ്ഞിരുന്നുവോ ? യോസേഫിന്റെ യാതൊരു അറിവോ സമ്മതമോ കൂടാതെയാണ് പരിശുദ്ധാത്മാവ് എന്ന് പറയുന്ന സാധനം യോസേഫിന്റെ പ്രതിശ്രുതവധുവിനെ ഗർഭിണിയാക്കുന്നത്. യോസേഫ് മറിയ ഗർഭിണിയാണെന്നറിഞ്ഞപ്പോൾ അവളെ ഉപേക്ഷിക്കുവാൻ തീരുമാനിച്ചു. അങ്ങിനെ ഗത്യന്തരമില്ലാതെ മാലാഖ യോസേഫിനോട് തന്റെ പ്രതിശ്രുതവധുവിനെ ഗർഭിണിയാക്കിയത് പരിശുദ്ധാത്മാവാ ണെന്ന് പറയുന്നത്. ഇനി യോസേഫിന് മറിയ വിവാഹത്തിനു മുമ്പ് ഗർഭിണിയായിരുന്നുവെന്ന് അറിയില്ലായിരുന്നുവെന്ന് വിചാരിക്കുക.അത്തരമൊരു സാഹചര്യത്തിൽ മാലാഖ യോസേഫിന്റെ സ്വപ്നത്തിൽ പോലും വരില്ലായിരു

ന്നു.  കാരണം യോസേഫ് മറിയയെ രഹസ്യമായി ഉപേക്ഷിക്കുവാൻ ആലോചി ച്ചുകൊണ്ടിരിക്കുമ്പോൾ മാലാഖ സ്വപ്നത്തിൽ പോലും വരില്ലായിരുന്നു.. കാരണം യോസേഫ് മറിയയെ രഹസ്യമായി ഉപേക്ഷിക്കുവാൻ ആലോചിച്ചുകൊ ണ്ടിരിക്കുമ്പോൾ മാലാഖ സ്വപ്നത്തിൽ വന്നു എന്നാണ് പറയുന്നത്. മാലാ ഖയുടെ ആഗമനോദ്ദേശം യോസേഫിനെ മറിയ ഗർഭിണിയായതെങ്ങിനെ എന്ന റിയിക്കുകയായിരുന്നില്ല മറിച്ച് യോസേഫ് മറിയയെ ഉപേക്ഷിക്കുന്നത് തടയുക എന്നതായിരുന്നു.

ഇനി മറിയ എന്ന യഹൂദ സ്ത്രീയെകുറിച്ച് രണ്ട് വാക്ക്. മാലാഖ വന്ന് മറി യമിനോട് നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും (ലൂക്കോസ് 1 : 31) പറ യുമ്പോൾ മറിയം മാലാഖയോട് ഇതെങ്ങനെ സംഭവിക്കും ? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ എന്നാണ് മറുപടി നൽകിയത്. അല്ലാതെ താൻ യോസേഫിന്റെ പ്രതിശ്രുതവധുവാണ് യോസേഫ് അറിയാതെ അയാളുടെ സമ്മതം കൂടാതെ ഇത് സംഭവിച്ച്കൂടാഎന്നൊന്നും പറയുന്നില്ല. ചുരുക്കി പറഞ്ഞാൽ മറിയത്തിന് യോസേഫിനെ ഇക്കാര്യം അറിയിക്കേണമെന്ന ചിന്തയേ ഉണ്ടായിരുന്നില്ല എന്ന്. ഭാര്യക്ക് ഭർത്താവിനോട് ചെയ്യാവുന്നതിൽ വെച്ച് ഏറ്റവും വലിയ ക്രൂരതയാണ് ഭർത്താവറിയാതെ മറ്റൊരാളിൽ നിന്ന് ഗർഭം ധരിക്കുകയെന്നത്. ഇത്തരം നികൃ ഷ്ടമായ ഒരു സ്ത്രീയെയാണ് ബൈബിൾ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ എന്ന് ഉയർത്തികാട്ടുന്നത്. പാശ്ചാത്ത്യ സ്ത്രീകൾ മറിയയെയാണ് സ്ത്രീത്വ ത്തിന്റെ മാതൃകയായി കരുതുന്നത്. പാശ്ചാത്ത്യ സ്ത്രീകൾ നാണം അശേഷമി ല്ലാത്തവരായും സ്വഭാവശുദ്ധിയില്ലാത്തവരായും കഴിയുന്നതെന്നുകൊണ്ടാണെന്ന് ഇപ്പോൾ വായനക്കാരന് മനസ്സിലായി കാണുമെന്ന് കരുതുന്നു.

മറിയ വിവാഹത്തിനു മുൻപ് ഗർഭിണിയായിരുന്നുവെന്ന് യോസേഫിനറി യില്ലായിരുന്നു. കാരണം മറിയ വിവാഹത്തിന് മുമ്പ് ഗർഭിണിയായിരുന്നുവെന്ന് മറിയയ്ക്ക് പോലും അറിയില്ലായിരുന്നു. മറിയ ഗർഭിണിയായിരുന്നുവെന്ന് മറി യക്കറിയില്ലായിരുന്നുവെങ്ങഅകിൽ പിന്നെ അക്കാര്യം യോസേഫ് എങ്ങിനെയാണ റിയുക?

മറിയക്ക് താൻ വിവാഹത്തിനുമുമ്പ് ഗർഭിണിയായിരുന്നുവെന്ന്അറിയില്ലാ യിരുന്നുവെന്ന സത്യം വായനക്കാരൻ ഗ്രഹിക്കേണ്ടതിലേക്കായി ലൂക്കോസിന്റെ പുസ്തകം അദ്ധ്യാം 2 48 മുതൽ 50 വരെ വാക്യങ്ങളിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. അവനെകണ്ടപ്പോൾ മാതാപിതാക്കൾ വിസ്മയിച്ചു. അവന്റെ അമ്മ അവനോടു പറഞ്ഞു മകനേ നീ ഞങ്ങളോട് ഇങ്ങനെ ചെയ്ത തെന്ത് ? നിന്റെ പിതാവും ഞാനും (യോസേഫും മറിയമും) ഉത്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു. അവൻ അവരോട് ചേദിച്ചു നിങ്ങൾ എന്തി നാണ് എന്നെ അന്വേഷിച്ചത് ? ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃ തനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ ? അവൻ തങ്ങളോടു പറഞ്ഞ തെന്തെന്ന് അവർ ഗ്രഹിച്ചില്ല.

മേൽപറഞ്ഞ സംഭവം അരങ്ങേറുമ്പോൾ യേശുവിന് വയസ്സ് 12. യേശു മറി യയോടും യോസേഫിനോടും ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃ തനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ ? എന്ന് യേശു ചോദിച്ചപ്പോൾ അവൻ തങ്ങളോടു പറഞ്ഞതെന്തെന്ന് അവർ ഗ്രഹിച്ചില്ല എന്നാണ് പറയുന്നത്. അതായത് യേശുവിന്റെ പിതാവ് യോസേഫ് അല്ലായിരുന്നുവെന്ന് അവർക്ക് യോസേഫിനും മറിയക്കും അറിയില്ലായിരുന്നുവെന്ന് സാരം.

തന്റെ ഭാര്യ മറിയ വിവാഹത്തിന് മുമ്പേ പരിശുദ്ധാത്മാവിനാൽ ഗർഭിണി യാക്കപ്പെട്ടവളായിരുന്നു എന്ന് യോസേഫിനറിയാമായിരുന്നുവെങ്കിൽ കുറഞ്ഞ പക്ഷം മറിയക്കെങ്കിലും അതറിയാമായിരുന്നുവെങ്കിൽ യേശു അവരോടു പറഞ്ഞ വാക്കുകളുടെ അർത്ഥം അവർ ഗ്രഹിക്കുമായിരുന്നു. എന്നാൽ ബൈബിൾ പറ യുന്നു അവൻ തങ്ങളോട് പറഞ്ഞതെന്തെന്ന് അവർ ഗ്രഹിച്ചില്ല ഇത് വെളിവാ ക്കുന്നത് യോസേഫ് തന്റെ ഭാര്യയായ മറിയം വിവാഹത്തിന് മുമ്പ് ഗർഭിണിയാ യിരുന്നവളായിരുന്നുവെന്ന് സ്വപ്നത്തിൽ പോലും അറിഞ്ഞിരുന്നില്ല എന്നാ ണ്.

യേശു താൻ ദൈവപുത്ര നാണെന്ന് (അതായത് യോസേഫിന്റെ പുത്രന ല്ലായെന്ന്) ഗലീലദേശം മുഴുവനും പ്രസംഗിച്ചുകൊണ്ട് നടക്കാൻ തുടങ്ങുന്നത് യോസേഫിന്റെ കാലശേഷമാണ്. അപ്പോൾ യേശുവിന് ഏതാണ്ട് മുപ്പതിനോട ടുത്ത പ്രായം.

മത്തായിയുടെ പുസ്തക പ്രകാരം ഹെറോദ് (യേശുവിന്റെ ജനന സമയത്ത് യൂദാ ഭരിച്ചിരുന്ന ആൾ എന്ന് ബൈബിൾ പറയുന്നു) കിഴക്ക് നിന്ന് വന്ന ജ്ഞാ നികളെ യേശുവിന്റെ ജനനസ്ഥലം അറിഞ്ഞ് വന്ന് തന്നെ ധരിപ്പിക്കുവാൻ നിയോ ഗിക്കുകയുണ്ടായി. എന്നാൽ ജ്ഞാനികൾക്ക് സ്വപ്നത്തിൽ ലഭിച്ച നിർദ്ദേശ പ്ര കാരം ഹെറോദിനെ കാണാതെ മറ്റൊരു വഴിയിലൂടെതിരികെ പോകുകയാണു ണ്ടായത്. ജ്ഞാനികൾ ഹെറോദിനെ കബളിപ്പിച്ചു കടന്നു കളഞ്ഞുവെന്ന് അയാൾക്ക് ബോദ്ധ്യം വന്നപ്പോൾ അയാൾ ജെറുശലേമിലും പരിസരങ്ങളിലുമുള്ള രണ്ട് വയസ്സിനും അതിൽ താഴെയും പ്രായമുള്ള ശിശുക്കളെയെല്ലാം വധിക്കു വാൻ ഉത്തരവിടുകയുണ്ടായി. എന്ന് മത്തായിയുടെ പുസ്തകം 20-ാം അദ്ധ്യായം

1 മുതൽ 16 വരെയുള്ള വാകൃങ്ങളിൽ പറയുന്നു.

മത്തായി ഒഴികെ മറ്റ് മൂന്ന് സുവിശേഷ രചയിതാക്കളും ഇത്തരമൊരു ദാരുണ സംഭവം നടന്നതായി പറയുന്നില്ല. മാത്രവുമല്ല മത്തായി 2 : 1 ൽ പറയുന്നത് ഹെറോറോസ് യൂദാ വാണിരുന്ന കാലത്താണ് യേശു ജനിച്ചതെന്ന്. എന്നാൽ ലൂക്കോസ് പറയുന്നത് യേശുവിന് 30 വർഷം പ്രായമുള്ളപ്പോൾ ഹെറോദോസ് ഗലീലി ദേശം വാണിരുന്നുവെന്നാണ്. തിബേരിയൂസ് സീസറിന്റെ പതിനഞ്ചാം ഭരണ വർഷം പൊന്തിയൂസ് പീലാത്തോസ് യൂദായായുടെ ദേശാധിപതിയും ഹെറോദോസ് ഗലീലയുടേയും ( ലൂക്കോസ് 3: 1 ) ലൂക്കോസ് പ്രകരം നോക്കിയാൽ ഹെറോദോസ് വാണിരുന്ന ഇടവും കാലവും മത്തായിലേതിന് ഭിന്നമാണ്. ചുരുക്കി പറഞ്ഞാൽ ലൂക്കോസിന്റെ സുവിശേഷം പറയുന്നത് മത്തായിയുടെ സുവിശേഷം കള്ളമാണെന്നാണ്.

മത്തായിയുടെ പുസ്തക പ്രകാരമുള്ള യോസേഫും ലൂക്കോസിന്റെ പുസ്ത പ്രകാരമുള്ള യോസേഫും രണ്ട് വ്യത്യസ്ത ആളുകളാണ്. കാരണം അവർ രണ്ട് വ്യത്യസ്ത ആളുകളുടെ പുത്രൻമാരാണ്.

യാക്കോസ് മറിയത്തിന്റെ ഭർത്താവായിരുന്ന യോസേഫിന്റെ പിതാവായിരുന്നു. (മത്തായി 1 : 16) പരസ്യ ജീവിതം ആരംഭിക്കുമ്പോൾ യേശുവിന് ഏകദേശം മുപ്പത് വയസ്സു പ്രായമായിരുന്നു. അവൻ ജോസഫിന്റെ മകനാണെന്ന് കരുതപ്പെട്ടിരുന്നു. ജോസേഫ് ഹേലിയുടെ പുത്രനായിരുന്നു (ലൂക്കോസ് 3 :23)

ഈ രണ്ട് വാകൃങ്ങളിൽ നിന്ന് ഒരു കാര്യം സുവ്യക്തമാണ്. സുവിശേഷം കള്ളം പറയുന്നുവെന്ന്., കാരണം ഒരുവന് രണ്ട് പിതാക്കൻമാർ ഉണ്ടാവുക

എന്നത് അസാധ്യമായ കാര്യമാണ്.. സൃഷ്ടിയുണ്ടെങ്കിൽ സൃഷ്ടാവുമുണ്ട് എന്ന് പറയുന്നത് പോലെ ക്രിസ്തു മത മുണ്ടെങ്കിൽ അത് സൃഷ്ടിച്ച യേശുവും ഉണ്ടായിരുന്ന് എന്ന കാര്യത്തിൽ തർക്കമില്ല. യേശു ഉണ്ടായിരുന്നുവെങ്കിൽ അവനെ പ്രസവിച്ച മറിയും എന്ന യഹൂദ സ്ത്രീ അവനെ ഗർഭം ധരിച്ചിരുന്നു എന്ന കാര്യത്തിലും സംശയമില്ല. മറിയം വിവാഹത്തിന് മുമ്പേ ഗർഭണിയായിരുന്നുവെന്ന് മറിയമിനറിയില്ലായിരുന്നുവെന്ന് പറഞ്ഞുവല്ലോ. അപ്പോൾ അവൾ എങ്ങിനെയാണ് ഗർഭിണിയായത് എന്ന് ചോദിച്ചാൽ അതിനൊരേയൊരു ഉത്തരം മാത്രമേ ബലാൽക്കാരേണ ഭാര്യയാക്കുകയാണുണ്ടായത് അഥവാ യേശു പൈശാച വിവാഹ ത്തിന്റെ സന്തതിയായിരുന്നുവെന്ന് സാരം.

<u>അദ്ധ്യായം 2 സമാപ്തം</u>

## അദ്ധ്യാതം 3 നുണയുടെ പിതാവ്

യേശുവിന് ഏതാണ്ട് 30 വയസ്സ് പ്രായമുള്ളപ്പോഴാണ് യേശു തന്റെ പൊതുപ്രവർത്തനം ആരംഭിച്ചത് എന്ന് കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞുവല്ലോ.

ഇനി യേശുവിന്റെ വാചകമടി സഹിക്കേണ്ടി വന്ന ചില യഹൂദരുടെ പ്രതികരണം ശ്രദ്ധിക്കുക. സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന അപ്പം ഞാനാണ് എന്ന് അവൻ പറഞ്ഞതിനാൽ യഹൂദർ അവനെതിരെ പിറുപിറുത്തു. അവർ പറഞ്ഞു ഇവൻ ജോസഫിന്റെ മകനായ യേശുവല്ലേ? ഇവന്റെ പിതാവിനേയും മാതാവിനേയും നമുക്കറിഞ്ഞുകൂടെ പിന്നെയെങ്ങെനെയാണ് ഞാൻ സ്വർഗത്തിൽ നിന്നിറങ്ങിവന്നിരിക്കുന്നു എന്ന് ഇവൻ പറയുന്നത് ( യോഹന്നാൻ 6 : 41 - 42)

യേശുവിന് 30 വയസ്സുള്ളപ്പോഴും ആ നാട്ടുകാർക്കറിയില്ലായിരുന്നു യേശു

വിന്റെ പിതാവ് ജോസഫ് അല്ലായിരുന്നുവെന്ന്.? ഇതിനർത്ഥം മറിയയെ ജോസഫ് വിവാഹം ചെയ്യുവാൻ മറിയയുടെ ഉദരത്തിൽ യേശു ഒളിച്ചിരുപ്പുണ്ടായിരുന്നുവെന്ന് നാട്ടുകാർക്കറിയില്ലായിരുന്നുവെന്നാണ്. നാട്ടുകാരുടെ ധാരണ ജോസഫ് മറിയയെ വിവാഹം ചെയ്തതിന് ശേഷം അവർക്കുണ്ടായ സന്തിയാണ് യേശു എന്നായിരുന്നു നാട്ടുകാരായ യഹൂദരുടെ ധാരണ. യേശു തന്റെ അമ്മയുടെ ഉദരത്തിൽ ആയിരിക്കുമ്പോൾ തന്നെ ജനങ്ങളുടെ ഇടയിൽ യേശുവിനെ കുറിച്ചുള്ള തെറ്റിദ്ധാരണ പരക്കാൻ കാരണമായിതീർന്നിരുന്നുവെന്നാണ് ഇതിനർത്ഥം.

യേശുവിനെകുറിച്ച് ഇന്നും ധാരാളം തെറ്റിദ്ധാരണകൾ പ്രചാരത്തിലുണ്ട്. അത്തരം തെറ്റിദ്ധാരണകൾ നീക്കം ചെയ്യുക എന്ന സദുദ്ദേശം ആണ് ഇങ്ങനെയൊരു ഗ്രന്ഥം എഴുതുവാൻ ഉള്ള എന്റെ പ്രചോദനം. ഇനി തന്റെ അമ്മയുടെ ഉദരത്തിലിരിക്കുമ്പോൾ തന്നെ ജനങ്ങളെകൊണ്ട് തന്നെകുറിച്ച് കള്ള പ്രചരണം നടത്തുവാൻ ഇടയാക്കിയ യേശുവിന്റെ പ്രായപൂർത്തിയായതിനു ശേഷമുള്ള അസത്യവചനങ്ങൾ ശ്രദ്ധിക്കുക. വഴിയും സത്യവും ജീവനും ഞാനാണ് ( യോഹന്നാൻ 14 : 6) യേശു അവകാശപ്പെടുന്നു. വഴിയുടേയും ജീവന്റേയും കാര്യം ഇരിക്കട്ടെ ആദ്യം തന്നെ നമുക്ക് യേശുവിൻ സത്യമുണ്ടോ എന്ന് പരിശോധിക്കാം. ഒരു പെരുംനുണയനാണ് താൻ വഴിയും ജീവനും എന്നുപറയുന്നതെങ്കിൽ അതും നുണയായിരിക്കണമല്ലോ.

യേശുവിന്റെ വായിൽ നിന്നും വന്നിട്ടുള്ള വാക്കുകൾ പരിശോധിച്ചാൽ യേശുവിൻ അണുവിട സത്യമില്ലെന്ന് ആർക്കും വളരെ നിസ്സാരമായി മനസ്സിലാക്കുവാൻ കഴിയും.

ഉദാഹരണത്തിന്  ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷയ്ക്ക് വിധിക്കാനല്ല.പ്രത്യുത അവൻ വഴി ലോകം രക്ഷ പ്രാപിക്കാനാണ്  എന്ന് പറയുന്ന യേശു തന്നെയാണ് പിന്നീട് എനിക്ക് നിങ്ങളെകുറിച്ചു പലതും പറയാനും വിധിക്കാനുമുണ്ട് എന്ന് പറയുന്നത്( യോഹന്നാൻ 3 : 17 ഉം 8 26 ഉം വാക്യങ്ങൾ)

യേശുവിന് പലതും വിധിക്കാനുണ്ടെങ്കിൽ തന്നെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷ വിധിക്കാനല്ല എന്ന് ആദ്യം പറഞ്ഞത് കള്ളമായിരുന്നില്ലേ ?ഇനി ആദ്യം പറഞ്ഞതായിരുന്നു ശരിയെങ്കിൽ രണ്ടാമത് പറഞ്ഞത് കള്ളം, ചുരിക്കിപറഞ്ഞാൽ പറഞ്ഞതെല്ലാം കള്ളം.

തന്നെ ഭൂമിയിലേക്കയച്ചത് താൻ വഴി ലോകം രക്ഷപ്രാപിക്കാനാണ് എന്ന് പറയുന്ന യേശു ദാ ഇവിടെ പറയുന്നത് ശ്രദ്ധിക്കുക  ഭൂമിയിൽ സമാധാനമാണ് ഞാൻ കൊണ്ടുവന്നിരിക്കുന്നത് എന്ന് നിങ്ങൾ വിചാരിക്കരുത്, സമാധാനമല്ല വാളാണ് ഞാൻ കൊണ്ടു വന്നിരിക്കുന്നത്. എന്തെന്നാൽ ഒരുവനെ തന്റെ പിതാവിനെതിരായും മകളെ അമ്മയ്ക്ക് എതിരായും മരുമകളെ അമ്മായിയമ്മയ്ക്കെതിരായും ഭിന്നിപ്പിക്കാനാണ് ഞൻ വന്നിരിക്കുന്നത് ( മത്തായി 10 : 34 - 35)

മരുമകളെ അമ്മായിയമ്മയ്ക്കെതിരായും മകനെ അപ്പനെതിരായും ഒക്കെ ഭിന്നിപ്പിച്ച് സമാധാനമില്ലാതാക്കാനാണ് യേശു ഭൂമിയിലേക്ക് വന്നിരിക്കുന്നത് എന്ന് യേശു തന്നെ പറയുമ്പോൾ മുമ്പ്  ദൈവം തന്റെ പുത്രനെ ലേകത്തിലേക്കയച്ചത് അവൻ വഴി ലോകം രക്ഷ പ്രാപിക്കാനാണ്  എന്ന യേശുവിന്റെ വാക്കുകൾ കള്ളമായിരുന്നു എന്ന് തെളിഞ്ഞില്ലേ ? യേശു ലോക രക്ഷകനല്ലായെന്ന സത്യമാണ് ഈ വൈരുദ്ധ്യം തെളിയിക്കുന്നത്.

ഭൂമിയിൽ സമാധാനമല്ല വാളാണ് ഞാൻ കൊണ്ടുവന്നിരിക്കുന്നതെന്നും മകനെ അപ്പനെതിരായി ഭിന്നിപ്പിക്കാനാണ് ഞാൻ വന്നിരിക്കുന്നതെന്നും ഒക്കെ ഹീനമായി സംസാരിക്കുന്ന ഒരു അധമൻ ദൈവപുത്രനാണെന്ന് കോടിക്കണക്കിനാളുകൾ വിശ്വസിച്ചാൽ അതുണ്ടാകുന്ന വിപത്ത് എത്ര ഭീകരമായിരിക്കും.!

ലോകത്ത് എത്ര എറുമ്പുകൾ ഉണ്ടെന്ന് എണ്ണിതിട്ടപ്പെടുത്തുവാൻ ശ്രമിക്കുന്നത് പോലെ അത്രയും ക്ലേശകരമായ ജോലിയാണ് യേശു എത്ര നുണ പറഞ്ഞിരുന്നു എന്ന് എണ്ണി തിട്ടപ്പെടുത്തുവാൻ നോക്കുന്നത്. എങ്കിലും നിങ്ങൾക്കുവേണ്ടി നിങ്ങളുടെ അറിവിലേക്കായി ഞാൻ യേശുവിന്റെ ചില തിരഞ്ഞെടുത്ത നുണകൾ താഴെ പറയാം.

ഞാൻ എന്നെകുറിച്ചു തന്നെ സാക്ഷ്യപ്പെടുത്തുന്നു എങ്കിൽ എന്റെ സാക്ഷ്യം സത്യമല്ലേ എന്ന് പറഞ്ഞ യേശു തന്നെയാണ് ഞാൻ തന്നെ എനിക്ക് സാക്ഷ്യം നൽകിയാലും എന്റെ സാക്ഷ്യം സത്യമാണ് എന്നും പിന്നീട് പറയുന്നത്(യോഹന്നാൻ 5 : 31 ഉം 8 : 14 ഉം വാക്യങ്ങൾ)

യേശുവിന്റെ മാനസിക നില തകരാറിലായിരുന്നതിനാലാണോ അവൻ ഇത്തരത്തിൽ പരസ്പര വിരുദ്ധമായി പ്രസ്താവനകൾ ഇറക്കിയിരുന്നത് എന്നാണ് നിങ്ങൾ ഇപ്പോൾ ചിന്തിക്കുന്നതെങ്കിൽ നിങ്ങൾക്ക് തെറ്റ് പറ്റിയിരിക്കുന്നു. കാരണം മാനസിക നില തകരാറിലായ ഒരുവന് ജനങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുവാനും തമ്മിലടിപ്പിക്കുവാനും കഴിയില്ല.

മറ്റൊരു പരസ്പര വൈരുദ്ധ്യം ശ്രദ്ധിക്കുക

ഞാൻ വന്നിരിക്കുന്നത് ലോകത്തെ വിധിക്കാനല്ല രക്ഷിക്കാനാണ് എന്ന് പറയുന്ന യേശു തന്നെയാണ് അതിന് കടക വിരുദ്ധമായി ന്യായവിധിക്കായിട്ടാണ്

ഞാൻ ഈ ലോകത്തിലേക്ക് വന്നത്   എന്നും പറയുന്നത് (യോഹന്നാൻ 12: 47 ഉം 9 39 ഉം വാക്യങ്ങൾ)

ഇതുവരെ നിങ്ങൾ കേട്ടത് യേശു യഹൂദരോട് പറഞ്ഞ നുണകളാണ് ഇനി യേശു സഹോദരങ്ങളോട് നുണ പറയുന്നത് നിങ്ങൾക്ക് കേൾക്കാം.

ഒരിക്കൽ യേശുവിന്റെ സഹോദരങ്ങൾ യേശുവിനോട് പരസ്യമായി അറിയപ്പെടാൻ ആഗ്രഹിക്കുന്നവൻ രഹസ്യമായി പ്രവർത്തിക്കുകയില്ല. നീ ഇതെല്ലാം ചെയ്യുന്നെങ്കിൽ

നിന്നെ ലോകത്തിനു വെളിപ്പെടുത്തുക   എന്ന് പറയുകയുണ്ടായി. (യോഹന്നാൻ 7: 4) ഇതിനു മറുപടിയായി യേശു പറഞ്ഞു  നിങ്ങൾ തിരുനാളിനു പൊയ്ക്കൊള്ളുവിൻ. ഞാൻ ഈ തിരുനാളിനു പോകുന്നില്ല. എന്തെന്നാൽ എന്റെ സമയം ഇനിയും പൂർത്തിയായിട്ടില്ല. ഇപ്രകാരം പറഞ്ഞഞ്ഞ് അവൻ ഗലീലിയിൽ തന്നെ താമസിച്ചു. എന്നാൽ അവന്റെ സഹോദരൻമാർ തിരുനാളിനു പോയതിനുശേഷം അവനും പോയി പരസ്യമായല്ല രഹസ്യമായി (യോഹന്നാൻ 7: 8-10) ഞാൻ തന്നെ വഴിയും സത്യവും ജീവനുമെന്നൊക്കെ വീമ്പിളക്കിയ യേശു തന്നെയാണ് തന്റെ സഹോദരനോട് ഞാൻ ഈ തിരുനാളിനുപോകുന്നില്ല എന്ന് നുണ പറയുകയും പിന്നീട് രഹസ്യമായി പോകുകയും ചെയ്യുന്നത്.

സ്വസഹോദരനോട് യാതൊരു കൂസലുമില്ലാതെ കള്ളം പറയുന്ന യേശു ദൈവപുത്രനെന്ന് വിശ്വസിക്കുന്ന ക്രിസ്ത്യാനികളോട് അവരുടെ വിശ്വാം അടിസ്ഥാനരഹിതമാണെന്നും ആയതിനാൽ ഇത്തരം വിശ്വാസം പ്രചരിപ്പിക്കുന്നതിൽ നിന്നും  പിൻമാറണമെന്നും പറഞ്ഞുകൊള്ളട്ടെ.

യേശു തന്നെകുറിച്ച് പല സന്ദർഭങ്ങളിൽ നുണ പറയുന്നത് നിങ്ങൾ കണ്ടു.

യേശു തന്റെ സ്വസഹോദരങ്ങളോട് നുണ പറയുന്നതും നിങ്ങൾ കണ്ടു. ഇനി യേശു ദൈവപുത്രനെന്ന് പറഞ്ഞ്കൊണ്ട് യേശുവിന് വഴിയൊരുക്കിയ സ്നാപ കയോഹന്നാനെ കുറിച്ച് തന്റെ ശിഷ്യരോട് കള്ളം പറയുന്ന യേശുവിനെ നി ങ്ങൾക്ക് ഞാൻ കാണിച്ച് തരാം.

ശിഷ്യൻമാർ അവനോടു ചോദിച്ചു.ആദ്യം ഏലിയാ വരണമെന്ന് നിയമ ജ്ഞർ പറയുന്നത് എന്തുകൊണ്ട് ? അവൻ (യേശു) പറഞ്ഞു ഏലിയാ വന്ന് എല്ലാം പുനഃസ്ഥാപിക്കുക തന്നെ ചെയ്യും. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു ഏലിയാ വന്നു കഴിഞ്ഞു എങ്കിലും അവർ അവനെ മനസ്സിലാക്കിയില്ല തങ്ങൾക്കി ഷ്ടമുള്ളതെല്ലാം അവർ അവനോടു ചെയ്തു. അതുപോലെ മനുഷ്യപുത്രനും അവരിൽ നിന്നും പീഢകളേൽക്കാൻ പോകുന്നു. സ്നാപക യോഹന്നാനെ പറ്റി യാണ് അവൻ തങ്ങളോട് സംസാരിക്കുന്നതെന്ന് അപ്പോൾ ശിഷ്യൻമാർക്ക് മന സ്സിലായി (മത്തായി 77 : 10 -13)

യേശു യഥാർത്ഥത്തിൽ ശിഷ്യൻമാരോട് സംസാരിച്ചത് സ്നാപക യോഹ ന്നാനെ കുറിച്ചായിരുന്നുവെന്നത് ആൾകൂട്ടത്തോടുള്ള യേശുവിന്റെ തന്നെ വാക്കു കളിൽ നിന്നും കൂടുതൽ വ്യക്തമാകുന്നു. സ്നാപക യോഹന്നാന്റെ നാളുകൾ മുതൽ ഇന്നുവരെ സ്വർഗരാജ്യം ബലപ്രയോഗത്തിനു വിഷയമായിരിക്കുന്നു. ബല വാൻമാർ അത് പിടിച്ചടക്കുന്നു. യോഹന്നാൻ വരെ സകല പ്രവാചകൻമാരും നിയമവും പ്രവചനം നടത്തി. നിങ്ങൾ സ്വീകരിക്കുവാൻ തയ്യാറാണെങ്കിൽ ഇവ നാണ് വരാനിരിക്കുന്ന ഏലിയാ ചെവിയുള്ളവൻ കേൾക്കട്ടെ (മത്തായി 11: 12- 15)

മേൽപറഞ്ഞിരിക്കുന്ന വാക്യങ്ങളിൽ നിന്നും സ്നാപകയോഹഹഹന്നാനാ

ണഅ ഏലിയാ എന്ന് യേശു പറഞ്ഞിരിക്കുന്നു എന്നത് വ്യക്തം.

ഇനി സ്നാപക യോഹന്നാൻ താൻ ആരാണെന്നാണ് പറയുന്നത് എന്ന് നമുക്ക് നോക്കാം  നീ ആരാണ് എന്നു ചോദിക്കാൻ യഹൂദർ ജറുസലെമിൽ നിന്നു പുരോഹിതൻമാരെയും ലേവ്യരെയും അയച്ചപ്പോൾ യോഹന്നാന്റെ സാക്ഷ്യം ഇതായിരുന്നു.  ഞാൻ ക്രിസ്തുവല്ല അവൻ അസന്നിഗ്ധമായി പ്രഖ്യാപിച്ചു.  അവർ ചോദിച്ചു എങ്കിൽ പിന്നെ നീ ആരാണ് ? ഏലിയായോ? അല്ല എന്ന് അവൻ പ്രതിവചിച്ചു.

യേശു പറയുന്നു സ്നാപകയോഹന്നാനാണ് ഏലിയായെന്ന്.  സ്നാപക യോഹന്നാൻ പറയുന്നു താൻ ഏലിയാ അല്ലെന്ന് ആയതിനാൽ സ്നാപകയോഹന്നാനാണ് ഏലിയായെന്ന യേശുവിന്റെ അവകാശവാദം കള്ളമാണെന്നാണ് സ്നാപകയോഹന്നാൻ താൻ ഏലിയാ അല്ല എന്ന് പറയുന്നതിലൂടെ സാക്ഷ്യപ്പെടുത്തുന്നത്.

സ്നാപകയോഹന്നാനാണ് ഏലിയായെന്ന് യേശു തന്റെ ശിഷ്യൻമാരോട് പറയുമ്പോൾ സ്നാപകയോഹന്നാൻ കാരാഗൃഹത്തിലായിരുന്നു എന്നത് ആയാളെകുറിച്ച് ഇത്തരമൊരു കള്ളം പറയുവാൻ യേശുവിന് അനുകൂലമായ സാഹചര്യമൊരുക്കി.

യോഹന്നാന്റെ പുസ്തകം 14-ാം അദ്ധ്യായം 60-ാം വാക്യത്തിൽ യേശു ശിഷ്യൻമാരോട്  വഴിയും സത്യവും ജീവനും ഞാനാണ്  എന്ന് പറയുകയുണ്ടായല്ലോ.  ഇത് സംഭവിക്കുന്നത് യേശുവിനെ കുരിശിലേറ്റുന്നതിന് മുമ്പുള്ള വ്യാഴാഴ്ച രാത്രിയിലാണ്.  ഏതാനും മണിക്കൂറുകൾക്കുശേഷം അതായത് വെള്ളിയാഴ്ച രാവിലെ  പിലാത്തോസ് യേശുവിനെ ചോദ്യം ചെയ്യുമ്പോൾ യേശു പറ

യുന്നത് യേശു  ലോകത്തിലേക്ക് വന്നത് സത്യത്തിനു സാക്ഷ്യം നൽകാൻ ( യോഹന്നാൻ 18 : 37 ) എന്നാണ്.

ഒരിടത്ത് ഞാനാണ് സത്യം എന്നു പറയുന്ന യേശു തന്നെയാണ് മറ്റൊരിടത്ത് താൻ സത്യത്തിന് സാക്ഷ്യം നൽകുവാനാണ് ലോകത്തിലേക്ക് വന്നത് എന്നാണ്. ഞാനാണ് സത്യമെന്ന് ശിഷ്യൻമാരോട് നുണ പറയുമ്പോൾ പീലാത്തോസ് അവിടെയുണ്ടായിരുന്നില്ല എന്നതും താൻ സത്യത്തിന് സാക്ഷ്യം നൽകാനാണ് വന്നതെന്ന് പീലാത്തോസിനോടു നുണ പറയുമ്പോൾ ശിഷ്യൻമാരും അടുത്തെങ്ങും ഉണ്ടായിരുന്നില്ല എന്നതും ശ്രദ്ധിക്കുക.

സ്നാപകയോഹന്നാനാണ് സാക്ഷി എന്ന് യേശു മുമ്പ് തന്നെ പറഞ്ഞിട്ടുള്ളതാണ്. ഞാൻ എന്നെകുറിച്ച് തന്നെ സാക്ഷ്യപ്പെടുത്തുന്നെങ്ങഅകിൽ എന്റെ സാക്ഷ്യം സത്യമല്ല. എന്നെകുറിച്ച് സാക്ഷ്യം നൽകുന്ന വേറൊരാളുണ്ട്. എന്നെകുറിച്ചുള്ള അവന്റെ സാക്ഷ്യം സത്യമാണെന്ന് എനിക്കറിയാം. നിങ്ങൾ യോഹന്നാന്റെ അടുത്തേക്ക് ആളയച്ചു. അവൻ സത്യത്തിനു സാക്ഷ്യം നൽകുകയും ചെയ്തു .(യോഹന്നാൻ 5: 31-33) യേശു താനാണ് സത്യമെന്ന് താനാണ് സത്യത്തിന് സാക്ഷിയെന്നും ഞാൻ എന്നെകുറിച്ച് തന്നെ സാക്ഷ്യം നൽകുന്നുവെങ്കിൽ എൻെറ സാക്ഷ്യം സത്യമല്ല എന്നും പറഞ്ഞിരിക്കുന്നതിൽ നിന്ന് യേശുവിന് സത്യമുമായി യാതൊരു ബന്ധവും ഇല്ലായെന്ന് സംശയാതീതമായി തെളിയിക്കപ്പെടുന്നു.

ഇനി യേശുവിന്റെ ഈ പുതിയ കൽപ്പന ഒന്നു ശ്രദ്ധിക്കുക. ഭൂമിയിൽ ആരെയും നിങ്ങൾ പിതാവെന്ന് വിളിക്കരുത് എന്തെന്നാൽ നിങ്ങൾക്ക് ഒരു പിതാവേയുള്ളു സ്വർഗസ്ഥനായ പിതാവ്  (മത്തായി 23 : 9)

ഭൂമിയിൽ ആരേയും നിങ്ങൾ  പിതാവെന്ന് വിളിക്കരുത്  എന്ന് പുലമ്പുന്ന യേശുവിനോട് ഒരു ചോദ്യം ഒരൊറ്റ ചോദ്യം യേശു മറിയയുടെ ഭർത്താവായി രുന്ന യോസേഫിനെ എന്തായിരുന്നു വിളിച്ചത് ?

യോസേഫ് യേശുവിന്റെ പിതാവല്ലായെന്ന് നമുക്കറിയാം.  മാത്രവുമല്ല പിതാവെന്ന് വിളിക്കാൻ യോസേഫല്ലാതെ മറ്റാരും യേശുവിനില്ലായിരുന്നുവെന്നും നമുക്കറിയാം.  പിതാവല്ലാത്ത ഒരുവനെ പിതാവെന്ന് വിളിക്കേണ്ടി വന്ന യേശു മനുഷ്യരോട്  നിങ്ങൾ ഭൂമിയിൽ ആരെയും പിതാവെന്ന് വിളിക്കരുത്   എന്ന് പറയുന്നതിൽ എന്ത് ന്യായമാണുള്ളത്.?

നിങ്ങൾക്ക് ഒരു പിതാവേയുള്ളൂ സ്വർഗസ്ഥനായ പിതാവ്  എന്ന് യഹൂദ രോട് പറയുന്ന യേശു തന്നെയാണ്  നിങ്ങൾ നിങ്ങളുടെ പിതാവായ പിശാചിൽ നിന്നുള്ളവരാണ്   എന്നും യഹൂദരോട് പറയുന്നത് (യോഹന്നാൻ 8 : 44) മത്തായിയുടെ പുസ്തകത്തിൽ യേശു യഹൂദരോട് പറയുന്നത് നിങ്ങളുടെ ഏക പിതാവിന്റെ വാസസ്ഥാനം സ്വർഗ്ഗമാണെന്നാണ്.  യോഹന്നാന്റെ പുസ്തകത്തിൽ യേശു പറയുന്നത് നിങ്ങളുടെ പിതാവ് പിശാചാണെന്നും പിശാച് സ്വർഗത്തിലാണോ പാതാളത്തിലാണോ എന്നത് വായനക്കാരുടെ മനോധർമ്മത്തിന് വിടുന്നു.  ഏതായാലും ഒരു കാര്യം നിശ്ചയിക്കാം അതായത് യേശുവിന്റെ വാക്കുകൾ സത്യമാകണമെങ്കിൽ ക്രിസ്ത്യാനികൾ  സ്വർഗ്ഗസ്ഥനായ പിശാചെ   എന്ന് വിളിക്കേണ്ടി വരും.!  ഇനി യേശു ഗുരിക്കൻമാരെകുറിച്ച് നടത്തുന്ന അധിക പ്രസംഗം ശ്രദ്ധിക്കുക.

നിങ്ങൾ ഗുരുക്കൻമാർ എന്ന് വിളിക്കപ്പെടരുത്.  കാരണം നിങ്ങൾക്ക് ഒരു ഗുരുവേയുള്ളൂ.  അത് ക്രിസ്തുവാണ്.  (മത്തായി 23: 10) ആരെയും ഗുരുവെന്ന്

വിളിക്കരുത് ഞാൻ മാത്രമാണ് ഏക ഗുരു എന്ന് വീമ്പിളക്കുന്ന യേശു യോഹന്നാൻ 3 : 10 ൽ നിക്കാദോമെസിനെ ഗുരുവെന്ന് വിളിക്കുന്നു നീ ഇസ്രായേലിലെ ഗുരുവല്ലേ എന്നിട്ടും ഇക്കാര്യമൊന്നും മനസ്സിലാകുന്നില്ലേ?

യേശു മറ്റുള്ളവരോട് ചെയ്യുകയെന്നും ചെയ്യരുതെന്നും പറയുന്ന കാര്യങ്ങൾ സ്വയം പാലിക്കുന്നില്ല. നിയമം കൊണ്ടുവരുന്ന ആൾ തന്നെ നിയമലംഘനം നടത്തുന്നത് പോലയാണിത്.

ഞാനാകുന്നു സത്യം എന്ന് ഒരുവൻ പറഞ്ഞാൽ അതിനർത്ഥം അല്ലെങ്കിൽ അങ്ങിനെ പറയുന്നയാൾ അവകാശപ്പെടുന്നത് അയാൾ ഈശ്വരനാണെന്നാണ്. സത്യംശിവം സുന്ദരം എന്നാണല്ലോ. ഞാനാകുന്നു സത്യം എന്ന് പറയുന്നതിലൂടെ താൻ സത്യത്തിന്റെ മൂർത്തമദ്ഭാവമായ ഈശ്വരനാണെന്നാണ് യേശുവിന്റെ അവകാശവാദം. ആയത് കൊണ്ട് തന്നെ അവനിൽ എന്തെങ്കിലും അസത്യം കാണാൻ ഇടയായാൽ അവൻ കാപട്യത്തിന്റെ മൂർത്തി മദ്ഭാവമാവും അഥവാ നുണയുടെ പിതാവായ ലൂസിഫർ അഥവാ പരമ പിശാചാകും. യേശുവിലാകട്ടെ നുണകളല്ലാതെ സത്യത്തിന്റെ കണികപോലും കാണാനില്ല എന്നതാണ് യാഥാർത്ഥ്യം.

യേശുവിന്റെ മറ്റ് രണ്ട് അവകാശവാദങ്ങളും അതായത് താൻ വഴിയും ജീവനുമാണ് എന്നത് അത് പറഞ്ഞിരിക്കുന്നത് യേശു എന്ന പരമ നുണയനായതിനാൻ മനുഷ്യരെ വഞ്ചിക്കുവാനുള്ള ഒരു കെണി മാത്രമാണിതെന്ന് കരുതി പുഛിച്ച് തള്ളാവുന്നതേയുള്ളു.

യേശു ദൈവപുത്രനാണെന്ന അവകാശവാദവുമായി ആദ്യം രംഗത്ത് വരുന്നത് സ്നാപക യോഹന്നാനാണ്. ഇത് അടിസ്ഥാന രഹിതവും നിലനിൽക്കാ

ത്തതുമാണ്. അയാളുടെ തന്നെ വാക്കുകൾ ഈ അവകാശവാദം പൊള്ളയാണെന്ന് തെളിയിക്കുന്നു. ആത്മാവ് പ്രാവിനെപോലെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന് അവന്റെ മേൽ ആവസിക്കുന്നത് ഞാൻ കണ്ടു. എന്ന് യോഹന്നാൻ സാക്ഷ്യപ്പെടുത്തി. ഞാൻ അത് കാണുകയും ഇവൻ ദൈവപുത്രനാണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു (യോഹന്നാൻ 1 : 32 ഉം 34 ഉം വാക്യങ്ങൾ)

എന്നാൽ മത്തായി 11: 2 3 വാക്യങ്ങൾ പറയുന്നത് യോഹന്നാൻ കാരാഗൃഹത്തിൽ വച്ച് ക്രിസ്തുവിന്റെ പ്രവർത്തനങ്ങളെകുറിച്ച് കേട്ട് ശിഷ്യൻമാരെ അയച്ച് അവനോട് ചോദിച്ചു വരാനിരിക്കുന്നവൻ നീ തന്നയോ ? അതോ ഞങ്ങൾ മറ്റൊരുവനെ പ്രതീക്ഷിക്കണമോ? എന്നാണ്.

ഇതിനർത്ഥം സ്നാപകയോഹന്നാൻ, ആത്മാവ് സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന യേശുവിന്റെ മേൽ ആവസിക്കുന്നത് കണ്ടു എന്ന് പറയുന്ന സംഭവം നടന്നിട്ടേയില്ലായെന്നാണ്. കാരണം അത്തരമൊരു മഹാത്ഭുതം അയാൾ കണ്ടിരുന്നുവെങ്കിൽ ഞങ്ങൾ മറ്റൊരുവനെ പ്രതീക്ഷിക്കണമോ? എന്ന് ചോദിക്കാൻ യേശുവിന്റെ തന്നെ അടുക്കലേക്ക് ആളയക്കില്ലായിരുന്നു.

ഇനി യേശുവിന്റെ തലയിൽ ഒരു പ്രാവ് മുകളിൽ നിന്ന് പറന്ന് വന്നിരുന്നു എന്ന് തന്നെയിരിക്കട്ടെ ഒരുവന്റെ ദേഹത്ത് ഒരു പ്രാവ് വന്നിരുന്നാൽ അയാൾ ദൈവപുത്രനാണെന്ന് യോഹന്നാന് എങ്ങിനെയാണ് സാക്ഷ്യപ്പെടുത്തുവാനാകുക ? മുകളിൽ നിന്നും പറന്ന് വരുന്ന പ്രാവ് ആത്മാവണെന്നും യോഹന്നാന് സാക്ഷ്യപ്പെടുത്തുവാൻ കഴിയില്ല. മേഘങ്ങൾക്കും മേലെ ഉയരത്തിൽ പറക്കുവാൻ കഴിവുള്ള പക്ഷിയാണ് പ്രാവ് എന്നിരിക്കെ ഈ പ്രാവ് സ്വർഗ്ഗത്തിൽ നിന്നാണ് വരു

ന്നതെന്ന് യോഹന്നാന് എങ്ങിനെയാണ് സാക്ഷ്യപ്പെടുത്തുവാൻ സാധിക്കുക?

ഇനി മനുഷ്യംവംശ ശത്രുവായ യേശുവിന്റെ ഏറ്റവും വലിയ സ്വപ്നമായ ലോകാവസാന ത്തെകുറിച്ച് യേശു പറയുന്ന നുണകളിലേക്ക് നിങ്ങളുടെ ശ്രദ്ധ യാകർഷിച്ചു കൊള്ളുന്നു. ആ ദിവസത്തെകുറിച്ചോ മണിക്കൂറിനെക്കുറിച്ചോ പിതാവിനല്ലാതെ മറ്റാർക്കും സ്വർഗ്ഗത്തിലെ ദൂതൻമാർക്കോ പുത്രനുപോലുമോ അറിഞ്ഞുകൂടാ (മത്തായി 24 : 36)

ലോകാവസാനം ഏത് ദിവസമോ മണിക്കൂറോ ആയിരിക്കുമെന്ന് യേശു വിന് അറിഞ്ഞുകൂടാ എന്നാണ് യേശു ഇവിടെ പറയുന്നത്. എന്നാൽ മത്തായി 24 : 44 ൽ യേശു പറയുന്നത് നിങ്ങൾ പ്രതീക്ഷിക്കാത്ത മണിക്കൂറിലായിരിക്കും മനുഷ്യപുത്രൻ വരുന്നത് എന്നാണ് ഏത് മണിക്കൂറിലാണ് ലോകാവസാനമെന്ന് അറിയില്ലാത്ത യേശുവിന് എങ്ങിനെയാണ് നിങ്ങൾ പ്രതീക്ഷിക്കാത്ത മണിക്കൂറി ലായിരിക്കും അത് സംഭവിക്കുക എന്ന് പറയാൻ കഴിയുക ? മാത്രമല്ല ഞാനും പിതാവും ഒന്നാണ് എന്നാണ് യേശു പറയുന്നത് (യോഹന്നാൻ 10 : 30) അങ്ങി നെയാണെങ്കിൽ തന്റെ പിതാവറിയുന്നതെല്ലാം യേശുവും അറിയണമല്ലോ അപ്പോൾ ലോകാവസാനത്തിന്റെ ദിവസവും മണിക്കൂറും തനിക്കറിയില്ല തന്റെ പിതാവിന് മാത്രമേ അറിയൂ എന്ന് യേശു പറഞ്ഞത് കള്ളമല്ലേ.?

യോഹന്നാന്റെ പുസ്തകം 14-ാം അദ്ധ്യായം 9 ഉം 10 ഉം വാക്യങ്ങളിൽ യേശു ഇങ്ങിനെയും പറഞ്ഞിരിക്കുന്നു. എന്നെകാണുന്നവൻ പിതാവിനെ കാണുന്നു. പിന്നെ പിതാവിനെ ഞങ്ങൾക്ക് കാണിച്ചു തരുക എന്നു നീ പറയുന്നതെങ്ങിനെ? ഞാൻ പിതാവിലും പിതാവ് എന്നിലും ആണെന്ന് നീ വിശ്വസിക്കുന്നില്ലേ? പിതാവിനെ കാണിച്ചുതരു എന്ന് യേശുവിന്റെ ഒരു ശിഷ്യൻ പറഞ്ഞപ്പോൾ യേശു

പറയുന്നു ഞാൻ പിതാവിലും പിതാവ് എന്നിലുമാണെന്ന് എന്നാൽ ലോകാവസാനം എന്നായിരിക്കുമെന്ന് ശിഷ്യൻമാർ ചോദിക്കുമ്പോൾ അതേ യേശു തന്നെ അതെനിക്കറിയില്ല എന്റെ പിതാവിന് മാത്രമേ അറിയൂ എന്നും പറയുന്നു. പരസ്പര വൈരുദ്ധ്യം അത് തന്നെയാണ് നുണയുടെ ലക്ഷണം. നോക്കണേ യേശുവിന്റെ ഓരോരോ തട്ടിപ്പുകൾ !

ഒന്നിനു പിറകെ മറ്റൊന്നായി യേശു നുണകൾ വർഷിച്ചുകൊണ്ടിരിക്കുന്നതിനാൽ പരമപിശാചിനെ സംബന്ധിക്കുന്ന അവൻ നുണയനും നുണയുടെ പിതാവുമാണ് എന്ന യേശുവിന്റെ തന്നെ വാക്കുകൾ അർത്ഥവത്താകുന്നത് യേശുവിലാണ് യേശുവിൽ മാത്രമാണ്.

യേശു ദൈവപുത്രനെന്ന് വിശ്വസിക്കുന്നവർക്ക് സ്വർഗ്ഗം അങ്ങിനെ വിശ്വസിക്കാത്തവർക്ക് നരകം എന്നതാണ് ക്രിസ്തുമതത്തിന്റെ ഒരു അടിസ്ഥാനപ്രമാണം.

യേശുവിനോടൊപ്പം ക്രൂശിക്കപ്പെട്ട രണ്ട് കുറ്റവാളികളിൽ ഒരുവൻ യേശുവിൽ വിശ്വാസം പ്രകടിപ്പിക്കുകയുണ്ടായി എന്ന് ലൂക്കോസിന്റെ പുസ്തകം പറയുന്നു. അപ്പോൾ യേശു അവനോട് സത്യമായി ഞാൻ നിന്നോടു പറയുന്നു നീ ഇന്ന് എന്നോടു കൂടെ പറുദീസയിൽ ആയിരിക്കും എന്ന് പറയുകയുണ്ടയി (ലൂക്കോസ് 23 : 43)

യേശു ഇപ്രകാരം പറയുന്നത് ഒരു വെള്ളിയാഴ്ച ദിവസം ഉച്ചയ്ക്ക് ഏതാണ്ട് 3 മണിയോടടുത്ത്. എന്നാൽ നാൽപ്പത് മണിക്കൂറുകൾക്ക് ശേഷം അതായത് ഞായറാഴ്ച അതിരാവിലെ യേശുവിന്റെ ഭൂതം മഗ്ദലനക്കാരി മറിയം എന്ന് വിളിക്കപ്പെടുന്ന പിശാച് ബാധയുണ്ടായിരുന്ന ഒരു സ്ത്രീയുടെ മുന്നിൽ പ്രത്യക്ഷപ്പെ

ടുമ്പോൾ അവളോട് പറയുന്നത്  എന്നെ തൊടരുത് ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല  (യോഹന്നാൻ 20: 17 ) എന്നാണ്. അതായത് വെള്ളിയാഴ്ച ദിവസം കുരിശ്ശിൽ തറക്കപ്പെട്ട യേശു ഞായറാഴ്ച ദിവസം രാവിലെ വരെ പറുദീസയിൽ പോയിട്ടില്ലായെന്ന് യേശുവിന്റെ തന്നെ വാക്കുകളിൽ നിന്ന് വ്യക്തം. അപ്പോൾ യേശുവിൻ വിശ്വാസം പ്രകടിപ്പിച്ചു യേശുവിനോടൊപ്പം ക്രൂശിതനായ ഒരുവനോട്  സത്യമായും ഞാൻ നിന്നോടു പറയുന്നു ഇന്ന് നീ എന്നോടുകൂടി പറുദീസയിൽ ആയിരിക്കും എന്ന് പറഞ്ഞത് കള്ളമായിരുന്നില്ലേ.?

ലോകത്തിൽ 100 കോടിയിലേറെ വരുന്ന കത്തോലിക്ക വിഭാഗത്തിന്റെ അടിസ്ഥാന വിശ്വാസ പ്രമാണങ്ങളിൽ പറയുന്നത്  യേശു ക്രൂശിതനായി മരിച്ച് പാതാളത്തിലേക്കിറങ്ങി മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു  എന്നാണ്. എന്റെ പ്രിയ സുഹൃത്തുക്കളോട് ഒരു വാക്ക്. ഒന്നുകിൽ നിങ്ങൾ കത്തോലിക്കർ നിങ്ങളുടെ വിശ്വാസപ്രമാണം തിരുത്തിയെഴുതണം അല്ലെങ്കിൽ യേശു നുണയനായിരുന്ന് എന്ന് സമ്മതിക്കണം. അതല്ലേ മാന്യത? കാരണം യേശു ക്രൂശിതനായി മരിച്ച് പാതാളത്തിലേക്കിറങ്ങി എന്നാണ് നിങ്ങൾ വിശ്വസിക്കുന്നതെങ്കിൽ അതിനുശേഷം പാതാളത്തിൽ നിന്ന് യേശു മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു എന്ന് നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ ഇന്ന് നീ എന്നോടുകൂടി പറുദീസായിൽ ആയിരിക്കും  എന്ന് ഒപ്പം ക്രൂശിക്കപ്പെട്ട വിശ്വാസിയോടു യേശു കള്ളം പറയുകയായിരുന്നുവെന്ന് സമ്മതിക്കുകയാണ് ശരി. കാരണം ഈ രണ്ട് കാര്യങ്ങളും ഒരേ സമയത്ത് സാധ്യമാവില്ല അഥവാ സത്യമാവില്ല യേശു മരിച്ച് പാതാളത്തിലേക്കിറങ്ങി മൂന്നാം നാൾ ഉയിർത്തെണീറ്റു എന്ന് കത്തോലിക്കരുടെ വിശ്വാസ പ്രമാണത്തിൽ വരുവാനുള്ള കാരണവും യേശുവിന്റെ തന്നെ മറ്റൊരു പ്രഖ്യാപനമാണ്.  യോനാ മൂന്ന് രാവും

മൂന്ന് പകലും തിമിംഗലത്തിന്റെ ഉദരത്തിൽ കിടന്നതുപോലെ മനുഷ്യപുത്രനും മൂന്നു രാവും മൂന്നു പകലും ഭൂമിക്കുള്ളിലായിരിക്കും (മത്തായി 12 : 40)

അപ്പോൾ കുരിശ്ശിൽ തറക്കപ്പെട്ട് മരണത്തോട് മല്ലടിച്ചുകൊണ്ടിരുന്ന തന്റെ വിശ്വാസി യേശു നൽകിയ വാഗ്ദാനം ഇന്ന് നീ എന്നോടുകൂടി പാതാളത്തിൽ ആയിരിക്കും എന്നായിരുന്നു. യേശു മരിക്കുന്നതിന് ഏതാനും നിമിഷങ്ങൾ മുമ്പാണ് ഇന്ന് നീ എന്നോടുകൂടെ പറുദീസയിലായിരിക്കും എന്ന് നുണ പറയുന്നത്. എത്ര നീചനായിരുന്നാലും മരണസമയത്ത് സത്യം പറയുയാണ് ചെയ്യുക.

എന്നാൽ യേശു നുണയനും നുണയുടെ പിതാവുമായ പരമ പിശാച്. അതിനാൽ മാത്രമാണ് തന്റെ മരണ സമയത്തുപോലും അതായത് അവസാന ശ്വാസത്തിലൂടെ പോലും തന്നിൽ വിശ്വസിക്കുന്ന ഒരുവനോട് കള്ളം പറഞ്ഞ് വഞ്ചിക്കുവാൻ അവന് കഴിഞ്ഞത്.

യേശു സ്വർഗ്ഗം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് നരകമാണെന്നതിന് മറ്റൊരു ദൃഷ്ടാന്തം ഇതാ യോഹന്നാന്റെ പുസ്തകം 21-ാം അദ്ധ്യായം 15 മുതൽ 17 വരെ വാക്യങ്ങളിൽ യേശു തന്റെ അരുമ ശിഷ്യനായിരുന്ന പത്രോസിനോട് ഒരേ ചോദ്യം തന്നെ മൂന്ന് തവണ ചോദിക്കുകയുണ്ടായി നീ എന്ന സ്നേഹിക്കുന്നുവോ? എന്നായിരുന്നു ആ ചോദ്യം. മൂന്നാം തവണയും പത്രോസ് ഉവ്വ് ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്ന് നീ അറിയുന്നുവല്ലോ ? എന്നാണ് മറുപടി പറഞ്ഞത്. പത്രോസ് യേശുവിനെ മൂന്ന് തവണ തള്ളിപറഞ്ഞിരുന്നു. ആയതിനാലാണ് യേശു പത്രോസിനെകൊണ്ട് തന്നെ സ്നേഹിക്കുന്നു എന്ന് പറയിപ്പിച്ചത്. ഏതായാലും മൂന്നാം തവണ പത്രോസ് മറുപടി നൽകിയപ്പോൾ യേശു പത്രോസിനോട് ഇങ്ങനെ

പറയുകയുണ്ടയി ചെറുപ്പമായിരുന്നപ്പോൾ നീ സ്വയം അരമുറുക്കുകയും ഇഷ്ട മുള്ളിടത്തേക്ക് പോവുകയും ചെയ്തിരുന്നു. എന്നാൽ പ്രായമാകുമ്പോൾ നീ നിന്റെ കൈകൾ നീട്ടുകയും മറ്റൊരുവൻ നിന്റെ അരമുറുക്കുകയും നീ അഗ്രഹി ക്കാത്തിടത്തേക്ക് നിന്നെകൊണ്ട് പോവുകയും ചെയ്യും. (യോഹന്നാൻ 21 : 18)

പത്രോസ് പോകുവാൻ ആഗ്രഹിച്ചിരുന്നത് സ്വർഗ്ഗം പത്രോസ് പോകുവാൻ ഇഷ്ടപ്പെടാത്തയിടം നരകം ! യേശുവിന്റെ ശിഷ്യൻമാരിൽ പ്രധാനിയായിരുന്ന പത്രോസിന്റെ ഗതി ഇതാണെങ്കിൽ ക്രിസ്ത്യാനികളുടെ ഗതി എന്തായിരിക്കും.

മത്തായിയുടെ പുസ്തകം 24-ാം അദ്ധ്യായം മൂന്നാം വാക്യത്തിൽ യേശു വിന്റെ ശിഷ്യൻമാർ അവനോട് നിന്റെ വരവിനും ലോകാവസാനത്തിനും അട യാളം എന്ത് ? എന്ന് ചോദിച്ചപ്പോൾ മിന്നൽ കിഴക്കുനിന്നു പുറപ്പെട്ടു പടിഞ്ഞാ റോളം വിളങ്ങും പോലെ മനുഷ്യപുത്രന്റെ വരവു ആകും ( 24: 27 ) എന്നായി രുന്നു യേശുവിന്റെ മറുപടി. തന്നെ മിന്നലിനോട് താരതമ്യം ചെയ്യുന്ന അഥവാ ഉപമിക്കുന്ന യേശു ലൂക്കോസിന്റെ പുസ്തകം പത്താം അദ്ധ്യായം 18-ാം വാക്യ ത്തിൽ പറയുന്നത് ശ്രദ്ധിക്കുക സാത്താൻ മിന്നൽ പോലെ ആകാശത്തുനിന്നു വീഴുന്നത് ഞാൻ കണ്ടു . യേശു സാത്താനെയും യേശുവിനേയും മിന്നലിനോട് ഉപമിക്കുന്നതിലൂടെ നൽകുന്ന സൂചന യേശുവും സാത്താനും ഒന്നുതന്നെ എന്ന താണ്.

യേശു തന്നെയാണ് സാത്താൻ എന്നതിന് ഇതിനേക്കാൾ സുവ്യക്തമായ തെളിവുകൾ ബൈബിളിൽ നിരവധിയുണ്ട്. ഉദാഹരണത്തിന് സ്വർഗ്ഗത്തിൽ നിന്നി റങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽ നിന്നും ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ

നൽകുന്ന അപ്പം എന്റെ ശരീരമാണ്. എന്നാൽ ഒരുവൻ യേശു നൽകുന്ന അപ്പം എന്റെ ശരീരമാണ് എന്നാൽ ഒരുവൻ യേശു നൽകുന്ന അപ്പം സ്വീകരിക്കുമ്പോൾ അവനുള്ളിൽ പ്രവേശിക്കുന്നത് സാത്താനാണ്. അവൻ (യേശു)അപ്പക്ഷണം മുക്കി ശിമയോൻ സ്കറിയോത്തായുടെ മകൻ യൂദാസിനു കൊടുത്തു. അപ്പക്കഷണം സ്വീകരിച്ചതിനെതുടർന്ന് സാത്താൻ അവനിൽ പ്രവേശിച്ചു (യോഹന്നാൻ 13 : 26 – 27)

യേശു നൽകിയ അപ്പക്കഷണം സ്വീകരിച്ച ഉടൻ അയാളിൽ സാത്താൻ പ്രവേശിക്കുന്നത് യേശുവും സാത്താനും ഒരാൾ തന്നെ ആയതുകൊണ്ടാണ്.

**അദ്ധ്യായം 3 സമാപ്തം**

## അദ്ധ്യായം 4 അത്ഭുതങ്ങൾ

യേശു തന്നെയാണ് ദൈവപുത്രൻ എന്നതിനടയാളമാണ് യേശു നടത്തിയ അത്ഭുത പ്രവർത്തികൾ എന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. യേശു ദൈപുത്രനാണെന്ന് മനുഷ്യർ വിശ്വസിക്കുവാനായി പുതിയ നിയമത്തിൽ ധാരളം അത്ഭുതകഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷെ യേശു പറയുന്നത് ദുഷിച്ചതും അവിശ്വസ്തവുമായ തലമുറ അടയാളം അന്വോഷിക്കുന്നു. യോന പ്രവാചകന്റെ അയടാളമല്ലാതെ മറ്റൊരടയാളവും അതിനു നൽകപ്പെടുകയില്ല. യോനാ മൂന്നു രാവും മൂന്നു പകലും തിമിംഗലത്തിന്റെ ഉദരത്തിൽ കിടന്നതുപോലെ മുനഷ്യപുത്രനും മൂന്നുരാവും മൂന്നു പകലും ഭൂമിക്കുള്ളിലായിരിക്കും. എന്നാണ് (മത്തായി 12 : 39– 40) യോനാ തിമിംഗലത്തിന്റെ ഉദരത്തിൽ കിടന്നതുപോലെ താനും മൂന്നുരാവും മൂന്നുപകലും ഭൂമിക്കുള്ളിലായിരിക്കും ഈ ഒരൊറ്റ അയയാളം

മാത്രമെ താൻ ഈ ദുഷിച്ച തലമുറക്ക് നൽകുകയുള്ളു എന്നാണ് യേശു പറയുന്നത്.

എന്നാൽ ഏക അടയാളം എന്ന് പറഞ്ഞതുപോലും പൂർണ്ണമായി നൽകുവാൻ യേശുവിന് കഴിഞ്ഞില്ല എന്നാണ് അതുമായി ബന്ധപ്പെട്ട വാക്യങ്ങൾ പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാവുക. യേശു ക്രൂശിതനായി മരിച്ച് അടക്കപ്പെട്ട് പാതാളത്തിലേക്കിറങ്ങി മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു എന്നത് ക്രിസ്തുമതത്തിലെ നൂറുകോടിയിലേറെ വരുന്ന കത്തോലിക്ക വിഭാഗത്തിന്റെ വിശ്വാസപ്രമാണമാണ്. യേശു മത്തായി 12 : 40 ൽ പറയുന്ന വാക്കുകളാണ് ഈ വിശ്വാസത്തിനാധാരം.

എന്നാൽ എന്റെ പ്രിയ സുഹൃത്തുക്കൾ വിട്ടുപോയ നിസ്സാരമായ ഒരു കണക്കുണ്ട്. അത് ഞാൻ ഇവിടെ വിവരിക്കാം. മൂന്നുരാവ് എന്ന് പറഞ്ഞാൽ 12+ 12+ 12 = 36 മണിക്കൂറുകളാണ്. മുന്നു പകലും അത്ര തന്നെ അതായത് 36 + 36 = 72 മണിക്കൂർ.

ലൂക്കോസ് 23 : 54 ൽ യേശുവിന്റെ ജഢം ഗുഹയിൽ കൊണ്ടുപോയിവെച്ചത് എപ്പോഴാണ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അന്ന് ഒരുക്കത്തിന്റെ ദിവസമായിരുന്നു. സാബത്തിന്റെ ആരംഭമായിരുന്നു. അതായത് വെള്ളിയാഴ്ച സൂര്യാസ്തമയത്തിനു ശേഷം ഇനി യേശു ഉയിർത്തെഴുന്നേറ്റു എന്ന് പറയുന്ന സമയം സൂചിപ്പിക്കുന്ന വാക്യം ആഴ്ചയുടെ ഒന്നാം ദിവസം രാവിലെ ഉയിർത്തെഴുന്നേറ്റ ശേഷം യേശു ആദ്യം മഗ്ദലനമറിയത്തിനു പ്രത്യക്ഷപ്പെട്ടു (മാർക്കോസ് 16 : 9) മേൽപ്പറഞ്ഞ വാക്യങ്ങൾ പ്രകാരം യേശുവിന്റെ ജഢം വെള്ളിയാഴച സൂര്യാസ്തമയത്തിനു ശേഷം ഗുഹയിൽ അടക്കം ചെയ്യുന്നു. ഞായറാഴ്ച രാവിലെ

വീണ്ടും പ്രത്യക്ഷപ്പെടുന്നു.  അതായത് വെള്ളയാഴ്ച രാത്രിയും ശനിയാഴ്ച പകലും ശനിയാഴ്ച രാത്രിയും 2 രാത്രിയും ഒരു പകലും മാത്രമേ ആകുന്നുള്ളൂ. യേശു താൻ മൂന്ന് രാത്രിയും മൂന്ന് പകലും ഭൂമിക്കുള്ളിലായിരിക്കും എന്ന് കള്ളം പറയുകയായിരുന്നുവെന്ന് സാരം.

അപ്പോൾ മൂന്നുരാവും മൂന്ന് പകലും താൻ ഭൂമിക്കുള്ളിലായിരിക്കുമെന്ന് യേശു നുണ പറയുകയായിരുന്നില്ലേ എന്ന് ഞാൻ ചോദിച്ചപ്പോൾ ഒരിക്കൽ യഹോവ സാക്ഷികൾ   ഗത്യന്തരമില്ലാതെ അക്കാലത്തെ യഹൂദരുടെ സമയ നിർണയം നമ്മുടേതിൽ നിന്ന് വ്യത്യസ്തമായിരുന്നു എന്ന് മറുപടി പറയുകയുണ്ടായി.  എന്നാൽ യഹോവ സാക്ഷികളുടെ വാദം അടിസ്ഥാനരഹിതമാണെന്ന് യേശു തന്നെ സമ്മതിക്കുന്നുണ്ട്.   യേശു പ്രതിവചിച്ചു പകലിനു പന്ത്രണ്ടു മണിക്കുറില്ലേ ?   (യോഹന്നാൻ 11 : 9)യേശു ഒരു അത്ഭുദവും പ്രവർത്തിച്ചിട്ടില്ലായെന്ന് യേശുവിന്റെ തന്നെ വാക്കുകൾ സാക്ഷ്യപ്പെടുത്തുന്നു.  കാരണം താൻ കാണിക്കുമെന്ന് വീമ്പിളക്കിയ ഏക അത്ഭുദം പോലും കാണിക്കുവാൻ അവന് സാധിച്ചില്ല.  എങ്കിലും സ്നാപക യോഹന്നാൻ തന്റെ ശിഷ്യൻമാരെ അയച്ച് യേശുവിനോട് വരാനിരിക്കുന്നവൻ നീ തന്നയോ  ? അതോ ഞങ്ങൾ മറ്റൊരുവനെ പ്രതീക്ഷിക്കണമോ  ? എന്ന് ചോദിച്ചപ്പോൾ ഈ ദുഷിച്ച തലമുറക്ക് ഒരടയാളം മാത്രേ നൽകുകയുള്ളൂ എന്ന് പറഞ്ഞ യേശു പറയുന്നത് ശ്രദ്ധിക്കുക.  നിങ്ങൾ കേൾക്കുന്നതും കാണുന്നതും പോയി യോഹന്നാനെ അറിയിക്കുക.  അന്ധൻമാർ കാഴ്ച പ്രാപിക്കുന്നു മുടന്തൻമാർ നടക്കുന്നു കുഷ്ഠരോഗികൾ ശുദ്ധരാക്കപ്പെടുന്നു ബധിരർ കേൾക്കുന്നു മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നു   (മത്തായി 11 : 4–5 ) എന്നൊക്കെയാണ്.

സ്നാപക യോഹന്നാൻ ശിഷ്യൻമാരോട് യേശു തീർച്ചയായും പൊങ്ങച്ചം പറഞ്ഞു എന്നാൽ സത്യത്തിൽ നടന്നത് മറ്റൊന്നാണ്. മനുഷ്യ വംശത്തെ വഞ്ചിച്ച് നശിപ്പിക്കാൻ പരമപിശാചായ യേശു പൈശാചലോകത്ത് നിന്ന് മാനവലോക ത്തേക്ക് വന്നത് തനിച്ചായിരുന്നില്ല പിന്നെയോ തന്റെ കിങ്കരൻമാരെ കുട്ടി പിശാ ചുക്കളോടൊപ്പമത്രെ കുട്ടി പിശാചുക്കളുടെ ബാധയാലാണ് അവിടെ ആളുകൾ അന്ധരും ബധിരരും മൂകരുമൊക്കെ ആയി കാണപ്പെട്ടത്. ഒരുവനെ പിശാച് ബാധിച്ചിരിക്കുന്നു എന്ന് പറഞ്ഞാൽ അവന്റെ നിയന്ത്രണം അവനെ ബാധിച്ചിരി ക്കുന്ന പിശാചിന്റെ കൈയ്യിലായി എന്നാണർത്ഥം. അത്തരത്തിൽ ഒരുവന്റെ നിയ ന്ത്രണം പരമപിശാചായ യേശുവിന്റെ അധീനതയിലുള്ള ഒരു കുട്ടി പിശാചിന്റെ കൈയ്യിലായാൽ യേശു ആ കുട്ടി പിശാചിനോട് ഇയാളെ വിട്ടൊഴിഞ്ഞ് പോകൂ എന്ന് പറയും വരെ അയാൾ അന്ധനും ബധിരനുമൊക്കെയായി കാണപ്പെടും. യേശു കുട്ടി പിശാചിനോട് വിട്ടൊഴിഞ്ഞുപോകൂ എന്ന് പറയുമ്പോൾ യേശുവിന്റെ അജ്ഞാനുവർത്തിയായ പിശാച് ഉടൻ തന്നെ അയാളെ വിട്ടൊഴിയുന്നു. അയാൾ പൂർവ്വ സ്ഥിതിയെ പ്രാപിക്കുന്നു. ഇത് യേശുവും തന്റെ കിങ്കരൻമാരും തമ്മി ലുള്ള ഒത്തുകളിയാണെന്ന സത്യമറിയാതെ പാവം ജനങ്ങൾ യേശു അമാനുഷ നാണെന്നും ദൈവപുത്രനാണെന്നുമൊക്കെ തെറ്റിദ്ധരിക്കുന്നു അഥവാ അവർ തെറ്റിദ്ധരിപ്പിക്കപ്പെടുന്നു വഞ്ചിക്കപ്പെടുന്നു അങ്ങിനെ പരമ പിശാചും സംഘവും തങ്ങളുടെ ലക്ഷ്യം നേടുന്നു അഹ്ലാദിക്കുന്നു.

ഇതാണ് യേശു പ്രവർത്തിച്ചു എന്ന് ഇന്ന് വരെ മനുഷ്യർ വിശ്വസിക്കുന്ന എല്ലാ അത്ഭുദങ്ങളുടേയും പിന്നിലുള്ള രഹസ്യം. ഇനി യേശു നടത്തിയെന്ന് ബൈബിൾ ഉദ്ഘോഷിക്കുന്ന അത്ഭുത ങ്ങളുടെ കഥ മേൽപറഞ്ഞ രഹസ്യത്തെ

അടിസ്ഥാനമാക്കി വിശദീകരിക്കാം. വിസ്താര ഭയത്താൽ ഞാൻ എല്ലാ അത്ഭുതങ്ങളും പ്രതിപാദിക്കുന്നില്ല. തിരഞ്ഞെടുത്ത, എളുപ്പത്തിൽ ഗ്രഹിക്കാവുന്ന ചില കഥകൾ മാത്രം പറഞ്ഞുകൊള്ളുന്നു.

അനന്തരം,അന്ധനും ഊമനുമായ ഒരു പിശാചു ബാധിതനെ അവർ യേശുവിന്റെ അടുത്തുകൊണ്ടുവന്നു. യേശു അവനെ സുഖപ്പെടുത്തി.അവൻ സംസാരിക്കുകയും കാണുകയും ചെയ്തു. (മത്തായി 12 : 22)യേശു അവനെ സുഖപ്പെടുത്തി എങ്ങിനെ ? അയാളെ ബാധിച്ചിരുന്ന പിശാചിനെ യേശു പുറത്താക്കി ബാധയൊഴിഞ്ഞപ്പോൾ അയാൾ സംസാരിക്കുവാനും കാണുവാനും തുടങ്ങി അതായത് പൂർവ്വ സ്ഥിതിയിലായി. യേശു ഈനാടകം അരങ്ങേറുമ്പോൾ യഹൂദർ പറയുന്നത് ശ്രദ്ധിക്കുക. ജനക്കൂട്ടം മുഴുവൻ അത്ഭുദപ്പെട്ടു പറഞ്ഞു ഇവനായിരിക്കുമോ ദാവീദിന്റെ പുത്രൻ ? (മത്തായി 12 : 23) യേശു എന്തിനായിരുന്നു ഇത്തരമൊരു തെരുവ് നാടകം കളിച്ചതെന്ന് ഇപ്പോൾ മനസ്സിലായിക്കാണുമല്ലോ ?

യേശുവിന്റെ ലക്ഷ്യം താൻ ദാവീദിന്റെ പുത്രനായ ക്രിസ്തുവാണെന്ന വിശ്വാസം തന്റെ നാടകം കണ്ടുകൊണ്ടിരുന്ന കാണികളിൽ യഹുദരിൽ ഉളവാക്കുക എന്നതായിരുന്നു. ചിലർ യേശുവാണ് ക്രിസ്തുവെന്ന് ധരിച്ചുവെങ്കിലും മറ്റ് ചിലർ ഇവൻ പിശാചുക്കളുടെ തലവനായ ബേൽസെബൂലിനെകൊണ്ടു തന്നെയാണ് പിശാചുക്കളെ ബഹിഷ്കരിക്കുന്നത് എന്ന് പറയുകയാണുണ്ടയത്(മത്തായി 12: 24)

യേശു പിശാചിനെ ബഹിഷ്കരിച്ചുകൊണ്ടാണ് പിശാച് ബാധിതനായിരുന്നയാൾ വീണ്ടും കാണുവാനും സംസാരിക്കുവാനും തുടങ്ങിയത് എന്നാണ് ഈ

വാക്യം നൽകുന്ന സൂചന. എങ്കിൽ അയാൾ അന്ധനും സംസാരശേഷി നഷ്ട പ്പെട്ടവനുമായി കാണപ്പെടാൻ കാരണം അയാളെ ബാധിച്ചിരുന്ന പിശാചല്ലേ ?

ഇവൻ(യേശു) പിശാചുക്കളുടെ തലവനായ ബേൽസെബൂലിനെക്കൊണ്ട് തന്നെയാണ് പിശാചുക്കളെ ബഹിഷ്കരിക്കുന്നത് എന്ന യഹൂദരുടെ വിമർശ നത്തെ യേശു നേരിട്ടത് ബേൽസെബൂലിനെക്കൊണ്ടാണ് ഞാൻ പിശാചുക്കളെ ബഹിഷ്കരിക്കുന്നതെങ്കിൽ നിങ്ങളുടെ പുത്രൻമാർ ആരെക്കൊണ്ടാണ് അവയെ ബഹിഷ്കരിക്കുന്നത് (മത്തായി 12 : 27) എന്ന ചോദ്യത്തിലൂടെയാണ്.

യേശുവിന്റെ ഈ വാദം തെറ്റായിരുന്നുവെന്ന് യഹൂദരുടെ വാക്കുകളിൽ നിന്നും യേശുവിന്റെ തന്നെ സ്വന്തം വാക്കുകളിൽ നിന്നും നമുക്ക് മനസ്സിലാക്കാ വുന്നതാണ്. പിശാചു ബാധിതനായ ഒരു ഊമനെ ജനങ്ങൾ അവന്റെയ ടുക്കൽ കൊണ്ടുവന്നു. അവൻ(യേശു) പിശാചിനെ പുറത്താക്കിയപ്പോൾ ഈ ഉമൻ സംസാരിച്ചു. ജനങ്ങൾ അദ്ഭുതപ്പെട്ടു പറഞ്ഞു ഇതുപോലൊരു സംഭവം ഇസ്രായേലിൽ ഒരിക്കലും കണ്ടിട്ടില്ല. (മത്തായി 9 : 32 -33 ) ഇതിനർത്ഥം യഹൂദർ പിശാചിനെ പുറത്താക്കുന്നത് ഇതിന് മുമ്പ് കണ്ടിട്ടില്ലായെന്നാണ്. അപ്പോൾ ഞാൻ പിശാചിന്റെ തലവനെക്കൊണ്ടാണ് പിശാചിനെ പുറത്താക്കുന്ന തെങ്കിൽ നിങ്ങളുടെ പുത്രൻമാർ ആരെക്കൊണ്ടാണ് പിശാചിനെ പുറത്താക്കുന്നത് എന്ന് യേശു യഹുദരോട് ചോദിക്കുന്നത് എങ്ങിനെ ?

യേശു പിശാചിനെ പുറത്താക്കിയപ്പോൾ ആ ഉമൻ സംസാരിച്ചു എന്നാണ് പറയുന്നത്. അയാളെ സംസാരിക്കുവാൻ അനുവദിക്കാഞ്ഞത് സംസാരിക്കുവാൻ കഴിയാഞ്ഞത് അയാളെ ബാധിച്ചിരുന്ന യേശുവിന്റെ കിങ്കരനായ കുട്ടിപിശാചി നാൽ മാത്രമായിരുന്നുവെന്ന് ഇതിൽ നിന്ന് വ്യക്തമല്ലേ ?

യോഹന്നാന്റെ പുസ്തകം 15-ാം അദ്ധ്യായം 24-ാം വാക്യത്തിൽ യേശു താന ല്ലാതെ മറ്റൊരുവനും ഇത്തരം പ്രവർത്തികൾ ചെയ്തിട്ടില്ലെന്ന് പറയുന്നു. മറ്റാരും ചെയ്തിട്ടില്ലാത്ത പ്രവർത്തികൾ ഞാൻ അവരുടെയിടയിൽ ചെയ്തില്ലാ യിരുന്നുവെങ്കിൽ അവർക്കു പാപമുണ്ടാകുമായിരുന്നില്ല. മനുഷ്യരെ പാപിക ളാക്കാൻ മറ്റാരും ചെയ്തിട്ടില്ലാത്ത പ്രവർത്തികൾ ചെയ്യാനും യേശുവിനു മടി യില്ല എന്നും യേശുവിന്റെ ഈ വാക്കുകൾ അർത്ഥമാക്കുന്നു.

യേശുവിന്റെ മറ്റൊരു നാടകം അരങ്ങേറിയത് തന്റെ ശിഷ്യമായിരുന്ന ശിമ യോൻ പത്രോസിന്റെ വീട്ടിലാണ്. അവൻ സിനഗോഗിൽ നിന്ന് എഴുന്നേറ്റ് ശിമയോന്റെ വീട്ടിലേക്കുപോയി. ശിമയോന്റെ അമ്മായിയമ്മ കലശലായ പനി ബാധിച്ചു കിടപ്പായിരുന്നു.ആളുകൾ അവൾ ക്കുവേണ്ടി അവനോടു സഹായം അപേക്ഷിച്ചു .അവൻ അവളുടെ അടുത്തെത്തി പനിയെ ശാസിച്ചു. അത് അവളെ വിട്ടുമാറി. ഉടനെ അവൾ എഴുന്നേറ്റ് അവരെ ശുശ്രൂഷിച്ചു (ലൂക്കോസ് 4 : 38 -39)

യേശു അവളുടെ അടുത്തെത്തി പനിയെ ശാസിച്ചുപോലും യേശുപനിയെ അല്ല മറിച്ച് യേശുവിന്റെ സ്വന്തം കുട്ടി പിശാചിനെയാണ് ശാസിച്ചത്. ഉടനെ അത് അവളെ വിട്ടുമാറുകയും ചെയ്തു. മുമ്പ് പിശാചുക്കളെ യേശു ശാസിക്കു ന്നതും അവറ്റകൾ മനുഷ്യരെ വിട്ട് പോകുന്നതും നിങ്ങൾ കണ്ടതാണല്ലോ ഇവിടെ യേശു പനിയെശാസിക്കുന്നു അത് അവളെ വിട്ട് മാറുന്നു. ഇത് സൂചിപ്പിക്കു ന്നത് ശിമയോന്റെ അമ്മായിയമ്മയ്ക്ക് പനി വന്നത് പിശാച് ബാധിച്ചിരുന്നതിനാ ലാണ് എന്നതാണ്. പരമപിശാചിന്റെ ശാസന കുട്ടിപിശാച് അനുസരിക്കുന്നു കഥയറിയാതെ ആട്ടംകാണുന്ന ജനങ്ങളുടെ ഇടയിൽ യേശു വലിയതാരവും

ആകുന്നു.

മേൽപറഞ്ഞ സംഭവത്തിനു ശേഷം സൂര്യാസ്തമയം കഴിഞ്ഞപ്പോൾ ശവത്തിനുമേൽ ഈച്ച പൊതിയുന്നത് പോലെ കുട്ടിപിശാചുക്കളെല്ലാം അവരുടെ തലവനായ യേശുവിന്റെ അടുക്കൽ വന്ന് ചേർന്നു. സൂര്യൻ അസ്തമിക്കുമ്പോൾ നാനാവ്യധികൾ പിടിച്ച ദീനക്കാർ ഉള്ളവർ ഒക്കെയും അവരെ അവന്റെ അടുക്കൽ കൊണ്ടുവന്നു. അവൻ ഓരോരുത്തന്റേയും മേൽ കൈവെച്ചു അവരെ സൗഖ്യരാക്കി. പലരിൽ നിന്നും ഭുതങ്ങൾ നീ ദൈവപുത്രനായ ക്രിസ്തു എന്നു നിലവിളിച്ചു പറഞ്ഞുകൊണ്ടു പുറപ്പെട്ടുപോയി താൻ ക്രിസ്തു എന്ന് അവ അറികകൊണ്ടു മിണ്ടുവാൻ അവൻ സമ്മതിക്കാതെ അവരെ ശാസിച്ചു. (ലൂക്കോസ് 4 : 40 -41)

യേശുവിന്റെ അടുക്കൽ കൊണ്ടുവന്ന വിവിധരോഗങ്ങൾ ഉള്ള ആളുകളിൽ നിന്ന് ഭുതങ്ങൾ പുറപ്പെട്ടുപോയി എന്ന് പറഞ്ഞിരിക്കുന്നതിനർത്ഥം അവരിൽ വിവിധ ഭൂതങ്ങളുടെ (പിശാചുക്കളുടെ )ബാധയുണ്ടായിരുന്നു എന്നാണ്. അവർ രോഗബാധിതരായിരുന്നില്ല പിന്നെയോ പിശാചുബാധിതരായിരുന്നുവെന്ന് സാരം.

യേശു പിശാചിനെ പുറത്താക്കുമ്പോൾ അത് ചുമ്മാതങ്ങ് പുറത്ത് പോകുന്നില്ല പിന്നെയോ നീ ദൈവപുത്രനായ ക്രിസ്തു എന്ന് നിലവിളിച്ചു പറഞ്ഞുകൊണ്ട് പുറപ്പെട്ടുപോയി എന്നാണ് പറയുന്നത്. യേശു ദൈവപുത്രമാണ് എന്നതിന് പിശാചുക്കളുടെ സാക്ഷ്യം

ഇതിൽപരം ഒരു തെളിവ് വേണോ ? പിശാചുക്കൾ യേശു ദൈവപുത്രനാണെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ യേശു തീർച്ചയായും ദൈവപുത്രനാവണം എന്നാണോ ക്രിസ്ത്യനികൾ ധരിച്ചുവെച്ചിരിക്കുന്നത് കഷ്ടം.

പിശാചിനെകുറിച്ച് യേശു പറയുന്നത് അവൻ ഒരിക്കലും സത്യത്തിൽ നില നിന്നിട്ടില്ല എന്തെന്നാൽ അവനിൽ സത്യമില്ല എന്നാണ് (യോഹന്നാൻ 8 : 44 ) പിശാചിൽ സത്യമില്ലായെങ്കിൽ നീ ദൈവപുത്രനായ ക്രിസ്തു എന്ന് പിശാചുക്കൾ നിലവിളിച്ച് പറഞ്ഞത് നുണയായിരുന്നില്ലേ

യേശു പിശാചുക്കളെ ശാസിക്കുന്നതും അവർ ആരോ പഠിപ്പിച്ച് വിട്ടതു പോലെ നീ ദൈവപുത്രനായ ക്രിസ്തു എന്ന് യേശുവിനെ വിളിക്കുന്നതും ഒരൊറ്റപ്പെട്ട സംഭവമല്ല. യേശു പ്രസംഗിച്ചു നടന്നിരുന്ന കാലത്ത് അശുദ്ധാത്മാക്കളും അവനെ കാണുമ്പോൾ ഒക്കെയും അവന്റെ മുമ്പിൽ വീണു. നീ ദൈവപുത്രൻ എന്നു നിലവിളിച്ചു പറയും എന്നാണ് മാർക്കോസ് 3 : 11 ൽ പറയുന്നത്.

യേശുവിന്റെ നിഴൽവെട്ടം കണ്ടാൽ മതി അശുദ്ധാത്മാക്കൾക്ക് അഥവാ പിശാചുക്കൾക്ക് ഉടൻ അവന്റെ മുമ്പിൽ വീണ് അവനെ ആരാധിച്ചുകൊണ്ട് നീ ദൈവപുത്രനായ ക്രിസ്തു എന്ന് പറയാൻ തോന്നുമായിരുന്നു. വിചിത്രമെന്ന് പറയട്ടെ പിശാചുക്കൾക്ക് അസുഖം യേശു ശിഷ്യൻമാരുടെ കൂടെയുള്ളപ്പോൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. യേശു ഒറ്റയ്ക്കായിരുന്നപ്പോൾ ഒരു അശുദ്ധാത്മാവും യേശു നീ ദൈവപുത്രനായ ക്രിസ്തു എന്ന് യേശുവിനെ വിളിച്ചതായി ബൈബിളിൽ ഒരിടത്തും കാൺമാനില്ല.

പിശാചുക്കളും അവരുടെ തലവനായ യേശുവും തമ്മിൽ ഗലീലി തെരുവു വീഥികളിൽ അരങ്ങേറിയിരുന്ന ഈ പൊറാട്ടു നാടകത്തിന്റെ തിരക്കഥയും സംവിധാനവുമൊക്കെ യേശു തന്നെയായിരുന്നു നിർവ്വഹിച്ചത് എന്ന സത്യം ജനങ്ങൾ മനസ്സിലാക്കിയിരുന്നുവെങ്കിൽ ഞാൻ കൃതാർത്ഥനായി. നിങ്ങൾക്ക് ഇനിയും ഈ സത്യമുൾക്കൊള്ളുവാൻ വിമുഖതയുണ്ടെങ്കിൽ എന്റെ പക്കൽ ഇനിയും

ധാരാളം തെളിവുകളുണ്ട്. ദാ ഈ കഥ എങ്ങിനെയുണ്ടെന്ന് നോക്കൂ. യേശു കഫർണാമിൽ പ്രവേശിച്ചപ്പോൾ ഒരു ശതാധിപൻ അവന്റെ അടുക്കൽ വന്ന് യാചിച്ചു. കർത്താവേ എന്റെ ഭൃത്യൻ തളർവാതം പിടിപെട്ട് കഠിനവേദന അനുഭവിച്ച് വീട്ടിൽ കിടക്കുന്നു. യേശു അവനോടു പറഞ്ഞു ഞാൻ വന്ന് അവനെ സുഖപ്പെടുത്താം അപ്പോൾ ശതാധിപൻ പ്രതിവചിച്ചു കർത്താവേ നീ എന്റെ ഭവനത്തിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല. നീ ഒരു വാക്ക് ഉച്ചരിച്ചാൽ മാത്രം മതി എന്റെ ഭൃത്യൻ സുഖപ്പെടും. ഞാനും അധികാരത്തിനു കീഴ്പ്പെട്ടവനാണ്. എന്റെ കീഴിലും പടയാളികളുണ്ട്. ഒരുവനോട് പോകുക എന്ന് പറയുമ്പോൾ അവൻ വരുന്നു. എന്റെ ദാസനോട് ഇതു ചെയ്യുക എന്നു പറയുമ്പോൾ അവൻ അത് ചെയ്യുന്നു. മത്തായി 8 : 5 – 9

യേശു തളർവാതരോഗിയെ സുഖപ്പെടുത്തുന്നത് പടനായകൻ തന്റെ പടയാളികളോട് പോകുക എന്ന് പറയും പോലെ ലളിതമാണെന്നാണ് ഈ കഥ നൽകുന്ന സൂചന. എന്റെ കീഴിലും പടയാളികളുണ്ട് ഒരുവനോട് പോകുക എന്ന് ഒറ്റ വാക്ക് ഉച്ചരിച്ചാൽ മതി അവൻ പൊയ്ക്കൊള്ളും .അത് പോലെ നീയും നിന്റെ കീഴിലുള്ള പടയാളിയോട് പൊയ്ക്കൊള്ളുക എന്ന ഒറ്റവാക്ക് ഉച്ചരിച്ചാൽ മതി അവൻ പൊയ്ക്കൊള്ളും എന്നാണ് ശതാധിപൻ പറയുന്നത്. യേശുവും ഇത് കേട്ട് സസന്തോഷം പൊയ്ക്കോൾക നീ വിശ്വസിച്ചതുപോലെ നിനക്ക് ഭവിക്കട്ടെ എന്ന് പറയുന്നു ആ സമയത്ത് തന്നെ ഭൃത്യൻ സുഖം പ്രാപിച്ചു. (മത്തായി 8 : 13) അതായത് യേശു പൊയ്ക്കോൾക എന്ന് പറഞ്ഞ ആ സമയത്തു തന്നെ പിശാച് ശതാധിപന്റെ ഭൃത്യനെ വിട്ട് പോകുന്നു ഭൃത്യൻ സുഖം പ്രാപിക്കുന്നു.

മത്തായി 8 : 16 ൽ ഇങ്ങനെ പറയുന്നു  സായാഹ്നമായപ്പോൾ  അനേകം പിശാചുബാധിതരെ അവർ അവന്റെയടുത്തു കൊണ്ടുവന്നു.  അവൻ അശുദ്ധാത്മാക്കളെ വചനം കൊണ്ട് പുറത്താക്കുകയും എല്ലാ രോഗികളേയും സുഖപ്പെടുത്തുകയും ചെയ്തു  .  യേശുവിന്റെയടുത്ത് രോഗികളെ കൊണ്ടുവന്നു എന്നല്ല മറിച്ച്  അനേകം പിശാചു ബാധിതരെ അവന്റെയടുത്തുകൊണ്ട് വന്നു    എന്നാണ് ആദ്യം പറഞ്ഞത്.  യേശു പിശാചുക്കളെ തന്റെ ഒരു വചനം കൊണ്ടു അതായത് മുമ്പ് ശതാധിപനോട് പറഞ്ഞപോലെ പൊയ്ക്കൊള്ളുക എന്ന ഒറ്റ വചനം കൊണ്ട് യേശു പിശാചക്കളെ പുറത്താക്കുന്നു.  ഉടൻ തന്നെ പിശാച് ബാധിതരിൽ ഉണ്ടെന്ന് കരുതിയിരുന്ന രോഗങ്ങളും വിട്ടൊഴിയുന്നു.  ഇതിൽ നിന്ന് അവർ ആരും തന്നെ ശാരീരികമായ രോഗങ്ങളുള്ളവരായിരുന്നില്ല മറിച്ച് പിശാച് ബാധയുള്ളവരായിരുന്നു എന്ന് വ്യക്തമായില്ലേ. ?

യേശുവിന്റെ വാക്കുകൾ പിശാചുക്കൾ അനുസരിക്കുക മാത്രമായിരുന്നില്ല ചിലപ്പോഴെല്ലാം പിശാചുക്കളുടെ വാക്കുകൾ യേശുവും അനുസരിക്കുമായിരുന്നു. അതല്ലേലും അങ്ങിനെയാണല്ലോ ഒരു പാലമിട്ടാൽ അങ്ങോട്ടും ഇങ്ങോട്ടും എന്നല്ലേ. ?

ഒരിക്കൽ   പിശാചുക്കൾ അവനോട് അപേക്ഷിച്ചു നീ ഞങ്ങളെ പുറത്താക്കുന്നെങ്കിൽ ആ പന്നിക്കൂട്ടത്തിലേക്കയക്കേണമേ അവൻ പറഞ്ഞു പൊയ്ക്കൊള്ളുവിൻ .  അവ പുറത്തുവന്നു പന്നികളിൽ പ്രവേശിച്ചു പന്നിക്കൂട്ടം മുഴുവൻ കിഴുക്കാം തൂക്കായ നിരത്തിലൂടെ ചെന്ന് കടലിൽ മുങ്ങിച്ചത്തു.

ഒരുവനിൽ നിന്ന് പിശാചിനെ പുറത്താക്കിയ ശേഷം അയാളുടെ ഭാവി എന്തായിരിക്കും എന്ന് യേശുവിന് നല്ലതുപോലെ അറിയാം കാരണം യേശു പറ

യുന്നത് അശുദ്ധാത്മാവ് ഒരുവനെ വിട്ടുപോയാൽ വരണ്ട സ്ഥലങ്ങളിലൂടെ ആശ്വാസം തേടി അലഞ്ഞു നടക്കും കണ്ടെത്താതെ വരുമ്പോൾ അവൻ പറയുന്നു. ഇറങ്ങിപോന്ന ഭവനത്തിലേക്കു തന്നെ ഞാൻ തിരിച്ചു ചെല്ലും. തിരിച്ചു വരുമ്പോൾ ആ വീട് അടിച്ച് വാരി സജ്ജീകരിക്കപ്പെട്ടതായി കാണുന്നു. അപ്പോൾ അവൻ പോയി തന്നെക്കാൾ ദുഷ്ടരായ മറ്റ് ഏത് അശുദ്ധാത്മാക്കളെകൂടി കൊണ്ട് വന്ന് അവിടെ പ്രവേശിച്ച് വാസമുറപ്പിക്കുന്നു. അങ്ങനെ ആ മനുഷ്യന്റെ സ്ഥിതി ആദ്യത്തേതിനേക്കാൾ മോശമായിതീരുന്നു (ലൂക്കോസ് 11 : 24 - 26 )

അവന്റെ സ്ഥിതി ആദ്യത്തേതിനേക്കാൾ മോശമാകുമെന്നറിഞ്ഞ് കൊണ്ട് യേശു എന്തിനാണ് അശുദ്ധാത്മാക്കളെ പുറത്താക്കുന്നത്. ? കാമമെന്ന് പേരുള്ള ഒരു പിശാച് പുറത്ത് പോയാൽ അത് പോയി ക്രോധം,ലോഭം, മോഹം, മദം,മാത്സര്യം, ഡംഭം,അസൂയ എന്നിങ്ങനെ അതിനേക്കാൾ ദുഷ്ടരായ മറ്റ് ഏഴ് പിശാചുക്കളേയും കൊണ്ട് വന്ന് അവിടെ താമസമുറപ്പിക്കും എന്നാണ് യേശു പറയുന്നതിന്റെ പൊരുൾ. മേൽപ്പറഞ്ഞ എട്ട് പിശാചുക്കളെയാണല്ലോ കലിയുടെ സൈന്യം എന്ന് പറഞ്ഞിട്ടുള്ളത്.യേശു പിശാചിനെ പുറത്താക്കുമ്പോൾ ഇത് പോലൊരു സംഭവം ഇസ്രായേലിൽ ഒരിക്കലും കണ്ടിട്ടില്ല. എന്ന് ജനങ്ങൾ പറഞ്ഞുവല്ലോ എന്ത് കൊണ്ടാണ് യേശു തന്റെ പൊതുപ്രവർത്തനം ആരംഭിക്കുന്നതിനോടനുബന്ധിച്ച് അതേ കാലഘട്ടത്തിൽ തന്നെ യേശു കഴിഞ്ഞിരുന്ന സഞ്ചരിച്ചിരുന്ന പ്രദേശങ്ങളിൽ ഉള്ള നൂറുകണക്കിന് ജനങ്ങൾക്ക് പിശാചു ബാധയുണ്ടായത്. ?

ഈ പിശാചുക്കളൊക്കെ ഇതിനുമുൻപ് എവിടെയായിരുന്നു. ഇവറ്റകൾ എങ്ങിനെ ഭൂതലത്തിൽ എത്തിപ്പെട്ടു? എന്നൊക്കെയാവും സ്വാഭാവികമായും നിങ്ങൾ

ഇപ്പോൾ ചിന്തിക്കുക.

പിശാചുക്കൾ എങ്ങിനെയുണ്ടായി എന്നതിനെകുറിച്ചും അവറ്റകളുടെ വാസ സ്ഥാനത്തെകുറിച്ചും ബൈബിൾ പറയുന്നത് ഇപ്രകാരമാണ്. സ്വന്തം നിലമറന്ന് തങ്ങളുടേതായ വാസസ്ഥാനം ഉപേക്ഷിച്ചുകളഞ്ഞ ദൂതൻമാരെ മഹാദിനത്തിലെ വിധിവരെ അവിടുന്ന് അന്ധകാരത്തിൽ നിത്യബന്ധനത്തിൽ സൂക്ഷിച്ചിരിക്കുന്നുവെന്ന് ഓർക്കുക (യൂദാസ് 1 : 6)

ഇവിടെ ബൈബിൾ പറയുന്നത് ചില ദൂതൻമാരെ അതായത് മാലാഖമാരെ അവർ സ്വന്തം നില മറന്ന് പ്രവർത്തിച്ചതിനാൽ ബൈബിൾ ദൈവം അന്ധകാരത്തിൽ അഥവാ പാതാളത്തിൽ നിത്യബന്ധനത്തിൽ സൂക്ഷിച്ചിരിക്കുന്നുവെന്നാണ്. മഹാദിനത്തിലെ വിധിവരെ നിത്യബന്ധനത്തിൽ സൂക്ഷിച്ചിരുന്ന അതും സർവ്വശക്തനായ ദൈവത്താൽ ബന്ധനത്തിലാക്കപ്പെട്ടിരുന്നവർ എങ്ങിനെയാണ് വിധി ദിനം ആകുന്നതിന് മുമ്പ് തന്നെ ബന്ധനമുക്തരായി ഗലീലിയിലെ പട്ടണങ്ങളിലൂടെ യേശുവിനെ വട്ടമിട്ട് കൊണ്ടിരുന്നത് ഈ വൈരുദ്ധ്യം വിരൽചൂണ്ടുന്നത് അവരെ ബൈബിൾ ദൈവം നിത്യബന്ധനത്തിൽ ആക്കിയിരിക്കുന്നുവെന്ന് പറയുന്നത് കള്ളമാണ് എന്ന സത്യത്തിനുനേർക്കാണ്.

യേശു ദൈവപുത്രനാണ് കാരണം യേശു കടലിനുമീതെ നടന്നു എന്ന് ക്രിസ്ത്യാനികൾ പറയുന്നു വിശ്വസിക്കുന്നു. യേശുവിന്റെ മറ്റൊരു അത്ഭുത പ്രകടനമായ അഞ്ചപ്പം അയ്യായിരം പേർക്ക് വിളമ്പി എന്ന് പറയുന്ന സംഭവത്തിന് ശേഷം യേശുവിന്റെ ശിഷ്യൻമാർ വഞ്ചിയിൽ കയറി മറുകരയിലേക്ക് പോയി. യേശു അവരോടൊപ്പം പോയില്ല. വഞ്ചി പാതിവഴി സഞ്ചരിച്ചപ്പോൾ കാറ്റടിക്കുവാൻ തുടങ്ങി അപ്പോൾ യേശു അവരുടെ അടുക്കലേക്ക് കടലിന് മീതെ നടന്നു

ചെന്നു എന്നാണ് ബൈബിൾ പറയുന്നത്.

യേശു ശിഷ്യൻമാരെ മറുകരയിലേക്കയച്ചത് അഞ്ചപ്പം അയ്യായിരം പേർക്ക് വിളമ്പിയെന്ന് പറയുന്നിടത്ത് നിന്നാണെന്ന് പറഞ്ഞുവല്ലോ. പ്രസ്തുത സ്ഥലത്തിന്റെ പേര് ലൂക്കോസ് 9 : 10 ൽപറയുന്നുണ്ട്. അപ്പോസ്തലൻമാർ മടങ്ങി വന്ന് തങ്ങൾ ചെയ്തതെല്ലാം യേശുവിനെ അറിയിച്ചു. അവൻ ബേത്സയ്ദാ എന്ന പട്ടണത്തിലേക്ക് അവരെ കൂടി കൊണ്ടുപോയി ഇവിടെയാണ് യേശു അഞ്ചപ്പം വിളമ്പിയെന്ന് പറയുന്നതും അതിനുശേഷം ശിഷ്യൻമാരെ മറുകരയിലേക്കയച്ചതും പിന്നാലെ യേശു കടലിന് മീതെ നടന്ന് ചെന്നുവെന്നും പറയുന്നതും. ഇനി യേശു ശിഷ്യൻമാരെ കയറ്റി അയച്ചതെങ്ങോട്ടാണെന്ന് കൂടി നമുക്ക് നോക്കാം. താൻ ജനക്കൂട്ടത്തെ പിരിച്ചു വിടുമ്പോഴേക്കും വഞ്ചിയിൽ കയറി തനിക്കുമുൻപേ മറുകരയിലുള്ള ബേത്സയ്ദായിലേക്ക് പോകാൻ അവൻ ശിഷ്യൻമാരെ നിർബന്ധിച്ചു. ( മാർക്കോസ് 6 : 45) ഇതിനർത്ഥം യേശു കടലിൽ നിന്നു കടലിലേക്കു നടന്നുവെന്ന് പറയുന്നത് ബേത്സയ്ദായിൽ നിന്നും ബേത്സയ്ദായിലേക്കായിരുന്നുവെന്ന് നാം മനസ്സിലാക്കേണ്ടത്. യേശു കടലിനുമീതെ നടന്നിട്ടേയില്ലായെന്ന് ചുരുക്കം.

യേശുവിന്റെ അത്ഭുതങ്ങളിൽ ഏറ്റവും തിളക്കമേറിയത് എന്ന് പറയുന്നത് അവൻ അഞ്ചപ്പവും രണ്ടു മീനും കൊണ്ട് ആയിരങ്ങളുടെ വിശപ്പടക്കി എന്ന് പറയുന്നതാണ്. പുരുഷൻമാർ മാത്രം അയ്യായിരം പേരുണ്ടായിരുന്നുവത്രേ ആകെ മൊത്തം സ്ത്രീകളും കുട്ടികളുമടക്കം പതിനായിരത്തിലേറെ പേർ.

ഏത് സ്ഥലത്തുവെച്ചാണ് യേശു ഈ മഹാത്ഭുതം കാഴ്ചവെച്ചത് ? എന്ന് ചോദിച്ചാൽ ലൂക്കോസ് പറയും ബേത്സെയ്ദായിൽ വെച്ചായിരുന്നുവെന്ന്

മാർക്കോസ് പറയും അല്ല അഞ്ചപ്പം വിളമ്പിയതിന് ശേഷമാണ് യേശു ബേത്സെയ്ദയിലേക്ക് കടലിലൂടെ പാതിവഴി നടന്നായിരുന്നു പോയതെന്ന് മാർക്കോസും പറയും. നോക്കണേ സുവിശേഷകരുടെ ഓരോ സംശയങ്ങൾ! ഏതായാലും യേശു അഞ്ചപ്പം വിളമ്പിയത് എവിടെ വെച്ചാണെന്ന് മാർക്കോസിനും ലൂക്കോസിനും വരെ സംശയമുള്ള നിലക്ക് ഇനി ഇങ്ങനൊരത്ഭുതം നടന്നിട്ടുണ്ടോയെന്ന് നമ്മളും സംശയിക്കുന്നതല്ലേ ഉചിതം? ലൂക്കോസിന് അഞ്ചപ്പം അയ്യായിരം പേർക്ക് വിളമ്പിയത് പട്ടണത്തിലാണോ അല്ല വിജന പ്രദേശത്താണോയെന്നാണ് സംശയം. കാരണം 9 :10 ൽ ബേത്സെയ്ദാ എന്ന പട്ടണത്തിലേക്ക് കൂട്ടികൊണ്ടുപോയെന്നും 9 :12 ൽ നാം വിജന പ്രദേശത്തായത് കൊണ്ട് എന്നുമാണ് ലൂക്കോസ് പറയുന്നത്. അഞ്ചപ്പം വിളമ്പിയത് വിജന പ്രദേശത്തായിരുന്നുവോ അതോ പട്ടണത്തിലായിരുന്നുവോ എന്ന് ലൂക്കോസിന് തീർച്ചയില്ലാത്തത് പോലെ തന്നെ അഞ്ചപ്പം പതിനായിരത്തിലേറെ പേർക്കാണോ അതോ യേശുവും ശിഷ്യൻമാരും കൂടി അത് ശാപ്പിടുകയായിരുന്നുവോയെന്ന് എനിക്കും തീർച്ചയില്ല.

ലൂക്കോസ് 9 :16 17 ൽ ഇങ്ങനെ പറയുന്നു അപ്പോൾ അവൻ ആ അഞ്ചപ്പവും രണ്ട് മീനും എടുത്ത് സ്വർഗ്ഗത്തിലേക്ക് കണ്ണുകൾ ഉയർത്തി അവ ആശിർവദിച്ചു മുറിച്ച് ജനങ്ങൾക്ക് വിളമ്പാനായി ശിഷ്യൻമാരെ ഏൽപ്പിച്ചു. എല്ലാവരും ഭക്ഷിച്ചു തൃപ്തരായി ബാക്കിവന്ന കഷണങ്ങൾ പന്ത്രണ്ടു കുട്ട നിറയെ അവർ ശേഖരിച്ചു.

യേശു അപ്പവും മീനും വർദ്ധിപ്പിക്കുയായിരുന്നില്ല മറിച്ച് അവ മുറിച്ച് കഷണങ്ങളാക്കുകയായിരുന്നുവെന്നാണ് ഇതിനർത്ഥം ബാക്കി വന്ന കഷണങ്ങൾ

പന്ത്രണ്ടു കുട്ട നിറയെ അവർ ശേഖരിച്ചു എന്ന് പറയുന്നത് യേശു മുറിച്ച മീൻക ഷണങ്ങളും അപ്പക്കഷണങ്ങളുമായിരുന്നു. അഞ്ചപ്പവും രണ്ടു മീനും കഷണ ങ്ങളായി മുറിച്ച് അത് 12 കുട്ട നിറയെ ശേഖരിക്കുകയെന്ന് പറയുന്നത് തന്നെ മഹാത്ഭുതം എതായാലും ലൂക്കോസ് കുട്ടയുടെ വലുപ്പം പറയാതിരുന്നത് നന്നാ യി.

ഇങ്ങനെ യേശുവിന്റെ അത്ഭുത കള്ളക്കഥകൾ ധാരാളമുണ്ട്. അവയോ രോന്നും നിങ്ങളോട് പറയണമെന്ന ആഗ്രഹമുണ്ട്. എന്നിരുന്നാലും ആവർത്തന വിരസതയെ ഭയന്ന് ഞാൻ ഈ വിഷയം തൽക്കാലം ഇവിടെ ചുരുക്കുന്നു.

അദ്ധ്യായം 4 സമാപ്തം

# അദ്ധ്യായം 5 വാഗ്ദാനവും വഞ്ചനയും

മധുരമോഹന വാഗ്ദാനങ്ങൾ നൽകുകയും പിന്നീട് അവയൊന്നും തന്നെ പാലിക്കാതെ സമൂഹത്തെ ഒന്നടങ്കം നിഷ്ഠൂരമായി വഞ്ചിക്കുകയും ചെയ്യുക എന്നത് രാഷ്ട്രീയക്കാരുടെ വർഗ്ഗസ്വഭാവമാണെന്ന് കഴിഞ്ഞ പതിറ്റാണ്ടുകളായുള്ള അനുഭവം നമ്മെ പഠിപ്പിച്ചിട്ടുണ്ട്.

ജനാധിപത്യ വിശ്വാസികളെ എന്നാണ് ഇക്കൂട്ടർ പൊതുജനങ്ങളെ പരസ്യ മായി സംബോധന ചെയ്യുന്നത് രഹസ്യമായി പൊതുജനം കഴുതകളാണെന്നും ഇവർ പറയും. അതായത് പരസ്യമായി വിശ്വാസികളെയെന്നും രഹസ്യമായി കഴുതകളെയെന്നും വിളിക്കാം അത് സൂചിപ്പിക്കുന്നത് വിശ്വാസികൾ കഴുതക ളാണെന്നാണ്. ജനാധിപത്യം എന്ന് പറയുന്നത് കഴുതകളുടെ വിശ്വാസമാ ണെന്നും കുറച്ചുകൂടി ലളിതമായി പറഞ്ഞാൽ ജനാധിപത്യവിശ്വാസികൾ വിഢി കളാണെന്നർത്ഥം. ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി എന്നൊക്കെയാണ് ജനാധി

പത്യം എന്ന വാക്കിന്റെ നിർവചനം.  എന്നാൽ ഈ നിർവചനത്തിന്റെ ആദ്യപാതി അതായത് ജനങ്ങളാൽ എന്നത് മാത്രമേ സത്യമായുള്ളൂ.  ജനങ്ങൾക്കുവേണ്ടി നാളിതുവരെ ഒരു ജനാധിപത്യസർക്കാരും ഭരിച്ചിട്ടില്ല. ഇക്കൂട്ടർ ഇങ്ങിനെയൊക്കെ അധഃപതിക്കുവാൻ കാരണം ഇവരുടെ ഉള്ളിലുള്ള ഒടുങ്ങാത്ത ധനമോഹവും അത്യാഗ്രഹവുമാണ്.

ഒന്നു മാമോദീസ മുങ്ങി യേശുവാണ് ദൈവപുത്രൻ എന്ന് വിശ്വസിച്ചാൽ നിങ്ങളെ ഉടലോടെ സ്വർഗ്ഗത്തിലേക്ക് കൊണ്ടു പൊക്കോളും എന്നാണ് യേശു നൽകുന്ന മധുരവാഗ്ദാനം.

യേശുവാണ് ദൈവപുത്രൻ എന്ന് വിശ്വസിക്കുന്നവർക്ക് സ്വർഗ്ഗം അപ്പോൾ അങ്ങിനെ വിശ്വസിക്കാത്തവർക്കോ യേശുവിന്റെ ജനനത്തിന് ശേഷം ജനിച്ച വർക്കേ യേശുവിനെകുറിച്ചറിയാനും വിശ്വസിക്കാനുമൊക്കെ തരമുള്ളൂ. അപ്പോൾ യേശുവിന് മുമ്പ് ജനിച്ചവർക്കോ ജനിച്ച് ജീവിച്ച് മരിച്ച മനുഷ്യർക്കോ യേശുവിൻ വിശ്വസിക്കുന്നത് പോയിട്ട് യേശു എന്നൊരുവൻ ജീവിച്ചിരുന്നിട്ടു ണ്ടെന്ന് അവർ കേട്ടിട്ടുപോലുമില്ല.  പിന്നെയല്ലേ യേശുവിന്റെ നാമത്തിൽ മാമോ ദീസാ മുങ്ങുന്നത്.

യേശു ദൈവപുത്രമാണെന്ന് കരുതി സ്വർഗ്ഗത്തിലേക്കുള്ള  ഉടലോടെയുള്ള ആരോ ഹണവും കാത്തിരിക്കുന്ന എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾക്ക് യേശുവിന്റെ വക ഒരു ചെറിയ മുന്നറിയിപ്പുണ്ട്. ശ്രദ്ധിക്കുക യേശു പറയുന്നു മനുഷ്യന്റെ എല്ലാ പാപവും ദൈവഭൂഷണവും ക്ഷമിക്കപ്പെടും എന്നാൽ ആത്മാവിനെതിരായ ഭൂഷണം ക്ഷമിക്കപ്പെടുകയില്ല. (മത്തായി 12 : 31)

ഇവിടെ ആത്മാവെന്നുദ്ദേശിക്കുന്നത് യേശുവിന്റെ ജനനത്തിന് കാരണമായ

യേശുവിനെ പ്രസവിച്ച മറിയ എന്ന യഹൂദ സ്ത്രീയെ ഗർഭിണിയാക്കിയ പരിശുദ്ധ ആത്മാവിനെയാണ്. അതായത് മനുഷ്യർക്ക് മനുഷ്യർക്കെതിരായി പാപം ചെയ്യാം അങ്ങിനെ മനുഷ്യർ മനുഷ്യർക്കെതിരായി ചെയ്യുന്ന കൊള്ള, കൊലപാതകം, ബലാത്സംഗം തുടങ്ങിയ എല്ലാ പാപവും ക്ഷമിക്കപ്പെടും. പക്ഷേ യേശുവിന്റെ ജനനത്തിന് കാരണമായ ആത്മാവിനെതിരായി മാത്രം ഒരു ഭൂഷണവും പറഞ്ഞുകൂടാ അങ്ങിനെ ആരെങ്കിലും പറഞ്ഞാൽ അവനോടുക്ഷമിക്കില്ല അതായത് അവർ സ്വർഗ്ഗത്തിന്റെ പടിവാതിലുകാണില്ല എന്ന മുന്നറിയിപ്പാണ് ആ വാക്കുകളിൽ.

നീ പോയി കൊല്ലു കൊള്ളയടിക്കൂ ബലാത്സംഗം ചെയ്യു എന്ന് പറയുന്നതിന് പകരം മനുഷ്യന്റെ എല്ലാ പാപങ്ങളും ക്ഷമിക്കപ്പെടും എന്ന് പറഞ്ഞുകൊണ്ട് മനുഷ്യരെകൊണ്ട് ഈ പാപങ്ങളൊക്കെ യഥേഷ്ടം ചെയ്യിക്കുവാനുള്ള മനുഷ്യരെ പാപികളാക്കി മാറ്റുവാനുള്ള പരമ പിശാചിന്റെ ബുദ്ധികൗശലമാണ് നാം മനസ്സിലാക്കേണ്ടത്. യേശു എല്ലാ പാപങ്ങളും ക്ഷമിച്ച് തരും എന്ന വിശ്വാസത്തിലാണ് കത്തോലിക്കർ ശനിയാഴ്ചകളിൽ പാപങ്ങൾ ഏറ്റ് പറയുന്നത്. ഉരല് മദ്ദളത്തിനോട് പോയി സങ്കടം പറയുന്നത് പോലയാണ് കത്തോലിക്കർ അവരുടെ പുരോഹിതരോട് സങ്കടം പറയുന്നത്. കാരണം കത്തോലിക്കാ പുരോഹിതരെപോലെ മഹാപാപികളെ ഒരിടത്തും കാണാനാവില്ല. അമേരിക്കൻ ഐക്യനാടുകളിൽ മാത്രം പതിനായിരത്തിലേറെ കുട്ടികളെയാണ് വർഷങ്ങളായി ഈ ചെകുത്താന്റെ പുരോഹിതർ ലൈംഗിക പീഢനത്തിന് ഇരയാക്കിയിട്ടുള്ളത്. ഇന്നും ഇത് തുടർന്നുകൊണ്ടേയിരിക്കുന്നു.

ഇത്തരം ഹീന പ്രവർത്തികളിൽ മുഴുകിയിരിക്കുന്ന ലോകമെമ്പാടുമുള്ള

ആയിരക്കണക്കിന്  കത്തോലിക്ക പുരോഹിതരിൽ  ഒരുത്തനെപോലും നിയമ പരമായി ശിക്ഷിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് പറയുമ്പോൾ നോക്കണേ ഇവറ്റ കൾക്ക് ഭരണനേതൃത്വത്തിലുള്ള സ്വാധീനം എത്ര ഭീകരമാണെന്ന്.

ഗലീലിക്കടൽ തീരത്ത് മീൻപിടിച്ച് കഴിഞ്ഞിരുന്ന മുക്കുവരോട് എന്നെ അനുഗമിക്കുക.  ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കും  (മത്തായി 4 :19 ) എന്ന വാഗ്ദാനമാണ് യേശു തന്റെ ശിഷ്യൻമാർക്ക് നൽകുന്ന ആദ്യത്തെ വാഗ്ദാനം.  യേശുതന്നെയാണ് പരമപിശാച് എന്നതിന്റെ തെളിവ്  ഈ വാക്കു കളിൽ മറഞ്ഞ് കിടപ്പുണ്ട്.  ഞാൻ വിശദീകരിക്കാം.

മുക്കുവൻ മീൻ പിടിക്കുന്നത് മീനിനെ മാമോദീസ മുക്കി സ്വർഗ്ഗത്തിൽ കൊണ്ടുപോകാനല്ലെന്നും അവറ്റകളെ കൊന്നുതിന്നാനാണെന്ന് നമുക്കറിയാം. കടലിൽ കഴിയുന്ന മീനിനെ മുക്കുവൻ പിടിക്കുമ്പോൾ എന്താണ് സംഭവിക്കു ന്നത് അവൻ അതിനെ എത്രയും വേഗം കരയിലേക്ക് കൊണ്ടുവരുന്നു.  ഇനി കട ലിൽ നിന്ന് കരയിലേക്ക് വരുന്ന മീനിന് എന്താണ് സംഭവിക്കുന്നത് ?മീൻ ശ്വാസം കിട്ടാതെ മരിക്കുന്നു.  അങ്ങിനെ മുക്കുവനാൽ കൊല്ലപ്പെടുന്ന മീനുകളെ മുക്കു വൻ അകത്താക്കുന്നു.  ബാക്കി വരുന്നത് ചത്തമീനിനെ തിന്നാൻ താൽപര്.മുള്ള തന്നെപോലുള്ളവർക്ക് വിൽക്കുന്നു.  ഇതിൽ എന്ത് മഹത്ത്വമാണുള്ളത്.  മത്സ്യ മാംസാദികൾ തിന്നുന്ന മനുഷ്യർ പറയുന്ന ഒരു  മുടന്തൻ ന്യായമുണ്ട് കൊന്നാൽ പാപം തിന്നാൽ തീരുമെന്ന് എങ്കിൽ കൊലപാതകം ചെയ്യുന്നയാളെ ശിക്ഷിക്കേ ണ്ടകാര്യമില്ലല്ലോ.  അയാളോട് അതായത് കൊലപാതകിയോട് കൊന്നാൽ പാപം തിന്നാൽ തീരുമെന്നാണ് ആയത് കൊണ്ട് നിങ്ങൾ കൊന്നയാളുടെ ജഢം തിന്ന് തീർക്കുക എന്ന് വിധിച്ചാൽ പോരെ ഇതുകൊണ്ടാണ് ഞാൻ മുടന്തൻ ന്യായമെന്

പറഞ്ഞത്.

അങ്ങിനെ യേശു ഗലീലിക്കടലിലെ മീൻ പിടുത്തക്കാരെ യേശുവിന്റെ ശിഷ്യൻമാരെ തനിക്കുവേണ്ടി മനുഷ്യരെപ്പിടിക്കുവാനായി ഈ രണ്ട് പേരായി പറഞ്ഞയച്ചു. ഒരു പട്ടണത്തിൽ നിങ്ങളെ പീഢിപ്പിക്കുമ്പോൾ മറ്റൊന്നിലേക്ക് ഓടിപ്പോകുവിൻ. സത്യമായി ഞാൻ നിങ്ങളോട് പറയുന്നു മനുഷ്യപുത്രന്റെ ആഗമനത്തിന് മുമ്പ് നിങ്ങൾ ഇസ്രായേലിലെ പട്ടണങ്ങളെല്ലാം ഇങ്ങനെ ഓടി പൂർത്തിയാക്കുകയില്ല. (മത്തായി 10 23) എന്നും പറയുകയുണ്ടായി.

ഒരു പട്ടണത്തിൽ നിങ്ങളെ പീഢിപ്പിക്കുമ്പോൾ മറ്റൊന്നിലേക്ക് ഓടിപ്പോകുവിൻ എന്ന് പറയുന്നതിൽ നിന്നും ഇസ്രായേലിലെ പട്ടണങ്ങളെല്ലാം ഇങ്ങനെ ഓടി പൂർത്തിയാക്കുകയില്ല എന്ന് പറയുന്നതിൽ നിന്നും ഒന്ന് വ്യക്തമാണ്. അതായത് ഇസ്രായേലിലെ എത് പട്ടണത്തിൽ പോയാലും ഇവർ പീഢിപ്പിക്കപ്പെടുമെന്ന്. മീൻപിടിച്ച് കഴിഞ്ഞിരുന്നവരെ നിങ്ങൾക്ക് ഞാൻ മനുഷ്യരെപിടിക്കുന്നവരായി ഉദ്യോഗക്കയറ്റം നൽകാം എന്ന് പറഞ്ഞുവെങ്കിലും സത്യത്തിൽ യേശു അവർക്ക് നൽകാൻ ലക്ഷ്യമിട്ടിരുന്നത് പട്ടണങ്ങൾതോറും പീഢനമായിരുന്നു. ആട്ടിൻകുട്ടികളെ ചെന്നായ്ക്കൾക്ക് എറിഞ്ഞ് കൊടുത്തിട്ട് ഞാനാകുന്നു നല്ല ഇടയൻ എന്ന് പെരു നുണ പറയാൻ നസ്രായനായ യേശുവിനല്ലാതെ മറ്റാർക്കാണ് കഴിയുക സ്വശിഷ്യൻമാരെപ്പോലും കൊലയ്ക്ക് കൊടുത്തവൻ എങ്ങിനെയാണ് ലോകരക്ഷകനാവുക ആയതിനാൽ യേശുവിനെ പരമപിശാച് എന്ന് വിളിക്കുന്നതാണുത്തമവും അനുയോജ്യവും. ഇസ്രായേലിലെ എല്ലാ പട്ടണങ്ങളിൽ നിന്നും നിങ്ങൾ അടിമേടിച്ച് കഴിയും മുമ്പ് മനുഷ്യപുത്രൻ നിങ്ങൾ ജീവനോടുണ്ടെങ്കിൽ വരാം എന്ന പരിഹാസവുമുണ്ട് ലോകരക്ഷകന്റെ വാക്കുകളിൽ.

മനുഷ്യപുത്രന്റെ ആഗമനം അതായത് ലോകാവസാനവും അതിനോടനുബന്ധി ച്ചുള്ള ശിഷ്യൻമാരുടെ ഉടലോടെയുള്ള സ്വർഗ്ഗരോഹണവും നടന്നിരിക്കും എന്ന് വിശ്വസിച്ച് ഇസ്രായേലിൽ തലങ്ങും വിലങ്ങും ഓടി നടന്ന് സുവിശേഷം പ്രസം ഗിച്ച് ആ നാട്ടുകാരുടെ അതായത് യഹൂദരുടെ തല്ലുകൊണ്ട് അവശരായി എവിടെ നിന്റെ ആഗമനം? എവിടെ ഞങ്ങളുടെ ഉടലോടെയുള്ള സ്വർഗ്ഗാരോഹണം എന്ന് ശങ്കിച്ച് നിൽക്കുന്ന ശിഷ്യൻമോരോട് യേശു പറയുന്ന നുണ രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ക്കെയും പ്രസംഗിക്കപ്പെടും അപ്പോൾ അവസാനം വരും (മത്തായി 24 : 14 ) എന്നാണ്.

രാജ്യത്തിന്റെ ഈ സുവിശേഷമെന്നാൽ യേശുവിന്റെ സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷം അതായത് യേശു ദൈവപുത്രനാണെന്നും യേശുവിൽ വിശ്വസി ക്കുന്നവർക്ക് സ്വർഗ്ഗമെന്നും ഉള്ള സുവിശേഷം ശിഷ്യൻമാർ തങ്ങൾ ഇതിന് സാക്ഷ്യം നൽകുന്നുവെന്ന് ലോകമെമ്പാടും പോയി പ്രസംഗിച്ചാൽ അങ്ങിനെ യേശുവിന് വേണ്ടി മനുഷ്യരെ പിടിച്ചാൽ അപ്പോൾ അവസാനം വരും അതായത് ലോകാവസാനം വരും എന്നാണ് യേശു മുക്കുവർക്ക് നൽകുന്ന മധുരമനോജ്ഞ വാഗാദാനം ലോകാവസാനമെന്നാൽ എത് ലോകാവസാനം ?നമ്മുടെ ലോകാവ സാനം കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ ഭൂലോകാവസാനം.

യേശു ദൈവപുത്ര നാണെന്നും യേശുവിൽ വിശ്വസിക്കണമെന്നും ലോക മെമ്പാടും പ്രസംഗിക്കുന്നത് കൊണ്ട് മാത്രം നമ്മുടെ ലോകം അവസാനിച്ചു പോകു മെങ്കിൽ അഥവാ യേശു അങ്ങിനെ വാഗാദാനം നൽകുന്നുവെങ്കിൽ യേശു തന്നെ യാണ് പരമപിശാച് എന്നതിന് ഇതിൽപരം തെളിവാവശ്യമുണ്ടോ?

നിങ്ങൾ ലോകമെങ്ങും പോയി എന്നെക്കുറിച്ച് പ്രസംഗിക്കുവിൻ അപ്പോൾ ഭൂലോകമവസാനിച്ചുപോതും എന്ന് പറയുന്നവൻ എങ്ങിനെയാണ് ലോക രക്ഷകനാവുക? അവൻ ലോക ശത്രു എന്നല്ലേ നാം മനസ്സിലാക്കേണ്ടത്?

മുമ്പ് തന്റെ ശിഷ്യൻമാരായ മുക്കുവരോട് സത്യമായും ഞാൻ നിങ്ങളോട് പറയുന്നു നിങ്ങൾ ഇസ്രായേലിലെ പട്ടണങ്ങൾ മുഴുവൻ പൂർത്തിയാക്കുന്നതിന് മുമ്പ് മനുഷ്യപുത്രന്റെ ആഗമനമുണ്ടാകു മെന്ന് പറഞ്ഞ യേശു തന്നെയാണ് അതിന് കടകവിരുദ്ധായി ഭൂലോകം മുഴുവൻ പോയി സുവിശേഷം പ്രസംഗിച്ചാലേ അവസാനം വരു എന്നും പറയുന്നത്. യേശു നുണയാനാണെന്നും നുണ പറയുന്നതിന് മുന്നോടിയായി സത്യമായും ഞാൻ നിങ്ങളോട് പറയുന്നതിന് എന്ന് പറഞ്ഞ് തന്റെ നുണകളിൽ വിശ്വാസം ചെലുത്താൻ മുക്കുവരെ പ്രേരിപ്പിച്ചിരുന്നുവെന്നുമാണ് ഇത് വ്യക്തമാക്കുന്നത്.

ഉടലോടെ സ്വർഗ്ഗത്തിൽ പോകുവാനുള്ള മുക്കുവരുടെ അതിമോഹം കാരണം അവർ യേശുവിന്റെ നുണകളിൽ വിശ്വസിക്കുകയാണുണ്ടായത്. ഇതിൽ ഏറ്റവും ദൗർഭാഗ്യകരമെന്ന് പറയേണ്ടത് യേശുവിനോട് ഇതേ ശിഷ്യൻമാർ നിന്റെ ആഗമനത്തിന്റേയും ലോകാവസാനത്തിന്റേയും ദിവസം എന്നായിരിക്കുമെന്ന് ചോദിച്ചപ്പോൾ അതെന്നായിരിക്കുമെന്ന് എനിക്കറിയില്ല എന്റെ പിതാവിന് മാത്രമേ അറിയൂ എന്ന് പറഞ്ഞ യേശു തന്നെയാണ് ഇസ്രായേലിലെ സുവിശേഷപ്രസംഗം തീരും മുമ്പ് താൻ വരുമെന്നും അല്ല ഭൂലോകം മുഴുവൻ നിങ്ങൾ പ്രസംഗിച്ച് കഴിയുമ്പോൾ ലോകാവസാനം വരുമെന്നുമൊക്കെയുള്ള പൊള്ളയായ വാഗ്ദാനങ്ങൾ നൽകുന്നത്. മോഹന വാഗ്ദാനങ്ങൾ നൽകുന്നതിൽ നമ്മുടെ രാഷ്ട്രീയ പ്രവർത്തകരേക്കാൾ ഒത്തിരി മുകളിലാണ് യേശുവിന്റെ സ്ഥാനം.

രാഷ്ട്രീയക്കാർ മക്കളാണെങ്കിൽ യേശുവാണ് അവരുടെ തന്ത. തന്തജീവനോ ടുള്ളിടത്തോളം കാലം മക്കളും ജീവനോടുണ്ടാകും. തന്തയെകൊന്നാൽ മക്കൾ പാറാപറന്തലായി നശിച്ചുപൊക്കോളും അതുകൊണ്ടാണ് മക്കളുടെ വിക്രിയക ളെക്കുറിച്ച് ഞാൻ കുടുതലൊന്നും പറയാനാഗ്രഹിക്കാത്തത് അല്ലാതെ അതിനെ കുറിച്ച് ഞാൻ അജ്ഞനായിരിക്കുന്നതു കൊണ്ടല്ല.

ആയിരക്കണക്കിന് വരുന്ന ശിഖരങ്ങളിൽ കോടിക്കണക്കിന് വരുന്ന ഇല കൾ അത് സൃഷ്ടിക്കുന്ന അന്ധകാരം. അത്തരമൊരു ഘോരാന്ധകാരത്തിൽ ശത്രുവാര് മിത്രമാര് എന്നറിയാതെ അന്യോന്യം തമ്മിലടിച്ച് തമ്മിലടിച്ച് ഭരിക്കുന്ന മനുഷ്യർക്ക് മോചനമുണ്ടാവണമെങ്കിൽ ഇത്തരമൊരു ഭീകര അന്ധകാരം തീർക്കുന്ന വൃക്ഷത്തെ വേരോടെ പിഴുതെറിയണം. അല്ലാതെ ഒരിലയോ ഒരു ശിഖരമോ ഇല്ലാതാക്കുന്നതിൽ നിന്ന് ഈ വൃക്ഷത്തിന് യാതൊരു ഹാനിയും സംഭ വിക്കുന്നില്ല. ഒരില നാം പറിച്ച് കളയുമ്പോൾ ആയിരം പുതിയ ഇലകൾ ആ വൃക്ഷത്തിൽ കിളിർക്കും . കടലിലെ ജലം കൈക്കുമ്പിളിൽ കോരി കുടിച്ച് വറ്റി ക്കുവാൻ ശ്രമിക്കുന്നത് പോലെ അസാധ്യമാണ് ഈ വൃക്ഷത്തിന്റെ ഇലകൾ പറിച്ച് കളയുവാൻ ശ്രമിക്കുന്നത്.

യേശു ഗലീലിയിലെ മുക്കുവരോട് അഥവാ യേശുവിന്റെ ശിഷ്യരോട് ആരം ഭത്തിലെ തന്നെ നിങ്ങൾ ഭൂലോകം മുഴുവൻ പോയി സുവിശേഷം പ്രസംഗിക്കൂ എന്നാലേ ലോകാവസാനം വരൂ എന്ന് എന്ത് കൊണ്ട് പറഞ്ഞില്ലായെന്ന് നിങ്ങൾ വിചാരിക്കുന്നതെങ്കിൽ അതിന് കാരണമിതാണ്. അങ്ങിനെ യേശു അവരോട് ആദ്യമേ പറഞ്ഞിരുന്നുവെങ്കിൽ അവർ അപ്പോൾ തന്നെ യേശുവിനെ ഉപേക്ഷിച്ച് അവരുടെ കുലത്തൊഴിലായ മീൻപിടിത്തത്തിന് പോയേനെ അതറിയാമായിരു

ന്നതുകൊണ്ടാണ് അവരോടാദ്യം നിങ്ങൾ ഇസ്രായേലിൽ പ്രസംഗിച്ചു തീരുന്നതിന് മുമ്പേ ഞാൻ വരുമെന്ന് ആണയിട്ട് നുണ പറഞ്ഞത്. യേശുക്രിസ്തു പഠിച്ച കള്ളണായിരുന്നുവെന്നാണ് ഇത് നൽകുന്ന സുചന.

മൂന്നുവർഷകാലം നിത്യവും കൂടെ കൊണ്ട് നടന്ന് മസ്തിഷ്ക്കപ്രക്ഷാളനം നടത്തിയതിന് ശേഷമാണ് മുക്കുവരെ ലോകമെമ്പാടും പറഞ്ഞയക്കുന്നത്. യേശുവിന്റെ നുണകൾ വിശ്വസിച്ച് അവർ ലോകമെമ്പാടും സുവിശേഷം പ്രസംഗിക്കുവാനായി പുറപ്പെട്ടുപോയി. യോഹന്നാനൊഴികെയുള്ളവരൊക്കെ അങ്ങിനെ ലോകത്തിന്റെ നാനാഭാഗങ്ങളിൽ വെച്ച് ദാരുണമായി കൊലചെയ്യപ്പെട്ടു. ഇതെല്ലാം സംഭവിച്ചിട്ട് രണ്ടായിരത്തോളം വർഷങ്ങളായി. യേശു എന്ന പെരുങ്കള്ളൻ മാത്രം ഇനിയം വന്നിട്ടില്ല.

ബൈബിൾ പുസ്തകം അവസാനിക്കുന്നത് അതേ ഞാൻ വേഗം വരുന്നു എന്ന യേശുവിന്റെ വാഗ്ദാനത്തോടെയാണ്. താൻ എപ്പോഴ് വരുമെന്നറിയില്ല പിതാവിന് മാത്രമേ അറിയൂ എന്ന് പറഞ്ഞ യേശുവാണ് അതേ ഞാൻ വേഗം വരുന്നു എന്നും പറയുന്നത്. ഞാൻ എന്ന് വരുമെന്ന് എനിക്കറിയില്ല എന്ന് പറയുന്ന ഒരാൾക്ക് എങ്ങിനെയാണ് ഞാൻ വേഗം വരുമെന്ന് പറയുവാൻ കഴിയുക?

യോഹന്നാനൊഴികെ മറ്റെല്ലാവരും കൊല്ലപ്പെട്ടു എന്ന് പറയുന്നത് കൊണ്ട് യേശുവിന് യോഹന്നാനോടെങ്കിലും സ്നേഹമുണ്ടായിരുന്നുവല്ലേ എന്ന് ആരെങ്കിലും വിചാരിക്കുന്നുവെങ്കൽ അവർക്ക് തെറ്റി : പത്രോസ് തിരിഞ്ഞു നോക്കിയപ്പോൾ യേശു സ്നേഹിച്ചിരുന്ന ആ ശിഷ്യൻ (യോഹന്നാൻ) പിന്നാലെ വരുന്നത് കണ്ടു. ഇവനാണ് അത്താഴസമയത്ത് യേശുവിന്റെ വക്ഷസ്സിൽ ചാരികിടന്നുകൊണ്ട് കർത്താവേ ആരാണ് നിന്നെ ഒറ്റിക്കൊടുക്കുവാൻ പോകുന്നത് എന്ന്

ചോദിക്കുന്നത്. അവനെ കണ്ടപ്പോൾ പത്രോസ് യേശുവിനോട് ചോദിച്ചു കർത്താവേ ഇവന്റെ കാര്യം എന്ത് ?യേശു പറഞ്ഞു ഞാൻ വരുന്നതുവരെ ഇവൻ ജീവിച്ചിരിക്കണമെന്നാണ് എന്റെ ഹിതമെങ്കിൽ നിനക്കെന്ത് ?നീ എന്നെ അനുഗമിക്കുക ആ ശിഷ്യൻ മരിക്കുകയില്ല എന്ന് ഒരു സംസാരം സഹോദരരുടെയിടയിൽ പരന്നു. എന്നാൽ അവൻ മരിക്കുകയില്ല എന്നല്ല യേശു പറഞ്ഞത് , പ്രത്യുത, ഞാൻ വരുന്നത് വരെ അവൻ ജീവിച്ചിരിക്കണമെന്നാണ് എന്റെ ഹിതമെങ്കിൽ നിനക്കെന്ത് എന്നാണ്. ഈ ശിഷ്യൻ തന്നെയാണ് ആ കാര്യങ്ങൾക്ക് സാക്ഷ്യം നൽകുന്നതും ഇവ എഴുതിയതും. അവന്റെ സാക്ഷ്യം സത്യമാണെന്ന് ഞങ്ങൾക്കറിയാം (യോഹന്നാൻ 21 : 20 24 )

ഈ ശിഷ്യൻ തന്നെയാണ് ഇവ എഴുതിയതും എന്ന് പറഞ്ഞിരിക്കുന്നതിൽ നിന്നും ഈ വാക്യം യോഹന്നാൻ 21 : 24 ൽ എന്ന് പറഞ്ഞിരിക്കുന്നതിനാലും യേശു ഞാൻ വരുന്നതുവരെ ഇവൻ ജീവിച്ചിരിക്കണമെന്നാണ് എന്റെ ഹിതമെങ്കിൽ എന്ന് പറയുന്നതിലെ ഇവൻ യോഹന്നാനാണെന്ന് ബോദ്ധ്യമാകുന്നു.

ഏത് സന്ദർഭത്തിലാണ് യേശു പത്രോസിനോട് ഇങ്ങനെ പറഞ്ഞതെന്ന് പരിശോധിക്കുക. യേശു പത്രോസിനോട് നീ ചെറുപ്പമായിരുന്നപ്പോൾ യഥേഷ്ടം സഞ്ചരിച്ചിരുന്നു എന്നാൽ പ്രായമാകുമ്പോൾ നീ ആഗ്രഹിക്കാത്തിടത്തേക്ക് നിന്നെ കൊണ്ട് പോവുകയും ചെയ്യും എന്ന് പറയുകയുണ്ടായി (യോഹന്നാൻ 21 : 18 ) ഇത് യേശു പറഞ്ഞത് ഏത് വിധത്തിലുള്ള മരണത്താൽ പത്രോസ് ദൈവത്തെ മഹത്ത്വരപ്പെടുത്തും എന്ന് സൂചിപ്പിക്കാനാണ് എന്ന് 19-ാം വാക്യവും പറയുന്നു.

പത്രോസിനെ റോമിൽ തലകീഴായി കുരിശ്ശിൽ തറച്ച് കൊന്നുവെന്നാണ് ചരിത്രം പറയുന്നത്. യേശുവിൻ വിശ്വസിച്ചു എന്ന കുറ്റത്തിന് തലകീഴായി ഒരു

മനുഷ്യനെ കുരിശ്ശിൽ തറച്ച് കൊല്ലുന്നതിൽ മഹത്ത്വപ്പെടുന്നവൻ ദൈവമോ പിശാചോ എന്നത് നിങ്ങളുടെ മനോധർമ്മത്തിന് വിടുന്നു. ഏതായാലും പത്രോസിന്റെ ഭാവിയെകുറിച്ചാണ് യേശു പറഞ്ഞതെന്ന് പത്രോസിന് ബോദ്ധ്യമായി ആ സമയത്ത് പത്രോസ് തിരിഞ്ഞ് നോക്കിയപ്പോൾ യോഹന്നാൻ പിന്നാലെ വരുന്നത് കണ്ട് പത്രോസ് യേശുവിനോട് ഇവന്റെ കാര്യം എന്ത് ?എന്ന് ചോദിക്കുന്നു അതിനർത്ഥം ഇവന്റെ ഭാവി എങ്ങിനെയായിരിക്കും ഇവനും പ്രായമാകുമ്പോൾ അവൻ◌◌ ആഗ്രഹിക്കാത്തിടത്തേക്ക് പോകേണ്ടി വരുമോ എന്നതാണഅ പത്രോസിന്റെ ചോദ്യത്തിലെ ധ്വനി. പ്രസ്തുത ചോദ്യത്തിനാണ് ഞാൻ വരുന്നതുവരെ ഇവൻ ജീവിച്ചിരിക്കണമെന്നാണഅ എന്റെ ഹിതമെങ്കിൽ നിനക്കെന്ത് ? എന്ന് യേശു പത്രോസിനോട് മറുപടി പറയുന്നത്.

ഞാൻ വരുന്നത് വരെ അതായത് യേശുവിന്റെ ആഗമനം വരെ ഇവൻ ജീവിച്ചിരിക്കണമെന്നാണ് അതായത് യോഹന്നാൻ ജീവിച്ചിരിക്കണമെന്നാണ് യേശുവിന്റെ ഹിതമെങ്കിൽ എന്ന് പറയുവാനായിട്ട് യേശുവിന്റെ ആഗമനമെന്നാണെന്ന് യേശുവിനറിയില്ലായെന്നല്ലേ യേശു മുമ്പ് പറഞ്ഞിട്ടുള്ളത്. അപ്പോൾ പിന്നെ എന്റെ ആഗമനം വരെ യോഹന്നാൻ ജീവിച്ചിരിക്കണമെന്നാണ് എന്റെ ആഗ്രഹമെങ്കിൽ എന്ന് പറയുവൻ യേശുവിന് കഴിയുന്നതെങ്ങിനെ?

ഇനി മറ്റൊരു വിധത്തിൽ ചിന്തിച്ച് നോക്കാം. യേശു പത്രോസിനോട് ഞാൻ വരുന്നതുവരെ യോഹന്നാൻ ജീവിച്ചിരിക്കണമെന്നാണ് എന്റെ ഹിതമെങ്കിൽ നിനക്കെന്ത് ? എന്ന് ചോദിക്കുവാൻ പത്രോസ് യേശുവിനോട് നീ വരുന്നതുവരെ യോഹന്നാൻജീവിച്ചിരിക്കണമെന്ന് നീ അഗ്രഹിക്കരുത് എന്ന് പറഞ്ഞിരുന്നില്ലല്ലോ. പത്രോസ് ഇവന്റെ കാര്യമെന്ത് എന്ന് മാത്രമേ ചോദിക്കുകയുണ്ടായുള്ളു.

അപ്പോൾ യേശു ഇത്തരത്തിൽ ഒരു ചോദ്യം പത്രോസിനോട് ചോദിക്കേണ്ട യാതൊരു കാരണവും കാൺമാനില്ല. അപ്പോൾ പിന്നെ എന്തിനാണ് ഇവ്വിധം സംസാരിക്കുകയുണ്ടായത് ? ഈ ചോദ്യത്തിനുത്തരം അറിയുവാൻ വളരെയെളുപ്പമാണ്. യേശു ഇങ്ങിനെ പറയുന്നതിന്റെ പരിണിതഫലം എന്തായിരുന്നുവെന്ന് മാത്രം മനസ്സിലാക്കിയാൽ മതി. ആ ശിഷ്യൻ മരിക്കുകയില്ല എന്ന ഒരു സംസാരം സഹോരരുടെയിടയിൽ പരന്നു എന്നതായിരുന്ന യേശു പത്രോസിനോട് യേശു വരുന്നതുവരെ യോഹന്നാൻ ജീവനോടുണ്ടാകണമെന്ന് യേശു ആഗ്രഹിക്കുന്നുവെങ്കിൽ നിനക്കെന്ത് എന്ന് പറഞ്ഞതിന്റെ പരിണിതഫലം ആ ശിഷ്യൻ മരിക്കുകയില്ല എന്ന് പറഞ്ഞിരിക്കുന്നതിനർത്ഥം യോഹന്നാൻ മരിക്കുകയില്ല എന്ന ഒരു സംസാരം സഹോദരരുടെയിടയിൽ അഥവാ മറ്റ് ശിഷ്യൻമാരുടെയിടയിൽ പരന്നു എന്നാണ്.

ഇനി മറ്റൊരു വസ്തു ശ്രദ്ധിക്കുക. യോഹന്നാൻ യേശുവിന്റേയും പത്രോസിന്റേയും പിന്നാലെ വരുന്നത് കണ്ട് പത്രോസാണ് യേശുവിനോട് യോഹന്നാന്റെ കാര്യമെന്ത് അഥവാ ആയാളുടെ ഭാവി എന്ത് എന്ന് ചോദിക്കുന്നത്.യേശു മറുപടി പറയുന്നതും പത്രോസിനോടാണ്. യേശു പത്രോസിനോട് പറഞ്ഞ വാക്കുകളിൽ നിന്ന് ശിഷ്യൻമാരുടെയിടയിൽ യോഹന്നാൻ മരിക്കുകയില്ല എന്ന സംസാരം പരന്നിട്ടുണ്ടെങ്കിൽ അത് സൂചിപ്പിക്കുന്നത് പത്രോസ് ശിഷ്യൻമാരോട് പറഞ്ഞത് യേശു വരുന്നതുവരെ യോഹന്നാൻ മരിക്കുകയില്ല അഥവാ ജീവനോടുണ്ടാകും എന്ന് യേശു തന്നോടു പറയുകയുണ്ടായി എന്നാണ്. അങ്ങിനെയെങ്കിൽ യോഹന്നാന് എങ്ങിനെയാണ് അവൻ മരിക്കുകയില്ല എന്നല്ല യേശു പറഞ്ഞത് എന്ന് പറയുവാൻ കഴിയുക ? യോഹന്നാനോടല്ലല്ലോ പത്രോസിനോ

ടല്ലേ  യേശു സംസാരിച്ചത് പത്രോസ് പറഞ്ഞ് കേട്ടത് വച്ച് മറ്റ് ശിഷ്യൻമാരുടെയിടയിൽ പരന്ന സംസാരം  ആ ശിഷ്യൻ മരിക്കുകയില്ല  എന്നല്ലേ ?മറ്റ് ശിഷ്യൻമാരോട് പത്രോസ് ആ ശിഷ്യൻ മരിക്കുകയില്ലായെന്നും യോഹന്നാനോട് ആ ശിഷ്യൻ മരിക്കുകയില്ലായെന്നല്ലായെന്നും രണ്ടു  വിധത്തിൽ പറയുവാൻ കഴിയില്ലല്ലോ.  മറ്റൊരു ചോദ്യം യോഹന്നാൻ 21-ാം അദ്ധ്യായം 23-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നതുപോലെ അവൻ മരിക്കുകയില്ല എന്നല്ല യേശു പറഞ്ഞതിനർത്ഥമെങ്കിൽ യോഹന്നാനതറിയാമായിരുന്നുവെങ്കിൽ എന്തുകൊണ്ടാണ് അയാൾ ശിഷ്യൻമാരുടെയിടയിൽ തന്നെക്കുറിച്ച് ഇത്തരത്തിൽ ഒരു തെറ്റിദ്ധാരണ പരക്കാൻ അനുവദിച്ചത് അയാൾക്കത് മുളയിലേ നുള്ളിക്കളയാമായിരുന്നില്ലേ അത് പരക്കാൻ ഇടയാകുമായിരുന്നില്ലല്ലോ.

ശിഷ്യൻമാരുടെയിടയിൽ യോഹന്നാൻ മരിക്കുകയില്ലായെന്ന സംസാരം പരന്നുയെന്ന് പറഞ്ഞിരിക്കുന്നതിൽ നിന്ന് വ്യക്തമാണ് പത്രോസ് അവരോട് അങ്ങിനെയാണ് പറഞ്ഞിരുന്നതെന്ന് അഥവാ യേശുവിന്റെ വാക്കുകൾ പത്രോസ് മനസ്സിലാക്കിയത് യോഹന്നാൻ യേശു വരും വരെ ജീവനോടുണ്ടാകും എന്നാണെന്ന്.

യൂദാസ് ഇസ്ക്കറിയാത്തിന്റെ മരണശേഷം ഉണ്ടായിരുന്ന യേശുവിന്റെ പതിനൊന്ന് ശിഷ്യൻമാരിൽ ആദ്യം മരണത്തിനിരയാവുന്നത് യോഹന്നാന്റെ സഹോദരനായ യാക്കോബാണ്.  (അപ്പസ്തോലൻമാരുടെ പ്രവർത്തനങ്ങൾ 12 : 1  2 ) തങ്ങളിലൊരുവൻ യേശു ലോകരക്ഷകനാണ് എന്ന് പ്രസംഗിച്ച് നടന്നതിന്റെ ഫലമായി കൊലചെയ്യപ്പെട്ടിട്ടും യേശുവിലുള്ള വിശ്വാസം നഷ്ടപ്പെടാതെ തങ്ങളുടെ ദൗത്യമായി മുന്നോട്ടുപോയില്ലെങ്കിൽ അതിനുകാരണം യേശു  പത്രോസിനോട്

പറഞ്ഞ വാക്കുകൾ അതായത് താൻ വരുവോളം യോഹന്നാൻ ജീവനോടുണ്ടാകും എന്നതാണ്. ഒന്നിനു പുറകെ ഒന്നായി യേശുവിന്റെ ശിഷ്യൻമാർ കൊലച്ചെയ്യപ്പെടുമ്പോൾ ശേഷിക്കുന്ന ശിഷ്യൻമാർ ആശ്വസിച്ചിരുന്നത് യോഹന്നാൻ ജീവനോടുണ്ടല്ലോ യേശു പത്രോസിനോട് പറഞ്ഞത് യേശു വരുവോളം യോഹന്നാൻ ജീവിച്ചിരിക്കുമെന്നാണല്ലോ എന്നായിരുന്നു. യാക്കോസ് മരിച്ചപ്പോഴും അവർ അങ്ങിനെതന്നെ കരുതി. അങ്ങിനെ യോഹന്നാൻ മരിക്കുന്നതിന് മുമ്പ് താൻ വരുമെന്ന് പറഞ്ഞ് യേശു ശിഷ്യൻമാരെ വെട്ടിലാക്കി. യേശു അങ്ങിനെ പറഞ്ഞില്ലായിരുന്നുവെങ്കിൽ ആദ്യ ശിഷ്യൻ മരിച്ചുവീണപ്പോഴെ മറ്റ് ശിഷ്യൻമാർ പരിപാടി ഉപേക്ഷിച്ചേനെ. കാരണം ഒരിക്കൽ ജനക്കൂട്ടത്തിന് നടുവിൽ പന്ത്രണ്ട് ശിഷ്യൻമാരും ഉണ്ടായിരിക്കെ യേശു പറഞ്ഞത് മനുഷ്യപുത്രൻ തന്റെ രാജ്യത്തിൽ വരുന്നത് ദർശിക്കുന്നതിനുമുൻപ് ഇവിടെ നിൽക്കുന്നവരിൽ ചിലർ മരിക്കുകയില്ലെന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നുവെന്നാണ്. (മത്തായി 16 : 28 ) ജനക്കൂട്ടത്തിന് മുന്നെ യേശു ഇത്തരം ഒരു വാഗ്ദാനം നൽകുമ്പോൾ ശിഷ്യൻമാർ തീർച്ചയായും യേശു ഇവിടെ നിൽക്കുന്നവരിൽ ചിലർ മരിക്കുകയില്ലെന്ന് പറഞ്ഞത് തങ്ങളെക്കുറിച്ചാണെന്നാവും ധരിച്ചിരിക്കുക. അപ്പോൾ ശിഷ്യൻമാരിൽ ഒരുവൻ കൊല്ലപ്പെടുകയും യേശുവിന്റെ ആഗമനം ഇനിയും സംഭവിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ശിഷ്യൻമാർക്ക് യേശുവിലുള്ള വിശ്വാസം നഷ്ടപ്പെടുവാനും അവർ യേശുവാണ് ദൈവപുത്രനെന്ന സുവിശേഷ പ്രസംഗ ദൗത്യം ഉപേക്ഷിച്ച് തിരിച്ച് മീൻപിടിക്കുവാൻ പോകുവാനും ഇടയു

ണ്ട്. യോഹന്നാൻ മരിക്കുന്നതിനുമുമ്പ് താൻ വരുമെന്നുള്ള ഒരൊറ്റനുണയിൻമേലാണ് യേശു എന്ന പരമ പിശാച് ആ പ്രതിസന്ധി തരണം ചെയ്യുകയുണ്ടായത്. യോഹന്നാൻ മരിക്കുന്നതിന് മുമ്പ് താൻ വരുമെന്ന് പറയുന്നതിലൂടെ അവൻ തന്റെ ഓരോ ശിഷ്യൻമാരുടേയും മരണം ഉറപ്പുവരുത്തി. ഒടുവിൽ യോഹന്നാനും മരിച്ചു.

അദ്ധ്യായം അഞ്ച് വാഗ്ദാനവും വഞ്ചനയും സമാപ്തം.

## അദ്ധ്യായം 6 ബൈബിളിന്റെ യഥാർത്ഥ രചയിതാവ്

യേശുവിന്റെ ജീവചരിത്രം ബൈബിളിലെ മത്തായി, മാർക്കോസ്, ലൂക്കോസ്,യോഹന്നാൻ എന്നീ നാലു പേരുകളിലുള്ള പുസ്തകങ്ങളിലാണ് എഴുതിയിരിക്കുന്നത്.

ഈ നാല് പുസ്തകങ്ങളിൽ ആദ്യാവസാനം കാണുന്ന പരസ്പരവിരുദ്ധമായ പ്രസ്താവനകൾ ഇവിടെ സത്യത്തിൽ ഇവർ തന്നെയാണോ എഴുതിയത് എന്ന സംശയത്തിന് ആക്കം കൂടുന്നു.

യേശുവിന്റെ ആദ്യ ശിഷ്യൻമാരായ പത്രോസും അയാളുടെ സഹോദരൻ അന്ത്രയോസും ഏത് സ്ഥലത്ത് വെച്ച് എപ്പോൾ എങ്ങിനെ യേശുവിന്റെ ശിഷ്യൻമാരായി എന്ന് മത്തായിയുടേയും യോഹന്നാന്റെയും പേരിലുള്ള പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നത് പരിശോധിച്ച്കൊണ്ട് നമുക്കാരംഭിക്കാം.

അവൻ(യേശു ) ഗലീലിക്കടൽത്തീരത്തു നടക്കുമ്പോൾ കടലിൽ വലവീശിക്കൊണ്ടിരുന്ന രണ്ടു സഹോദരൻമാരെ കണ്ടും പത്രോസ് എന്ന് വിളിക്കപ്പെടുന്ന ശിമയോനെയും സഹോദരൻ അന്ത്രയോസിനേയും അവർ മീൻപിടുത്തക്കാരായിരുന്നു. അവൻ അവരോട് പറഞ്ഞു എന്നെ അനുഗമിക്കുക ഞാൻ

നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും തൽക്ഷണം അവർ വലകളുപേക്ഷിച്ച് അവനെ അനുഗമിച്ചു (മത്തായി 4 : 18 20 )

മുൻപ് ഞാൻ ചോദിച്ച ചോദ്യങ്ങൾ ഇവിടെ ആവർത്തിക്കുന്നു. ഏത് സ്ഥലത്ത് വെച്ച്? ഗലീലിക്കടൽത്തീരത്തുവെച്ച് എപ്പോൾ? പത്രോസും അന്ത്രയോസും വലവീശിക്കൊണ്ടിരുന്നപ്പോൾ എങ്ങിനെ? എന്നെ അനുഗമിക്കുക ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്ന വാഗ്ദാനത്തിലൂടെ ഇനി പത്രോസും അന്ത്രയോസും എവിടെ ?എപ്പോൾ ?എങ്ങിനെ? യേശുവിന്റെ ശിഷ്യൻമാരായിതീർന്നു എന്ന ചോദ്യങ്ങൾക്ക് യോഹന്നാന്റെ പേരിലുള്ള പുസ്തകം നൽകുന്ന മറുപടി ശ്രദ്ധിക്കുക.

ഏത് സ്ഥലത്തുവെച്ച് ? ജോർദ്ദാൻ നദിയുടെ അക്കരെവെച്ച് (1 : 28) ഇത് മത്തായിപറയുന്നതിന് കടക വിരുദ്ധമാണ് കാരണം മത്തായി പറയുന്നത് ഗലീലിക്കടൽത്തീരത്തു വെച്ചാണ് യേശു പത്രോസിനേയും അന്ത്രയോസിനേയും കണ്ടുമുട്ടുന്നതെന്നാണ്.

എപ്പോൾ ? എന്ന ചോദ്യത്തിന് യോഹന്നാൻ നൽകുന്ന മറുപടി : പത്രോസിന്റെ സഹോദരനായ അന്ത്രയോസിനോടും പേര് പറഞ്ഞിട്ടില്ലാത്ത വേറൊരാളോടും കൂടി യോഹന്നാൻ നിൽക്കുമ്പോൾ (സ്നാപകയോഹന്നാൻ യേശുവിന്റെ ശിഷ്യനായിരുന്ന യോഹന്നാനല്ല) യേശു നടന്നുവരുന്നത് കണ്ട് അയാൾ കൂടെയുണ്ടായിരുന്നവരോട് ഇതാ ദൈവത്തിന്റെ കുഞ്ഞാട ് എന്ന് പറയുന്നു. ഇത് കേട്ട് അന്ത്രയോസും കൂടെയുണ്ടായിരുന്ന ആളും കൂടി യേശുവിന്റെ പിന്നാലെ പോകുന്നു. യേശു തിരിഞ്ഞ് അവർ തന്റെ പിന്നാലെ വരുന്നത് കണ്ട് ചോദിച്ചു നിങ്ങൾ എന്തന്വോഷിക്കുന്നു ? അവർ ചോദിച്ചു റസ്ബി ഗുരു എന്നാണ് ഇതി

നർത്ഥം അങ്ങ് എവിടെയാണ് വസിക്കുന്നത് (യോഹന്നാൻ 1 : 35 38 )

അങ്ങിനെ യോഹന്നാന്റെ പേരിലുള്ള പുസ്തകപ്രകാരം അന്ത്രയോസ് യേശുവിനെ ആദ്യായി കാണുന്നതും ഗുരു എന്ന് സംബോധനചെയ്യുന്നതും യേശു അവരെ ആദ്യമായികാണുന്നതും എല്ലാം ബധാനിയായിൽ വെച്ചാണ് അല്ലാതെ മത്തായി പറയുന്നത് പോലെ ഗലീലിക്കടൽത്തീരത്തു വെച്ചല്ല.എന്നെ അനുഗമിക്കുക ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്ന് യേശു അന്ത്രയോസിനോട് പറയുന്നില്ല.

യേശു ഒന്നും പറയാതെ തന്നെ അന്ത്രയോസ് യേശുവിനെ അനുഗമിക്കു ന്നതായിട്ടാണ് യോഹന്നാന്റെ പേരിലുള്ള പുസ്തകത്തിൽ കാണുന്നത്. ചുരു ക്കിപറഞ്ഞാൽ ഈ രണ്ടു പുസ്തകങ്ങളിലും കാണുന്ന വിവരണങ്ങൾ തമ്മിൽ യാതൊരു ബന്ധവുമില്ല. മത്തായിയും യോഹന്നാനും യേശുവിന്റെ ശിഷ്യൻമാർ ആയിരിക്കെ അവരാണി പുസ്തകങ്ങൾ എഴുതിയിരുന്നതെങ്കിൽ ഇത്തരമൊരു വൈരുദ്ധ്യം ഒരിക്കലും സംഭവിക്കുമായിരുന്നില്ല. ആയതിനാൽ ഈ പുസ്തക ങ്ങൾ എഴുതിയത് യോഹന്നാനിം മത്തായിയുമാണ് എന്ന് പറയുന്നത് വിശ്വാസ യോഗ്യമല്ല.

മത്തായി പ്രകാരം അന്ത്രയോസും പത്രോസും യേശുവിന്റെ ശിഷ്യൻമാരാ കുന്നത് ഒരേ സമയത്താണ്. എന്നാൽ യോഹന്നാൻ പ്രകാരം ആദ്യം അന്ത്ര യോസും പിന്നീട് അയാളുടെ പ്രേരണയാൽ പത്രോസും അവനെ (യേശുവിനെ) അനുഗമിച്ച ആ രണ്ടുപേരിൽ ഒരുവൻ ശിമയോൻ പത്രോസിന്റെ സഹോദരൻ അന്ത്രയോസായിരുന്നു. അവൻ ആദ്യമേ തന്റെ സഹോദരനായ ശിമയോനെ (പത്രോസിനെ) കണ്ട് അവനോട് ഞങ്ങൾ മിശിഹായെ ക്രിസ്തുവിനെ കണ്ടു

എന്നു പറഞ്ഞു. അവനെ യേശുവിന്റെ അടുത്തുകൊണ്ടുവന്നു. യേശു അവനെ നോക്കി പറഞ്ഞു. നീ യോഹന്നാനിന്റെ പുത്രനായ ശിമയോനാണ്. കേപ്പാ-പാറ-എന്ന് നീ വിളിക്കപ്പെടും. (യോഹന്നാൻ 1 40 42) അങ്ങിനെ യോഹന്നാന്റെ പേരിലുള്ള പുസ്തകപ്രകാരം അന്ത്രയോസും അയാളുടെ സഹോദരൻ ശിമയോൻ പത്രോസും വ്യത്യസ്ത സമയങ്ങളിലാണ് യേശുവിന്റെ ശിഷ്യൻമാരാകുന്നത്.

ഇനി മറ്റൊരു പരസ്പരവൈരുദ്ധ്യം ശ്രദ്ധിക്കൂ. അതിന്റെ ശേഷം യേശു ശിഷ്യൻമാരുമായി യെഹൂദ്യദേശത്തു വന്ന് അവരോടുകൂടെ സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നു. യോഹന്നാനും (സ്നാപകയോഹന്നാൻ യേശുവിന്റെ ശിഷ്യമായിരുന്നു യോഹന്നാനല്ല) ശലേമിനും അരികത്തു ഐനോനിൽ സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നു. അവിടെ ധാരാളം വെള്ളം ഉണ്ടായിരുന്നു, ആളുകൾ വന്നു സ്നാനം ഏറ്റു (യോഹന്നാൻ 3 : 22 - 2)

മേൽപ്പറഞ്ഞ വാക്യങ്ങൾ പ്രകാരം യേശുവും ശിഷ്യൻമാരും കൂടി യെഹൂദ്യദേശത്തു സ്നാനം കഴിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ യോഹന്നാനും മറ്റൊരിടത്ത് (ഐനോനിൽ) സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ മത്തായിയുടെ പേരിലുള്ള പുസ്തകപ്രകാരം നോക്കി യാൽ ഇതസാധ്യമാണ്. കാരണം യേശുവിന് അന്ത്രയോസെന്നും ശിമയോൻ പത്രോസ് എന്നും പേരിലുള്ള തന്റെ ആദ്യ രണ്ട് ശിഷ്യൻമാരെ ലഭിക്കുന്നത് സ്നാപകയോഹന്നാൻ കാരഗ്രഹത്തിലായതിന് ശേഷമാണ് യോഹന്നാൻ തടവിൽ ആയി എന്ന് കേട്ടാലെ അവൻ ഗലീലക്കു വാങ്ങിപ്പോയി (4 : 12 )

അവൻ ഗലീലക്കടൽ പുറത്തുനടക്കുമ്പോൾ പത്രോസ് എന്നു പേരുള്ള ശിമോൻ അവന്റെ സഹോദരനായ അന്ത്രയോസ് എന്നിങ്ങനെ മീൻപിടിക്കാരായ

രണ്ടുസഹോദരൻമാർ കടലിൽ വല വീശുന്നത് കണ്ടു. എന്റെ പിന്നാലെ വരുവിൻ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്ന് അവരോട് പറഞ്ഞു (4 :18 –19)

യോഹന്നാൻ 3 : 22 – 23 വാക്യങ്ങൾ, അതായത് സ്നാപകയോഹന്നാൻ ഐനോൻ എന്ന സ്ഥലത്ത് വച്ച് സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നപ്പോൾ അതേ സമയത്തിൽ യേശുവും ശിഷ്യൻമാരും യഹൂദാദേശത്ത് സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നു എന്നത് മത്തായിയുടെ പുസ്തകത്തിൽ കാൺമാനില്ല. അതുപോലെ തന്നെ മത്തായിയുടെ പുസ്തകത്തിലുള്ളത് അതായത് യോഹന്നാൻ തടവിൽ ആയി എന്ന് കേട്ടാലെ യേശു ഗലീലയിലേക്ക് മുങ്ങിയെന്നും അവിടെ കടൽപുറത്ത് നടക്കുമ്പോൾ പത്രോസിനേയും അന്ത്രയോസിനേയും കണ്ടു എന്ന മത്തായി 4 : 12 ഉം 4 : 18 – 19 വാക്യങ്ങളും യോഹന്നാന്റെ പുസ്തകത്തിലും കാൺമാനില്ല. ഇത് സൂചിപ്പിക്കുന്നത് രണ്ടും എഴുതിയിരിക്കുന്നത് ഒരാൾ തന്നെയാണെന്നാണ്. കാരണം മത്തായിയുടെ പുസ്തകത്തിലെ കഥ എപ്രകാരമാണെന്ന് യോഹന്നാൻ എഴുതിയിരിക്കുന്നയാൾക്കും യോഹന്നാന്റെ പുസ്കത്തിലെ കഥാവിവരണം എപ്രകാരമാണെന്ന് മത്തായി എഴുതിയിരിക്കുന്നയാൾക്കും അറിയാം. രണ്ടു പുസ്തകങ്ങളും പറയുന്നത് യേശുവിന്റെ കഥയാണെന്നിരിക്കെ മത്തായിയും യോഹന്നാനും യേശുവിന്റെ ശിഷ്യൻമാരായുമിരിക്കെ അവരാണിതെഴുതിയിരുന്നതെങ്കിൽ ആ പുസ്കങ്ങളിൽ മേൽപ്പറഞ്ഞിരിക്കുന്നതുപോലുള്ളൊരു പരസ്പര വൈരുദ്ധ്യം നമുക്കൊരിക്കലും കാണാൻ കഴിയില്ലായിരുന്നു.

യോഹന്നാന്റെ പേരിലുള്ള പുസ്തകം മൂന്നാം അദ്ധ്യായം 22 ഉം 23 ഉം വാക്യങ്ങൾ യേശുവും സ്നാപകയോഹന്നാനും ഒരേ സമയത്ത് സ്നാനം കഴി

പ്പിച്ചുകൊണ്ടിരുന്നുവെന്ന് പറയുന്നുണ്ടെങ്കിലും 24-ാം വാക്യം പറയുന്നത് അന്ന് യോഹന്നാനെ തടവിൽ ആക്കിയിരുന്നില്ല എന്നാണ്. അതായത് മത്തായിയുടെ പേരിലുള്ള പുസ്തകത്തിൽ സ്നാപക യോഹന്നാൻ തടവിലായതിന് ശേഷമാണ് യേശു ഗലീലക്ക് പോയത് എന്നെഴുതിയിട്ടുണ്ടെന്ന് യോഹന്നാന്റെ പുസ്തകം 3-ാം അദ്ധ്യായം 24-ാം വാക്യമെഴുതിയിരിക്കുന്നു ആളിനറിയാം എന്നർത്ഥം. രണ്ട് പുസ്കങ്ങളും ഒരാൾ തന്നെയാണെഴുതിയിരിക്കുന്നത് എന്ന് സത്യത്തിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്.

യേശുവിന്റെ ജീവചരിത്രം യേശുവിന്റെ ശിഷ്യനായിരുന്ന മത്തായി എഴുതിയെന്നും അതിനെ വിശുദ്ധ മത്തായി എഴുതിയ സുവിശേഷം എന്നും ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. യേശുവിനെ കുരിശ്ശിൽ തറച്ചതിന്റെ ചലേ രാത്രി അതായത് വ്യാഴാഴ്ച രാത്രി യേശു ഗത്സേമനി എന്ന് സ്ഥലത്തുവെച്ച് ഒരേ പ്രാർഥന മൂന്ന് തവണ ആവർത്തിക്കുന്നുണ്ട്. പ്രസ്തുത സംഭവം യോഹന്നാൻ ഒഴികെ മത്തായി, മാർക്കോസ് ,ലൂക്കോസ് എന്നീ 3 പുസ്തകങ്ങളിലും കാൺമാനാകും.

മത്തായി 26-ാം അദ്ധ്യായം 36 മുതൽ 46 വരെ വാക്യങ്ങൾ ഈ കഥ വിവരിക്കുന്നു. ഗത്സേമനിയിൽ എത്തിയ ഉടനെ യേശു ശിഷ്യൻമാരോട് പറഞ്ഞു ഞാൻ പോയി പ്രാർത്ഥിക്കുവോളം നിങ്ങൾ ഇവിടെ ഇരിക്കുക (37) പക്ഷെ അവൻ പത്രോസിനെയും സെബദിയുടെ ഇരു പുത്രൻമാരേയും (യോഹന്നാനെയും യാക്കോബിനേയും ) കൂടെകൊണ്ടുപോയി ദുഃഖിക്കാനും അസ്വസ്ഥമാകാനും തുടങ്ങി (38). ദൈവപുത്രനെന്തിന് ദുഃഖിക്കുന്നു എന്ന് നിങ്ങൾ സ്വാഭാവികമായും ചിന്തിച്ചേക്കാം. അതിലേക്കൊന്നും ഞാനിപ്പോൾ കടക്കുന്നില്ല. അതിനുശേഷം അവൻ അൽപദൂരം മുന്നോട്ട് ചെന്ന് കമിഴ്ന്ന് വീണു പ്രാർത്ഥിച്ചു.

എന്റെ പിതാവേ സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നകന്നു പോകട്ടെ. എങ്കിലും എന്റെ ഹിതംപോലെയല്ല അവിടുത്തെ ഹിതം പോലെയാകട്ടെ (39)

ഇവിടെ യേശു പ്രാർത്ഥിച്ചുവെന്ന് പറയുന്നത് യേശുവിന്റെ പിതാവിനോടാണ് ഈ പ്രാർത്ഥനാ നാടകം അരങ്ങേറുന്നതിന് കേവലം രണ്ടോ മൂന്നോ മണിക്കൂറുകൾക്ക് മുമ്പ് യേശുവിന്റെ ശിഷ്യൻമാരിൽ ഒരുവനായ പീലിപ്പോസ് പറഞ്ഞു കർത്താവേ പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരുക , ഞങ്ങൾക്ക് അതുമതി. യേശു പറഞ്ഞു ഇക്കാലമത്രയും ഞാൻ നിങ്ങളോടുകൂടെയായിരുന്നിട്ടും പീലിപ്പോസേ നീ എന്നെ അറിയുന്നില്ലേ ? എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു. പിന്നെ പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരുക എന്ന് നീ പറയുന്നതെങ്ങിനെ ? ഞാൻ പിതാവിലും പിതാവ് എന്നിലും ആണെന്ന് നീ വിശ്വിക്കുന്നില്ലേ ? (യോഹന്നാൻ 14 : 8 11 ) എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു എന്ന് യേശു പറയുന്നതിനർത്ഥം യേശുവും യേശുവിന്റെ പിതാവും എന്ന് രണ്ട് പേരില്ല എന്നാണ് അതായത് യേശുവും യേശുവിന്റെ പിതാവും ഒന്നു തന്നെയെന്ന്. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ യഹൂദ സ്ത്രീയായിരുന്ന മറിയയെ ഗർഭിണിയാക്കിയവനും മറിയയുടെ പുത്രനും ഒന്നുതന്നെയാണ് ! ഞാനും പിതാവും ഒന്നാണ് എന്ന് യോഹന്നാൻ 10 : 30 ൽ യേശു പറയുന്നുണ്ട്.

യേശുവും യേശുവിന്റെ പിതാവും ഒന്നാണെങ്കിൽ പിന്നെ യേശു എന്തിനാണ് പിതാവിനോട് പ്രാർത്ഥിക്കുന്നത്?

യേശുവിന്റെ പ്രാർത്ഥനാ നാടകം ഒന്നാം ഘട്ടം ഒരു മണിക്കൂർ സമയമെടുത്തു. കാരണം തന്റെ നാടകം കണ്ടിരുന്നുവെന്ന് യേശു ധരിച്ചിരുന്ന കാണുവാൻ യേശു ഏർപ്പെടുത്തിയിരുന്ന മൂന്ന് ശിഷ്യൻമാരുടെ പ്രതികരണമെന്തെന്നറിയാൻ ചെന്ന

പ്പോൾ യേശു കാണുന്നത്  അനന്തരം അവൻ ശിഷ്യൻമാരുടെ അടുത്തേക്ക് വന്നു. അപ്പോൾ അവർ ഉറങ്ങുന്നത് കണ്ടു.  അവൻ പത്രോസിനോട് ചേദിച്ചു എന്നോടു കൂടെ ഒരു മണിക്കൂർ ഉണർന്നിരിക്കാൻ നിങ്ങൾക്കു കഴിഞ്ഞില്ല ?  (40)

38-ാം വാക്യത്തിൽ  നിങ്ങൾ എന്നോടൊത്ത് ഉണർന്നിരിക്കുക  എന്ന് പറഞ്ഞിട്ടാണ് യേശു കമിഴ്ന്ന് വീണ് ഇല്ലാത്ത തന്റെ പിതാവിനോട് പ്രാർത്ഥിക്കുവാൻ പോയത്. ഒരു മണിക്കൂർ കഴിഞ്ഞ് വീണിടത്തുനിന്ന് എഴുന്നേറ്റ്  ശിഷ്യൻമാർ തന്റെ  പ്രകടനം കണ്ടുവോ എന്നറിയാൻ അവരെ സമീപിച്ചപ്പോൾ  കാണുന്നത് അവർ ഉറങ്ങുന്ന കാഴ്ചയാണ്.  അങ്ങിനെ തന്റെ ഒരു മണിക്കൂർ പാഴായിപോയ നിരാശയിൽ  നിങ്ങൾ ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ  (41) എന്നു പറഞ്ഞിട്ട് വീണ്ടും   രണ്ടാം പ്രാവശ്യവും അവൻ പോയി പ്രാർത്ഥിച്ചു.  (42). രണ്ടാം വട്ട പ്രാർത്ഥന കഴിഞ്ഞ് അവൻ വീണ്ടും വന്നപ്പോൾ അവർ ഉറങ്ങുന്നത് കണ്ടു.  അവരുടെ കണ്ണുകൾ നിദ്രാഭാരമുള്ളവയായിരുന്നു (43) ആയതിനാൽ  അവൻ അവരെ വിട്ടു മൂന്നാം പ്രാവശ്യവും പോയി അതേ പ്രാർത്ഥന ആവർത്തിച്ചു  (44) ശിഷ്യൻമാരുടെ മുമ്പിൽ കമിഴ്ന്നു വീണു  നടിക്കുന്നതിനു തൊട്ടുമുൻപ് യേശു പറഞ്ഞത്  നിങ്ങൾ എന്നോടൊത്ത് ഉണർന്നിരിക്കുക  എന്നാണ് ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ എന്ന് യേശു പറഞ്ഞിരുന്നില്ല.  അവർ ഉണർന്നിരുന്നാൽ മാത്രമേ യേശു എന്താണ് സാഷ്ടാഗം വീണു പ്രാർത്ഥിക്കുന്നതെന്ന് അവർക്ക് കേൾക്കുവാൻ കഴിയുയുള്ളൂ.  അത് കൊണ്ടാണ്  നിങ്ങൾ ഉണർന്നിരിക്കുവിൻ  എന്ന് അവൻ  അവരോട് പറഞ്ഞത്.  ഇനി യേശു മൂന്നു തവണ ആവർത്തിച്ച് പ്രാർത്ഥിച്ചു എന്ന് പറയുന്നത് എന്തായിരുന്നുവെന്ന് നമുക്ക് നോക്കാം  എന്റെ പിതാവേ സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകന്ന് പോകട്ടെ, എങ്കിലും എന്റെ

ഹിതം പോലെയല്ല അവിടുത്തെ ഹിതം പോലെയാകട്ടെ എന്നാണ് യേശു പ്രാർത്ഥിക്കുന്നത്. ഈ വാക്കുകൾ അർത്ഥമാക്കുന്നത് കുരിശ്ശിൽ മരിക്കുകയെന്നത് യേശുവിന്റെ ഹിതമായിരുന്നില്ലായെന്നും എങ്കിലും യേശു തന്റെ ഇല്ലാത്ത പിതാവിന്റെ ഹിതമനുസരിച്ച് കുരിശ്ശിൽ തൂങ്ങിചാകാൻ തയ്യാറാണെന്നും ആണ്. അതായത് തനിക്ക് ചാകാൻ ആഗ്രഹമില്ലെന്നും എങ്കിലും ഇല്ലാത്ത പിതാവിന് വേ◌ി ചാകാൻ തയ്യാറാണെന്നും തന്റെ ഈ പ്രാർത്ഥനാവാചകം ശിഷ്യൻമാരിൽ പ്രാധ◌നികളായിരുന്ന യാക്കോബും യോഹന്നാനും പത്രോസും കേൾക്കണമെന്ന് യേശു നിർബന്ധം പിടിച്ചതിന് കാരണം അവരും അവർക്ക് ചാകാൻ ആഗ്രഹമില്ലെങ്കിൽ കൂടി യേശുവിനപെലെ തന്നെ പിതാവിനുവേണ്ടി ചാകാൻ തയ്യാറാവണമെന്ന് അവർ കരുതേണ്ടതിലേക്കാണ്. എന്ത്കൊണ്ട് യാക്കോബ് ,യോഹന്നാൻ,പത്രോസ് എന്ന് ചോദിച്ചാൽ യാക്കോബ് ശിഷ്യൻമാരിൽ ആദ്യരക്തസാക്ഷി. യോഹന്നാൻ അവസാനം വരെ വിശ്വാസത്തിൽ നിൽക്കേണ്ടവൻ. പത്രോസ് ശിഷ്യൻമാരുടെ തലവൻ.

തനിക്ക് മരിക്കരുതെന്നാണാഗ്രഹമെങ്കലും തന്റെ പിതാവിന്റെ ഹിതം മറിച്ചാണെന്ന് തനിക്കറിയാമെന്നും ആയതിനാൽ പിതാവിന്റെ ഹിതം പോലയാകട്ടെ എന്ന് പറയുന്നത് എങ്ങിനെ പ്രാർത്ഥനയാകും ? എന്റെ ഹിതം സാധിച്ചുതരണേ എന്ന് പറയുന്നതാണ് പ്രാർത്ഥന അല്ലാതെ നാം അരോടാണോ പ്രാർത്ഥിക്കുന്നത് അയാളോട് അയാളുടെ ഹിതം പോലയാകട്ടെ എന്ന് പറയുന്നത് പ്രാർത്ഥനയാവില്ല.

മാത്രമല്ല യേശു കമിഴ്ന്ന് കിടന്നു എന്റെ പിതാവേ എന്ന് പറയുമ്പോൾ മേൽപ്പറഞ്ഞ മൂന്ന് ശിഷ്യൻമാരും ഉറക്കത്തിലായിരുന്നുവെന്നാണ് പറയുന്നത്.

അപ്പോൾ യേശു പിതാവിന്റെ ഹിതം നിറവേറട്ടെ എന്നാണ് പറഞ്ഞതെന്ന് മത്താ യിയുടെ പേരിലുള്ള പുസ്തകത്തിൽ എങ്ങിനെ വന്നു ഈ കഥ പറയുന്ന മാർക്കോ സിന്റേയും ലൂക്കോസിന്റേയും പേരിലുള്ള മറ്റ് രണ്ട് പുസ്തകങ്ങൾ എഴുതിയെന്ന് പറയുന്നവർക്കും അതാര് തന്നെയായിരുന്നാലും യേശു കമിഴ്ന്ന് കിടന്ന് എന്താ ണ് എഴുതിയതെന്ന് അറിയാൻ കഴിയില്ല കാരണം ഇതിന് ദൃക്സാക്ഷികളില്ല, സ്ഥലത്ത് ഉണ്ടായിരുന്നവർ ഉറങ്ങിപോയിരുന്നു. ആകെകൂടി ഉണർന്നിരുന്നത് നാടകം കളിച്ചത് യേശു മാത്രമാണ്. ഇത്തരം വൈരുദ്ധ്യങ്ങളാണ് ഈ പുസ്തക ങ്ങൾ എഴുതിയത് യേശു തന്നെയാണ് എന്ന സംശയത്തിന് ആക്കം കൂട്ടുന്നത്.

മത്തായി, മാർക്കോസ്, ലൂക്കോസ് ,യോഹന്നാൻ എന്നീ നാലു പേരുകളി ലാണ് യേശുവിന്റെ ജീവചരിത്രമെഴുതിയിരിക്കുന്നത്. ഇവരിൽ യോഹന്നാൻ മാത്രമാണ് പ്രസ്തുത നാടകം അരങ്ങേറുമ്പോൾ ആ സ്ഥലത്ത് സന്നിഹിതനായി രുന്ന ആൾ. എന്നാൽ യോഹന്നാന്റെ പേരിലുള്ള പുസ്തകത്തിൽ ഇങ്ങനെയൊരു സംഭവം നടന്നതായിട്ട് പറഞ്ഞിട്ടില്ല. പക്ഷെ യോഹന്നാന്റെ പുസ്തകത്തിൽ മറ്റൊ ന്നുണ്ട്, പിലിപ്പോസ് ഞങ്ങൾക്ക് പിതാവിനെ കാണിച്ച് തരുക എന്ന് പറയു മ്പോൾ ഞാൻ പിതാവിലും പിതാവ് എന്നിലുമാണ് എന്ന് യേശു പറയുന്നുണ്ട്. യോഹന്നാന്റെ പുസ്തകത്തിൽ ഇവ്വിധം എഴുതിയിരുക്കുന്നതിനാൽ മത്തായിയിൽ എഴുതിയിരിക്കുന്നതുപോലെ യേശു നിലത്ത് കമിഴ്ന്ന് വീണ് ഒരു മണിക്കൂർ നേരം പിതാവിനോടു പ്രാർത്ഥിച്ച് എന്ന് എഴുതുവാൻ കഴിയില്ലല്ലോ! .യോഹന്നാന്റെ പുസ്തകക്കിൽ എന്തുകൊണ്ടാണ് ഗത്സേമനിയിൽ യേശു കമിഴ്ന്ന കിടന്ന് പ്രാർത്ഥിച്ച കഥ പറയാത്തത് എന്ന് നിങ്ങൾക്ക് ഇപ്പോൾ ബോധ്യമായി എന്ന് കരുതുന്നു.

ലൂക്കോസിന്റെ പേരിലുള്ള പുസ്തകത്തിൽ ഗത്സേമനി കഥ പറയുന്നത്. അതിലേക്ക് കടക്കുംമുൻപ് ലൂക്കോസിന്റെ പേരിലുള്ള പുസ്കതരം ആരംഭിക്കുന്നത് എങ്ങിനെയാണെന്ന് നിങ്ങൾ അറിയേണ്ടുണ്ട് എന്ന് ഞാൻ കരുതുന്നു. നമ്മുടെ ഇടയിൽ നിറവേറിയ കാര്യങ്ങളുടെ വിവരണം എഴുതുവാൻ അനേകം പേർ പരിശ്രമിച്ചിട്ടുണ്ടല്ലോ. അതാകട്ടെ ആദി മുതൽ തന്നെ വചനത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂഷകൻമാരും ആയിരുന്നവർ നമുക്ക് ഏൽപ്പിച്ചു തന്നിട്ടുള്ളതനുസരിച്ചാണ് (ലൂക്കോസ് 1 : 1-2) യേശു ഗത്സേമനിയിൽ അരങ്ങേറിയ നാടകത്തിലെ വചനങ്ങൾ ഏത് ദൃക്സാക്ഷിയാണ് ലൂക്കോസിന് നൽകിയത് ? ദൃക്സാക്ഷികളാവാൻ സാധ്യതയുള്ളവർ പോലും ഉറക്കത്തിലായിരുന്നുവെന്നാണ് മത്തായിയിലും മാർക്കോസിലും പറയുന്നത്. വിചിത്രമെന്ന് പറയട്ടെ മത്തായിയിലും മാർക്കോസിലും പറഞ്ഞിട്ടില്ലാത്ത വിവരങ്ങൾ ലൂക്കോസിൽ കാണാം. അവിടുത്തെ ഹിതം നിറവേറട്ടെ അപ്പോൾ അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗത്തിൽ നിന്ന് ഒ രു ദൂതൻ പ്രത്യക്ഷപ്പെട്ടു. അവൻ തീവ്രവേദനയിൽ മുഴുകി കൂടുതൽ തീക്ഷണമായി പ്രാർത്ഥിച്ചു. അവന്റെ വിയർപ്പു രക്തത്തുള്ളികൾപോലെ നിലത്തുവീണു. ലൂക്കോസ് ( 22 : 43- 44)

അവൻ യേശു അവരിൽ നിന്ന് ഒരു കല്ലേറും ദൂരം മാറി മുട്ടിൻമേൽ വീണു പ്രാർത്ഥിച്ചു എന്നാണ് ലൂക്കോസ് 22 41 ൽ പറയുന്നത്. യേശു ശിഷ്യൻമാരിൽ നിന്ന് ദൂരെ മാറി പ്രാർത്ഥിച്ചപ്പോൾ അവന്റെ ദേഹത്ത് നിന്ന് വിയർപ്പുതുള്ളികൾ വീണത് ഉറങ്ങിക്കിടന്ന ശിഷ്യൻമാർ എങ്ങിനെയാണ് കാണുക ഇക്കാഴ്ച അവർ ഉണർന്നിരുന്നാൽ പോലും കാണുവാൻ കഴിയില്ല. പോരാത്തതിന് ആ സംഭവം നടക്കുന്നുവെന്ന് പറയുന്ന സമയം പാതിരാത്രിയാണ്.

യേശു   തീവ്രവേദനയിൽ മുഴുകി കൂടുതൽ തീക്ഷണമായി പ്രാർത്ഥിച്ചു എന്നാണ് ലൂക്കോസിൽ എഴുതിയിരിക്കുന്നത്.എന്നാൽ യോഹന്നാനിൽ പറയുന്നത് പ്രസ്തുത സംഭവത്തിന് ഏതാണ്ട് രണ്ട് മണിക്കൂർ മുമ്പ് യൂദാസ് യേശുവിനെ ബന്ധിക്കുവാൻ യഹൂദ പ്രമാണിമാരെ കൂട്ടിക്കൊണ്ട് വരുവാൻ പുറപ്പെടുമ്പോൾ യേശു ആനന്ദത്തിലാറാടുകയാണ്.   അവൻ (യൂദാസ്) പുറത്തുപോയികഴിഞ്ഞപ്പോൾ യേശു പറഞ്ഞു. ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു. അവനിൽ ദൈവവും മഹത്വപ്പെട്ടിരിക്കുന്നു. 13 : 31) ഇങ്ങിനെ പറയുന്ന യേശു മണിക്കൂറുകൾക്കകം ശിഷ്യൻമാരുടെ മുമ്പിൽ   എന്റെ പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകറ്റേണമേ   എന്ന് പ്രാർത്ഥിക്കുന്നതായി നടിക്കുന്നത് അതും തീവ്രവേദനയിൽ മുഴുകി തീക്ഷണമായി പ്രർത്ഥിച്ചുവെന്ന് ബൈബിൾ പറയുന്നത്. പരമാനന്ദത്തിൽ നിന്ന് തീവ്രവേദനയിലേക്ക് വരുവാൻ യേശുവിന് രണ്ട് മണിക്കൂർ പോലും വേണ്ടി വന്നില്ല എന്നതാണ് പരമാത്ഭുതം.!

യൂദാസിനെ യഹുദ പ്രമാണിമാരുടെ അടുക്കലേക്ക് ധൃതിപിടിച്ച് പറഞ്ഞയക്കുന്നത് യേശു തന്നെയാണ്.   അപ്പക്കഷണം സ്വീകരിച്ചതിനെ തുടർന്ന് സാത്താൻ അവനിൽ പ്രവേശിച്ചു. യേശു അവനോടു പറഞ്ഞു നീ ചെയ്യാനിരിക്കുന്നത് വേഗം ചെയ്യുക   (യോഹന്നാൻ 13 : 27 ) അത് കേട്ടിട്ടാണ് യൂദാസ് യഹൂദരുടെ അടുക്കൽ പോകുന്നതും അവരെക്കൂട്ടിക്കൊണ്ട് വരുന്നതും യേശു ബന്ധനസ്ഥനാകുന്നതും യേശുവിനെ കുരിശിലേറ്റുന്നതുമെല്ലാം   കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകറ്റേണമേ   എന്ന് യേശു തന്റെ ഇല്ലാത്ത പിതാവിനോട് തീക്ഷണമായി തീവ്രവേദനയിൽ മുഴുകി പ്രാർത്ഥിച്ചുവെന്ന് ബൈബിൾ പറയുന്നു. സത്യത്തിൽ ഈ പാനപാത്രം യേശുവിന് തന്നെ അകറ്റാമായിരുന്നില്ലേ ? കുറഞ്ഞ പക്ഷം യൂദാസിനോട്   നീ ചെയ്യാനിരിക്കുന്നത് വേഗം ചെയ്യുക

എന്നെങ്കിലും പറയാതിരിക്കാമായിരുന്നില്ലേ ?

ഗത്സേമനിയിലെ കഥയെക്കുറിച്ച് പറയാനിനിയുമുണ്ട് കഥകളേറെ എങ്കിലും മറ്റൊത്തിരി പുതിയ വിഷയങ്ങൾ നിങ്ങളുമായി പങ്കുവെക്കാൻ ആഗ്രഹമുള്ളതിനാൽ ഗത്സേമനിയിൽ യേശു അരങ്ങേറിയ നാടകത്തിന്റെ കഥയ്ക്ക് ഞാൻ ഇവിടെ വിരാമമിടുന്നു.

യേശുവിന്റെ കുരിശുമരണത്തിനുശേഷമുള്ള കഥകളിലും പരസ്പര വൈരുദ്ധ്യങ്ങളുടെ ഘോഷയാത്ര തുടരുന്നു. അവർ ശവകുടീരത്തിനുള്ളിൽ പ്രവേശിച്ചപ്പോൾ വെള്ള വസ്ത്രം ധരിച്ച ഒരു യുവാവ് വലത്തു ഭാഗത്തിരിക്കുന്നതുകണ്ടു. അവർ വിസ്മയിച്ചുപോയി. അവൻ അവരോട് പറഞ്ഞു നിങ്ങൾ അത്ഭുദപ്പെടേണ്ട. കുരിശ്ശിൽ തറയ്ക്കപ്പെട്ട നസ്രായനായ യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു. അവൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു. അവൻ ഇവിടെയില്ല. നോക്കൂ അവർ അവനെ സംസ്കരിച്ച സ്ഥലം നിങ്ങൾ പോയി അവന്റെ ശിഷ്യൻമാരോടും പത്രോസിനോടും പറയുക. അവൻ നിങ്ങൾക്കു മുൻപേ ഗലീലിയിലേക്കു പോകുന്നു. അവൻ നിങ്ങളോടു പറഞ്ഞിരിക്കുന്നതുപോലെ അവിടെ വച്ച് നിങ്ങൾ അവനെകാണും (മാർക്കോസ് 16 : 5 – 7)

മേൽപറയുന്ന വാക്യങ്ങൾ പ്രകാരം യേശു ശിഷ്യൻമാർക്ക് പ്രത്യക്ഷപ്പെടേണ്ടത് ഗലീലിയിലാണ്. എന്നാൽ ലൂക്കോസിന്റെ പേരിലുള്ള പുസ്തക പ്രകാരം യേശു ആദ്യമായി ശിഷ്യൻമാർക്ക് മുന്നിൽ പ്രത്യക്ഷപ്പെടുന്നത് ഗലീലിയിലല്ല മറിച്ച് ജറുസലേമിലാണ്. അവർ അപ്പോൾ തന്നെ എഴുന്നേറ്റ് ജറുസലെമിലേക്ക് തിരിച്ചുപോയി. അവിടെ കൂടിയിരുന്ന പതിനൊന്നു പേരെയും അവരോടൊപ്പമുണ്ടായിരുന്നവരെയും കണ്ടു. കർത്താവ് സത്യമായും ഉയിർത്തെഴുന്നേ

റ്റു. വഴിയിൽ വച്ചു സംഭവിച്ചതും അപ്പം മുറിക്കുമ്പോൾ തങ്ങൾ അവനെ തിരിച്ച റിഞ്ഞതും അവരും വിവരിച്ചു. അവർ ഇതു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ യേശു അവരുടെ മധ്യേ പ്രത്യക്ഷനായി അവരോട് അരുളിചെയ്തു. നിങ്ങൾക്ക് സമാ ധാനം അവർ ഭയന്നു വിറച്ചു ( ലൂക്കോസ് 24 : 33 - 36 )

ലൂക്കോസിൽ പറഞ്ഞിരിക്കുന്നതുപോലെ ജറുസലെമിലാണ് യേശു ശിഷ്യൻമാർക്ക് മുന്നിൽ പ്രത്യക്ഷമായതെങ്കിൽ യേശു ഗലീലിയിൽ പ്രത്യക്ഷ നാവും എന്ന് ശവകുടീരത്തിനുള്ളിൽ ഇരുന്നിരുന്ന വെള്ളവസ്ത്രം ധരിച്ചിരുന്ന യുവാവ് പറഞ്ഞു എന്ന് മാർക്കോസിന്റെ പേരിലുള്ള പുസ്തകത്തിൽ എഴുതി യിരിക്കുന്നത് കള്ളമാവും. അത്പോലെതന്നെ തിരിച്ചും, മാർക്കോസ് പറയുന്നത് പോലെ ഗലീലിയാണ് യേശു ശിഷ്യൻമാർക്ക് പ്രത്യക്ഷനായതെങ്കിൽ ലൂക്കോസ് ദൃക്സാക്ഷികൾ പറഞ്ഞറിഞ്ഞു എന്ന് പറഞ്ഞ്കൊണ്ട് എഴുതുന്ന വിവരണവും കള്ളമാവും.

മറ്റൊരു പരസ്പര വൈരുദ്ധ്യം ലൂക്കോസ് 23: 49 ഉം യോഹന്നാൻ 19 :25 -26 ഉം താരതമ്യ പഠനം നടത്തുന്നതിലൂടെ വെളിവാകുന്നു. യേശുവിന്റെ കുരി ശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലോപ്പാസിന്റെ ഭാര്യ മറിയവും മഗ്ദലേനമറിയവും നിൽക്കുന്നുണ്ടായിരുന്നു. യേശു തന്റെ അമ്മയും താൻ സ്നേഹിച്ചിരുന്ന ശിഷ്യനും അടുത്തു നിൽക്കുന്നത് കണ്ട് അമ്മയോട് പറ ഞ്ഞു സ്ത്രീയേ ഇതാ നിന്റെ മകൻ (യോഹന്നാൻ 19 25- 26 )

ലൂക്കോസ് ഇത് നിഷേധിക്കുന്നു കാരണം ലൂക്കോസിന്റെ പുസ്തകപ്രകാരം അവന്റെ പരിചയക്കാരും ഗലീലയിൽ നിന്ന് അവനെ അനുഗമിച്ചിരുന്ന സ്ത്രീകളും അകലെ ഇതെല്ലാം കണ്ട് കൊണ്ട് നിന്നിരുന്നു . എന്നാണ് പറയുന്ന

ത്. അതായത് ഗലീലയിൽ നിന്ന് അവനെ യേശുവിനെ അനുഗമിച്ചിരുന്ന് സ്ത്രീകൾ യേശുവിനെ പ്രസവിച്ച യഹൂദ സ്ത്രീ മറിയം മറിയമിന്റെ ,സഹോ ദരി തുടങ്ങിയ സ്ത്രീകൾ അകലെ എല്ലാം കണ്ടുകൊണ്ട്നിന്നിരുന്നുവെന്ന്. അപ്പോൾ നിങ്ങൾ ചോദിക്കും അകലെ നിന്നിരുന്ന സ്ത്രീയോടാണോ യേശു കുരി ശ്ശിൽ കിടന്നുകൊണ്ട് സംസാരിച്ചുവെന്ന് യോഹന്നാന്റെ പേരിലുള്ള പുസ്തക ത്തിൽ എഴുതിയിരിക്കുന്നതെന്ത് ? സുഹൃത്തേ, അതിന് യോഹന്നാന്റെ പുസത്ക ത്തിൽ മറിയം യേശുവിന്റെ അടുത്തു നിൽക്കുകയായിരുന്നുവല്ലോ. യോഹന്നാൻ പറയുന്നത് അയാളും കുരിശിനടുത്ത് നിന്നിരുന്നുവെന്നാണ്.! യേശു മറിയയോടു ഇതാ നിന്റെ മകൻ എന്നു പറയുന്നത് യോഹന്നാനെക്കാട്ടിയാണ്.

യോഹന്നാന്റെ പുസ്തകം പറയുന്നത് യോഹന്നാനും മറിയയും കുരിശ്ശി നടുത്ത് തന്നെയുണ്ടായിരുന്നുവെന്നാണ്. ലൂക്കോസ് പറയുന്നത് അയാളോട് ദൃക്സാക്ഷികൾ പറഞ്ഞത് യേശുവിനെ കുരിശ്ശിൽ തറച്ചപ്പോൾ അവന്റെ കൂടെ ഗലീലയിൽ നിന്ന് വന്ന സ്ത്രീകൾ അകലെ എല്ലാം കണ്ടുകൊണ്ടു നിന്നിരുന്നു വെന്നും മത്തായി പറയുന്നത് യേശുവിനെ ബന്ധനസ്ഥനാക്കിയപ്പോൾ ഗത്സേമ നിയിൽ വെച്ച് അപ്പോൾ ശിഷ്യൻമാരെല്ലാവരും അവനെ വിട്ട് ഓടിപ്പോയി. (മ ത്തായി 26 : 56) എന്നാണ്. ഇത് സംഭവിക്കുന്നത് വ്യാഴാഴ്ച അർദ്ധരാത്രി. അങ്ങി നെയെങ്കിൽ വെള്ളിയാഴ്ച ഉച്ചയ്ക്ക് യേശുവിന്റെ കുരിശ്ശിനരികിൽ യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ എന്നു പറയുന്ന യോഹന്നാൻ എങ്ങിനെ വന്നു ?എന്ന് നിങ്ങൾ ചോദിച്ചാൽ സുഹൃത്തേ അത് മത്തായിയുടെ പുസ്തകത്തിലല്ലേ യോഹന്നാന്റെ പുസ്തകത്തിൽ ഒരിടത്തും യേശുവിനെ ബന്ധനസ്ഥനാക്കിയ പ്പോൾ ശിഷ്യൻമാർ എല്ലാം അവനെ വിട്ട് ഓടിപ്പോയി എന്ന് പറഞ്ഞിട്ടില്ലല്ലോ

അത് കൊണ്ടല്ലെ യോഹന്നാന്റെ പുസ്തകത്തിൽ യോഹന്നാൻ കുരിശ്ശിനടത്തുണ്ടായിരുന്നുവെന്നും യേശു അയാളോട് സംസാരിക്കുകയുണ്ടയി എന്ന് പോലും പറയുവാൻ സാധിക്കുന്നത് എന്ന് മാത്രമേ എനിക്ക് മറുപടി നൽകാൻ കഴിയൂ. ഇനി അവശേഷിക്കുന്ന ഒരേ ഒരു ചോദ്യം സത്യത്തിൽ യേശുവിനെ ബന്ധനസ്ഥനാക്കിയപ്പോൾ ശിഷ്യൻമാർ എല്ലാവരും അവനെ വിട്ട് ഓടിപ്പോയോ എന്നതാണ്. ഈ ചോദ്യത്തിന് തൽക്കാലം എനിക്ക് തരാൻ കഴിയുന്ന ഒരുത്തരം മത്തായിയുടെ പുസ്തകപ്രകാരം യേശു യഹൂദരുടെ പിടിയിലായപ്പോൾ അവന്റെ ശിഷ്യൻമാരെല്ലാം അവനെ വിട്ട് പേടിച്ചോടിപ്പോയി. യോഹന്നാന്റെ പുസ്തകപ്രകാരം അവരാരും തന്നെ പേടിച്ചോടിയില്ല. യേശു മരിക്കുന്നതിന് തൊട്ട് മുമ്പ് വരെ യേശുവിനെ ശിഷ്യരിൽ ഒരുവനായിരുന്ന യോഹന്നാൻ യേശുവിന്റെ കുരിശ്ശിനരികിൽ നിൽപ്പുണ്ടായിരുന്ന് എന്നതാണ്.

ഈ ഉത്തരം പരസ്പരവിരുദ്ധമായതിനാൽ അസ്വീകാര്യമെന്ന് നിങ്ങൾ പറയുന്നുവെങ്കിൽ മത്തായി ,മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നീ നാല് പേർ ഈ പുസ്തകങ്ങൾ എഴുതിയിട്ടില്ലയെന്ന് മാത്രമല്ല അവർ ഇത് കണ്ടിട്ടേയില്ലയെന്ന് എന്റെ വാദം നിങ്ങൾക്ക് തീർച്ചയായും സ്വീകാര്യമാകും.

യോഹന്നാനോട് യേശു ഇതാ നിന്റെ അമ്മ എന്ന് കുരിശ്ശിൽ കിടന്നു കൊണ്ട് പറയുമ്പോൾ യോഹന്നാൻ മറിയയെ തന്റെ ഭവനത്തിൽ സ്വീകരിച്ചു എന്നാണ് യോഹന്നാന്റെ പേരിലുള്ള പുസ്തകം പറയുന്നത്. എന്നാൽ അതേ പുസ്തകത്തിൽ തന്നെ 7-ാം അദ്ധ്യായത്തിൽ യേശുവിന് സഹോദരൻമാർ ഉണ്ടായിരുന്നുവെന്നും അവർ ആരും തന്നെ യേശുവിൽ വിശ്വസിച്ചിരുന്നില്ലായെന്നും പറയുന്നു. യേശുവിനെ വിശ്വസിക്കാത്ത യേശുവിന്റെ സഹോദരൻമാർ യേശുവിന്റെ

ശിഷ്യനെ വിശ്വസിച്ച് തങ്ങളുടെ അമ്മയെ യോഹന്നാന്റെ ഭവനത്തിലേക്കയക്കുമെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ അല്ലെങ്കിൽ യോഹന്നാൻ ഇങ്ങനെ ഒരു പരസ്പര വിഢിത്തം എഴുതുമെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ ?

ലൂക്കോസും യോഹന്നാനും തമ്മിൽ മറ്റ് പല കാര്യങ്ങളിലും അഭിപ്രായ വ്യത്യാസമുണ്ട്. ഉദാഹരണത്തിന് യേശു അവസാനമായി പറഞ്ഞ വാചകം എന്ന് ലൂക്കോസ് പറയുന്നത് യേശു ഉച്ചത്തിൽ നിലവിളിച്ചു പറഞ്ഞു പിതാവേ അങ്ങയുടെ കരങ്ങളിൽ എന്റെ അത്മാവിനെ ഞാൻ സമർപ്പിക്കുന്നു. ഇത് പറഞ്ഞ് അവൻ ജീവൻ വെടിഞ്ഞു എന്നാണ് (23: 46)

എന്നാൽ യോഹന്നാന്റെ പുസ്തക പ്രകാരം യേശുവിന്റെ മരണമൊഴി മറ്റൊന്നാണ്. യേശു വിനാഗിരി സ്വീകരിച്ചിട്ടുപറഞ്ഞു എല്ലാം പൂർത്തിയായിരിക്കുന്നു അവൻ തല ചാച്ച് ആത്മാവിനെ സമർപ്പിച്ചു (19: 30)

ഇതിൽ ഏത് സത്യം ഏത് നുണ എന്നറിയണമെങ്കിൽ നറുക്കിടേണ്ടിവരും. യോഹന്നാനാണ് നറുക്ക് വീഴുന്നതെങ്കൽ ലൂക്കോസ് കള്ളനാകും മാത്രമല്ല ലൂക്കോസ് താൻ വചനത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂഷകൻമാരും ആയിരുന്നവർ നമുക്ക് ഏൽപ്പിച്ചുതന്നിട്ടുള്ളതനുസരിച്ചാണ് യേശുവിന്റെ ജീവചരിത്രം എഴുതുന്നത് എന്ന് പ്രാരംഭത്തിൽ (ലൂക്കോസ് 1 : 1 ) ൽ പറയുന്നതും കള്ളമാകും.

ഇനി മറിച്ച് നറുക്ക് വീഴുന്നത് ലൂക്കോസിനാണെങ്കിൽ യോഹന്നാൻ കള്ളനാകും അതായത് വിശുദ്ധ യോഹന്നാൻ എഴുതിയ സുവിശേഷം എന്നതിന് പകരം ക്രിസ്ത്യാനികൾ യോഹന്നാൻ എഴുതിയ കള്ളം എന്ന് പറയേണ്ടിവരും. യേശുവിനെകുറിച്ച് ഇത്തരത്തിൽ നുണ പ്രചരണം നടത്താൻ നുണകൾ എഴുതിപിടിപ്പിക്കുവാൻ യോഹന്നാനും ലൂക്കോസും യേശുവിന്റെ ശത്രുക്കളായിരു

ന്നുവോ യോഹന്നാൻ യേശുവിന്റെ ശിഷ്യനായിരുന്നില്ലേ ? എന്നൊക്കെയല്ലേ ഇപ്പോൾ നിങ്ങളുടെ മനസ്സിലുടലെടുക്കുന്ന ചോദ്യങ്ങൾ ?ഇത്തരം നിരവധി അനവധി ചോദ്യങ്ങൾ തന്നെയാണ് യോഹന്നാൻ,ലൂക്കോസ്,മാർക്കോസ്,മത്തായി എന്നീ പേരുകളിലുള്ള സുവിശേഷം എന്ന് ഓമനപ്പേരിട്ട് വിളിക്കുന്ന നുണകൾ അവർ എഴുതിയതല്ല എന്ന നിഗമനത്തിലേക്ക് നിശ്ചയത്തിലേക്ക് എന്നെ നയിച്ചതും.

അപ്പോൾ പിന്നെ ഇതെല്ലാം എഴുതിയതാരാണ് എന്ന ഒരു ചോദ്യം ബാക്കി നിൽപ്പുണ്ടല്ലോ. ഈ ചോദ്യത്തിന് ഉത്തരം കാണണമെങ്കിൽ ഈ നാലു പുസ്തകങ്ങളും എഴുതിയിരിക്കുന്ന ആളുടെ സ്വഭാവ സവിശേഷതകൾ എന്തൊക്കെയാണെന്നറിയണം. അതിനുശേഷം അത്തരം സവിശേഷതകളുള്ള ആളാരാണെന്ന് കണ്ടെത്തണം. അങ്ങിനെ നാം കണ്ടെത്തുന്ന ആളായിരിക്കും ഈ നാല് പുസ്കങ്ങളുടേയും പിന്നിൽ പ്രവർത്തിച്ചിട്ടുള്ള മസ്തിഷ്കത്തിനുടമ അത്തരമൊരു അന്വോഷണം ക്ലേശകരമായ കാര്യമാണ്. അതിലും ലളിതമായ മാർഗ്ഗങ്ങൾ വേറെയുണ്ട്.

ഉദാഹരണത്തിന് ഒരു കൊലപാതകം നടന്നാൽ കുറ്റവമാളിയെ തിരയുന്ന അന്വോഷണോദ്യോഗസ്ഥൻ അറിയുവാനാഗ്രഹിക്കുന്നത് മരിച്ചയാൾക്ക് എത്ര ശത്രുക്കൾ ഉണ്ടായിരുന്നു എന്നതായിരിക്കും. കാരണം മരിച്ച ആൾ ജീവിച്ചിരിക്കരുത് എന്ന് ആഗ്രഹിച്ചവർ അയാളുടെ ശത്രുക്കൾ ആവണമല്ലോ. അതായത് ഒരാൾ മരിക്കുന്നത് കൊണ്ട് ആർക്കൊക്കെയാണോ സ്വാർത്ഥലാഭമുണ്ടാവുന്നത് അവരെയായിരിക്കും ഒരു കുറ്റാന്വോഷകർ സംശയ ദൃഷ്ടിയോടെ കാണുന്നത്. എന്ന് പറയുന്നത് പോലെ യേശുവിന്റെ ജീവചരിത്രം എഴുതിയത് കൊണ്ടുള്ള

പ്രയോജനം യേശുവിന് തന്നെയായതിനാലും പരസ്പര വൈരുദ്ധ്യനിബിഢമായ അസത്യനിബിഢമായ ഇത്തരം നാലു പുസ്തകങ്ങൾ എഴുതിയത് മത്തായി, മാർക്കോസ്, ലൂക്കോസ്,യോഹന്നാൻ എന്നീ നാലുപേർ ആകാൻ യാതൊരുവിധസാധ്യതകളുമില്ലാത്തതിനാലും ഇത് എഴുതിയത് യേശു തന്നെ എന്നത് നിശ്ചയിക്കപ്പെടുന്നു.

ഈ പുസ്തകങ്ങൾ എഴുതിയത് യേശുവിന്റെ ശിഷ്യൻമാരായിരുന്നില്ല എന്നതിന് ഇനിയും എത്രവേണമെങ്കിലും തെളിവുകൾ നിരത്താൻ ഞാൻ പ്രാപ്തനാണ് എങ്കിലും വിസ്താരഭയത്താലും ഇനിയും ധാരാളം വിഷയങ്ങൾ നിങ്ങളുമായി പങ്കുവെക്കുവാനുള്ളതിനാലും അവസാനമായി ഒരു കഥകൂടി പറഞ്ഞുകൊണ്ട് ഈ അദ്ധ്യായത്തിനിവിടെ വിരാമമിടുന്നു.

യേശു അവനോടു (പത്രോസിനോടു) ഇന്ന് രാത്രിയിൽ തന്നെ കോഴിരണ്ടു വട്ടം കൂകം മുമ്പേ നീ മുന്നു വട്ടം എന്നെ തള്ളിപ്പറയും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു എന്നു പറഞ്ഞു (മാർക്കോസ് 14 : 30 )

ഇനി പത്രോസ് എങ്ങിനെയാണ് യേശുവിനെ തള്ളിപ്പറഞ്ഞതെന്ന് മാർക്കോസ് 14 : 66 72 വരെയുള്ള വാക്യങ്ങൾ വിവരിക്കുന്നത് ശ്രദ്ധിക്കുക

പത്രോസ് താഴെ നടുമുറ്റത്ത് ഇരിക്കുമ്പോൾ മാഹാ പുരോഹിതന്റെ ബാല്യക്കാത്തികളിൽ ഒരുത്തി വന്നു. പത്രോസ് തീ കായുന്നത് കണ്ടു അവനെ നോക്കി നീയും നസറായനായ യേശുവിനോട് കൂടെ ആയിരുന്നു എന്നു പറഞ്ഞു. നീ പറയുന്നത് തിരിയുന്നില്ല ബോദ്ധ്യംമാകുന്നതുമില്ല എന്നിങ്ങനെ അവൻ തള്ളിപ്പറഞ്ഞു പടിപ്പുരയിലേക്ക് പുറപ്പെടുമ്പോൾ കോഴി കൂകി. ആ ബാല്യക്കാരത്തി അവനെ പിന്നെയും കണ്ടു സമീപത്തു നിൽക്കുന്നവരോട് അവൻ ആക്കൂട്ടരിൽ

ഉള്ളവർ തന്നെ എന്നു പറഞ്ഞു തുടങ്ങി. അവൻ പിന്നെയും തള്ളിപ്പറഞ്ഞു. കുറെ നേരെ കഴിഞ്ഞിട്ട് അരികെ നിന്നവർ പത്രോസിനോട് നീ ആ കുട്ടരിൽ ഉള്ളവൻ സത്യം ഗലീലക്കാരനല്ലോ എന്നു പറഞ്ഞു. നിങ്ങൾ പറയുന്ന മാനുഷ്യനെ ഞാൻ അറിയുന്നില്ല എന്ന് അവൻ പ്രാകുവാനും ആണയിടുവാനും തുടങ്ങി. ഉടനെ കോഴി രണ്ടാമതും കൂകി. കോഴി രണ്ടുവട്ടെ കൂകം മുമ്പേ നീ മുന്നുവട്ടം എന്നെ തള്ളിപ്പറയും എന്നു യേശു തന്നോട് പറഞ്ഞ വാക്കു പത്രോസ് ഓർത്ത് അതിനെ ക്കുറിച്ചു വിചാരിച്ചു കരഞ്ഞു .

ഇനി നമുക്ക് ഇതേ കഥ തന്നെ ലൂക്കോസിന്റെ പുസ്തകത്തിൽ എപ്രകാരമാണ് എഴുതിയിരിക്കുന്നതെന്ന് കാണാം യേശു പത്രോസിനോട് പറയുകയുണ്ടായി പത്രോസെ നീ എന്നെ അറിയുന്നില്ല എന്ന് മൂന്നുവട്ടം തള്ളിപ്പറയും മുമ്പെ അന്ന് കോഴി കൂകുകയില്ല എന്ന് ഞാൻ നിന്നോട് പറയുന്നു എന്ന് പറഞ്ഞു (22 : 34) മാർക്കോസിന്റെ പുസ്തകത്തിൽ യേശു പത്രോസിനോട് പറയുന്നത് കോഴി രണ്ടു പ്രാവശ്യം കൂകുന്നതിന് മുമ്പ് പത്രോസ് മൂന്ന് പ്രാവശ്യം തള്ളിപ്പറയും എന്നാണ്. ലൂക്കോസിന്റെ പേരിലുള്ള പുസ്തകം പറയുന്നത് നീ മൂന്നുവട്ടം തള്ളിപ്പറയും മുമ്പ് ഇന്ന് കോഴികൂകുകയില്ല എന്നും ദോഷം പറയരുതല്ലോ ലൂക്കോസിന്റെ പുസ്തകത്തിലെ കോഴി പത്രോസ് മൂന്നു തവണ യേശുവിനെ തള്ളിപ്പറയുന്നതു വരെ കാത്തു നിന്നതിന് ശേഷമാണ് കൂകിയത്.!

അത്ഭുതമെന്ന് പറയട്ടെ മാർക്കോസിന്റെ പുസ്തകത്തിൽ പത്രോസ് ആദ്യം തള്ളിപറയുമ്പോൾ തന്നെ കോഴി ഒന്നാം പ്രാവശ്യം കൂകുന്നു. പിന്നെ കോഴി പത്രോസ് രണ്ട് പ്രാവശ്യവും കൂടി യേശുവിനെ തള്ളിപ്പറയുന്നതു വരെ കാത്ത് നിന്നതിന് ശേഷം മാത്രമാണ് രണ്ടാമതും കൂവുന്നത്. കാരണം മാർക്കോസിന്റെ

പുസ്തകത്തിലെ കോഴിക്കറിയാം യേശു പത്രോസിനോട് കോഴി രണ്ടു പ്രാവശ്യം കൂകുന്നതിന് മുമ്പ് നീ മൂന്ന് തവണ തള്ളിപ്പറയും എന്നാണ് പറഞ്ഞതെന്ന് നോക്കണേ കോഴിയുടെ ഒരു ബുദ്ധിശക്തി.!

മാർക്കോസ് എന്താണെഴുതിയിരിക്കുന്നതെന്ന് ലൂക്കോസിനറിയാം ലൂക്കോസിൽ എന്താണെഴുതിയിരിക്കുന്നതെന്ന് മാർക്കോസിനറിയാം അഥവാ മാർക്കോസിന്റെ പേരിലുള്ള പുസ്തകം എഴുതിയിരിക്കുന്ന ആൾക്കറിയാം. എന്നിരുന്നിട്ടും രണ്ടും പരസ്പര വിരുദ്ധങ്ങളാണ്. കോഴി രണ്ടു പ്രാവശ്യം കൂകിയാലും രണ്ട് പ്രാവശ്യം ആർക്കും ഒരു മാറ്റവും സംഭവിക്കാൻ പോകുന്നില്ല.എന്നിരുന്നിട്ടും പ്രത്യേകിച്ച് യാതൊരു പ്രയോജനവും ഇല്ലാതിരുന്നിട്ടും നുണകൾ പറയുന്നതിൽ ആനന്ദിക്കുന്ന സവിശേഷ സ്വഭാവമുള്ള ഒരാളാണ് ഈ പുസ്തകത്തിലെ അഥവാ പുസ്തകങ്ങളിലെ എണ്ണിയാലൊടുങ്ങാത്ത പരസ്പരവൈരുദ്ധ്യങ്ങൾ അഥവാ നുണകൾക്കു പിന്നിൽ പ്രവർത്തിച്ചിരിക്കുന്നത്.

നിർത്താതെ തുരുതുരാ നുണകൾ പറയുകയും അതിൽ ആനന്ദം കണ്ടെത്തുകയും ചെയ്യുന്ന അഥവാ മുണകൾ മാത്രം പറയാൻ കഴിയുന്ന സവിശേഷ സ്വഭാവമുള്ള ഒരേഒരാൾ മാത്രമേ ഉള്ളു അത് നസ്രായനായ യേശു അല്ലാതെ മറ്റാരുമല്ല. അവൻ തന്നെയാണ് പരമ പിശാചും മനുഷ്യവംശത്തിന്റെ ആജന്മശത്രവും.

അദ്ധ്യായം 6 ബൈബിളിന്റെ യഥാർത്ഥ രചയിതാവ് സമാപ്തം.

## അദ്ധ്യായം 7 അവസാന അത്താഴം

യേശുവിന്റെ 12 ശിഷ്യൻമാരിൽ ഒരാളായിരുന്ന യൂദാസ് ഇസ്ക്കാറിയാത്തിനെ

ഒറ്റുകാരനായ യൂദാ   എന്നാണ് ബൈബിൾ പലയിടത്തും വിശേഷിപ്പിച്ചിട്ടുള്ള ത്. അതായത് യൂദാസ്  ഇസ്ക്കാറിയാത്ത് എന്ന മനുഷ്യൻ ദൈവപുത്രനായിരുന്ന് യേശുവിനെ വഞ്ചിക്കുകയായിരുന്നുവെന്ന്. യൂദാസ് യേശുവിനെയാണോ അതോ യേശു യൂദാസിനെയാണോ വഞ്ചിച്ചതെന്ന്  വസ്തുതകൾ പരിശോധിച്ചാൽ മാത്രമേ നിർണ്ണയിക്കാനാകൂ.  ആയതിലേക്ക് നമുക്ക് യേശുവും ശിഷ്യൻമാരും ചേർന്ന് യേശുവിനെ കുരിശിലേറ്റിയതിന്റെ തലേ രാത്രി കഴിച്ച അവസാന  അത്താഴത്തെകുറിച്ച് യോഹന്നാൻ 13 -ാം അധ്യായത്തിൽ എഴുതിയിരിക്കുന്നത് പരിശോധിക്കാം.

അത്താഴത്തിനിടയിൽ യേശു ശിഷ്യൻമാരോടു പറഞ്ഞു   സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും. അവൻ ആരെപറ്റി പറയുന്നു എന്നറിയാതെ ശിഷ്യൻമാർ ആകുലചിത്തരായി പരസ്പരം നോക്കി.   (13 : 21 ) ശിഷ്യൻമാർ അവൻ ആരെപ്പറ്റിയാണ് പറയുന്നത് എന്നറിഞ്ഞിരുന്നില്ല എന്ന് ബൈബിൾ പറയുന്നു.  അതായത് തങ്ങളിലൊരുവനായ യൂദാസ് .യേശുവിനെ ഒറ്റിക്കൊടുക്കുവാൻ പദ്ധതിയിട്ടിരുന്നതായി അവർക്ക് യാതൊരു അറിവും ഉണ്ടായിരുന്നില്ല.  യൂദാസ് ഒഴികെയുള്ള ശിഷ്യൻമാർ പരസ്പരം നോക്കിയെന്നല്ല.  ശിഷ്യൻമാർ ആകുല ചിത്തരായി പരസ്പരം നോക്കി എന്നാണ് ബൈബിൾ പറയുന്നത്.  അതായത് യേശുവിന്റെ വാക്കുകൾ കേട്ട് യൂദാസ് ഉൾപ്പെടെ എല്ലാ ശിഷ്യൻമാരും ആകുലചിത്തരായിതീർന്നുവെന്ന്.  യേശുവിനെ ഒറ്റിക്കൊടുക്കുവാൻ യൂദാസ് പദ്ധതിയിട്ടിരുന്നുവെങ്കിൽ യേശുവിന്റെ വാക്കുകൾ കേട്ട് അവൻ  ആരെപറ്റി പറയുന്നു എന്നറിയാതെ യൂദാസ് ആകുലചിത്തനാവുന്നതെങ്ങിനെ  ? യൂദാസ് അങ്ങിനെ യാതൊരു വിധ പദ്ധതിയുമിട്ടിരു

ന്നില്ല എന്നല്ലേ ഇത് സൂചിപ്പിക്കുന്നത്. ?

ശിഷ്യൻമാരിൽ യേശു സ്നേഹിച്ചിരുന്നവൻ അവന്റെ വക്ഷസ്സിലേക്ക് ചാരിക്കിടന്നിരുന്നു. ശിമയോൻ പത്രോസ് അവനോട് ആംഗ്യം കാണിച്ചു പറഞ്ഞു അവൻ ആരെപറ്റി പറയുന്നു എന്നു ചോദിക്കുക. യേശുവിന്റെ വക്ഷസ്സിലേക്ക് ചേർന്ന് കിടന്നുകൊണ്ട് അവൻ ചോദിച്ചു. കർത്താവേ ആരാണത് അവൻ പ്രതി വചിച്ചു അപ്പക്കഷണം മുക്കി ഞാൻ ആർക്കു കൊടുക്കുന്നുവോ അവൻ തന്നെ. അവൻ അപ്പക്കഷണം മുക്കി ശിമയോൻ സ്ക്കറിയോത്തയുടെ മകൻ യൂദാസിനു കൊടുത്തു. അപ്പക്കഷണം സ്വീകരിച്ചതിനെതുടർന്ന് സാത്താൻ അവനിൽ പ്രവേ ശിച്ചു. യേശു അവനോട് പറഞ്ഞു. നീ ചെയ്യാനിരിക്കുന്നത് വേഗം ചെയ്യുക.എന്നാൽ ഭക്ഷണത്തിനിരുന്നവരിൽ ആരും അവൻ ഇത് എന്തിന് പറ ഞ്ഞുവെന്ന് അറിഞ്ഞില്ല. (യോഹന്നാൻ 13 23 - 28)

യേശുവിനെ ഒറ്റിക്കൊടുത്തതാര് എന്നറിയാൻ ഏറ്റവും കൂടുതൽ ആഗ്ര ഹിച്ചിരുന്നത് പത്രോസാവണം. അതുകൊണ്ടാണല്ലോ അതാരാണെന്ന് ചോദി ക്കുകയെന്ന് തത്സമയം യേശുവിന്റെ വക്ഷസ്സിൽ ചേർന്ന് കിടന്നിരുന്ന (മ്ലേഛത) യോഹന്നാനോട് ആംഗ്യഭാഷയിൽ ആവശ്യപ്പെട്ടത്. ആംഗ്യം കാട്ടി എന്ന് പറ യുന്നതിൽ നിന്ന് രണ്ട് കാര്യങ്ങൾ വ്യക്തമാകുന്നു. പത്രോസ് ഇരുന്നിരുന്നത് യേശുവിൽ നിന്നും യോഹന്നാനിൽ നിന്നും തെല്ലകലെയായിരുന്നുവെന്നും ഉറക്കെ എല്ലാവരും കേൾക്കെ ചോദിച്ചാൽ യേശു മറുപടി നൽകില്ലായിരുന്നു വെന്ന് പത്രോസ് ധരിച്ചിരുന്നുവെന്നും.

യേശുവിന്റെ മാറിൽ ചാരികിടന്നിരുന്ന യോഹന്നാൻ പത്രോസിന്റെ നിർദ്ദേശം കിട്ടിയ ഉടനെ യേശുവിന്റെ മാറിൽ ഒന്നു കൂടി ചേർന്ന് കിടന്നുകൊ

ണ്ടാണ് ആരാണത് എന്ന് ചോദിച്ചത്. അതായത് യോഹന്നാൻ ചോദിച്ചത്. യേശുവല്ലാതെ മറ്റു ശിഷ്യൻമാർ ആരും കേട്ടില്ല എന്നർത്ഥം പത്രോസും കേട്ടില്ല യൂദാസും കേട്ടില്ല. അപ്പക്കഷണം മുക്കി ഞാൻ ആർക്ക് കൊടുക്കുന്നുവോ അവൻ തന്നെ എന്ന് പറഞ്ഞ മറുപടിയും യൂദാസ് കേട്ടിരുന്നില്ല.

ആരാണത് ? എന്ന് യോഹന്നാൻ യേശുവിന്റെ മാറിൽ കിടന്ന് അടക്കം പറഞ്ഞപ്പോൾ യേശു യൂദാസ് എന്ന് ഒറ്റവാക്കിൽ മറുപടി പറയാതിരുന്നന്നതിന്റെ പ്രധാനകാരണം യൂദാസിനെയാണ് താനുദ്ദേശിക്കുന്നതെന്ന് മറ്റ് ശിഷ്യൻമാർ അറിയുന്നതിന് മുമ്പേ യൂദാസ് സ്ഥലം വിട്ടിരിക്കണമെന്ന് യേശു മുൻകൂട്ടി തീരുമാനിച്ചിരുന്നതാണ്. ആയതിനാൽ യോഹന്നാൻ ചോദിക്കുമ്പോൾ യേശു യൂദാസ് എന്ന് മറുപടി കൊടുത്തിരുന്നുവെങ്കിൽ യോഹന്നാൻ യൂദാസിനെതിരെ തിരിയുവാൻ സാദ്ധ്യതയുണ്ട്. അതുമല്ലെങ്കിൽ യോഹന്നാൻ മുഖേന മറ്റ് ശിഷ്യൻമാർ പ്രത്യേകിച്ച് പത്രോസിന് വിവരം ലഭിച്ചേനെ യൂദാസാണ് യേശുവിനെ ഒറ്റിക്കൊടുക്കുവാൻ പോകുന്നതെന്ന്. അങ്ങിനെ ആരെങ്കിലും യൂദാസിനെതിരെ തിരിഞ്ഞാൽ യൂദാസിനെ നടത്താൻ യേശുവിന്റെ പദ്ധതിപാളും.

യേശു അപ്പക്കഷണമെടുത്ത് കൊണ്ട് യൂദാസിന് നേരെ ചെല്ലുമ്പോൾ അയാൾക്കറിയില്ല അങ്ങിനെ ചെയ്യുന്നതിലൂടെ യേശു യോഹന്നാനോട് യൂദാസാണ് ഒറ്റുകാരൻ എന്ന് പറയുകയായിരുന്നുവെന്ന് അഥവാ യേശു യൂദാസിനെ യോഹന്നാന് ഒറ്റിക്കൊടുക്കുകയായിരുന്നുവെന്ന് യൂദാസിനറിയില്ലായിരുന്നു. അതറിയാമായിരുന്നുവെങ്കിൽ യൂദാസ് ഒരിക്കലും യേശു നൽകിയ അപ്പക്കഷണം സ്വീകരിക്കുകയില്ലായിരുന്നു. യൂദാസ് അപ്പക്കഷണം സ്വീകരിച്ചതിൽ നിന്ന് വ്യക്ത

മാണ് യോഹന്നാനും യേശുവും തമ്മിൽ നടന്ന രഹസ്യസംഭാഷണം യൂദാസ് കേട്ടിട്ടില്ല എന്നത്.

സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽ നിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ് എന്നൊക്കെയാണ് യേശു ശിഷ്യൻമാരോട് പറഞ്ഞിട്ടുള്ളത് (യോഹന്നാൻ 6 : 51 ) ശിഷ്യൻമാരുടെ മുന്നിൽ പ്രഖ്യാപിച്ചിട്ടുള്ളത്. ആയതിനാൽ യേശു അപ്പക്കഷണമെടുത്ത് കൊണ്ട് യൂദാസിനു നേരെ വരുമ്പോൾ അയാൾ ധരിച്ചിരിക്കുക യേശു തനിക്ക് നിത്യജീവൻ നൽകുകയാണെന്നാണ്. അങ്ങിനെ സന്തോഷപൂർവ്വം യേശു നൽകുന്ന അപ്പം അയാൾ സ്വീകരിക്കുന്നു. എന്നാൽ സംഭവിച്ചത് നിത്യജീവനുപകരം അയാളുടെയുള്ളിൽ സാത്താൻ പ്രവേശിക്കുകയാണുണ്ടായത്. അപ്പക്കഷണം സ്വീകരിച്ചതിനെതുടർന്ന് സാത്താൻ അവനിൽ പ്രവേശിച്ചു എന്നും ആ അപ്പക്കഷണം സ്വീകരിച്ച ഉടനെ അവൻ പുറത്തുപോയി എന്ന് 30-ാം വാക്യവും പറയുന്നു. ഇതിൽ നിന്ന് യൂദാസ് അപ്പക്കഷണം സ്വീകരിച്ച ഉടനെ അവനിൽ സാത്താൻ പ്രവേശിച്ചു എന്ന് വ്യക്തമാകുന്നു.

മറ്റൊന്ന് കൂടി ഇത് വ്യക്തമാക്കുന്നു.അതായത് യേശു നൽകിയ അപ്പക്കഷണം സ്വീകരിക്കുന്നത് വരെ അയാളിൽ സാത്താൻ പ്രവേശിച്ചിരുന്നില്ല എന്ന്. യേശുവിനെ ഒറ്റിക്കൊടുക്കുവാൻ യൂദാസ് പദ്ധതിയിട്ടിരുന്നില്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

യേശു അപ്പക്കഷണമെടുത്ത് യൂദാസിന് നൽകുമ്പോൾ യോഹന്നാൻ കരുതുന്നത് യേശു യൂദാസാണ് ഒറ്റുകാരൻ എന്ന് യോഹന്നാനെ ധരിപ്പിക്കുക അഥവാ

യോഹന്നാന് കാട്ടിക്കൊടുക്കുക മാത്രമായിരുന്നുവെന്ന്. യേശു നൽകിയ അപ്പം യൂദാസ് സ്വീകരിച്ച ഉടനെ സാത്താൻ യൂദാസിൽ പ്രവേശിച്ചു എന്ന് യോഹന്നാനറിയില്ല. യേശുവിനതറിയാമായിരുന്നുതാനും.യേശു യൂദാസിന് അപ്പക്കഷണം നൽകിയത് യൂദാസിനുള്ളിൽ സാത്താൻ പ്രവേശിച്ച് അവൻ യേശുവിന്റെ അഥവാ പരമപിശാചിന്റെ ആജ്ഞാനുവർത്തിയായിത്തീരുവാൻ അത്രേ. അപ്പക്കഷഷണം വാങ്ങിയ ഉടനെ യൂദാസിനുള്ളിൽ സാത്താൻ പ്രവേശിക്കുന്നു അതായത് യൂദാസിന്റെ നിയന്ത്രണം സാത്താന്റെ കൈയ്യിലാവുന്നു. യേശു നീ ചെയ്യാനിരിക്കുന്നത് വേഗം ചെയ്യുക എന്ന ആജ്ഞ നൽകുന്നു ഉടനെ യൂദാസ് പുറത്തു പോകുന്നു. അങ്ങിനെ യൂദാസ് പിശാചിന്റെ അഥവാ യേശുവിന്റെ ആജ്ഞാനുവർത്തിയായി മാറുന്നു.

യൂദാസ് പുറത്തുപോകുമ്പോൾ യേശുവും ശിഷ്യൻമാരും ജറുസലേമിലുള്ള ഒരു വീട്ടിൽ ഒന്നാം നിലയിൽ ഇരുന്ന് അപ്പവും വീഞ്ഞും കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. യേശുവിനെ യഹൂദർ ബന്ധിക്കുന്നത് ഗത്സേമനി എന്ന മറ്റൊരു സ്ഥലത്ത് വെച്ചാണ്. യേശു അത്താഴം കഴിച്ചിരുന്ന ജറുസലേമിലെ വീട്ടിൽ നിന്ന് ഗത്സേമനിയിലേക്ക് പോയി എന്ന് യൂദാസിനെങ്ങിനെ അറിയാം. ഈ ചോദ്യത്തിന് ബൈബിൾ നൽകുന്ന ഉത്തരം അവനെ ഒറ്റിക്കൊടുത്ത യൂദാസിനും ആ സ്ഥലം അറിയാമായിരുന്നു. കാരണം യേശു പലപ്പോഴും ശിഷ്യൻമാരോടുകൂടെ അവിടെ സമ്മേളിക്കാറുണ്ടായിരുന്നു (യോഹന്നാൻ 18 : 2 ) എന്നാണ്.

ഇത് അസത്യപ്രസ്താവനയാണ് കാരണം യേശുവും ശിഷ്യൻമാരും തങ്ങളുടെ ഭൂരിഭാഗം സമയവും ചിലവഴിച്ചത് ഗലീലിയിൽ ആയിരുന്നു. ഗത്സേമനി യൂദാ ദേശത്താണ് ഗലീലി ഏതാണ്ട് 100 കീലോമീറ്റർ അകലെയാണ്.

യേശുവും ശിഷ്യൻമാരും ഗലിലിയിൽ ആയിരുന്നു പ്രവർത്തിച്ചിരുന്ന തെന്നും ആയതിനാൽ യേശു പലപ്പോഴും ശിഷ്യൻമാരോടുകൂടെ അവിടെ (ഗ ത്സേമനിയിൽ ) സമ്മേളിക്കാറുണ്ടായിരുന്നു എന്ന് പറഞ്ഞിരിക്കുന്നത് കള്ളമാ ണെന്ന് തെളിയിക്കുന്നതിനായി ഞാൻ ചില ബൈബിൾ വാക്യങ്ങൾ ഇവിടെ ഉദ്ധ രിക്കാം.

യോർദ്ദാൻ നദിയിൽ സ്നാപക യോഹന്നാനിൽ നിന്ന് സ്നാനം സ്വീകരിച്ച തിന് ശേഷം യോഹന്നാൻ ബന്ധനസ്ഥനായെന്നു കേട്ടപ്പോൾ യേശു ഗലീലയി ലേക്ക് പിൻവാങ്ങി. അവൻ നസറത്തുവിട്ടു സെബുലൂണിന്റേയും നഫ്ത്താലി യുടേയും അതിർത്തിയിൽ സമുദ്രതീരത്തുള്ള കഫർമാമിൽ ചെന്നു പാർത്തു (മ ത്തായി 4: 12-13)

അങ്ങിനെ ഗലീലികടൽപ്പുറത്തുകൂടി നടക്കുമ്പോഴാണ് യേശുവിന് തന്റെ ആദ്യ ശിഷ്യൻമാരെ ലഭിക്കുന്നത്. (മത്തായി 4: 18 -19) ഇതിന് ശേഷം അവൻ അവരുടെ സിനഗോഗുകളിൽ പടിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും ജനങ്ങളുടെ എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീലി മുഴു വൻ ചുറ്റി സഞ്ചരിച്ചു (മത്തായി 4 :23)

അവൻ പറഞ്ഞു നമുക്ക് അടുത്ത പട്ടണങ്ങളിലേക്ക് പോകാം അവിടെയും എനിക്ക് പ്രസംഗിക്കേണ്ടിയിരിക്കുന്നു. അതിനാണ് ഞാൻ വന്നിരിക്കുന്നത്. സിന ഗോഗുകളിൽ പ്രസംഗിച്ചുകൊണ്ടും പിശാചുക്കളെ പുറത്താക്കിക്കൊണ്ടും അവൻ ഗലീലിയിലുടനീളം സഞ്ചരിച്ചു ( മാർക്കോസ് 1 : 38-39) ഈ വാക്യങ്ങളിൽ നിന്ന് യേശുവിന്റെ പ്രവർത്തിമണ്ഡലം ഗത്സേമനിയിൽ നിന്ന് 100 കിലോമീറ്ററോളം അകലെ ഗലീലി ദേശത്തായിരുന്നുവെന്ന് തെളിയുന്നു. അങ്ങിനെ യേശു തന്റെ

ശിഷ്യൻമാരുമൊത്ത് ഗലീലിയിലുടനീളം സഞ്ചരിക്കുന്നതിനിടയിൽ ഒരിക്കൽ യേശു പറഞ്ഞു തുടങ്ങി  അപ്പോൾ മുതൽ യേശു തനിക്കു ജറുസലേമിലേക്കു പോകേണ്ടിയിരിക്കുന്നുവെന്നും ശ്രേഷ്ഠൻമാരിൽ നിന്നും പ്രധാന പുരോഹിതൻമാരിൽ നിന്നും നിയമജ്ഞരിൽ നിന്നും വളരെയേറെ സഹിക്കേണ്ടി വരുമെന്നും താൻ വധിക്കപ്പെടുമെന്നും എന്നാൽ മൂന്നാം ദിവസം ഉയിർക്കപ്പെടുമെന്നും ശിഷ്യൻമാരെ അറിയിച്ചി തുടങ്ങി  (മത്തായി 16: 21)

തുടർന്ന് യേശു ഗലീലിയിലുടനീളമുള്ള തന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് ശിഷ്യൻമാരോടൊപ്പം ജറുസലേമിലേക്ക് യാത്ര തിരിക്കുന്നു.  ഗത്സേമനിയിൽ വച്ച് പിടിയിലാവുന്നു. അങ്ങിനെയാണെങ്കിൽ  യേശു പലപ്പോഴും ശിഷ്യൻമാരോടുകൂടെ അവിടെ )ജറുസലേമിലുള്ള ഗത്സേമനിയിൽ ) സമ്മേളിക്കാറുണ്ടായിരുന്നു  എന്ന് യോഹന്നാൻ 18-ാം അദ്ധ്യായം 2-ാം വാക്യം പറയുന്നത് കള്ളമല്ലേ?

അപ്പോൾ  അത്താഴവിരുന്ന് നടന്നിരുന്ന ജറുസലേമിലെ വീട്ടിൽ നിന്ന് യഹൂദരെകൂട്ടികൊണ്ടുവരാൻ പുറപ്പെട്ടുപോയ യൂദാസിന് എങ്ങിനെയാണ് യേശു തത്സമയം ഗത്സേമനിയിൽ ആണെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞത്.

യൂദാസിന്റെയുള്ളിൽ യേശു കടത്തിവിട്ട കുട്ടി സാത്താന് അവന്റെ മേധാവി പരമപിശാച് യേശു എവിടെയാണെന്ന് നല്ല നിശ്ചയമുണ്ടായിരുന്നു.  ആയത് കൊണ്ടാണ് ആ പിശാചിന് യൂദാസിനേയും യഹൂദ പ്രമാണിമാരേയും ഗത്സേമനിയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞത്.

നീ ചെയ്യാനിരിക്കുന്നത് വേഗം പോയി ചെയ്യുക  എന്ന് യൂദാസിനോട് പറഞ്ഞ യേശു യൂദാസ് തിരിയെ വരും വരെ ജറുസലേമിലെ ആ വീട്ടിൽ കാത്തി

രിക്കുകയല്ലായിരുന്നുവോ ചെയ്യേണ്ടിയിരുന്നത് ? യേശു എന്തിനാണ് യൂദാസിനെ ആളെക്കൂട്ടി വരാൻ പറഞ്ഞിട്ട് അല്പസമയം കഴിഞ്ഞ് എഴുന്നേൽക്കുവിൻ നമുക്ക് ഇവിടെ നിന്നുപോകാം (യോഹന്നാൻ 14 : 30 ) എന്ന് പറഞ്ഞ് ശിഷ്യൻമാരോടൊത്ത് ഗത്സേമനിയിലേക്ക് പോയത് എന്നാണ് നിങ്ങളിപ്പോൾ ചിന്തിക്കുന്നതെങ്കിൽ അതിന് രണ്ട് കാരണങ്ങളാണുള്ളത് എന്ന് അറിയിച്ചുകൊള്ളട്ടെ.

ഒന്നാമതായിട്ട് ജറുസലേമിലെ അത്താഴവിരുന്ന് നടന്നിരുന്ന മുറിയിൽ വച്ച് യേശു പിടിക്കപ്പെട്ടിരുന്നുവെങ്കിൽ യേശുവിനോടൊപ്പം അവന്റെ എല്ലാ ശിഷ്യൻമാരും കുടുങ്ങിയേനെ. ഗത്സേമനിയിൽ തുറസ്സായ സ്ഥലത്തായിരുന്നതിനാൽ അവർക്കൊക്കെ ഓടി രക്ഷപ്പെടുവാൻ സാധിച്ചു അപ്പോൾ ശിഷ്യൻമാരെല്ലാവരും അവനെ വിട്ട് ഓടിപ്പോയി (മത്തായി 26: 56 )

രണ്ടാമത്തെ കാരണം യഹൂദർ യേശുവും ശിഷ്യൻമാരും ജറുസലേമിലെ ഒരു വീട്ടിൽ സമ്മേളിച്ചു എന്ന് മനസ്സിലാക്കിയാൽ പീന്നിടൊരിക്കലും യേശുവിന്റെ ശിഷ്യൻമാർക്ക് ആ വീട് തങ്ങളുടെ ഒളി സങ്കേതമാക്കി മാറ്റാൻ കഴിയാതെ വന്നേനെ. അങ്ങിനെ അവർ പലയിടങ്ങളിൽ ശിഥിലമായിപോയേനെ.

യേശുവിനെ കുരിശിലേറ്റിയതിന് ശേഷം നാൽപതു ദിവസങ്ങളിലേറെ പിന്നിട്ടിട്ടും യേശുവിന്റെ ശിഷ്യൻമാർ എല്ലാവരും തന്നെ യേശു അവസാന അത്താഴം കഴിച്ച ജറുസലേമിലെ വീട്ടിലായിരുന്നു താമസം അവർ ഒലിവുമലയിൽ നിന്നു ജറുസലേമിലെക്കു മടങ്ങിപ്പോയി ,ഇവ തമ്മിൽ ഒരു സാബത്തു ദിവസത്തെ യാത്രാദൂരമാണുള്ളത്. അവർ പട്ടണത്തിലെത്തി തങ്ങൾ താമസിച്ചിരുന്ന വീട്ടിന്റെ മുകളിലത്തെ മുറിയിൽ ചെന്നു ( അപ്പോസ്തലൻമാരുടെ പ്രവർത്തനങ്ങൾ 1 : 12 –13 )ഇങ്ങനെ യേശുവിന്റെ ശിഷ്യൻമാർക്ക് തുടർന്ന് പ്രവർത്തിക്കു

വാൻ യേശു ഒരുക്കിയിരിക്കുന്ന വീട് അവർക്ക് നഷ്ടപ്പെടാതിരിക്കുവാനും കൂടി യാണ് യേശു അത്താഴവിരുന്ന് നടന്നിരുന്ന വീട്ടിൽ വെച്ച് പിടികൊടുക്കാതെ ശിഷ്യൻമാരെയും കൂട്ടി ഗത്സേമനിയിൽ ചെന്ന് അവിടെ വച്ച് പിടികൊടുക്കുന്നതും ശിഷ്യൻമാർക്ക് ഓടിരക്ഷപ്പെടാനും തിരിച്ച് അത്താഴം നടന്നിരുന്ന വീട്ടിൽ ഒളി ക്കാനും സാധിച്ചത്. അങ്ങിനെ കാര്യങ്ങളെല്ലാം യേശുവിനനുകൂലായി നീങ്ങി.

യേശു ലോകരുടെ പാപങ്ങൾക്ക് പരിഹാരബലിലായി ജീവൻ ത്യജിച്ചു എന്നാണ് ക്രിസ്ത്യാനികളുടെ വിശ്വാസം അവൻ നമ്മുടെ പാപങ്ങൾക്ക് പരി ഹാരബലിയാണ്. നമ്മുടെ മാത്രമല്ല ലോകം മുഴുവന്റേയും പാപങ്ങൾക്ക് ( യോഹന്നാൻ 2 : 2 ) എന്ന് പറഞ്ഞുകൊണ്ട് ബൈബിൾ ഈ വിശ്വാസത്തെ പിന്താ ങ്ങുന്നു.

യേശുവിന്റെ തന്നെ സ്വന്തം വാക്കുകൾ പ്രകാരം യേശു മരിക്കണമെന്നത് യേശുവിന്റെ പിതാവിന്റെ ഹിതമായിരുന്നു. യേശു പിടിയിലായതിനെ തുടർന്നാണ് യേശുവിന്റെ കുരിശു മരണം സംഭവിക്കുന്നത്. യേശു പിടിയിലാകാൻ കാരണം യൂദാസും യേശുവിന്റെ പിതാവിന്റെ ഹിതം നിറവേറാൻ എന്തിനാണ് യേശുവിന്റെ പിതാവിന്റെ മുഖ്യ എതിരാളിയാവേണ്ട സാത്താൻ യൂദാസിനെ പ്രേരിപ്പിക്കുന്നത് ?

യഹൂദ പ്രമാണിമാരെ കൂട്ടിക്കൊണ്ടു വരാൻ യൂദാസ് പുറപ്പെട്ടപ്പോൾ യേശു വിന് എന്തെന്നില്ലാത്ത ആനന്ദമായിരുന്നു. അവൻ (യൂദാസ് ) പുറത്ത് പോയി കഴിഞ്ഞപ്പോൾ യേശു പറഞ്ഞു ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കു ന്നു. അവനിൽ ദൈവവും മഹത്വപ്പെട്ടിരിക്കുന്നു. ദൈവം അവനിൽ മഹത്വപ്പെ ടുവെങ്കിൽ ദൈവം അവനെ തന്നിൽ മഹത്വപ്പെട്ടുത്തും ഉടൻ തന്നെ മഹത്വപ്പെ

ടുത്തും (യോഹന്നാൻ 13 : 31 - 32 )

ഒരിക്കൽ യേശു ശിഷ്യൻമാരോട് തനിക്കു ജറുസലെമിലേക്ക് പോകേണ്ടിയിരിക്കുന്നുവെന്നും താൻ വധിക്കപ്പെടുമെന്നും അറിയിച്ചപ്പോൾ പത്രോസ് അവനെ മാറ്റിനിറുത്തി തടസ്സം പറയാൻ തുടങ്ങി ദൈവം കനിയട്ടെ കർത്താവേ ഇതൊരിക്കലും നിനക്കു സംഭവിക്കാതിരിക്കട്ടെ. യേശു തിരിഞ്ഞ് പത്രോസിനോട് പറഞ്ഞു സാത്താനെ എന്റെ മുമ്പിൽ നിന്നു പോകൂ നീ എനിക്ക് പ്രതിബന്ധമാണ് (മത്തായി 16 : 23 ) എന്ന് പറയുകയുണ്ടായി.

യേശുവിന്റെ മുന്നോട്ടുള്ള വഴിയിൽ പ്രതിബന്ധം സൃഷ്ടിച്ചിരുന്ന സാത്താനാണ് യൂദാസിൽ പ്രവേശിച്ചിരുന്നതെങ്കിൽ അവൻ ഒരിക്കലും യേശുവിനും യേശുവിന്റെ പിതാവിനും മഹത്വം നൽകുവാൻ പ്രവർത്തിക്കുമായിരുന്നില്ല.

പത്രോസിനെ ബാധിച്ചിരുന്ന സാത്താൻ യേശു വധിക്കപ്പെട്ടരുതെന്ന് ആഗ്രഹിക്കുന്നു. യൂദാസിനെ ബാധിച്ചിരുന്ന സാത്താൻ യേശുവിനെ വധിക്കുവാൻ യഹൂദ പ്രമാണിമാരെ കൂട്ടിക്കൊണ്ടു വരുന്നു. അതായത് യൂദാസിനെ ബാധിച്ചിരുന്ന സാത്താന് യേശു വധിക്കപ്പെടണമെന്ന് സാത്താനും പത്രോസിനും ബാധിച്ചിരുന്ന സാത്താനും രണ്ട് വ്യത്യസ്ത സ്വഭാവുമുള്ള വ്യത്യസ്ത പിശാചുക്കളായിരുന്നുവെന്നാണ്. ഒന്ന് യേശുവിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് വഴിയൊരുക്കുന്നു മറ്റൊന്ന് പ്രതിബന്ധം സൃഷ്ടിക്കുന്നു.

വ്യാഴാഴ്ച പാതിരാത്രി നേരം ഗത്സേമനിയിൽ യേശു മണിക്കൂറുകൾ നിലത്ത് കമിഴ്ന്ന് വീണ് പിതാവിനോട് എന്റെ ഹിതമല്ലേ നിന്റെ ഹിതം നിറവേറട്ടെ എന്ന് തീക്ഷണമായി പ്രാർത്ഥിച്ചു എന്നാണ് ബൈബിൾ പറയുന്നത്. എങ്കിൽ പിന്നെ എന്തുകൊണ്ടാണ് തന്റെ മരണസമയത്ത് യേശു കുരിശ്ശിൽ കിടന്നുകൊണ്ട്

എന്റെ ദൈവമേ എന്റെ ദൈവമേ എന്തുകൊണ്ടു നീ എന്നെ ഉപേക്ഷിച്ചു (മത്തായി 27 : 46 ) എന്ന് പറയുന്നത്.?

മത്തായിയുടെ പുസ്തക പ്രകാരമുള്ള യേശുവിന്റെ മരണമൊഴി ഇതാണ്. അതായത് യേശു താൻ മരിക്കുന്നതിനു തൊട്ട് മുമ്പ് വരെയും തന്റെ പിതാവ് തന്നെ ഉപേക്ഷിക്കില്ല എന്ന് വിശ്വസിച്ചിരുന്നു എന്നല്ലേ ഈ വാക്കുകൾ അർത്ഥമാക്കുന്നത് അപ്പോൾ പിന്നെ പിതാവെ എന്റെ ഹിതമല്ലേ നിന്റെ ഹിതം നിറവേറട്ടെ എന്ന് ശിഷ്യൻമാരുടെ മുമ്പിൽ നാടകം കളിച്ചതെന്തിനായിരുന്നു.

മരണസമയത്ത് ദൈവമേ എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു ? എന്ന് യേശു ചോദിക്കുന്നതിന്റെ അർത്ഥം യേശുവിന് മരിക്കാൻ താൽപര്യമില്ലായിരുന്നുവെന്നല്ലേ ? എങ്കിൽ യേശു ഞാൻ നല്ല ഇടയനാണ് നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു (യോഹന്നാൻ 10 : 11 ) എന്നൊക്കെ പറയുന്നത് പച്ചക്കള്ളമാണെന്നല്ലേ യേശുവിന്റെ മരണമൊഴി തെളിയിക്കുന്നത?

അദ്ധ്യായം 7 അവസാന അത്താഴം സമാപ്തം

# അദ്ധ്യായം 8 യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പ് സത്യവും മിഥ്യയും

മരിച്ചവരാരും ഉയിർത്തെഴുന്നേറ്റതായി കേട്ടിട്ടില്ല. പക്ഷെ ബൈബിൾ പറയുന്നു മരിച്ച യേശു ഉടലോടെ ഉയിർത്തെഴുന്നേറ്റ് തന്റെ ശിഷ്യൻമാർക്ക് മുന്നിൽ പ്രത്യക്ഷപ്പെട്ടു എന്ന്. എങ്കിൽ അത് പരിശോധിക്കുന്നതിൽ തെറ്റില്ലല്ലോ.

ഓരോ സുവിശേഷകനും ഒന്ന് മറ്റൊന്നിന് വിരുദ്ധമായിട്ടാണ് ഉയിർത്തെഴുന്നേൽപ്പ് കഥയുടെ ഓരോ വിശദാംശങ്ങളും എഴുതിയിട്ടുള്ളത്. അതിലേ

ക്കൊന്നും ഞാൻ കടക്കുന്നില്ല കാരണം  ബൈബിൾ പുസ്തകത്തിലെ നുണക ളുടെ കണക്കെടുക്കുക എന്ന് പറയുന്നത് കടലിലെ മീനിന്റെ കണക്കെടുപ്പ് നട ത്തുവാൻ ശ്രമിക്കുന്നത് പോലെയാ അല്ലെങ്കിൽ ആകാശത്തിലെ നക്ഷത്രങ്ങൾ എണ്ണിത്തിട്ടപ്പെടുത്തുവാൻ ശ്രമിക്കുന്നതുപോലെ അസാധ്യമായ കാര്യമാണ്. ഈശ്വരന്റെ സൽപ്രവർത്തികൾ അനന്തകോടി എന്ന് പറയുന്നത് പോലെ പരമ പിശാചിന്റെ വായിൽ നിന്നുവരുന്ന നുണകളും കോടിക്കണക്കിനാണ്.

വെള്ളിയാഴ്ച  വൈകുന്നേരം യേശുവിന്റെ ജഡം കുരിശ്ശിൽ നിന്നിറക്കി സമീപത്തുണ്ടായിരുന്ന ഒരു കല്ലറയിൽ വച്ചു.  ഞായറാഴ്ച രാവിലെ ശിഷ്യൻമാർ ചെന്ന് നോക്കുമ്പോൾ ജഡം അവിടെയുണ്ടായിരുന്നില്ല..  യേശുവിന്റെ ജഡം ഞായറാഴ്ച അതിരാവിലെ ഉയിർത്തെഴുന്നറ്റു എന്നാണ് ബൈബിൾ പറയുന്നത്. ജഡം ഉയിർത്തെഴുന്നേറ്റു എന്നൊക്കെ പറയുന്നത് യുക്തിക്ക് നിരക്കാത്തതാണ്. 2000 വർഷങ്ങൾക്ക് മുമ്പുള്ള കാര്യമായതിനാൽ  ഈ വിഷയത്തിൽ നമ്മെ സഹാ യിക്കുവാൻ ആരുമില്ല.  യേശുവിന്റെ ജഡം ഉയിർത്തെഴുന്നേറ്റു  എന്ന് അവ കാശപ്പെടുന്ന ബൈബിൾ പുസ്തകം മാത്രമെ നമ്മുടെ മുന്നിലുള്ളു.  മററ് മാർഗ്ഗ ങ്ങളൊന്നുമില്ലാത്തിനാൽ നമുക്ക് ബൈബിൾ പുസ്തകം തന്നെ തലനാരിഴ കീറി ഇക്കാര്യത്തെക്കുറിച്ചുള്ള സത്യം കണ്ടെത്താൻ ഒരു ശ്രമം നടത്താം.

ഞായറാഴച രാവിലെ യേശുവിനെ അടക്കം ചെയ്തിരുന്ന കല്ലറയിൽ പല സ്ത്രീകളും പോയി എന്ന് പറയുന്നുണ്ട്.  എത്രപേരാണ് കല്ലറയിൽ പോയത് എന്ന് ചോദിച്ചാൽ നാല് പുസ്തകങ്ങളും നാല് വ്യത്യസ്ത മറുപടി നൽകുന്നു എന്നാൽ ഈ വ്യത്യസ്തകളിലും ഒരു സമാനതയുണ്ട്.  മഗദലേനക്കാരി മറിയം പോയിരുന്നു എന്ന് നാലു പുസ്തകങ്ങളും സമ്മതിക്കുന്നു.

കല്ലറയിങ്കൽ എത്രപേർ പോയിരുന്നു എന്നതിൽ മാത്രമല്ല പര്സ്പര

വൈരുദ്ധ്യം അവർ പോകുന്നു വഴിക്ക് സംസാരിക്കുന്നതും അവർ കല്ലറയിങ്കൽ പോകുവാനുള്ള കാരണവും അവർ കല്ലറയിങ്കൽ കണ്ടതും എല്ലാമെല്ലാം ഒന്നിനൊന്ന് വിരുദ്ധമായിട്ടാണ്  നാല് പുസ്തകങ്ങളിലും വർണ്ണിച്ചിരിക്കുന്നത്.

മത്തായി അവർ ശവകുടീരം സന്ദർശിക്കാൻ പോയി എന്ന് പറയുമ്പോൾ മാർക്കോസ് അവർ യേശുവിന്റെ ജഢം അഭിഷേകം ചെയ്യുവാനായി സുഗന്ധദ്രവ്യങ്ങളുമായി പോയി എന്നാണ് പറയുന്നത്.

മത്തായി പറയുന്നത് മഗ്ദലേനക്കാരി മറിയവും മറ്റേ മറിയവും ശവകുടീരം സന്ദർശിക്കാൻ വന്നപ്പോൾ വലിയ ഒരു ഭൂകമ്പം ഉണ്ടായിയെന്നും കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന് കല്ലുതട്ടി മാറ്റി അതിൻമേൽ ഇരുന്നുവെന്നാണ് (  28 : 1–2)

മാർക്കോസ് പറയുന്നത് മത്തായി പറയുന്നതിന് കടക വിരുദ്ധമാണ്.  ആഴ്ചയുടെ ആദ്യ ദിവസം അതിരാവിലെ സൂര്യനുദിച്ചപ്പോൾ തന്നെ, അവർ ശവകുടീരത്തിലേക്കു പോയി.  അവർ തമ്മിൽ പറഞ്ഞു ആരാണ് നമുക്കുവേണ്ടി ശവകുടീരത്തിന്റെ വാതിൽക്കൽ നിന്ന് കല്ല് ഉരുട്ടി മാറ്റുക.  എന്നാൽ അവർ നോക്കിയപ്പോൾ ആ കല്ല് ഉരുട്ടി മാറ്റിയിരിക്കുന്നു.  അതു വളരെ വലുതായിരുന്നു താനും. അവർ ശവകുടീരത്തിനുള്ളിൽ പ്രവേശിച്ചപ്പോൾ വെള്ള വസ്ത്രം ധരിച്ച ഒരു യുവാവ് വലത്തുഭാഗത്തിരിക്കുന്നതു കണ്ടു ( 16 :  2 – 5)

അങ്ങിനെ മാർക്കോസ്  പ്രകാരം കല്ല് നേരത്തെ ഉരുട്ടിമാറ്റിയിരുന്നു.  ആയതിനാൽ സന്ദർശകർ അകത്തു പ്രവേശിക്കുന്നു.  അകത്ത് വെള്ള വസ്ത്രം ധരിച്ച ഒരു യുവാവിനേയും കാണുന്നു.  മത്തായിയുടെ സുവിശേഷ പ്രകാരം സ്ത്രീകൾ കല്ലറയിങ്കൽ വരുമ്പോൾ അവിടെ ഭൂകമ്പം ഉണ്ടാകുന്നു.  ദൂതൻ സ്വർഗ്ഗത്തിൽ

നിന്ന് ഇറങ്ങിവന്ന് കല്ലുതട്ടി മാറ്റുന്നത് സ്ത്രീകൾ കാണുന്നു. മാർക്കോസ് പ്രകാരം ഭൂകമ്പവും ഉണ്ടായിട്ടില്ല. സ്വർഗ്ഗത്തിൽ നിന്ന് ദൂതൻ ഇറങ്ങിവന്ന് കല്ലുതട്ടി മാറ്റി കല്ലിൻമേൽ ഇരിക്കുന്നുമില്ല.

അപ്പോൾ ഇതിലേത് സുവിശേഷമാണ് സത്യം ? അതോ രണ്ട് സുവിശേഷങ്ങളും കള്ളമാണോ ? സുവിശേഷം കള്ളം പറയാൻ പാടുണ്ടോ ? അഥവാ കള്ളം പറയുന്ന ഒരു പുസ്തകത്തെ സുവിശേഷം എന്ന് വിളിക്കുന്നത് ന്യായമാണോ? ചിന്തിക്കുക തീരുമാനിക്കുക.

ഇനി യോഹന്നാന്റെ പേരിലുള്ള പുസ്തകം പറയുന്നത് നമുക്ക് നോക്കാം. ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾ തന്നെ മഗ്ദലേന മറിയം ശവകുടീരത്തിന്റെ സമീപത്തേക്കുവന്നു. ശവകൂടീരത്തിന്റെ കല്ല് മാറ്റപ്പെട്ടിരിക്കുന്നതായി അവൾ കണ്ടു. അവൾ ഉടനെ ഓടി ശിമയോൻ പത്രോസിന്റേയും യേശു സ്നേഹിച്ചിരുന്ന മറ്റേ ശിഷ്യന്റേയും അടുത്തെത്തി പറഞ്ഞു കർത്താവിനെ അവർ കല്ലറയിൽ നിന്നു മാറ്റിയിരിക്കുന്നു. എന്നാൽ അവനെ അവർ എവിടെ വച്ചുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ ( 20 : 1-2)

യോഹന്നാൻ പറയുന്നത് മഗ്ദലേന മറിയം കല്ലു മാറ്റപ്പെട്ടിരിക്കുന്നതായി കണ്ട ഉടനെ ഓടി പത്രസിന്റേയും യോഹന്നാന്റേയും അടുക്കൽ ചെന്ന് യേശുവിന്റെ ജഢം അവർ കല്ലറയിൽ നിന്ന് മാറ്റിയെന്ന് പറഞ്ഞുവെന്നാണ്. അതായത് യോഹന്നാന്റെ സുവിശേഷ പ്രകാരം മത്തായിയിൽ പറഞ്ഞിരിക്കുന്നത് പോലെ ഭൂകമ്പം ഉണ്ടാക്കുകയോ ദൂതൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരികയോ കല്ലുതട്ടി മാറ്റി അതിൻമേൽ ഇരിക്കുകയോ ഒന്നും ഉണ്ടായിട്ടില്ല. മാർക്കോസിൽ പറയുന്നത് പോലെ വെള്ള വസത്രം ധരിച്ച ഒരു യുവാവ് കല്ലറയ്ക്കകത്ത് വലത്ത്

ഭാഗത്ത് ഇരിക്കുന്നതും ഉണ്ടായിട്ടില്ല. മഗ്ദലേനമറിയം കല്ലറയ്ക്കകത്ത് പ്രവേശിച്ചിട്ടേയില്ല എന്നാണ് യോഹന്നാൻ പറയുന്നത്.

യോഹന്നാന്റെ സുവിശഷ പ്രകാരം നോക്കിയാൽ മത്തായിയുടേയും മാർക്കോസിന്റേയും സുവിശേഷങ്ങൾ പയുന്നത് കള്ളമാണ്. അതേ സമയം മത്തായിയുടേയും മാർക്കോസിന്റേയും പുസ്തക പ്രകാരം നോക്കിയാൽ യോഹന്നാൻ പറയുന്നത് കള്ളമാണ്. എന്തായാലും ഒരു കാര്യം വ്യക്തമാണ് സംശയാതീതമാണ് അതായത് ബൈബിൾ നുണ പറയുന്നു എന്നത്.

ബൈബിൾ പുസ്തകം നുണയുടെ ഖനിയാണ്. എങ്കിൽ ഇതിന്റെ പിന്നിൽ പ്രവർത്തിച്ചിരിക്കുന്ന മസ്തിഷ്കം നുണയുടെ പിതാവായ പരമപിശാചിന്റേതാവുന്നതല്ലേ ന്യായം യോഹന്നാനും മത്തായിയും യേശുവിന്റെ തിരഞ്ഞെടുക്കപ്പെട്ട പന്ത്രണ്ട് ശിഷ്യൻമാരിൽപ്പെട്ടവരാണ്. അവരാണിതെഴുതിയിരുന്നതെങ്കിൽ ഈ പുസ്തകങ്ങൾ ഇത്തരത്തിൽ പരസ്പര വിരുദ്ധമായി തീരുക അസംഭവ്യമാണ്.

യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ കഥ പറയുന്ന അദ്ധ്യായത്തിന്റെ ആരംഭത്തിൽ തന്നെ ഇത്രയേറെ നുണകൾ വ്യക്തമായിക്കഴിഞ്ഞു. എങ്കിൽ യേശു ശരീരത്തോടെ ഉയിർത്തെഴുന്നേറ്റു എന്ന് പറയുന്നത് എത്ര വലിയ നുണയായിരിക്കും.

വെള്ളിയാഴ്ച ഉച്ചക്ക് കുരിശിൽ കിടന്നുകൊണ്ട് യേശു അന്ത്യശ്വാസം വലിക്കുന്നു. വെള്ളിയാഴ്ച വൈകുന്നേരം യേശുവിനെ കുരിശിൽ തറച്ച സ്ഥലമായ ഗോൽഗോഥായിൽ കാഴ്ചകാണാൻ കൂടിയിരുന്ന ജനക്കൂട്ടം തിരിച്ചു പോയതിന് ശേഷം യേശുവിന്റെ രണ്ട് രഹസ്യശിഷ്യൻമാരായിരുന്ന അരിമത്തിയക്കാരൻ

ജോസഫും നിക്കോദേമോസും ചേർന്ന് യേശുവിന്റെ ജഡം കുരിശിൽ നിന്ന് താഴേയിറക്കുന്നു. യേശു ക്രൂശിക്കപ്പെട്ട സ്ഥലത്ത് ഒരു തോട്ടം ഉണ്ടായിരുന്നു. ആ തോട്ടത്തിൽ അതുവരെ ആരെയും സംസ്കരിച്ചിട്ടില്ലാത്ത ഒരു പുതിയ കല്ല റയും ഉണ്ടായിരുന്നു. യഹൂദരുടെ ഒരുക്കത്തിന്റെ ദിനമായിരുന്നതിനാലും കല്ലറ സമീപത്തായിരുന്നതിനാലും അവർ യേശുവിനെ അവിടെ സംസ്കരിച്ചു (യോ ഹന്നാൻ 19 : 41 – 42) അതിനുശേഷം കല്ലറയുടെ വാതിൽക്കൽ ഒരു വലിയകല്ല് തട്ടിവച്ചിട്ട് അവൻ പോയി (മത്തായി 27 : 60)

അരിമത്തിയക്കാരൻ ജോസഫ് വെള്ളിയാഴ്ച വൈകുന്നേരം ഉരുട്ടിവച്ച കല്ലാണ് ഞായറാഴ്ച രാവിലെ മഗദലേന മറിയം ചെന്നപ്പോൾ കല്ലറയിൽ നിന്നും കല്ല് ഉരുട്ടി മാറ്റിയിരിക്കുന്നതായി അവർ കണ്ടു എന്ന് ലോക്കോസ് 24 2 ൽ പറ യുന്നത്.

കല്ലുരുട്ടി മാറഅറുക മാത്രമല്ല വെള്ളിയാഴ്ച രാത്രി അവിടെ അടക്കം ചെയ്ത യേശുവിന്റെ ജഢവും അവിടെ കാൺമാനില്ലായിരുന്നു.

എങ്ങിനെയാണ് യേശുവിന്റെ ജഢം അപ്രത്യക്ഷമായത് ? ആരാണ് കല്ലറ യുടെ വാതിൽക്കൽ വച്ചിരുന്ന കല്ല് ഉരുട്ടി മാറ്റിയത് ? കല്ലുരുട്ടി മാറിയതെങ്ങിനെ എന്ന് ആദ്യം പറയാം. ഇതിന് രണ്ട് സാധ്യതകളാണുള്ളത് ഒന്ന് , പുറത്ത് നിന്ന് ആരോ അല്ലെങ്കിൽ ആരൊക്കെയോ ഉള്ളിൽ പ്രവേശിച്ചിട്ടുണ്ടാകണം. പുറത്ത് നിന്ന് കല്ലറയ്ക്കകത്ത് കടക്കണമെങ്കിൽ കല്ല് ഉരുട്ടി മാറ്റാതെ നിവൃത്തിയില്ലല്ലോ.

രണ്ടാമത്തെ സാധ്യത ഉള്ളിൽ നിന്നും ആരെങ്കിലും പുറത്തേക്ക് വന്നിട്ടു ണ്ടാവണം അങ്ങിനെയാണെങ്കിലും കല്ലുരുട്ടി മാറ്റണമല്ലോ. കാരണം ഈ കല്ല് വാതിൽക്കൽ ഇരിക്കുന്നിടത്തോളം പുറത്ത് നിന്ന് അകത്തേക്കോ അകത്ത് നിന്ന്

പുറത്തേക്കോ കടക്കുവാൻ കഴിയില്ല. അകത്ത് നിന്ന് ഒരാൾ പുറത്തു കടന്ന പ്പോഴാണ് കല്ല് ഉരുട്ടിമാറ്റിയതെങ്കിൽ കല്ലറയ്ക്കകത്ത് നിന്ന് പുറത്തേക്ക് വരാനായി കല്ലറയ്ക്കകത്ത് യേശുവിന്റെ ജഡം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ഇനി മാർക്കോസ് 16 : 9 ൽ പറയുന്നത് പോലെ യേശു ആഴ്ചയുടെ ഒന്നാം ദിവസം രാവിലെ ഉയിർത്തെഴുന്നേൽക്കുന്നു. എന്ന് നമുക്ക് സങ്കൽപ്പിക്കാം. ഉയിർത്തെഴുന്നേറ്റ യേശുവിന്റെ ജഡം കല്ലറയ്ക്ക് വെളിയിൽ കടക്കുവാൻ വാതിൽക്കൽ വെച്ചിരുന്ന കല്ല് ഉള്ളിൽനിന്ന് മാറ്റുന്നു, അങ്ങിനെ യേശു കല്ലറയ്ക്ക് വെളിയിൽ കടക്കുന്നു എന്ന് സങ്കൽപ്പിക്കുക.

ഇവ്വിധമാണ് കാര്യങ്ങൾ സംഭവിക്കുന്നതെങ്കിൽ അന്നേ ദിവസം തന്നെ അതായത് ഞായറാഴ്ച രാത്രി ആഴ്ചയുടെ ഒന്നാം ദിവസമായ അന്നു വൈകിട്ട് ശിഷ്യൻമാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കെ .യേശു വന്ന് അവരുടെ മധ്യേ (യോഹന്നാൻ 20 : 19 ) പ്രത്യക്ഷപ്പെടുന്നതെങ്ങിനെ യേശുവിന് കതകട ച്ചിരിക്കുന്ന ശിഷ്യൻമാരുടെ മുമ്പിൽ പ്രത്യക്ഷപ്പെടാമെങ്കിൽ കല്ലുരുട്ടി മാറ്റാതെ കല്ലറയിൽ നിന്ന് വെളിയിൽ കടക്കാനും കഴിയണമല്ലോ ? കല്ലുരുട്ടിമാറ്റിയത് പുറത്ത് നിന്നാണെന്ന് ഇപ്പോൾ വ്യക്തമായില്ലേ?

ആരാണ് കല്ല് ഉരുട്ടി മാറ്റി അകത്ത് കടന്നത് ?എന്തിനാണ് എപ്പോഴാണ് കല്ലുരുട്ടി മാറ്റിയത്. കല്ലുരുട്ടി മാറ്റി അകത്ത് കടന്ന് .യേശുവിന്റെ ജഡം നശിപ്പി ച്ചുവെങ്കിൽ യേശു എങ്ങിനെയാണ് ശിഷ്യൻമാർക്ക് പ്രത്യക്ഷപ്പെട്ടത് ?ആരാണ് യേശുവിന്റെ ജഡം നശിപ്പിച്ചത് ?എങ്ങിനെയാണ് നശിപ്പിക്കപ്പെട്ടത് ? ഈ ചോദ്യ ങ്ങളുടെയെല്ലാം ഉത്തരം കണ്ടെത്തുവാനായി നമുക്ക് വീണ്ടും ബൈബിൾ പരി ശോധിക്കാം. ആദ്യം യേശുവിന്റെ ജഡം കല്ലറയിൽ നിന്ന് അപ്രത്യക്ഷണായ

കഥ പറയാം.

തലയോടിടം എന്നർത്ഥമുള്ള ഗോൽഗോഥായിൽ ആണ് യേശുവിനെ കുരിശിൽ തറച്ചത്. അരിമത്തിയക്കാരൻ ജോസഫും നിക്കോദേമോസും തലയോട്ടിടത്തിൽ വരുന്നത് ജനങ്ങൾ എല്ലാം പിൻവാങ്ങിയതിനുശേഷമാണ്. അവർ വന്ന് ജഡം താഴെയിറക്കുന്നു ഒരു തുണിയിൽ പൊതിഞ്ഞ് പാറയിൽ വെട്ടിയുണ്ടാക്കിയതും ആരെയും അന്നുവരെ സംസ്കരിച്ചിട്ടില്ലാത്തതുമായ ഒരു കല്ലറയിൽ വച്ചു ( ലൂക്കോ 23 : 53 )

കുറ്റാന്വേഷണം എന്നാൽ ഉത്തരം അറിയില്ലാത്ത ഒരു കുന്ന് ചോദ്യങ്ങൾക്ക് ഉത്തരം തേടലാണ്. നമ്മളിപ്പോൾ അന്വോഷിക്കുന്നത് രണ്ടായിരം വർഷം മുമ്പ് നടന്ന സംഭവമായതിനാൽ നമ്മുടെ മുന്നിൽ ചോദ്യങ്ങളുടെ കുന്നല്ല ഒരു പർവ്വതം തന്നെയാണ്. എല്ലാം ചോദ്യങ്ങൾക്കും യുക്തിക്ക് തൃപ്തികരായ ഉത്തരം കിട്ടുമ്പോഴാണ് അന്വോഷണം പൂർത്തിയാകുക അഥവാ സത്യം വെളിപ്പെടുക.

ആയതിനാൽ കഴിയുന്നത്ര ചോദ്യങ്ങൾ ചോദിക്കുകയും ഉത്തരങ്ങൾ തേടുകയും ചെയ്യാം. അങ്ങിനെ നാം തേടിപിടിക്കുന്ന ഉത്തരങ്ങൾ ചേർത്ത് വായിക്കുമ്പോഴാണ് സംഭവിച്ചതെന്താണെന്ന് നമുക്കറിയുവാൻ കഴിയുക.

യേശുവിന്റെ ജഡം കൊണ്ടുവച്ചു കല്ലറയെക്കുറിച്ച് ചോദ്യങ്ങൾ ചോദിച്ചുകൊണ്ടും അവയ്ക്കുത്തരം തേടിക്കൊണ്ടും നമ്മുടെ അന്വോഷണം ആരംഭിക്കാം. എവിടെയാണ് കല്ലറയുണ്ടാക്കിയത് ? തലയോടിടത്തിൽ അഥവാ ഗോൽഗോഥായിൽ.

ആരാണ് കല്ലറയുണ്ടാക്കിയത് ജോസഫ് ശരീരമെടുത്ത് ശുചിയായ ഒരു തുണിയിൽ പൊതിഞ്ഞ് പാറയിൽ വെട്ടിച്ചുണ്ടാക്കിയ തന്റെ പുതിയ കല്ലറയിൽ

സംസ്കരിച്ചു (മത്തായി 27: 59 -60) അതായത് കല്ലറയുണ്ടാക്കിയത് അരിമത്തിയക്കാരൻ ജോസഫ് തന്നെ.

തലയോടിടം എന്ന ഭീതിജനകമായ പേരുള്ള ഒരു സ്ഥലത്ത് അരിമത്തിയക്കാരൻ ജോസഫ് എന്തിനാണ് കല്ലറയുണ്ടാക്കിയത് ? യേശുവിനെ കുരിശ്ശിൽ തറച്ചയിടത്തിന് തലയോടിടം എന്ന പേര് സിദ്ധിച്ചതെങ്ങിനെയാണെന്ന് നമുക്കാദ്യം നോക്കാം അരിമത്തിയക്കാരൻ ജോസഫ് ധൈര്യപൂർവ്വം പിലാത്തോസിനെ സമീപിച്ചു (മാർക്കോസ് 15 : 43 ) യേശുവിന്റെ ജഢം ചോദിച്ചു എന്നാണ് പറയുന്നത്. ഇത് രണ്ട് കാര്യങ്ങൾ വ്യക്തമാക്കുന്നു. ഒന്ന് - സാധാരണയായി ഗോൽഗോഥായിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടിരുന്ന കുറ്റവാളികളുടെ ജഢം ചോദിക്കുവാൻ ആരും ധൈര്യപ്പെടാറില്ലായിരുന്നു. രണ്ട്- ഗോൽഗോഥായിൽ ക്രൂശിക്കപ്പെടുന്ന കുറ്റമാളികളുടെ ജഢം അധികൃതരുടെ അനുവാദമില്ലാതെ കുരിശ്ശിൽ നിന്ന് താഴെയിറക്കാൻ പാടില്ലായിരുന്നു.

യേശുവിനെ ക്രൂശിക്കാൻ കൊണ്ടുപോയപ്പോൾ കുറ്റവാളികളായ മറ്റു രണ്ടുപേരെക്കൂടെ അവനോടൊപ്പം വധിക്കാൻ അവർ കൂട്ടിക്കൊണ്ടുപോയി എന്ന് (ലൂക്കോസ് 23: 32 ) പറയുന്നുണ്ട്. അവരുടെ ജഢത്തിന് എന്തായിരിക്കും സംഭവിച്ചിരിക്കുക ? അവരുടെ ജഢങ്ങൾ കഴുകൻമാർക്ക് ആഹാരമായിത്തീർന്നു എന്ന് അനുമാനിക്കാം എന്നാൽ തലയോട് ഒരു കഴുകനും തിന്നില്ല. തലയോട് ഗോൽഗോഥായിൽ തന്നെ കഴുകൻമാർ ഉപേക്ഷിക്കും . യേശുവിനെ ക്രൂശിച്ച സ്ഥലത്തിന് തലയോടിടം എന്ന പേര് സിദ്ധിച്ചത് ഇങ്ങനെയാണ്.

കല്ലറയുണ്ടായിരുന്നത് ഒരു തോട്ടത്തിനുള്ളിലായിരുന്നു എന്ന് പറയുന്നുണ്ട് തോട്ടമെന്നാൽ ഔഷധച്ചെടികളോ പഴവർഗ്ഗങ്ങളോ പൂക്കളോ അല്ലെങ്കിൽ

പച്ചക്കറികളോ നട്ടുവളർത്തുന്ന ഇടം ആവണം. അതുമല്ലെങ്കിൽ പൊതു ജനങ്ങൾക്ക് വിശ്രമിക്കാൻ പൂച്ചെടികളാലും വൃക്ഷങ്ങളാലും അലങ്കരിച്ചിട്ടുള്ള സ്ഥലമാവണം തോട്ടം.

കുറ്റവാളികളുടെ വധശിക്ഷ നടപ്പാക്കുന്ന അവരുടെ ജഡം കഴുകൻമാർ പിച്ചിച്ചീന്തി തലയോട് ഉപേക്ഷിച്ചിട്ട് പോകുന്ന ഒരു ഭീകര സ്ഥലത്ത് ആരെങ്കിലും പൂന്തോട്ടമോ  പച്ചക്കറി തോട്ടമോ നട്ടുവളർത്തുകയെന്നത് അചിന്തനീയമാണ്.!

അപ്പോൾ എന്തിനുവേണ്ടിയാണ് ആരാണ് യേശുവിനെ കുരിശിൽ തറച്ച തലയോടിടത്തിൽ തോട്ടം ഉണ്ടാക്കിയത് ?

യേശുവിന്റെ ജഢം അടക്കം ചെയ്ത കല്ലറ അരിമത്തിയക്കാരൻ ജോസഫിന്റേതായിരുന്നുവെന്ന് പറഞ്ഞുവല്ലോ. ഇനി അരിമത്തിയക്കാരൻ ജോസഫിനെക്കുറിച്ച് ചില വസ്തുതകൾ നിങ്ങൾ അറിയേണ്ടതുണ്ട്.

ജോസഫ് ധനികനായിരുന്നു (മത്തായി 27 : 57)

ജോസഫ് യഹൂദരുടെ ആലോചനാ സംഘത്തിലെ ബഹുമാന്യനായ അംഗമായിരുന്നു (മാർക്കോസ് 15 : 43 )

പിന്നെയോ അവൻ യേശുവിന്റെ രഹസ്യശിഷ്യനായിക്കഴിഞ്ഞിരുന്നവനായിരുന്നു. (യോഹന്നാൻ 19 : 38) ചുരുക്കി പറഞ്ഞാൽ യഹൂദരുടെ ഇടയിൽ ഒരു പ്രമുഖ വ്യക്തിയായിരുന്നു ജോസഫ്.

യഹൂദപ്രമാണിയും ധനികനുമായിരുന്ന ബഹുമാന്യനായ ജോസഫ് എന്തിനാണ്  ഭീകര കുറ്റവാളികളെ കുരിശിൽ തറച്ചിരുന്ന തലയോടിടത്തിൽ  കല്ലറയുണ്ടാക്കിയത് ?

ഗോൽഗോഥാ ജറുസലേമിലാണ്. അരിമത്തിയാക്കാരൻ  ജോസഫ് അയാളുടെ

മൃതപ്രായരായ ബന്ധുക്കൾക്ക് ആർക്കെങ്കിലും വേണ്ടി കല്ലറയുണ്ടാക്കിയതാണെ ങ്കിൽ അത് അരിമത്തിയായിൽ ഉണ്ടാക്കുകയായിരുന്നില്ലേ ഉചിതം ? ഈ വൈരുദ്ധ്യം സൂചിപ്പിക്കുന്നത് കല്ലറയുണ്ടാക്കിയത് യേശുവിന് വേണ്ടിതന്നെയാ യിരുന്നുവെന്നാണ്.

അരിമത്തിയാക്കാരൻ ജോസഫ് എന്ന യേശുവിന്റെ രഹസ്യശിഷ്യൻ യേശുവിന്റെ ജഢം ഏറ്റുവാങ്ങാൻ പിലാത്തോസിനോട് അനുവാദം ചോദിച്ചതി നുശേഷം ഗോൽഗോഥായിൽ വരുന്നു. അങ്ങിനെ അയാൾ ഗോൽഗോഥായിൽ വരുമ്പോൾ എന്താണ് കാണുന്നത് ? യേശുവിന്റെ ജഢം കൈകാലുകളിൽ ആണി യടിച്ച് മരത്തിൽ തറച്ചിരിക്കുന്നതല്ലേ ? അരിമത്തിയക്കാരൻ ഒറ്റക്ക് ശ്രമിച്ചാൽ യേശുവിന്റെ ജഢം കുരിശിൽ നിന്ന് വിഛേദിപ്പിക്കാൻ പോലും കഴിയില്ല. പി ന്നെയല്ലേ അടക്കം ചെയ്യുന്നത്.

പിന്നെ എന്തിനാണ് ജോസഫ് ഒറ്റക്ക് ഇങ്ങിനെ ഒരു സാഹസത്തിനിറങ്ങി തിരിച്ചത്? ഇനി ഏതെങ്കിലും ഒരു യഹൂദന്റെ സഹായം ആവശ്യപ്പെട്ടാൽ യഹൂദ രുടെ ആലോചനാ സംഘത്തിലെ അംഗമായിരുന്ന ജോസഫ് യേശുവിന്റെ ചാര നായിരുന്നുവെന്ന് യഹൂദർ അറിയുവാൻ ഇടയായാൽ ജോസഫിന്റെ അന്ത്യം യേശുവിന്റെതിനേക്കാൾ ഭീകരമായിരിക്കും. അവർ ജോസഫിനെ കല്ലെറിഞ്ഞ് കൊന്നേനെ. അപ്പോൾ എന്ത് ഭാവിച്ചാണ് ടിയാൻ ഗോൽഗോഥായിലേക്ക് എഴു ന്നള്ളിയത് ? ജോസഫ് ചെയ്യുന്നതെന്തെന്ന് ജോസഫ് അറിഞ്ഞിരുന്നില്ല എന്ന താണ് സത്യം

ഇനി നമുക്ക് മറ്റൊരു വഴിയിലൂടെ അൽപം സഞ്ചരിക്കാം. ഉദാഹരണത്തിന് ജോസഫ് എന്ന പേരിൽ ഒരു കഥാപാത്രം ഇല്ലായിരുന്നു എന്ന് സങ്കൽപ്പിക്കുക

അങ്ങിനെയായിരുന്നുവെങ്കിൽ എന്ത് സംഭവിക്കുമായിരുന്നു ? യേശുവിന്റെ ജഡം കുരിശിൽ തന്നെ കിടന്നേനെ ശവമുള്ളിടത്ത് കഴുകൻമാർ വന്നുകൂടും (മത്തായി 24 : 28 ) എന്ന് യേശു പറയുന്നത് പോലെ പിറ്റേന്ന് രാവിലെ കഴുകൻമാർ യേശുവിന്റെ ജഡം പങ്കിട്ട് തിന്നേനെ. അങ്ങിനെ സംഭവിച്ചിരുന്നുവെങ്കിൽ പിന്നെ യേശു ഉടലോടെ സ്വർഗ്ഗത്തിലേക്ക് പോയി ഉയിർത്തെഴുന്നേറ്റു എന്നൊക്കെ പറയുവാൻ കഴിയില്ലായിരുന്നു. ജോസഫെന്നും നിക്കോദേമോസെന്നും രണ്ട് കഥാപാത്രങ്ങളുടെ പ്രാധാന്യം ഇവിടെയാണ് നാം മനസ്സിലാക്കേണ്ടത്.

ജോസഫും നിക്കോദേമോസും ചേർന്ന് ജഡം കുരിശിൽ നിന്ന് വിഛേദിക്കുന്നു താഴെയിറക്കുന്നു. ജോസഫ് ഉണ്ടാക്കിയ പുതിയ കല്ലറയിൽ ജഡം മറവ് ചെയ്യുന്നു. ഇത് യേശുവിനോടുകൂടെ ഗലീലിയിൽ നിന്ന് വന്ന സ്ത്രീകൾ അഥവാ ഈ കാഴ്ച കാണാൻ യേശു ഗലീലിയിൽ നിന്ന് കൂട്ടികൊണ്ടുവന്ന സ്ത്രീകൾ അത് കാണുന്നു. വെള്ളിയാഴ്ച വൈകുന്നേരം സ്ത്രീകൾ മുഖേന യേശുവിന്റെ ശിഷ്യൻമാർ യേശുവിന്റെ ജഡം കുരിശിലല്ലായെന്നും അത് സമീപത്തുള്ള ഒരു കല്ലറയിൽ ആരെയും ഇതുവരെ അടക്കം ചെയ്തിട്ടില്ലാത്ത പുതുപുത്തൻ കല്ലറയിൽ അടക്കം ചെയ്തു എന്നു മനസ്സിലാക്കുന്നു.

സാബത്ത് കഴിഞ്ഞപ്പോൾ മഗ്ദലേന മറിയവും യാക്കോബിന്റെ അമ്മയായ മറിയവും സലോമിയും അവനെ അഭിഷേകം ചെയ്യുന്നതിനുവേണ്ടി സുഗന്ധദ്രവ്യങ്ങൾ വാങ്ങി. ആഴ്ചയുടെ ആദ്യ ദിവസം അതിരാവിലെ സൂര്യനുദിച്ചപ്പോൾ തന്നെ, അവർ ശവകുടീരത്തിലേക്കു പോയി (മാർക്കോസ് 16 : 1 -2 ) യേശു ഉയിർത്തെഴുന്നേറ്റു എന്ന കിംവദന്തിയുടെ ആരംഭമിങ്ങനെയാണ്. ജോസഫ് യേശുവിന്റെ ജഡം കുരിശിൽ നിന്ന് താഴെയിറക്കി

കല്ലറയ്ക്കകത്ത് അടക്കം ചെയ്ത് കൊണ്ടാണ് സംഭവങ്ങൾ ഇപ്രകാരം ഉരുത്തിരിയുന്നത്.

അരിമത്തിയാക്കാരൻ ജോസഫ് എന്ന ഒരു രഹസ്യ ശിഷ്യൻ യേശുവിനില്ലായിരുന്നുവെങ്കിൽ യേശുവിന് തന്റെ ഉയിർത്തെഴുന്നേൽപ്പ് നാടകം തട്ടേക്കേറ്റാൻ കഴിയില്ലായിരുന്നു എന്നതാണ് ഞാൻ പറഞ്ഞുവരുന്നതിന്റെ പൊരുൾ.

വൈകുന്നേരമായപ്പോൾ അരിമത്തെയാക്കാരൻ ജോസഫ് എന്ന ധനികൻ അവിടെയെത്തി (മത്തായി 27: 57 ) ഇതിൽ നിന്ന് ജോസഫ് ധനികനായിരുന്നുവെന്ന് വ്യക്തമായല്ലോ ?യഹൂദരോടുള്ള ഭയം നിമിത്തം യേശുവിന്റെ രഹസ്യ ശിഷ്യനായിക്കഴിഞ്ഞിരുന്ന അരിമത്തിയാക്കാരൻ ജോസഫ് യേശുവിന്റെ ശരീരമെടുത്തു മാറ്റാൻ പീലാത്തോസിനോട് അനുവാദം ചോദിച്ചു (യോഹന്നാൻ 19: 38 ) പറയുന്നു. അരിമത്തിയക്കാരൻ ജോസഫ് യേശുവിന്റെ രഹസ്യ ശിഷ്യനായിക്കഴിഞ്ഞിരുന്നവനാണെന്ന് വ്യക്തമായല്ലോ. ഇനി യേശുവിന് ധനികനായ ഒരു ശിഷ്യൻ ഉണ്ടാകാൻ പാടുണ്ടോ

ജോസഫ് ദൈവരാജ്യം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു (ലൂക്കോസ് 23 51 ) ആയതുകൊണ്ടാണ് അയാൾ യേശുവിന്റെ ശിഷ്യനായത് എന്ന് പറയുന്നു

ധനികൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടന്നു പോകുന്നുതാണ് (ലൂക്കോസ് 18 25 ) എന്ന് പ്രഖ്യാപിച്ച യേശുവിന് എങ്ങിനെയാണ് ധനികനായ ജോസഫ് ശിഷ്യനായത് പരസ്യമായി യേശു മീൻപിടുത്തക്കാരായ ദരിദ്രരുമായി ചങ്ങാത്തം രഹസ്യമായി ധനികരുമായി ചങ്ങാത്തം.

പ്രഭാതം മുതൽ പ്രദോഷം വരെ മദ്യം നിരോധിക്കുക എന്ന് പറഞ്ഞഅ

മദ്യഷാപ്പുകളുടെ മുന്നിൽ ധർണ്ണയിരിക്കുകയും  ഇരുട്ടായാൽ യഥേഷ്ടം മദ്യം സേവിക്കുകയും ചെയ്യുന്ന നമ്മുടെ മൂന്നാം കിട രാഷ്ട്രീയ പ്രവർത്തകരുടേതു പോലുള്ള സ്വഭാവദുർഗുണമുള്ള ഒരുവനെയാണോ ദൈവപുത്രനെന്ന് വിളിക്കേണ്ടത് ?

യേശുവിനെ പ്രസവിച്ച യഹൂദ സ്ത്രീയായ മറിയമിനെ ഏറ്റെടുക്കാൻ ഒരു ജോസഫ്  തയ്യാറായില്ലായിരുന്നുവെങ്കിൽ യേശുവിന്റെ ജനനം പോലുമുണ്ടാകുമായിരുന്നില്ല.  അന്നൊരു ജോസഫ് അങ്ങിനെ സഹായിച്ചില്ലായിരുന്നുവെങ്കിൽ യേശുവിന്റെ മരണം മറിയമിന്റെ ഗർഭത്തിൽ തന്നെ സംഭവിച്ചേനെ കാരണം വിവാഹത്തിന് മുൻപോ അല്ലെങ്കിൽ വിവാഹം ഉറപ്പിച്ചതിന് ശേഷമോ എന്നാൽ വിവാഹം കഴിക്കുന്നതിന് മുൻപ് ഗർഭിണിയാകുന്ന സ്ത്രീയെ കല്ലെറിഞ്ഞ് കൊല്ലണം എന്നതായിരുന്നു അക്കാലത്ത് യഹൂദർ നടപ്പാക്കിയിരുന്ന നിയമം. കാരണം  മറിയയുടെ പ്രവർത്തി അതായത് യേശുവിനെ വിവാഹമില്ലാതെ ഗർഭം ധരിക്കൽ വ്യഭിചാരക്കുറ്റമായാണ് അവർ കണക്കാക്കുന്നത്. വ്യഭിചാരക്കുറ്റത്തിന് സ്ത്രീയെ കല്ലെറിഞ്ഞ് കൊല്ലുന്ന പൈശാചനിയമം ചില മുസ്ലീം രാജ്യങ്ങളിൽ ഇന്നും നിലവിലുണ്ട്.  അപ്പോൾ 2000 വർഷം മുമ്പത്തെ കാര്യം പറയണോ?

അങ്ങിനെ യേശുവിനെ പ്രസവിച്ച മറിയയെ കല്ലെറിഞ്ഞ് കൊല്ലാതെ (  അതയാളറിയാതെയാണെങ്കിലും ) രക്ഷപ്പെടുത്തിയത് ഇതുപോലൊരു ജോസഫാണ്. അത്ഭുതമെന്ന് പറയട്ടെ യേശുവിന്റെ മരണത്തിനുശേഷവും അവന്റെ  ജഡം കഴുകൻമാർ കൊത്തി വലിക്കാതെ രക്ഷപ്പെടുത്തുന്നതും ഒരു ജോസഫാണ്.

അരിമത്തിയാക്കാരൻ ജോസഫ് അവസാനിപ്പിച്ചിടത്തുനിന്നും മഗ്ദലേനക്കാരി മറിയം ആരംഭിക്കുന്നു.  മഗ്ദലേനക്കാരി മറിയം ജഡം കല്ലറയിലില്ലായെന്ന്

ശിഷ്യൻമാരെ അറിയിക്കുന്നിടത്താണ് യേശുവിന്റെ കഥ വീണ്ടും സജീവമാകുന്നത്.

അരിമത്തിയക്കാരൻ ജോസഫ് സുബോധത്തോടോയല്ല ഗോൽഗോഥായിൽ വന്നിട്ടുള്ളത്. കാരണം ഒരാൾക്ക് തന്നാൽ ഒറ്റയ്ക്ക് ചെയ്യുവാൻ കഴിയില്ലെന്ന് ഉത്തമ ബോധമുള്ള ഒരു കാര്യം ചെയ്യാൻ തുനിയില്ല, അരിമത്തീയാ ജോസഫ് അല്ല മറിച്ച് അയാളെ ബാധിച്ചിരുന്ന യേശുവിന്റെ ആജ്ഞാനുവർത്തികളായ പിശാചുക്കളാണ് അയാളെക്കൊന്ന് തലയോടിടത്തിൽ കല്ലറയുണ്ടാക്കിയതും പിന്നീട് യേശുവിന്റെ ജഢം കല്ലറയിൽ വെപ്പിക്കുകയും ഒക്കെ ചെയ്യിപ്പിച്ചത്. കല്ലറ വേണമെങ്കിൽ അയാൾക്കത് അരിമത്തിയായിൽ ഉണ്ടാക്കാമായിരുന്നു. ധനികനും ബഹുമാന്യനുമായ ജോസഫ് കുറ്റവാളികളുടെ വധശിക്ഷ നടപ്പാക്കുന്നിടത്ത് തന്റെ ബന്ധുക്കൾക്കോ അല്ലെങ്കിൽ തനിക്ക് തന്നെയോ കല്ലറയുണ്ടാക്കുന്നു എന്ന് വിചാരിക്കുന്നതിൽ യുക്തിയില്ല. എന്നാലോ അയാൾ തലയോടിടത്തിൽ കല്ലറയുണ്ടാക്കിയിരുന്നു താനും. അരിമത്തിയാ ജോസഫ് അല്പം പോലും യുക്തിക്ക് നിരക്കാത്ത രീതിയിൽ പ്രവർത്തിക്കുന്നതിൽ നിന്ന് നാം മനസ്സിലാക്കേണ്ടത് ജോസഫിന് തന്റെ സുബോധം നഷ്ടപ്പെട്ടിരുന്നുവെന്നാണ്,. ജോസഫ് തന്റെ സുബോധം നഷ്ടപ്പെട്ട നിലയിലും ചെയ്യുന്ന പ്രവൃത്തികൾ കൊണ്ട് ലാഭമുണ്ടാക്കുന്നത് യേശുവിനാണ് ആയതുകൊണ്ടാണ് യേശുവിന്റെ കുട്ടിപിശാചുക്കളുടെ ബാധയാലാണ് ജോസഫും നിക്കോദേമോസും അന്ന് വെള്ളയാഴ്ച രാത്രി പ്രവർത്തിച്ചതെന്ന് ഞാൻ പറയുന്നത്.

മത്തായിയും മാർക്കോസും ലൂക്കോസും പറയുന്നത് അരിമത്തിയക്കാരൻ ഒറ്റയ്ക്കാണഅ യേശുവിന്റെ ജഢം താഴെയിറക്കി കല്ലറയിൽ അടക്കം ചെയ്ത

തെന്ന്. എന്നാൽ യോഹന്നാൻ പറയുന്നു യേശുവിനെ രാത്രിയിൽ ചെന്നു കണ്ട നിക്കോദേമോസും അവിടെയെത്തി മീറയും ചെന്നിനായകവും ചേർന്ന് ഏകദേശം നൂറു റാത്തൻ സുഗന്ധദ്രവ്യവും അവൻ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. അവർ (നിക്കേദേമോസും ജോസഫും) യേശുവിന്റെ ശരീരമെടുത്തു യഹൂദരുടെ ശവസംസ്കാര രീതിയനുസരിച്ചു സുഗന്ധദ്രവ്യങ്ങളോടുകൂടെ കച്ചയിൽ പൊതിഞ്ഞു ( 19 : 39-40)

ആരായിരുന്നു ഈ നിക്കോദേമോസ് ? ഫരിസേയരിൽ(യഹൂദരിൽ ) നിക്കൊദേമോസ് എന്ന് പേരായ ഒരു യഹൂദപ്രമാണിയുണ്ടായിരുന്നു. (യോഹന്നാൻ 3: 1) നിക്കൊദേമോസും ജോസഫിനെപ്പോലെ ഒരു യഹൂദ പ്രമാണിയായിരുന്നു. അതുകൊണ്ടാണ് അവൻ യേശുവിനെ രാത്രിപോയി കണ്ടു എന്ന് പറഞ്ഞിരിക്കുന്നത്. താൻ യേശുവിന്റെ ശിഷ്യനാണെന്ന് യഹൂദരറിയാതിരിക്കാനായിട്ടാണ് അയാൾ യേശുവിനെ രാത്രി സന്ദർശിച്ചത്. അയാൾ തലയോടിടത്ത് വരുന്നതും ജനങ്ങൾ പിൻവാങ്ങിയതിനുശേഷം വൈകുന്നേരമാണ്. ജോസഫിനെപ്പോലെ തന്നെ. ജോസഫ് അരിമത്തിയക്കാരനായിരുന്നുവെന്ന് പറയുന്നുണ്ട്. എന്നാൽ നിക്കോദേമോസ് ഏത് നാട്ടുകാരനായിരുന്നുവെന്ന് ബൈബിളിൽ യാതൊരു സൂചനയുമില്ല. ഏതായാലും രണ്ടുപേരും യഹൂദപ്രമാണിമാരും യേശുവിന്റെ രഹസ്യശിഷ്യൻമാരുമായിരുന്നു എന്ന് വ്യക്തമാണ്.

മത്തായി 27 : 57 ൽ പറയുന്നത് അരിമത്തിയാക്കാരൻ ജോസഫ് എന്ന ധനികൻ അവിടെ (തലയോടിടത്തിൽ ) യെത്തി. അവനും യേശുവിനു ശിഷ്യപ്പെട്ടിരുന്നു എന്നാണ്. യേശു തനിക്കുപകരമിരിക്കുമെന്ന് കണ്ടാൽ ധനികർക്കും രഹസ്യമായി ശിഷ്യത്വം നൽകിയിരുന്നുവെന്നാണ് അതിൽ നിന്ന് മനസ്സിലാക്കേ

ണ്ടത്. അതായത് പരസ്യമായി പട്ടിണി പാവങ്ങൾക്കും രഹസ്യമായി ധനികർക്കും ശിഷ്യത്വം നൽകിയിരുന്നുവെന്ന് . ഇത് നമ്മുടെ നാട്ടിലെ ആൾ ദൈവങ്ങളുടെ അഥവാ കള്ളസന്യാസികളുടേതിന് സമാനമായ പ്രവർത്തിയാണ്.

ജോസഫ് രഹസ്യ ശിഷ്യമായിരുന്നുവെന്ന് ബൈബിൾ പറയുന്നതിനർത്ഥം അവൻ യേശുവിന്റെ ശിഷ്യനായിരുന്നുവെന്ന് യഹൂദർക്ക് വെളിപെടുത്തിയിരുന്നില്ല എന്നല്ലേ അങ്ങിനെ യഹൂദരോടുള്ള ഭയം നിമിത്തം യേശുവിന്റെ രഹസ്യ ശിഷ്യനായിക്കഴിഞ്ഞിരുന്ന അരിമത്തിയാക്കാരൻ ജോസഫ് (യോഹന്നാൻ 19 : 38 ) ഈ പരമരഹസ്യം യഹൂദപ്രാണിയായിരുന്ന നിക്കോദേമോസിനോട് വെളിപ്പെടുത്തുന്നതെങ്ങിനെ ? നിക്കോദേമോസിന് ജോസഫ് യേശുവിന്റെ ശിഷ്യനായിരുന്നുവെന്ന് അറിയില്ലായിരുന്നു എന്നാണിതിനർത്ഥം.

അപ്പോൾ എന്ത് ഭാവിച്ചാണ് നിക്കോദേമോസ് നൂറ് റാത്തൽ സുഗന്ധദ്രവ്യവുമെടുത്ത് കൊണ്ട് തലയോടിടത്തിലേക്ക് പുറപ്പെട്ടത് ? നിക്കോദേമോസിന് യേശുവിന്റെ ജഢം അടക്കം ചെയ്യുവാൻ ജോസഫ് തലയോടിടത്തിൽ പുതിയതായി കല്ലറ തീർത്തിട്ടുണ്ടെന്നും അറിയാൻ പാടില്ലായിരുന്നു. മറ്റൊരാളുടെ സഹായമില്ലാതെ കുരിശിൽ ആണിയടിച്ച് ഉറപ്പിച്ചിരിക്കുന്ന യേശുവിന്റെ ജഢം കുരിശിൽ നിന്നും താഴെയിറക്കാനും കഴിയില്ലെന്നിരിക്കെ അയാൾ സുഗന്ധദ്രവ്യങ്ങളുമായി വന്നുവെന്ന് പറയുന്നത് യുക്തിക്ക് നിരക്കുന്നതല്ല.

ജോസഫും നിക്കോദേമോസും തലയോടിടത്തിൽ വന്നു എന്ന് പറയുന്നതിൽ യാതൊരു യുക്തിയുമില്ലെങ്കിലും അവരുടെ വരവും പ്രവർത്തികളും യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പ് നാടകത്തിന്റെ അടിത്തറയിടുന്നു.

എങ്ങിനെയാണോ യൂദാസിന്റെ ഉള്ളിൽ സാത്താൻ പ്രവേശിക്കുന്നതിനെ

തുടർന്ന് യേശുവിനെ ബന്ധിക്കാൻ അയാൾ യഹൂദരുമായി വരുന്നത് അങ്ങിനെ തന്നെയാണ് അരിമത്തിയക്കാരൻ ധനികനും നിക്കോദേമോസും വൈകുന്നേര മായപ്പോൾ യേശുവിന്റെ ജഡം കുരിശിൽ നിന്നിറക്കാൻ വരുന്നതും. അങ്ങിനെ യേശുവിന്റെ ആജ്ഞാനുവർത്തികളായ പിശാചുക്കളുടെ സഹായത്താലാണ് യേശു യേശുവിന്റെ ജഡം കുരിശിൽ നിന്ന് താഴെയിറക്കിയതും കല്ലറയിൽ അടക്കം ചെയ്തതും. പരമപിശാചിന്റെ ജഡം കുട്ടിപിശാചുക്കൾ അടക്കം ചെയ്യു ന്നതാണല്ലോ ന്യായം

ഇനി കല്ലറയിൽ അടക്കം ചെയ്ത യേശുവിന്റെ ജഡം എങ്ങിനെ നശിപ്പിക്ക പ്പെട്ടു ആര് നശിപ്പിച്ചു എന്ന് പറയാം.

സ്ത്രീകൾ തലയോടിടത്തിൽ നിന്നു പിൻവാങ്ങിയ ശേഷം ഏതാണ്ട് അർദ്ധ രാത്രിയായപ്പോൾ യേശുവിന്റെ ആജ്ഞനുവർത്തികളായ പിശാചുക്കളാൽ പ്രേരിതരായി നിക്കോദേമോസും ജോസഫും തിരിയെ തലയോടിടത്തിൽ വരു ന്നു. കല്ലുതട്ടി മാറ്റുന്നു അകത്ത് കടക്കുന്നു മുൻപ് യേശുവിന്റെ ജഡം സുഗന്ധ ദ്രവ്യങ്ങൾ കൊണ്ടുമൂടാൻ ഉപയോഗിച്ചിരുന്ന കച്ചയും മുഖം മൂടിയിരുന്ന കച്ചയും അവർ അഴിച്ചുമാറ്റുന്നു. ലൂക്കോസിന്റെ പുസ്തക പ്രകാരം ഞായറാഴ്ച രാവിലെ നാലിലധികം പേർ കല്ലറയ്ക്കകത്ത് പ്രവേശിച്ചിരുന്നു. മാത്രമല്ല അവർ അക ത്തുകടന്നു നോക്കിയപ്പോൾ കർത്താവായ യേശുവിന്റെ ശരീരം കണ്ടില്ല. അതി നെക്കുറിച്ച് അമ്പരന്ന് നിൽക്കവേ രണ്ടുപേർ തിളങ്ങുന്ന വസ്ത്രങ്ങൾ ധരിച്ച് അവർക്ക് പ്രത്യക്ഷപ്പെട്ടു (ലൂക്കോസ് 24 : 3-4) എന്നു പറയുന്നുണ്ട്. അതായത് കല്ലറയ്ക്ക് നല്ല വലുപ്പം ഉണ്ടായിരുന്നു 7 ൽ അധികം ആളുകൾ ഒരുമിച്ച് നിൽക്കാൻ കഴിയുന്നത്രയും വലുപ്പം. ഇത്രയും പറഞ്ഞത് കല്ലറയ്ക്കുള്ളഇൽ

യേശുവിന്റെ ജഡം മാത്രമല്ല ഒരു ജഡം കത്തിച്ച് ചാമ്പലാക്കാനുള്ള അത്യാവശ്യം വേണ്ടുന്ന സാധനങ്ങളും സൂക്ഷിക്കാൻ തക്ക വലുപ്പമുണ്ടായിരുന്നു എന്ന് വ്യക്തമാക്കുവാനാണ്.

നിക്കോദേമോസും ജോസഫും ചേർന്ന് യേശുവിന്റെ ജഡം മൂടിയിരുന്ന തുണികൾ അഴിച്ചു മാറ്റുന്നു. അതിന് ശേഷം കല്ലറയിൽ മുമ്പെ കരുതിയിരുന്ന വിറകുകൊണ്ട് അതേ കല്ലറയ്ക്കുള്ളിൽ പാറയിൽ അരിമത്തിയാക്കാരൻ ജോസഫ് ചെത്തിയുണ്ടാക്കിയ ആ ഗുഹയ്ക്കുള്ളിൽ തന്നെ യേശുവിന് അവർ ചിതയൊരുക്കുകയായിരുന്നു. യേശുവിന്റെ ജഡം സുഗന്ധദ്രവ്യങ്ങളാൽ അഭിഷിക്തമായ ജഡം ചിതയിൽ വെക്കുന്നു. ജോസഫ് ചിതക്ക് തീ കൊളുത്തുന്നു. അതിനുശേഷം രണ്ടുപേരും പുറത്തുകടക്കുന്നു. പുറത്ത് കടന്നശേഷം കല്ലുവീണ്ടും ഉരുട്ടി ഗുഹയുടെ വാതിൽ മുഴുവനായി അടക്കുന്നു. അടഞ്ഞ ഗുഹയ്ക്കുള്ളിൽ യേശുവിന്റെ മൃതശരീരം മണിക്കുറുകൾക്കകം കത്തി ചാമ്പലാകുന്നു. ജോസഫും നിക്കോദേമോസും വീണ്ടും അകത്ത് പ്രവേശിക്കുന്നു. യേശുവിന്റെ ജഡം നശിപ്പിക്കുവാൻ ഉപയോഗിച്ച വിറകിന്റെ ചാരവും യേശുവിന്റെ അസ്തികളും തലയോടും നീക്കം ചെയ്യുന്നു. കല്ലറ വൃത്തിയാക്കുന്നു. ചാരം പുറത്തിടുന്നു അസ്തികളും തലയോടും തലയോടിടത്തിലേക്ക് എറിയുകയേവേണ്ടു അവിടെയുള്ള മറ്റ് കുറ്റവാളികളുടെ തലയോട്ടികളുടെ കൂടെ പരമപിശാചിന്റെ തലയോട്ടിയും കലരുന്നു. യശുവിന്റെ ജഡം പൊതിയാൻ ഉപയോഗിച്ചിരുന്ന തുണികൾ അകത്ത് വെക്കുന്നു. കല്ലറയുടെ വാതിൽ മുഴുവനും തുറന്ന് കിടക്കുന്ന വിധത്തിൽ കല്ല് ഉരുട്ടി മാറ്റുന്നു. ജഡം കത്തിക്കുമ്പോഴുണ്ടാകുന്ന പുകയും മണവും ഗുഹയിൽ തങ്ങി നിൽക്കാതിരിക്കാനും ഞായറാഴ്ച രാവിലെ സ്ത്രീകൾ വരുമ്പോൾ കല്ലറ

യ്ക്കകത്ത് കടന്ന് യേശുവിന്റെ  ജഡം അപ്രത്യക്ഷമായിയെന്ന് അവർ ധരിക്കേണ്ടതിനുമാണ് ഇപ്രകാരം കല്ലറയുടെ വാതിൽ അടച്ചിരുന്ന കല്ല് ഉരുട്ടി മാറ്റിയത്.

അങ്ങിനെ യേശുവിന്റെ ജഡം നിഷ്പ്രയാസം ഇല്ലാതാക്കിയിട്ട് ശനിയാഴ്ച പുലരുന്നതിനു മുൻപെ അരിമത്തിയക്കാരൻ ജോസഫും നിക്കോദേമോസും തലയോടിടം വിടുന്നു.

ശിനിയാഴ്ച ദിവസം പിന്നീട് പ്രത്യേകിച്ച് ഒന്നും സംഭവിക്കുന്നില്ല. ഞായറാഴ്ച പുലരുമ്പോഴാണ് കഥ തുടരുന്നത്.  ആഴ്ചയുടെ ഒന്നാം ദിവസം രാവിലെ ഉയിർത്തെഴുന്നേറ്റതിനു ശേഷം യേശു ആദ്യം മഗ്ദലേനമറിയത്തിനു പ്രത്യക്ഷപ്പെട്ടു.  ഇവളിൽ നിന്നാണ് അവൻ എഴു പിശാചുക്കളെ പുറത്താക്കിയത്. (മാർക്കോസ് 16: 9 )

ഇനിയങ്ങോട്ട് കഥ മുന്നോട്ട് കൊണ്ടുപോകുന്നത് പല പിശാചുക്കൾ ബാധിച്ചിരുന്ന മറിയ എന്ന മഗ്ദലേനക്കാരിയാണ്. പിശാചുക്കളുടെ പ്രേരണയാൽ ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾതന്നെ മഗ്ദലേനമറിയം ശവകുടീരത്തിന്റെ സമീപത്തേക്കു വന്നു.  ശവകുടീരത്തിന്റെ കല്ലു മാറ്റപ്പെട്ടിരിക്കുന്നതായി അവൾ കണ്ടു.  അവൾ ഉടനെ ഓടി ശിമയോൻ പത്രേസിന്റേയും യേശു സ്നേഹിച്ചിരുന്ന മറ്റേ ശിഷ്യന്റേയും അടുത്തെത്തി പറഞ്ഞു കാർത്താവിനെ അവർ കല്ലറയിൽ നിന്നു മാറ്റിയിരിക്കുന്നു.  (യോഹന്നാൻ 20 : 1-2 )

ഇത് കേട്ടപാടെ രണ്ടു ശിഷ്യൻമാരും  കല്ലറയുടെ അടുത്തേക്ക് പോയി. അവർ ഇരുവരും ഒരുമിച്ച് ഓടി. എന്നാൽ മറ്റേ ശിഷ്യൻ പത്രേസിനേക്കാൾ കൂടുതൽ വേഗം ഓടി ആദ്യം കല്ലറയുടെ അടുത്തെത്തി.  കുനിഞ്ഞു  നോക്കിയപ്പോൾ

കച്ച കിടക്കുന്നതുകണ്ടു എങ്കലും അവൻ അകത്തു പ്രവേശിച്ചില്ല. അവന്റെ പിന്നാലെ വന്ന ശിമയോൻ പത്രോസ് കല്ലറയിൽ പ്രവേശിച്ചു. കച്ച അവിടെ കിട ക്കുന്നതും തലയിൽ കെട്ടിയിരുന്ന തൂവാല കച്ചയോടുകൂടെയല്ലാതെ തനിച്ച് ഒരി ടത്ത് ചുരുട്ടി വച്ചിരിക്കുന്നതും അവൻ കണ്ടു (യോഹന്നാൻ 20 : 3-7)

രണ്ടു ശിഷ്യൻമാരും ഓടിയാണ് പോയതെങ്കിലും യേശു സ്നേഹിച്ചിരുന്ന ശിഷ്യ (യോഹന്നാൻ ) നാണ് ആദ്യം തലയോടിടത്തിൽ എത്തിയത്. അയാൾ അകത്ത് പ്രവേശിച്ചില്ല. കാരണം പത്രോസും മഗ്ദലേനമറിയവും വളരെ പിന്നി ലായിരുന്നു. കല്ലറയ്ക്കടുത്ത് എത്തിയപ്പോഴാണ് യോഹന്നാൻ താൻ ഒറ്റക്കാ ണെന്ന സത്യത്തകുറിച്ച് ബോധവാനാകുന്നത്. അതിൽ നിന്നുണ്ടായ ഭയം നിമി ത്തമാണ് അയാൾ കല്ലറയ്ക്കകത്ത് കടക്കാതെ പത്രോസ് ഓടിയെത്തും വരെ കാത്ത് നിന്നത്. ഇതേ യോഹന്നാൻ തന്നെയാണ് അതിരാവിലെ ഇരുട്ടായിരി ക്കുമ്പോൾ തന്നെ മഗ്ദലേനമറിയം ശവകുടീരത്തിന്റെ സമീപത്തേക്കുവന്നു എന്നും പറയുന്നത്. പ്രഭാതത്തിൽ ഒരു പുരുഷൻ കല്ലറയ്ക്കകത്ത് കടക്കാൻ ഭയപ്പെട്ട തലയോടിടത്തിലേക്ക് ഒരു സ്ത്രീ എങ്ങിനെയാണ് ഒറ്റക്ക് പോകുക ? മഗ്ദലേനമറിയം തന്നെ ബാധിച്ചിരുന്ന പിശാചുക്കളുടെ പ്രേരണയിലാണ് ഇരു ട്ടായിരിക്കുമ്പോൾ തന്നെ തലയോടിടത്തിലേക്ക് യാതൊരു ഭയവും കൂടാതെ പോയത്.

പത്രോസും യോഹന്നാനും കല്ലറ സന്ദർശിച്ച് മടങ്ങിപോയതിന് ശേഷമാ ണ് യേശു മഗ്ദലേനമറിയത്തിന് പ്രത്യക്ഷമാവുന്നത്. അനന്തരം ശിഷ്യൻമാർ മടങ്ങിപ്പോയി. മറിയം കല്ലറയ്ക്കു വെളിയിൽ കരഞ്ഞുകൊണ്ടുനിന്നു. (യോ ഹന്നാൻ 20: 10 -11) ഇങ്ങനെ കല്ലറയ്ക്ക് മുന്നിൽ നിന്നിരുന്ന മറിയയുടെ പിന്നി

ലാണ് യേശു ആദ്യം വരുന്നത്.

കരയുന്നതിനിടയിൽ അവൾ കല്ലറയിൽ കുനിഞ്ഞുനോക്കി യേശുവിന്റെ ശരീരം കിടന്നിരുന്ന ഇടത്തൂവെള്ള വസ്ത്രം ധരിച്ച രണ്ടു ദൂതൻമാർ ഒരുത്തൻ തലക്കലും ഒരുത്തൻ കാൽക്കലും ഇരിക്കുന്നതുകണ്ടു. അവൻ അവളോടു സ്ത്രീയേ, നീ കരയുന്നതു എന്തു എന്നു ചോദിച്ചു. എന്റെ കർത്താവിനെ എടുത്തുകൊണ്ടുപോയി. അവനെ എവിടെ വെച്ചു എന്നു ഞാൻ അറിയുന്നില്ല എന്നു അവൾ അവരോടു പറഞ്ഞു ഇതു പറഞ്ഞിട്ടു അവൾ പിന്നോക്കം തിരിഞ്ഞു. യേശു നിൽക്കുന്നത് കണ്ടു. യേശു എന്നു അറിഞ്ഞില്ല താനും. യേശു അവളോടു സ്ത്രീയേ നീ കരയുന്നതു എന്തു? ആരെ തിരയുന്നു എന്നു ചോദിച്ചു അവൻ തോട്ടക്കാരൻ എന്നു നിരൂപിച്ചിട്ടു അവൾ യജമാനനേ നീ അവനെ എടുത്തുകൊണ്ടുപോയി എങ്കിൽ അവനെ എവിടെവെച്ചു എന്നു പറഞ്ഞുതരിക ; ഞാൻ അവനെ എടുത്തുകൊണ്ട് പൊയ്ക്കോളാം എന്നു അവനോടു പറഞ്ഞു യേശു അവളോടു മറിയമേ, എന്നു പറഞ്ഞു. അവൾ തിരിഞ്ഞു. എബ്രായ ഭാഷയിൽ റബ്ബുനി എന്നു പറഞ്ഞു , അതിനു ഗുരു എന്നർത്ഥം. യേശു അവളോടു എന്നെ തൊടരുത് ; ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല; എങ്കിലും നീ എന്റെ സഹോദരൻമാരുടെ അടുക്കൽ ചെന്നു എന്റഎ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപ്പോരകുന്നു എന്നു അവരോട് പറയുക എന്നു പറഞ്ഞു (യോഹന്നാൻ 20 : 11 – 17)

മറിയം കല്ലറയിൽ കുനിഞ്ഞുനോക്കിയപ്പോൾ വെള്ള വസ്ത്രം ധരിച്ച രണ്ട് ദൂതൻമാരെ കാണുന്നു. അവരോട് സംസാരിക്കുന്നതിനിടയിൽ അവൾ പിന്നോക്കം തിരിഞ്ഞു അതായത് ഇപ്പോൾ അവൾ ഗുഹയ്ക്കുള്ളിലേക്കല്ല നോക്കു

ന്നത് മറിച്ച് അവളുടെ പിൻഭാഗത്തുള്ള തോട്ടത്തിലേക്കാണ് അവിടെ തോട്ടക്കാരന്റെ വേഷത്തിൽ നിന്നിരുന്നത് യേശുവായിരുന്നു. പക്ഷെ മറിയക്ക് സുപരിചിതരായ ഒരു രൂപത്തിലല്ലായിരുന്നു യേശു ആയതുകൊണ്ടു തന്നെ മറിയയ്ക്ക് തന്റെ മുൻപിൽ നിൽക്കുന്നത് ഒരു ഭ്രാന്തനോ എന്ന് തൊട്ട് നോക്കേണ്ട ആവശ്യമില്ല. മറിയ ഗുഹയ്ക്കകത്തു കണ്ട വെള്ള വസ്ത്രം ധരിച്ച രണ്ടു രൂപങ്ങളോട് സംസാരിക്കുമ്പോഴാണ് അവൾ പിന്നോക്കം തിരിഞ്ഞത്. അപ്പോൾ യേശു നിൽക്കുന്നത് കണ്ടു. പക്ഷെ അതു യേശുവാണെന്ന് അവൾ അറിഞ്ഞില്ല എന്നാണ് ബൈബിൾ പറയുന്നത്. ആതായത് യേശു വേഷപ്രഛന്നനായിരുന്നു വെന്ന് സാരം. എന്തിനാണ് യേശു മറിയയുടെ മുന്നിൽ മറ്റൊരു രൂപത്തിലും രൂപത്തിൽ മാത്രമല്ല ശബ്ദത്തിലും കാരണം തോട്ടക്കാരന്റെ വേഷത്തിൽ വന്ന യേശു മറിയയുമായി സംസാരിക്കുന്നുണ്ട് എന്നിട്ട് പോലും മറിയക്ക് യേശുവിനെ തിരിച്ചറിയാൻ കഴിഞ്ഞില്ലായെന്നതിനർത്ഥം യേശു ശബ്ദം മാറ്റി അതായത് മറിയക്ക് പരിചിതമല്ലാത്ത ശബ്ദത്തിൽ അവളോടു സംസാരിക്കുകയാണുണ്ടായത്. അതായത് രൂപംകൊണ്ടു മാത്രമല്ല ശബ്ദം കൊണ്ടുപോലും മറിയ യ.യേശുവിനെ തിരിച്ചറിയരുത് എന്ന് യേശുവിന് നിർബന്ധമുണ്ടായിരുന്നു എന്നാണ് ഇത് നൽകുന്ന സൂചന. കല്ലറയ്ക്കകത്ത് രണ്ട് ദൂതൻമാർ ഇരിക്കുന്നത് മറിയ കണ്ട് എന്ന് പറയുന്നത് അവർ ഏത് ദൂതാണ് മറിയക്ക് നൽകിയത്. അവർ സത്യത്തിൽ ഒരു ... നൽകുന്നില്ല. ഒന്നുമറിയാത്തുപോലെ നീ കരയുന്നതു എന്തു എന്നു മറിയയോടു ചോദിക്കുക മാത്രമാണ് അവർ ചെയ്യുന്നത്. ഇങ്ങിനെ ഒരു ചോദ്യം ചോദിക്കുന്നതിൽ എവിടെയാണ് ദുത് ? ദുതൻമാർ ചോദിച്ച ചോദ്യം തന്നെയാണ് തോട്ടക്കാരൻ യേശു മറിയയോടു ചോദിക്കുന്നത് ദൂതൻമാർ കല്ലറയ്ക്കു

ള്ളിലിരുന്ന്  കൊണ്ട് ചോദിക്കുന്നു ചോദ്യം യേശു കല്ലറയ്ക്ക് വെളിയിൽ നിന്ന് ചോദിക്കുന്നു.

ഞാൻ മുൻപ് ചോദിക്കാൻ വന്ന ചോദ്യം ആവർത്തിക്കുന്നു.  എന്തുകൊണ്ടാണ് യേശു മറിയയുടെ മുമ്പിൽ വേഷപ്രച്ഛന്നനായി പ്രത്യക്ഷപ്പെട്ടത് ? എന്തിനാണ് മറ്റൊരു ശബ്ദത്തിൽ സംസാരിച്ചത് ?അതിന്റെ കാരണം ഇതാണ് പത്രോസും യോഹന്നാനും കല്ലറ സന്ദർശിക്കുന്നു മടങ്ങിപോകുന്നു  എന്നാൽ മറിയ കല്ലറക്കൽ പുറത്തി കരഞ്ഞുകൊണ്ട്   നിൽക്കുന്നു  കരയുന്നതിനിടയിൽ അവൾ കല്ലറയിൽ കുനിഞ്ഞു  നോക്കുന്നു.  അപ്പോഴാണ് അവൾ വെള്ള വസ്ത്രം ധരിച്ച രണ്ടുപേർ കല്ലറയ്ക്കൽ ഇരിക്കുന്നത് കാണുന്നത്.  ഇപ്പോൾ പത്രോസും യോഹന്നാനും മറിയയിൽ നിന്ന് ഏകദേശം 20 -30 അടി അകലെയെത്തി മറിയ വെള്ള വസ്ത്രം ധരിച്ചവരുമായി സംസാരിക്കുന്നു. അവരുടെ സംസാരം തുടരുന്നു മുറയ്ക്ക് പത്രോസും യോഹന്നാനും മറിയയിൽ നിന്ന് കൂടുതൽ അകന്ന് കൊണ്ടേയിരിക്കും.  ഇനി വെള്ള വസ്ത്രം ധരിച്ച ആളുകളെ കാണുന്നതിന് പകരം മറിയ കണ്ട് യേശുവിനയനെയായിരു്നു എന്ന് സങ്കൽപ്പിക്കുക.  അപ്പോൾ എന്ത് സംഭവിച്ചേനെ മറിയ ഉടനെ തന്നിൽ നിന്ന് അല്പദൂരം മാത്രം പിന്നിട്ട പത്രോസിനേയും യോഹന്നാനേയും തിരിച്ച് വിളിച്ചേനെ.  അങ്ങിനെ സംഭവിക്കരുതെന്ന് ഉറപ്പ് വരുത്തുവാനാണ് യേശുവിന്റെ  ഭൂതം  മറിയയുടെ മുന്നിൽ ദൂതൻമാരുടെയും തോട്ടക്കാരന്റേയും നാടകം കളിച്ചത്.

തോട്ടക്കാരൻ ചോദിച്ച ചോദ്യത്തിന് മറിയ മറുപടി നൽകുന്നതും  യേശു അവളോടു മറിയമേ, എന്നു പറഞ്ഞു.  അവൾ തിരിഞ്ഞു എബ്രായ ഭാഷയിൽ റബുനി എന്നു പറഞ്ഞു.  അവൾ തിരിഞ്ഞ്  റബൂനി എന്നു പറഞ്ഞു  എന്നതിൽ

നിന്ന് യേശു മറിയമേ എന്ന് വിളിച്ചത് കല്ലറയിൽ നിന്നായിരുന്നു എന്ന് വ്യക്തം. തോട്ടക്കാരൻ നിന്നിരുന്നത് കല്ലറയ്ക്ക് വെളിയിലായിരുന്നു. അവൾ തിരിഞ്ഞു കല്ലറയ്ക്കുള്ളിൽ നോക്കുമ്പോൾ കാണുന്നത് യേശുവിനെയാണ്. മുൻപ് കല്ലറയ്ക്കുള്ളിലുണ്ടായിരുന്ന ദൂതൻമാരും അപ്രത്യക്ഷമായി തോട്ടക്കാരനും അപ്രത്യക്ഷനായി മറിയയുടെ മുന്നിൽ ഇപ്പോൾ യേശു മാത്രം.

വെള്ളിയാഴ്ച കുരിശ്ശിൽ തറയ്ക്കപ്പെട്ട് മരിച്ച യേശുവിനെ മറിയ ഞായറാഴ്ച രാവിലെ വീണ്ടും കാണുകയാണ്. ഇങ്ങിനെയൊരു അനുഭവം നിങ്ങൾക്കാണുണ്ടാവുന്നതെങ്കിൽ അതായത് മറിയയുടെ സ്ഥാനത്ത് നിങ്ങളായിരുന്നുവെങ്കിൽ നിങ്ങൾ എന്ത് ചെയ്യുമായിരുന്നു? അത് തന്നെയാണ് മറിയയും ചെയ്യാൻ ശ്രമിച്ചത് ? അതായത് മുന്നിൽ നിൽക്കുന്നത്യേശുമാണോ അതോ യേശുവിന്റെ ഭൂതമാണോ എന്നറിയാൻ ഒന്നു തൊട്ടുനോക്കാൻ അവൾ ആഗ്രഹിച്ചു. അങ്ങിനെ കല്ലറയ്ക്കുള്ളിലേക്ക് പ്രവേശിക്കാൻ തുനിഞ്ഞ മറിയയോടാണ് യേശു എന്നെ തൊടരുത് ; ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല എന്ന പച്ചക്കള്ളം പറയുന്നത്. അപ്പോൾ വെള്ളിയാഴ്ച ഉച്ചക്ക് തന്നോടൊപ്പം ക്രൂശിതനായ മറ്റൊരു കുറ്റവാളിയോട് നീ ഇന്ന് എന്നോട് കൂടി പറുദീസായിൽ ആയിരിക്കും എന്ന് പറയുന്നതോ ? യേശുവിന്റെ വാക്കുകൾ പ്രകാരം നോക്കിയാൽ തന്നെ തൊടാതിരിക്കുവാൻ യേശു മറിയയോടുപറയുന്ന കാരണം നിലനിൽക്കുന്നതല്ല. ആയതിനാൽ യേശു നുണപറയുകയായിരുന്നു എന്നു വേണം മനസ്സിലാക്കുവാൻ.അപ്പോൾ യേശു എന്നെ തൊടരുത് എന്ന് മറിയയോടു പറഞ്ഞതിന്റെ യഥാർത്ഥ കാരണം എന്തായിരുന്നു ? അതിനുകാരണം മറിയയുടെ മുന്നിൽ കല്ലറയ്ക്കുള്ളിൽ പ്രത്യക്ഷപ്പെട്ടത് യേശുവിന്റെ നീളവും വീതിയും മാത്രമുള്ള ഘന

മില്ലാത്ത ദ്വിമാനരൂപമായിരുന്നു അഥവാ യേശുവിന്റെ ഭൂതമായിരുന്നു.

പത്രോസും യോഹന്നാനും കല്ലറ സന്ദർശിച്ചതിനു ശേഷം യോഹന്നാൻ 20 : 10 ൽ പറയുന്നത് അങ്ങനെ ശിഷ്യൻമാർ വീട്ടിലേക്ക് മടങ്ങിപ്പോയി എന്നാണ്. യോഹന്നാനും പത്രോസും അവരുടെ വീട്ടിൽ നിന്നും വന്ന് കല്ലറ സന്ദർശിച്ചതിനു ശേഷം വീട്ടിലേക്ക് മടങ്ങിപ്പോയി എന്നാണ് പറയുന്നത്. യോഹന്നാനും പത്രോസും ഗലീലിക്കാരാണ്. യേശുവിന്റെ കല്ലറ തലയോടിടത്തിൽ ജറുശലേമിലാണ്. യോഹന്നാനും പത്രോസും കല്ലറയിൽ വരുവാൻ കാരണം മഗ്ദലേന മറിയമാണ്. അവൾ ആദ്യം കല്ലറ സന്ദർശിച്ചതിനുേഷം അവളുടെ മാക്കുകൾ കേത്ട്ടാണഅ യോഹന്നാനും പത്രോസും കല്ലറയിലേക്ക് ഓടിയെത്തിയത് അവർ രണ്ടുപേരും കല്ലറയിലേക്ക് അഥവാ തലയോടിടത്തിലേക്ക് ഓടിയെത്തി എന്ന് പറയുന്നതിൽ നിന്ന് തന്നെ അവർ തങ്ങിയിരുന്നത് തലയോടിടത്തിൽ നിന്ന് ഒരുപാട് അകലെയല്ല എന്ന് വ്യക്തമാണ്. തലയോടിടത്തിൽ നിന്ന് യോഹന്നാന്റേയും പത്രോസിന്റേയും ഗലീലിക്കടലിലെ മീൻപിടുത്തക്കാരായ യോഹന്നാന്റേയും പത്രോസിന്റേയും വീട്ടിലേക്ക് ഏതാണ്ട് 100 കിലോമീറ്റർ അകലമുണ്ട്. അക്കാലത്ത് ഒരു ദിവസം കൊണ്ടുപോലും ഈ രണ്ട് മീൻപിടുത്തക്കാർക്ക് 100 കിലോമീറ്റർ താണ്ടാനാവില്ലായിരുന്നു. ഇവർ രണ്ടുപേരും കല്ലറയിലേക്ക് വന്നത് ഇവരുടെ വീട്ടിൽ നിന്നല്ലായെന്ന് ഇപ്പോൾ മനസ്സിലായില്ലേ? കല്ലറ സന്ദർശിച്ചതിനു ശേഷം അവർ അവരുടെ വീട്ടിലേക്ക് മടങ്ങിപോയിയെങ്കിൽ ആഴ്ചയുടെ ആദ്യദിവസമായ അന്നു വൈകിട്ട് ശിഷ്യൻമാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കെ യേശു വന്ന് അവരുടെ മധ്യേ നിന്ന് അവരോടു പറഞ്ഞു നിങ്ങൾക്കു സമാധാനം (യോഹന്നാൻ 20: 19 ) എന്ന് പറഞ്ഞിരിക്കുന്നത് എങ്ങിനെ ശരിയാകും. ? ഇവിടെ

ശിഷ്യൻമാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കെ എന്ന് പറയുന്നത് യോഹന്നാനെയും പത്രോസിനേയും ഉൾപ്പെടുത്തിക്കൊണ്ടാണ്. കാരണം ഇതേ ഞായറാഴ്ച ദിവസം തന്നെ വൈകുന്നേരം രണ്ടുപേർ ജറുസലേമിലേക്ക് തിരിച്ചുപോയി. അവിടെ കൂടിയിരുന്ന പതിനൊന്ന് പേരേയും അവരോടൊപ്പമുണ്ടായിരുന്നവരെയും കണ്ടു എന്ന് ലൂക്കോസ് 24: 33 -ാം വാക്യം പറയുന്നുണ്ട്. പതിനൊന്ന് പേരെ കണ്ടു എന്ന് പറയുന്നതിനർത്ഥം പതിനൊന്ന് ശിഷ്യൻമാരെ യൂദാസ് ഒഴികെയുള്ള പതിനൊന്ന് ശിഷ്യൻമാരെ കണ്ടു എന്നാണ് അതായത് യോഹന്നാനും പത്രോസും ജറുസലേമിൽ തന്നെ ഉണ്ടായിരുന്നുവെന്ന്. അപ്പോൾ യോഹന്നാൻ 20 ; 10 ൽ ശിഷ്യൻമാർ വീട്ടിലേക്ക് (ഗലീലിയിലേക്ക് )മടങ്ങിപ്പോയി എന്ന് എഴുതിയിരിക്കുന്നത് നുണയല്ലെ ? യോഹന്നാൻ 20 ; 10 -ാം വാക്യം എഴുതിയിരിക്കുന്നത് യോഹന്നാനല്ല എന്ന സത്യത്തിലേക്കാണ് ഈ വൈരുദ്ധ്യം വിരൽ ചൂണ്ടുന്നത്.

യോഹന്നാനും പത്രോസും കല്ലറയിൽ നിന്ന് തിരിച്ച് വന്ന് അവസാന അത്താഴം കഴിച്ചു. വീട്ടിലെ മുകളിലത്തെ നിലയിലെ മുറിയിലേക്ക് മടങ്ങുന്നു. അതായിരുന്നു യേശുവിന്റെ ശിഷ്യൻമാരുടെ ഒളി സങ്കേതം. അവർ കല്ലറയിൽ നിന്ന് മടങ്ങിയതിന് ഏതാനും നിമിഷങ്ങൾക്കകം യേശു മഗ്ദലേനക്കാരി മറിയയുടെ മുന്നിൽ പ്രത്യക്ഷപ്പെട്ട് എന്നെ തൊടരുത് ;ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല ; എങ്കിലും നീ എന്റെ സഹോദരൻമാരുടെ അടുക്കൽ ചെന്നു എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നു എന്നു അവരോട് പറയുക എന്നു പറഞ്ഞു ഏതാനും മിനിട്ടുകൾക്ക് മുൻപ് യേശുവിന്റെ കല്ലറയിൽ ഉണ്ടായിരുന്ന യോഹന്നാനോടും പത്രോ

സിനോടും പറയുവൻ സന്ദേശം നൽകി അവളെ അയക്കുകയാണ് യേശു. യേശു മറിയയുടെ മുൻപിൽ പ്രത്യക്ഷമായത് അവളോട് യോഹന്നാനോടും പത്രോസിനോടും മറ്റ് ശിഷ്യൻമാരോടും . യേശു ദൈവത്തിന്റെ അടുക്കലേക്ക് കയറിപ്പോകുന്നു എന്ന ശിഷ്യൻമാർക്കുള്ള സന്ദേശം നൽകുവാനാണെങ്കിൽ അത് യേശുവിന് അവർക്ക് നേരിട്ട് നൽകാമായിരുന്നില്ലേ അവർ കല്ലറയ്ക്കൽ വന്നപ്പോൾ ? എന്ന എന്റെ ചോദ്യത്തിന് ഒരു വിശ്വാസി, യോഹന്നാനും പത്രോസും കല്ലറയ്ക്കൽ വരുമ്പോൾ യേശു ഉയിർത്തെഴുന്നേറ്റിട്ടില്ലായിരുന്നു. അതുകൊണ്ടാവണം അങ്ങിനെ സംഭവിക്കാഞ്ഞത് എന്ന് മറുപടി പറഞ്ഞു.

യോഹന്നാനും പത്രോസും കല്ലറയ്ക്കൽ വരുമ്പോൾ യേശു ഉയിർത്തെഴുന്നേറ്റിട്ടില്ലായിരുന്നുവെങ്കിൽ അവർ വരുമ്പോൾ യേശുവിന്റെ ജഢം കല്ലറയിൽ കാണണമായിരുന്നു എന്ന് പറഞ്ഞുകൊണ്ട് വിശ്വാസിയുടെ വാദം ഞാൻ തള്ളിക്കളഞ്ഞു.

അപ്പോൾ യേശു എന്തുകൊണ്ടാണ് ശിഷ്യൻമാരുടെ മുന്നിൽ പ്രത്യക്ഷപ്പെടാതെ അവർ ഒഴിഞ്ഞ കല്ലറ സന്ദർശിച്ച് മടങ്ങും വരം മറഞ്ഞ് നിൽക്കുകയും പിന്നീട് മഗ്ദലേനമറിയത്തിനു മുൻപിൽ പ്രത്യക്ഷമായി അതേ ശിഷ്യൻമാർക്ക് സന്ദേശം കൊടുത്തയക്കുകയും ചെയ്തത് എന്ന് ചോദ്യത്തിന് നാം ഇനിയും ഉത്തരം കണ്ടെത്തേണ്ടതുണ്ട്.

യേശുവിന്റെ സന്ദേശം ലഭിച്ചയുടനെ മഗ്ദലേനക്കാരത്തി മറിയവന്നു താൻ കർത്താവിനെ കണ്ടു എന്നും അവൻ ഇങ്ങനെ തന്നോടു പറഞ്ഞു എന്നും ശിഷ്യൻമാരോടു അറിയിച്ചു. (യോഹന്നാൻ 20 : 18 ) ഇവിടെയാണ് യേശുവിന്റെ കൗശലം നിങ്ങൾ മനസ്സിലാക്കേണ്ടത് യേശു മറിയയോടു ശിഷ്യൻമാർക്ക്

താൻ ദൈവത്തിന്റെ അടുക്കലേക്ക് കയറിപ്പോകുന്നു എന്ന സന്ദേശം മാത്രമാണ് നൽകിയതെങ്കിലും മറിയ സ്വാഭാവികമായും നടന്നതെല്ലാം അവരോടു പറയുമെന്ന് സാത്താനറിയാമായിരുന്നു. അതായത് എന്നെ തൊടരുത്
ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല എന്ന് യേശു പറഞ്ഞതും ഇപ്പോൾ മറിയ മുഖേന ശിഷ്യൻമാരുടെ കാതുകളിലെത്തി. അതായത് യേശു ഉയിർത്തെഴുന്നേറ്റു എന്നാൽ പിതാവിന്റെ അടുക്കലേക്ക് ഇത് വരെ കയറിപ്പോയില്ല ആയതിനാൽ പിതാവിന്റെ അടുക്കലേക്ക് കയറിപോകും വരെ ആരും യേശുവിന് തൊടരുത് എന്ന സന്ദേശം ശിഷ്യൻമാർക്ക് നൽകുവാനുള്ളതിനാലാണ് യേശു യോഹന്നാനും പത്രോസും കല്ലറയ്ക്കൽ വന്നപ്പോൾ അവർക്ക് മുന്നിൽ പ്രത്യക്ഷപ്പെടാഞ്ഞത്.

മറിയവന്ന് ശിഷ്യൻമാരോട് ഇതെല്ലാം പറയുന്നത് ഞായറാഴ്ച പകലാണ്. മറിയയുടെ സന്ദേശം ലഭിച്ചതിനു ശേഷവും യേശു ശിഷ്യൻമാരുടെ മുന്നിൽ പ്രത്യക്ഷപ്പെടുന്നില്ല. പിന്നെയോ അവൻ വീണ്ടും വേഷപ്രച്ഛന്നനായി ശിഷ്യൻമാരുടെ കൂടെയുണ്ടായിരുന്നു രണ്ടുപേർ ആ ദിവസം തന്നെ രണ്ടുപേർ ജറുസലെമിൽ നിന്ന് ഏകദേശം അറുപത് സ്താദിയോൺ അകലെയുള്ള എമ്മാവൂസ് ഗ്രാമത്തിലേക്ക് പോവുകയായിരുന്നു (ലൂക്കോസ് 24 : 13 ) ഇങ്ങനെ ശിഷ്യൻമാരുടെ കൂടെയുണ്ടായിരുന്ന രണ്ടുപേർ എമ്മാവൂസ് എന്ന ഗ്രാമത്തിലേക്ക് പോകുമ്പോൾ യേശുവും അടുത്തെത്തി അവരോടൊപ്പം .യാത്ര ചെയ്തു. എന്നാൽ അവനെ തിരിച്ചറിയാൻ കഴിയാത്ത വിധം അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നു ( 24 : 15 -16) അവനെ തിരിച്ചറിയുവാൻ കഴിയാത്ത വിധം അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നു എന്നല്ല മറിച്ച് യേശു മറ്റൊരു വേഷത്തിലും അതായത് അവർക്ക് പരിചിത

മല്ലാത്ത രൂപത്തിലും സ്വരത്തിലുമാണ് അവരോട് സംസാരിച്ചത് അവർക്ക് പ്രത്യ ക്ഷമായത് എന്നാണ്. മുൻപ് മറിയയുടെ മുന്നിൽ തോട്ടക്കാരന്റെ വേഷത്തിൽ പ്രത്യക്ഷമായത് പോലെ യേശു അവന്റെ തനി സ്വരൂപം വെളിപ്പെടുത്തിയിരുന്നു വെങ്കിൽ അവരും യേശുവിനെ സന്ദർശിക്കുവാൻ ശ്രമിച്ചേനെ. അപരിചിത മായ രൂപത്തിൽ പ്രത്യക്ഷനായതിനാൽ അവർ യേശുവിന്റെ ഭൂതമാണ് തങ്ങൾക്ക് പിന്നിൽ കൂടിയിരിക്കുന്നതെന്ന് സംശയം പോലുമുണ്ടായിരുന്നില്ല. എന്തായാലും അവരുടെ യാത്രയുടെ ഒടുക്കം അവർ അവനെ തിരിച്ചറിഞ്ഞു പക്ഷെ അവൻ അവരുടെ മുമ്പിൽ നിന്ന് അപ്രത്യക്ഷനായി. അവർ യേശുവിനെ തിരിച്ചറിഞ്ഞ നിമിഷം യേശു അവരുടെ മുൻപിൽ നിന്ന് അപ്രത്യക്ഷനായി. അതായത് അവർ യേശുവിനെ തിരിച്ചറിഞ്ഞു അവനെ അവർ സ്പർശിക്കുവാൻ മുതിർന്നപ്പോൾ അവൻ ഉടനടി അവരുടെ മുൻപിൽ നിന്ന് അപ്രത്യക്ഷമായി. ഇവിടെ ഒരു ചോദ്യ മുണ്ട് മറിയയോടു ശിഷ്യൻമാരോട് താൻ പിതാവിന്റെ അടുക്കലേക്ക് കയറിപോ കുന്നു എന്ന് പറഞ്ഞ യേശു എന്താണ് പിതാവിന്റെ അടുക്കലേക്ക് കയറിപ്പോ കാതെ ശിഷ്യൻമാരുടെ അടുക്കൽ നിന്നും എമ്മാദൂവിലേക്ക് പോകുന്ന രണ്ട് പേരുടെ പിന്നാലെ കൂടിയത്.?

യേശു അപ്രത്യക്ഷനായതിനുശേഷം അവർ അപ്പോൾ തന്നെ എഴുന്നേറ്റ് ജറുസലെമിലേക്കു പോയി ( 24 : 33 ) വഴിയിൽ വച്ചു സംഭവിച്ചതും അപ്പം മുറിക്കുമ്പോൾ തങ്ങൾ അവനെ തിരിച്ചറിഞ്ഞതും അവരും വിവരിച്ചു ( 24 :35) അവർ യേശുവിനെ തിരിച്ചറിഞ്ഞത് അവർ വിവരിച്ചുവെങ്കിൽ തീർച്ചയായും അവർ തിരിച്ചറിഞ്ഞ നിമിഷം യേശുവിനെ സ്പർശിക്കാൻ ശ്രമിച്ചതും അവൻ ഉടനടി അപ്രത്യക്ഷനായതും അവർ വിവരിച്ചു കാണും. അവർ ജറുസലേമിലുണ്ടായി

രുന്ന ശിഷ്യൻമാരോട് യേശു തങ്ങൾക്ക് പ്രത്യക്ഷനായതും അവനെ സ്പർശിക്കാൻ തുനിഞ്ഞപ്പോൾ അപ്രത്യക്ഷനായതും പറഞ്ഞതിനുശേഷമാണ് യേശു ശിഷ്യൻമാർക്ക് മുൻപിൽ പ്രത്യക്ഷപ്പെടുന്നത്. അതായത് മറിയ മഗ്ദലേന മുഖേനയും എമ്മാവൂസിലേക്ക് പുറപ്പെട്ട രണ്ട് ശിഷ്യൻമാർ മുഖഏനയും ശിഷ്യൻമാർക്ക് തന്നെ തൊടരുത് കാരണം താൻ ഇനിയും പിതാവിന്റെ അടുക്കലേക്ക് കയറിപ്പോയില്ല എന്ന് മുൻകൂട്ടി അറിയിച്ചതിന് ശേഷം മാത്രമാണ് യേശു തന്റെ ശിഷ്യൻമാരുടെ മുന്നിൽ പ്രത്യക്ഷനാവുന്നത്.

വെള്ളിയാഴ്ച ഉച്ചക്ക് യേശുവിനെ കരിശ്ശിൽ തറച്ചപ്പോൾ നിശ്ചലമായ ക്രിസ്തുമതത്തിനു പുനർജന്മം ലഭിക്കുന്നത് ഞായറാഴ്ച അർദ്ധ രാത്രി യേശു തന്റെ ശിഷ്യൻമാർക്ക് മുന്നിൽ പ്രത്യക്ഷപ്പെടുന്നതോടുകൂടിയാണ്. സത്യത്തിൽ യേശുവിനെ കുരിശ്ശിൽ തറക്കുന്നതു വഴി .ഹൂദർ പിശാചു ബാധയാൽ യേശു പറഞ്ഞയച്ചിട്ടാണ് യൂദാസ് തങ്ങളുടെ അടുക്കൽ വന്നതെന്നും യേശുവിനെ അവർക്ക് കാട്ടികൊടുക്കരുതെന്നും അവർക്കറിയില്ലായിരുന്നു. അത് കൊണ്ടാണ് കുരിശിൽ കിടന്ന് കൊണ്ട് പിതാവെ അവരോട് ക്ഷമിക്കേണെ അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല (ലൂക്കോസ് 19 : 34) എന്ന് യേശു യഹൂദരെ കളിയാക്കി പറഞ്ഞത്.

യേശു മഗ്ദലേനയോട് പറഞ്ഞത് എന്നെ തൊടരുത് ഞാൻ ഇതുവരെയും പിതാവിന്റെ അടുക്കൽ കയറിപ്പോയിട്ടില്ല എന്നാണ് അപ്പസ്തോല പ്രവർത്തനങ്ങൾ ഒന്നാം അദ്ധ്യത്തിൽ ഈ സംഭവത്തിന് 40 ദിവസം പിന്നിടുമ്പോഴാണ് യേശു തന്റെ ഇല്ലാത്ത പിതാവിന്റെ അടുക്കലേക്ക് കയറിപോകുന്നതായി പറഞ്ഞിട്ടുള്ളത്. ഇതിനർത്ഥം ഈ 40 ദിവസവും യേശുവിനെ ആരും സ്പർശിച്ചിട്ടില്ലായെ

ന്നാണ്. യേശു തന്നെ ആരും സ്പർശിക്കാൻ അനുവദിക്കാത്തതിന്റെ കാരണം അവൻ പിതാവിന്റെ അടുക്കലേക്ക് കയറി പോകണമെന്നല്ല മറിച്ച് കുരിശ് മരണത്തിനുശേഷം ഇടക്കിടെ ശിഷ്യൻമാർക്ക് പ്രത്യക്ഷനായത് യേശുവിന്റെ ഭൂതമായിരുന്നതിനാലാണ്. വെള്ളിയാഴ്ച ഉച്ചക്ക് തന്നെ യേശു കൂടെ മരിച്ച കുറ്റവാളി ഇന്ന് നീ പറുദീസയിലായിരിക്കുമെന്ന് പറഞ്ഞിട്ടുള്ളതാണല്ലോ.

ഏതായാലും ഒരു വിശ്വാസിക്ക് ഒരു ചെറിയ സംശയം യേശു ഞായറാഴ്ച രാവിലെ ഉയിർത്തെഴുന്നേൽക്കുന്നു എന്നിട്ട് മറിയയുടെ മുന്നിൽ പ്രത്യക്ഷനാവുന്നു. അതിനുശേഷം നേരെ മുകളിലേക്ക് അവന്റെ പിതാവിന്റെ അടുക്കലേക്ക് എങ്ങിനെ കയറിപ്പോകുന്നു എന്ന് കരുതുക അതിനുശേഷം അവൻ ശിഷ്യൻമാർക്ക് പ്രത്യക്ഷനാവുന്നു. എങ്കിൽ അവർ അവനെ സ്പർശിച്ചിട്ടുണ്ടാവില്ലേ ? വിശ്വാസി സംശയിക്കുന്നതു പ്രകാരമാണ് സംഭവിച്ചതെങ്കിൽ മറിയയെ കണ്ടതിനുശേഷം യേശു മുകളിലോട്ട് പോയിട്ടുണ്ടെങ്കിൽ മുകളിൽ നിന്ന് താഴോട്ട് വരുന്നത് അവന്റെ രണ്ടാം വരവാകുമായിരുന്നു. സത്യമെന്തെന്നാൽ ഈ വിശ്വാസിയും ലോകമെമ്പാടുമുള്ള കോടിക്കണക്കിനു വിശ്വാസികളും ഇന്നും യേശുവിന്റെ രണ്ടാം വരവ് കാത്തിരിക്കുകയാണ്.!

അദ്ധ്യായം 8 ഉയിർത്തെഴുന്നേൽപ്പ് സമാപ്തം

# അദ്ധ്യായം 9 യേശുവിന്റെ ഗൂഢലക്ഷ്യം

യേശു സമാധാനത്തിന്റെ രാജകുമാരൻ എന്നാണ് ക്രിസ്ത്യാനികൾ ഉദ്ഘോഷിക്കുന്നത്. എന്നാൽ യേശു പറയുന്നത് ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു.; അതു ഇപ്പോഴെ കത്തിയെങ്കിൽ കൊള്ളായിരുന്നു എന്നല്ലാതെ ഞാൻ

മറ്റെന്തു ഇച്ഛിക്കേണ്ടു? എങ്കിലും എനിക്കു ഒരു സ്നാനം ഏല്പാൻ ഉണ്ടു അതു കഴിയുവോളം ഞാൻ എത്ര ഞെരുങ്ങുന്നു. ഭൂമിയിൽ സമാധാനം നൽകുവാൻ ഞാൻ വന്നിരിക്കുന്നു എന്നു തോന്നുന്നുവോ ? അല്ല ഛിദ്രം വരുത്തുവാൻ അത്രേ എന്നു ഞാൻ നിങ്ങളോടു പറയുന്നു (ലൂക്കോസ് 12: 49 -51 )

നോക്കണേ എത്ര അർത്ഥ ശൂന്യമാണ് ക്രിസ്ത്യാനികളുടെ വിശ്വാസമെന്ന്. ഭൂമിയിൽ തീ ഇടുവാനാണ് താൻ വന്നിരിക്കുന്നത് അല്ലാതെ ഭൂമിയിൽ സമാധാനം നൽകുവാൻ ഞാൻ വന്നിരിക്കുന്നു എന്ന് നിങ്ങൾക്ക് തോന്നുന്നുവോ ?എന്നാണ് യേശു ക്രിസ്ത്യാനികളോടു ചോദിക്കുന്നത്.

ഇനി പരമപിശാചായ യേശു ഭൂമി കത്തിയെരിയാൻ മനുഷ്യരെ തമ്മിലടിപ്പിക്കുവാൻ പദ്ധതിയൊരുക്കിയത് എങ്ങിനെയാണെന്ന് ഞാൻ വിവരിക്കാം. യഹൂദ മതവും ക്രിസ്തു മതവും ഇസ്ലാമും ആരംഭിക്കുന്നത് ഗബ്രിയേൽ എന്ന പിശാചിന്റെ ഒരു ദൂതനിൽ നിന്നാണ്. അറബിനാട്ടിൽ മുഹമ്മദിന് ഗബ്രിയേലിന്റെ ദർശനം ലഭിക്കുന്നതിൽ നിന്നാണ് ഇസ്ലാമിന്റെ ആരംഭം മുഹമ്മദിന് മുൻപ് ഖുറാൻ എന്ന ഇസ്ലാം മതഗ്രന്ഥം ഇല്ല.

ഗബ്രിയേൽ യേശുവിനെ പ്രസവിച്ച യഹൂദ സ്ത്രീ മറിയയ്ക്ക് ദർശനം നൽകുന്നതിൽ നിന്നാണ് ക്രിസ്തുമതത്തിന്റെ ആരംഭം. യഹൂദർ വിശ്വസിക്കുന്ന പഴയ നിയമ ത്തിലെ ആദ്യ അഞ്ച് പുസ്തകങ്ങൾ എഴുതി എന്ന് പറയപ്പെടുന്ന മോശെയും ആരംഭിക്കുന്നത് ഒരു ദൂതൻ അയാളുടെ മുന്നിൽ പ്രത്യക്ഷപ്പെടുന്നതിന് ശേഷമാണ് അവിടെ യഹോവയുടെ ദൂതൻ ഒരു മുൾപടർപ്പിന്റെ നടുവിൽ നിന്നു അഗ്നി ജ്വാലയിൽ അവനു പ്രത്യക്ഷമായി (പുറപ്പാട് 3: 2 )

ഗബ്രിയേൽ മറിയയോടു പറയുന്നത് യേശു അത്യുന്നതന്റെ പുത്രൻ എന്ന്

വിളിക്കപ്പെടും എന്നാണ് . എന്നാൽ ഏതാണ്ട് 500 വർഷങ്ങൾ പിന്നിട്ടപ്പോൾ ഗബ്രിയേൽ മുഹമ്മദിനോട് പറയുന്നത്  അതത്രെ മറിയമിന്റെ മകനായ ഈസാ (യേശു) അവർ ഏതൊരു വിഷയത്തിൽ തർക്കിച്ച് കൊണ്ടിരിക്കുന്നുവോ അതിനെപ്പറ്റിയുള്ള യഥാർത്ഥമായ വാക്കത്രെ ഇത്.  ഒരു സന്താനത്തെ സ്വീകരിക്കുകയെന്നത് അല്ലാഹുവിനുണ്ടാകാവുന്നതല്ല.  (ഖുർ ആൻ 19 :34 35 ) ഖുർആൻ 17:  111 ൽ വളരെ വ്യക്തമായിട്ട് പറയുന്ന യേശു ദൈവപുത്രനല്ലായെന്ന്  സന്താനത്തെ സ്വീകരിച്ചിട്ടില്ലാത്തവനും ആധിപത്യത്തിൽ പങ്കാളിയില്ലാത്തവനും നിത്യതയിൽ നിന്ന് രക്ഷിക്കാൻ ഒരു രക്ഷകൻ ആവശ്യമില്ലാത്തവനുമായ അല്ലാഹുവിന് സ്തുതി എന്ന് നീ പറയുകയും അവനെ ശരിയാം വണ്ണം മഹത്വപ്പെടുത്തുകയും  ചെയ്യുക.

മേൽപ്പറഞ്ഞ രണ്ട് ഖുർആൻ വാക്യങ്ങളിൽ നിന്ന് തന്നെ വളരെ വ്യ.ക്തമാണ് എങ്ങിനെയാണ് ഗബ്രിയേൽ മുഹമ്മദിനോട് മറിയയോട് പറഞ്ഞതിൽ നിന്ന് ഭിന്നമായി പറഞ്ഞതെന്ന്.  ഇങ്ങിനെ മുസ്ലീങ്ങളെ യേശു ദൈവപുത്രനല്ലായെന്ന് പറഞ്ഞ് വിശ്വസിപ്പിച്ചും ക്രിസ്ത്യാനികളോട് യേശു ദൈവപുത്രനെന്ന് പറഞ്ഞ് വിശ്വസിപ്പിച്ചും മനുഷ്യരെ ക്രിസ്ത്യാനികളെന്നും മുസ്ലീങ്ങളെന്നും വേർതിരിച്ച് അവരിൽ വ്യത്യസ്ത വിശ്വാസങ്ങൾ അടിച്ചേൽപ്പിച്ച് വിശ്വാസങ്ങളുടെ പേരിൽ തമ്മിലടിപ്പിച്ച് കൊണ്ടാണ് മാനവ ശത്രുവായ യേശു തന്റെ ജൈത്രയാത്ര ഇതുവരെ തുടർന്നത് തുടരുന്നത് ഇനി യഹൂദരും ക്രിസ്ത്യാനികളും തമ്മിലുള്ള  വിശ്വാസ അഭിപ്രായ വ്യത്യാസം  ശ്രദ്ധിക്കുക.

യേശുവിന്റെ ജനനം യൂദാപ്രദേശത്തെ ബെത്‌ലഹേമിലായിരുന്നു എന്ന് മത്തായിയുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ പറയുന്നു  ഹെരോദാ രാജാ

വിന്റെ കാലത്ത് യേശു യെഹൂദ്യയിലെ ബെത്ലേഹിമിൽ ജനിച്ച ശേഷം കിഴക്ക് നിന്ന് വിദ്യാൻമാർ ജെറുസലേമിൽ എത്തി (2 : 1) എന്നാൽ പീന്നീടങ്ങോട്ട് യേശുവിന്റെ ശൈവവും ,ബാല്യവും, കൗമാരവും, യൗവ്വനവും ഗലീലി ദേശത്തെ നസ്രെത്തിലായിരുന്നു.

2000 വർഷം മുൻപ് റോമാ സാമ്രാജ്യത്തിന് കീഴിൽ കഴിഞ്ഞിരുന്ന യഹൂദർ തങ്ങൾക്ക് ഒരു രക്ഷകനെ പ്രതീക്ഷിച്ചിരുന്നു. അതിനു കരണം അവർ യഹോവയുടെ പ്രവാചകൻ എന്ന് കരുതിയിരുന്ന മിക്കായുടെ ഒരു പ്രവചനമാണ് ബേത്ലെഹം എബ്രാത്താ യൂദാഭവനങ്ങളിൽ നീ ചെറുതാണെങ്കിലും ഇസ്രായേലിനെ ഭരിക്കേണ്ടവൻ എനിക്കായി നിന്നിൽ നിന്നു പുറപ്പെടും അവൻ പണ്ടേ യുഗങ്ങൾക്കുമുൻപേ ഉള്ളവനാണ്. (മിക്കാ 5: 2) ഇങ്ങനെയൊരു പ്രവചനമുള്ളതിനാൽ യഹൂദർ തങ്ങളുടെ രക്ഷകൻ യൂദാ പ്രദേശത്തെ ബേത്ലഹെമിൽ നിന്ന് വരുമെന്ന് വിശ്വസിച്ചിരുന്നു. എന്നാൽ യേശുവാകട്ടെ ഗലീലിയിൽ നിന്നുമാണ് എഴുന്നള്ളിയത്. ഇക്കാരണത്താലാണ് യേശുവിനെ അംഗീകരിക്കാൻ യഹൂദർ വിസമ്മതിച്ചത്. മിക്കായെക്കൊണ്ട് ക്രിസ്തു ബേത്ലെഹെമിൽ നിന്ന് വരുമെന്ന് പറയിച്ചതും പീന്നീട് ഗലീലിയിൽ നിന്ന് വന്ന് താനാണ് ക്രിസ്തു എന്ന് അവകാശപ്പെട്ടതും ഒരാൾ തന്നെയാണെന്ന് പാവം യഹൂദർ അറിഞ്ഞിരുന്നില്ല. മനുഷ്യർക്കിടയിൽ തന്നെ പ്രതി ഭിന്നതയുണ്ടാക്കുവാനുള്ള പിശാചിന്റെ തന്ത്രമാണിതെന്ന് ചിന്തിക്കുവാൻ പോലും അക്കാലത്ത് അവർക്ക് കഴിഞ്ഞിരുന്നില്ല. ആയതുകൊണ്ട് തന്നെ പിശാച് ജനങ്ങൾക്കിടയിൽ അവനെക്കുറിച്ച് ഭിന്നതയുണ്ടാക്കി. ചിലർ പറഞ്ഞു ഇവൻ ക്രിസ്തുവാണ്. എന്നാൽ വേറെ ചിലർ ചോദിച്ചു ക്രിസ്തു ഗലീലയിൽ നിന്നാണോ വരുക? ക്രിസ്തു ദാവീദിന്റെ സന്താനപരമ്പരയിൽ നിന്നാ

ണെന്നും ദാവീദിന്റെ ഗ്രാമമായ ബേത്‌ലെഹെമിൽ നിന്ന് വരുമെന്നുമല്ലേ വിശുദ്ധ ലിഖിതം (മിക്കാ 5 : 2 ) പറയുന്നത്. ? അങ്ങനെ അവനെക്കുറിച്ച് (യേശുവിനെ ക്കുറിച്ച് ) ജനങ്ങൾക്കിടയിൽ ഭിന്നതയുണ്ടായി. (യോഹന്നാൻ 7: 41 –43 ) യേശു സമാധാനം നൽകുവാൻ അല്ല മറിച്ച് ജനങ്ങൾക്കിടയിൽ അവനെ പ്രതി ഭിന്നത യുണ്ടാക്കുവാനാണ് വന്നതെന്നും ശ്രമിച്ചതെന്നും ഇപ്പോൾ നിങ്ങൾക്ക് ബോദ്ധ്യ മായിക്കാണുമല്ലോ.

യഹൂദർ തങ്ങൾക്കൊരു രക്ഷകൻ ബേത്‌ലഹേമിൽ നിന്ന് വരുമെന്ന് പ്രതീ ക്ഷിക്കുന്നു. യേശു ദൂരെ ഗലീലിയിൽ നിന്ന് വന്ന് താനാണ് യഹൂദർ പ്രതീക്ഷി ക്കുന്ന രക്ഷകൻ എന്ന് പ്രഖ്യാപിക്കുന്നു. ഗലീലിയിൽ മീൻപിടിച്ച് കൊണ്ടി രുന്ന മീൻപിടുത്തക്കാരെ ആദ്യമെ യേശു താനാണ് രക്ഷകനെന്ന് വിശ്വസിപ്പിച്ചി ക്കുന്നു. 3 വർഷക്കാലം അവരുടെകൂടെ ഗലീലി മുഴുവൻ ചുറ്റി സഞ്ചരിച്ച് കുട്ടി പിശാചുക്കളെക്കൊണ്ട് പോകുന്നിടത്തൊക്കെ തന്നെ ദൈവപുത്രനെന്ന് വിളി പ്പിച്ചും പിശാചുക്കൾ പോലും തന്നെ അനുസരിക്കുന്നുവെന്ന് വരുത്തിതീർത്തും ചില്ലറ പൊടിക്കൈകളൊക്കെ കാട്ടി മീൻപിടുത്തക്കാരുടെ ഉള്ളിൽ താനാണ് ദൈവ പുത്രനായ യഹൂദരുടെ രക്ഷകൻ എന്ന വിശ്വാസം ഊട്ടി ഉറപ്പിക്കുന്നു. അന ന്തരം അവരെകൂട്ടി ജെറുശലേമിൽ വരുന്നു. ഗലീലിയിൽ നിന്നും വന്ന് താനാണ് രക്ഷകൻ എന്ന് പറയുന്നതിനാൽ കാര്യവിവരമുള്ള യഹൂദർ അംഗീകരിക്കാതെ യേശുവിനെ വഞ്ചകൻ എന്ന് പറഞ്ഞ് കുരിലേറ്റുന്നു. അതിനുശേഷം മീൻപിടു ത്തക്കാർ യേശുവാണ് ദൈവപുത്രനെന്ന് ലോകമെമ്പാടും കൊട്ടിഘോഷിക്കുന്നു. മൂന്ന് നൂറ്റാണ്ടുകൾ പിന്നിടുമ്പോൾ ക്രിസ്തുമതം റോമാ സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി കോൺസ്റ്റന്റ്റൈൻ എന്ന അക്കാലത്തെ റോമാ ചക്ര

വർത്തി പ്രഖ്യാപിക്കുന്നു. അതോടുകൂടെ റോമാ സാമ്രാജ്യവും നിലം പൊത്തുന്നു. പീന്നീടങ്ങോട്ട് യൂറോപ്പ് വാണിരുന്നത് കത്തോലിക്കാ പളളിയായിരുന്നു. യൂറോപ്പിന്റെ ഇരുണ്ട കാലഘട്ടം എന്നാണ് ചരിത്രകാരൻമാർ ആ കാലഘട്ടത്തെ വിശേഷിപ്പിക്കുന്നത്. ഈ വിശേഷങ്ങളിൽ നിന്ന് തന്നെ കത്തോലിക്ക മേലാളൻമാരുടെ വാഴ്ച എവ്വിധമായിരുന്നുവെന്ന് ഊഹിക്കാവുന്നതേയുള്ളു. ക്രിസ്തുമതം റോമിന്റെ ഒദ്യോഗിക മതമായി പ്രഖ്യാപിച്ചതിനുശേഷം എതാണ്ട് 2 നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ പിശാച് മുഹമ്മദ് എന്ന് അറബിയിലൂടെ വീണ്ടുമൊരു ഭിന്നത സൃഷ്ടിച്ചു. അതാണ് ഇസ്ലാം . ഇത്തവണ യേശു ദൈവപുത്രനെന്ന് പറയുന്നവർ നുണയൻമാരും കള്ളൻമാരുമാണന്ന് പറഞ്ഞ് അറബികളേയും ക്രിസ്ത്യാനികളേയും ഭിന്നിപ്പിച്ച് മനുഷ്യരെ ഭിന്നിപ്പിച്ച് പിശാച് രക്തപ്പുഴയല്ല രക്തകടൽ തന്നെ സൃഷ്ടിച്ചു. ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക. അല്ലാഹു സന്താനത്തെ സ്വീകരിച്ചിരിക്കുന്നു എന്ന് പറഞ്ഞവർക്ക് താക്കീത് നൽകുവാൻ വേണ്ടിയുമാകുന്നു. അവർക്കാകട്ടെ അവരുടെ പിതാക്കൾക്കാകട്ടെ അതിനെപ്പറ്റി യാതൊരു അറിവുമില്ല. അവരുടെ വായിൽ നിന്ന് പുറത്ത് വരുന്ന ആ വാക്ക് ഗുരുതരമായിരിക്കുന്നു. അവർ കള്ളമല്ലാതെ പറയുന്നില്ല. യേശു ദൈവപുത്രനാണ് എന്ന് പറയുന്നത് കള്ളമാണെന്നാണ് ഖുർആൻ പറയുന്നത്. എന്താണ് ഖുർ ആൻ ? ഗബ്രിയേൽ മുഹമ്മദിനോട് പറഞ്ഞത് മുഹമ്മദ് തന്റെ ശിഷ്യൻമാരോട് പറഞ്ഞ് അവർ എഴുതിയതാണ് ഖുർ ആൻ. ആത്യന്തികമായി ഇത് ഗബ്രിയേലിന്റെ തന്നെ വാക്കുകളാണ്. എന്തിനാണ് ഗബ്രിയേൽ മറിയമിനോട് യേശു അത്യുന്നതന്റെ പുത്രനാണെന്നും പിന്നീട് മുഹമ്മദിനോട് യേശു ദൈവപുത്രനാണെന്ന് ക്രിസ്ത്യാനികൾ പറയുന്നത് കള്ളമാണെന്നും പറയുന്നത് എന്ന് ചോദി

ച്ചാൽ എനിക്ക് ഒരുത്തരമേ തരുവാൻ കഴിയുയുള്ളു. അതായത് ഗബ്രിയേൽ ദൈവത്തിന്റെ ദൂതനല്ല മറിച്ച് പിശാചിന്റെ ദൂതനാണെന്ന്. കാരണം ലളിതം ദൈവ ദൂതൻ കള്ളം പറയില്ല. ദൈവദൂതൻ കള്ളം പറഞ്ഞാൽ അതിനർത്ഥം ദൈവം കള്ളം പറഞ്ഞുവെന്നാണ്. അങ്ങിനെ സംഭവിക്കുക അസാധ്യമാണ്.

യഹൂദ,ക്രൈസ്തവ, ഇസ്ലാം മതങ്ങളിൽ കാണുന്ന ഈ ഭിന്നത ആതായത് ആരാണ് യേശു എന്ന ചോദ്യത്തിന് ഈ മൂന്ന് മത വിശ്വാസികളും നൽകുന്ന മറുപടി.

യഹൂദനോട് ആരാണ് യേശു എന്ന് ചോദിച്ചാൽ അവൻ പറയും യേശു ക്രിസ്തുവുമല്ല ദൈവപുത്രനുമല്ല പ്രവാചകനുമല്ല പിന്നേയോ യേശു കള്ളനും വഞ്ചകനുമായിരുന്നുവെന്ന്.

ക്രിസ്ത്യാനികളോട് ആരാണ് യേശു എന്ന് ചോദിച്ചാൽ അവർ പറയും ലോക രക്ഷകനായ ദൈവപുത്രനെന്ന്.

ഇനി മുസ്ലീങ്ങളോട് ചോദിച്ചാലോ അവർ പറയും യേശു ലോകരക്ഷക നുമല്ല ദൈവപുത്രനുമല്ല പിന്നെയോ അല്ലാഹുവിന്റെ ഒരു പ്രവാചകൻ എന്ന്. ലോകത്തിൽ മനുഷ്യർ മതങ്ങളുടെ പേരിൽ ഭിന്നിച്ച് തമ്മിലടിച്ച് മരിക്കുന്നത് യേശുവിന്റെ പേരിലാണെങ്കിൽ തീർച്ചയായും യേശു തന്നെയാവണം പരമ പിശാച്. യേശു ലോകരക്ഷകനും ദൈവപുത്രനുമൊക്കെയായിരുന്നുവെങ്കിൽ മനു ഷ്യർ ഇങ്ങിനെ അവനെ പ്രതി തമ്മിലടിക്കുമെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ ? അതുമല്ലെങ്കിൽ ദൈവപുത്രൻ ലോകരക്ഷയ്ക്കായി ഭൂമിയിൽ അവതരിച്ച് മനു ഷ്യരോട് ഭൂമിയിൽ സമാധാനമാണ് ഞാൻ കൊണ്ടുവന്നിരിക്കുന്നത് എന്ന് നിങ്ങൾ വിചാരിക്കരുത് സമാധാനമല്ല, വാളാണു ഞാൻ കൊണ്ടുവന്നിരിക്കുന്നത് (മ

ത്തായി 10:34 ) എന്നൊക്കെ പറയുവാൻ കഴിയുമായിരുന്നുവെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ?

മതപരമായ അഭിപ്രായ ഭിന്നത യേശു ആരാണ് എന്നത് സംബന്ധിച്ചു അഭിപ്രായ ഭിന്നത യുദ്ധങ്ങൾക്ക് വഴിയൊരുക്കി. അങ്ങിനെ പരമപിശാചായ യേശു ആഗ്രഹിച്ചതുപോലെ കോടിക്കണക്കിന് മനുഷ്യരുടെ ജീവൻ അകാലത്തിൽ പൊലിഞ്ഞു.യഹൂദരും ക്രിസ്ത്യാനികളും മുസ്ലീങ്ങളും തങ്ങൾ പറയുന്നതാണ് ശരിയെന്ന് കരുതി തമ്മിലടിച്ചു. സത്യത്തിൽ ഈ മൂന്നു വിഭാഗങ്ങളുടേയും ധാരണ തെറ്റായിരുന്നു.

അങ്ങിനെ മൂന്ന് വ്യത്യസ്ത മതങ്ങൾ സൃഷ്ടിച്ച് അവയെ തമ്മിലടിപ്പിച്ച് മനുഷ്യവംശത്തിന്റെ നാശം കാണാമെന്ന് യേശുവെന്ന ആട്ടിൻ തോലണിഞ്ഞ ചെന്നായ വ്യാമോഹിച്ചു.

**അദ്ധ്യായം 9 യേശുവിന്റെ ഗൂഢലക്ഷ്യം സമാപ്തം**